


# what lies beneath

Union Christian College 2003 - 2004


ആചാര്യവിധിയിൽ
കേരളീയചികിത്സയും
പഞ്ചകർമ്മചികിത്സയും
Dr. P. K. Lathika BAMS MDHA
Dr. Indu Sekhar BAMS
Dr. Smith
പരിചയസമ്പന്നരും വിദഗ്ദ്ധരുമായ ഡോക്ടർമാരും പരിചാരകരും
കർക്കിടകമാസത്തിലെ പ്രത്യേക ചികിത്സകൾ
അലർജിക്കും സോറിയാസിസിനും പ്രത്യേക ചികിത്സകൾ
ഡി അഡിക്ഷന് പ്രത്യേക ചികിത്സ
ഗുണമേന്മയുള്ള ഔഷധങ്ങൾ
കമ്പ്യൂട്ടറൈസ്ഡ് ലാബ് ഫെസിലിറ്റി
24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണ്.
SARATHY AYURVEDIC HOSPITAL
SAH
Sarathy
Ayurvedic Hospital
KANIYANKUNNU, ALUVA - 2 Tel - 0484 2605309, Res : 2607508, E-mail : pklathika@hotmail.com
ഒ. പി. വിഭാഗം Opp. Palace, ALUVA Tel - 0484 3094132


what lies beneath

# Union Christian College Aluva



## 2003-04

വിധിയുടെ കരവിരുതിൽപെട്ട് നമ്മെവിട്ടുപോയ......



പ്രൊഫ. മോഹൻ തോമസ്

അകാലത്തിൽ നമ്മെവിട്ടുപിരിഞ്ഞ.....



സാജിത എം. ജെ.

ഇവർക്കു മുമ്പിൽ............

# സമർപ്പണം

വികലമായ വിദ്യാഭ്യാസനയത്തിന്റെ ഇരകളായ
രജനിമാർക്കും ഫാസിലമാർക്കും........

## STATEMENT OF OWNERSHIP

Statement of Ownership and Other Particulars

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printers' Name | : Dr. Raju K. John |
| Nationality | : Indian |
| Address | : Principal, UC College, Aluva |
| Publisher's Name | : -do- |
| Editor's Name | : Hisham Ummer |
| Nationality | : Indian |
| Address | : Editor, UC College, Aluva |
| Printed at | : Millenium Offset Printers, Cheriyappilly. |

I, Raju K. John hereby declare that the publications given above are true to the best of my knowledge and belief.

Sd/-
Principal


# എഡിറ്റോറിയൽ ബോർഡ്


പ്രിൻസിപ്പാൾ
**ഡോ. രാജു കെ. ജോൺ**

സ്റ്റാഫ് അഡ്വൈസർ
**ശ്രീമതി മ്യൂസ് മേരി ജോർജ്ജ്**

സ്റ്റുഡന്റ് എഡിറ്റർ
**ഹിഷാം ഉമ്മർ**

സബ് എഡിറ്റേഴ്സ്
**സുജിത് കെ. ഷാജി**
**അരുൺ ബാബു**
**ജിസ്സ് ജോൺ**

കമ്മിറ്റി അംഗങ്ങൾ
**ബിനു ടി.ആർ.**
**റിജാസ് കെ.ഐ.**
**ഹാഫിസ് പി.എ.**
**ശ്രീജിത് എ.**
**സനൽ ദേവ്**
**സൂരാജ് കെ.എസ്.**
**ആത്മൻ ഇ.ആർ.**
**മുഹമ്മദ് റഫീഖ്**
**അരുൺ കുമാർ സി.എസ്.**

ഇല്ലസ്ട്രേഷൻ
**ഷൈലേഷ്**

ഫോട്ടോസ്
**അനിൽ കുമാർ**
**മിഴി ഫോട്ടോസ്**, ഫോൺ : 9847251919

ലേ ഔട്ട് & ഗ്രാഫിക്സ്
**നിഷ്കർ ഐമാക്സ്, നാസർ ഐമാക്സ്**

ഡിടിപി & ഡിസൈനിംഗ്
**ഐമാക്സ്**
കൊടുങ്ങല്ലൂർ, ഫോൺ : 0480 3090469

പ്രിന്റിംഗ്
**മില്ലേനിയം ഓഫ്സെറ്റ് പ്രിന്റേഴ്സ്**
ചെറിയപ്പിള്ളി



# എഡിറ്റോറിയൽ

ജീവിതം പകുത്തുകൊണ്ട്, കൈകളുയരുന്ന അകലങ്ങളിൽ,
പക്ഷേ ഓർക്കുമ്പോൾ കൈകളുയരുന്നില്ല.
കൈകൾ ആരോ തളയ്ക്കുന്നു.
ശരീരത്തിന്റെ ഇഷ്ടങ്ങൾ കാലഹരണപ്പെടുന്ന
ചിന്തകൾ വരികളിൽ അന്വർത്ഥമാകുന്നു.
ഓരോ നിറവും ഹൃദയത്തിൽ പതിപ്പിക്കുമ്പോൾ
വർത്തമാനയാഥാർത്ഥ്യങ്ങളുടെ അകലങ്ങളിൽ
അഭിപ്രായങ്ങൾ. മനസ്സിൽ കാത്തുസൂക്ഷിച്ച
വിഗ്രഹങ്ങൾ തകർന്നടിയുമ്പോൾ തന്നെയും കാലം
നമ്മളെല്ലാം പരാജയപ്പെടുന്നു.
എല്ലാം മാറുന്നു. സമൂഹവും, വ്യക്തിയും
ചിന്തയും മനസ്സുമെല്ലാം പരിഷ്കരിക്കാനായി
മറന്നുപോയിപ്പോണെന്നിരിക്കിലും. സ്വന്തം വിശ്വാസങ്ങൾ
സ്ഥാപിക്കാനുള്ള തിരക്കിനിടയിൽ
ചിന്തയും വാക്കും എല്ലാമെല്ലാം വിൽപ്പനച്ചരക്കു
മാത്രമാകുന്നു. ആത്മാർത്ഥമായി ഇറങ്ങേണ്ട
പ്രശ്നങ്ങൾ എതിർപ്പിന്റെ ബന്ധങ്ങൾക്ക് മുന്നിൽ
തലകുനിക്കുമ്പോൾ യുവത്വത്തിന് ഇടനാഴികൾ
വായിക്കുന്നു. ഇനിയേതെന്ന യാത്രയിൽ നമ്മൾ
പലതും നഷ്ടപ്പെടുത്തുന്നു.
ആർദ്രതയുടെ - - - - - സ്നേഹത്തിന്റെ - - - -
കാരുണ്യത്തിന്റെ - - - - പ്രണയത്തിന്റെ - - - -
ഒരുപാട് പച്ചത്തുരുത്തുകൾ...
എല്ലാം നമുക്ക് വീണ്ടെടുക്കേണ്ടിയിരിക്കുന്നു.
സനാതനമായ ഒരു ജാഗ്രത ആവശ്യമായിരിക്കുന്നു.
എല്ലാവരും ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്ന
ഒരു കണ്ണ്
നീതിമാന്മാർക്ക് അടച്ചുപൂട്ടാനാവാത്ത വാക്ക്
എതിർപ്പുകൾക്ക് തളർത്താനാവാത്ത ഒരു മനസ്സ്
എല്ലാം ഇന്നിന്റെ ആവശ്യങ്ങളായിരിക്കുന്നു.
ക്രൂരമായ വർത്തമാന യാഥാർത്ഥ്യങ്ങളിലും
അനശ്വരം
അടിയറവുവെക്കാത്ത ചില മനസ്സുകൾ
അവയിലാണിന്നിന്റെ പ്രതീക്ഷകൾ മുഴുവൻ.





ഈ വഴിത്താരയിലൂടെയാണ് അങ്ങ് കടന്നു പോയത്
ഈ ഹൃദയങ്ങളിലാണ് അങ്ങ് ജീവിച്ചത്
ഈ ഞങ്ങളെയാണ് അങ്ങ് ചിരിപ്പിച്ചത്
ഒടുവിൽ ഞങ്ങൾക്ക് കണ്ണീർത്തുള്ളിമാത്രം ബാക്കിയാക്കി.........

എങ്കിലും വരാനിരിക്കുന്ന രണഭൂമികളിൽ ഞങ്ങൾ അങ്ങയെ ഓർക്കുന്നു.
ചിരിപ്പിച്ച. ചിന്തിപ്പിച്ച ജനനായകന് കണ്ണീർ പ്രണാമങ്ങൾ.........

# PRINCIPAL' S MESSAGE




Progress of a nation can be gauged through the progress made in the field of Higher Education. New knowledge and technology are crucial to the development of a nation. Higher Education Institutions contribute to the national development through the dissemination of specialized knowledge and skills. Education, training research and extension activities are central to the success of a Higher Educational Institution. Every Program should be designed to cater to the needs of the learner and to meet the demands of the society. For our Colleges to function more effectively and impart quality education to the learner, the faculty should have considerable freedom and flexibility to design courses and programmes to utilize human and physical resources to the maximum extent. The academicprogrammes should be flexible and should give students choice in their career planning. A relook at our strait jacketed system is overdue and if we fail to do that our Institutions may not survive inflex of Foreign and Private Universities that could happen any time after April 2005.

Let all of us who are engaged in the mission of higher education put our heads and hearts together and work towards an educationalsystem that will provide greater access to the young and a fair deal to the less privileged.

The staff and student editors and all those who worked behind the scene deserve congratulations for bringing out this splendid edition of the U C College Magazine.

# ഉള്ളടക്കം


12 Expression of a Mirror






24 The Meterial Girls

23 ദുരന്തം ദുർബലം






19 അശാസ്ത്രീയമായ ഫീസ് നിർണ്ണയം



27 നീതിയുടെ കാവൽഭടൻ



26 സമയം



67 A red flag for globalised ecnomic reforms

39 ചരിത്രം അമേരിക്കയിൽ അവസാനിക്കുന്നില്ല



34 ചാത്തന്റെ കമ്പ്യൂട്ടർ



73 മതങ്ങളുടെ സ്വന്തംനാട്

38 ചരമകോളം

54 In silence an solitude

55 ചിലന്തികൾ

43 മനുഷ്യത്വത്തിന്റെ മൂടുപടമണിഞ്ഞവർ

54 Chemistry of a women

44 ഒരു പ്രേമത്തിന്റെ തുടക്കം

50 ദൈവശാസ്ത്രത്തിലെ പെണ്ണിടങ്ങൾ

104 The Republic Day Camp 2004

64 ഫ്രെഡറിക് ഡിസൂസയുടെ സ്വപ്നം

48 സൗഹൃദം ഭവന പദ്ധതി

61 കാലത്തിന്റെ നിലവിളി

105 Men are just like that

69 മോഹസന്ധ്യ

52 കടൽകൊണ്ട് കഴുകാമോ ജീവിതത്തെ

56 വേലിയുടെ നിർവ്വചനം


18 ഭൂപടത്തിൽ തെളിയാത്തത്
36 മൂന്ന് മുറിവുകൾ
37 നിനക്കായ്
66 First dew drop of the Morning
77 മൗനനൊമ്പരങ്ങൾ
81 വിൽക്കാനുണ്ട് സ്വപ്നങ്ങൾ
83 കുളിർതെന്നൽ
85 പറയൂ നാം ആരോടൊപ്പമാണ്
87 ചിതറിയ ചിന്തകൾ
92 അവൻ
93 നിഴൽപാവകൾ
94 അറിയുവാനുള്ള അവകാശമില്ലായ്മ അഴിമതിയുടെ കാതൽ
97 ഇവൾ
101 ജന്മം
106 പറയാൻ മറന്നുപോയത്
109 വലകൾ
111 പ്രപഞ്ചവും മർത്യജീവിതവും
113 മുഖമില്ലാത്തവർ
117 നിങ്ങൾ യന്ത്രങ്ങളല്ല മനുഷ്യരാണ്
121 നൊസ്റ്റാൾജിയ


# Expression of a Mirror

യാത്ര തുടങ്ങുകയാണ്
കലാലയത്തിലൂടെയുള്ള യാത്ര
മൗനങ്ങൾ അടർന്നുവീണ്
നീണ്ട ആരവങ്ങളിലേക്ക്
പടർന്ന.
പൊട്ടിച്ചിരികളുടേയും
കുപ്പിവളകളുടേയും
കിലുക്കങ്ങളാൽ സദാ
ശബ്ദമുഖരിതമായി തീർന്ന
നമ്മുടെ കലാലയത്തിലൂടെ നടത്തുന്ന യാത്ര
നമുക്ക് നേരെ നാം
പിടിക്കുന്ന കണ്ണാടി.
യാത്ര കഴിയുമ്പോൾ
യോജിപ്പുകളും വിയോജിപ്പുകളും
ഉണ്ടായേക്കാം.
ക്ഷമിക്കുക
പരിമിതമായ അവകാശങ്ങളും
അധികാരങ്ങളുമാണ് നമുക്കുള്ളത്
ഞങ്ങൾ തുടങ്ങുകയാണ്

<ins>ജംഗ്ഷൻ</ins>


ഇവിടെനിന്നും തുടങ്ങാം
കലാലയത്തിലേക്ക് കടന്നുവരുന്നതിന് മുമ്പ്
ചില്ലറ വർത്തമാനങ്ങളുമായ്
സൗഹൃദം പങ്കുവച്ച കവല
ഇത് നമുക്ക് വലിയൊരുനഗരമാണ്
നമ്മുടെ സ്വപ്നങ്ങൾക്ക് നാഗരിക
ഭാവം പകർന്നത്ഇവിടെവച്ചാണ്
ഇവിടെ ഞങ്ങൾ ബസ്സ് കാത്ത് നിൽക്കുന്നു
വേഗത്തിലെത്താനുള്ള വ്യഗ്രതയും,
മിഴികളിലെ മൗനവും
വർത്തമാനങ്ങളും കൊണ്ട് വീർപ്പുമുട്ടിച്ച
നിന്ന ഞങ്ങൾ എന്നും സ്മരിക്കും
എങ്കിലും ഒരുവല്ലായ്മ ഞങ്ങളെ അലട്ടുന്നു
ആവശ്യത്തിനുള്ള ബസ്സുകളുടെ
ഇല്ലായ്മയാണത്.






## ഗേറ്റ്

വിക്ടോറിയൻ കാലഘട്ടത്തിന്റെ
തലയെടുപ്പുള്ള ഇരുമ്പുവാതിൽ
വലിയവാതിൽ പ്രസവിച്ച ചെറിയവാതിൽ
പുറംലോകമായുള്ള നമ്മുടെ ബന്ധം
പലപ്പോഴും ഇതിലൂടെയായിരുന്നു.
പുറംലോകം നമ്മെ
പലപ്പോഴും പരിഹസിച്ചിരുന്നത്
ഈ കിളിവാതിലിനെച്ചൊല്ലിയായിരുന്നു.
എങ്കിലും ഈ കിളിവാതിലിൽ ഞങ്ങൾ
ഒരു സുഖം കാണുന്നു
ഒരു പ്രത്യേക സുഖം.




## ചവിട്ടുപടികൾ

മഹാന്മാരുടെയും
മഹതികളുടെയും
പാദസ്പർശനമേറ്റ
ചവിട്ടുപടികൾ
നിങ്ങളെയെപ്പോഴും
താങ്ങിനിർത്തുന്നത്
ഞാനാണെന്നോർക്കുന്ന ചവിട്ടുപടികൾ
എത്രയോ
വേദനകൾക്കും വേവലുകൾക്കും സാക്ഷ്യം
വഹിച്ചിരിക്കാം
ഇവിടെ വെച്ച് എത്രയോ പ്രണയങ്ങൾ വിരിയുകയും
വാടുകയും ചെയ്തിരിക്കാം
ഉള്ളിലുറയുന്ന സ്നേഹം
നിന്നോടൊപ്പം
ചേർത്ത് വെച്ച്
ഈ പടികൾ ഞങ്ങളെത്രയോ തവണ
കയറുകയും ഇറങ്ങുകയുംചെയ്തിട്ടുണ്ടാവണം.
ഓടിക്കയറുമ്പോഴും ചാടിയിറങ്ങുമ്പോഴും
നീ ഞങ്ങളെ ശപിച്ചിരുന്നില്ല.
നിന്നെ ഞങ്ങൾ സ്നേഹമായി തിരിച്ചറിയുന്നു.



## ലൈബ്രറി

വിജ്ഞാനത്തിന്റെ
ഭണ്ഡാരം.
ഭൂരിപക്ഷവും
കടന്നുവരാത്തയിടം.
ഇന്റർനെറ്റിന്റെയും
മെട്രോ ചാനലുകളുടേയും
നടുവിൽ പഴകിയ
പുസ്തകങ്ങൾക്കും അക്ഷരങ്ങൾക്കും
വിലകൽപിക്കാൻ
കഴിയാതെപോയവരാണ് നമ്മൾ.
ഇന്റർനെറ്റിനെ പുകഴ്ത്തി
നമ്മൾ ഓടിക്കയറുന്നത്
സിനിമാശാലകളിലെ
സെക്സിലേക്കും, വയലൻസിലേക്കുമല്ലേ?
എഴുപതുകളിൽ
കലാലയങ്ങളിലെ ലൈബ്രറികൾ
വിജ്ഞാന കേന്ദ്രങ്ങൾ
ആയിരുന്നെങ്കിൽ
ഇന്ന് അവയെല്ലാം
പുരാവസ്തുസൂക്ഷിപ്പുകേന്ദ്രങ്ങളായിരിക്കുന്നു.
അവഗണിക്കുക.



## ഇടനാഴി

ഇരമ്പിയാർത്തുവന്ന എത്രയോ
പ്രകടനങ്ങൾക്കു സാക്ഷ്യം വഹിച്ച
ഇടനാഴികളിൽ
എത്രയോ മുദ്രാവാക്യങ്ങൾ
ഉടക്കി നിൽക്കുന്നുണ്ടാവണം.
മൗനത്തിന്റെയും സ്നേഹത്തിന്റെയും
മണം പേറുന്ന
ഇടനാഴികളിൽ
നമ്മുടെ അസ്ഥിത്വം
തങ്ങിനിൽക്കുന്നു.
വേനലിൽ മരണവും
മഴയിൽ സംഗീതവും നിറച്ച
ഇടനാഴികൾ
എത്ര പറഞ്ഞാലും മതിയാകാത്ത
ഇടനാഴികളിൽ - ഒരു മധുരമാം കാലൊച്ച കേട്ടു.



## മഹാഗണി

ഈ കലാലയത്തിന്റെ
സ്വപ്നങ്ങൾക്കു സംഗീതം
പകർന്ന മഹാഗണികൾ
പ്രേംനസീറിന്റെ പ്രണയങ്ങൾക്ക്
സാക്ഷ്യം വഹിച്ചവൾ
ഇണക്കങ്ങൾക്കും പിണക്കങ്ങൾക്കും
നടുവിൽ, മൂന്നാമനായി നിന്നവൾ
കലാലയത്തിലെ ആജീവനാന്ത അംഗങ്ങൾ
ഇതിഹാസങ്ങളുടെ
ഇതിഹാസങ്ങൾ നെഞ്ചിലേറ്റിയവൾ
ഇവരുടെ ഇളകിയാട്ടങ്ങൾ
ശൃംഗാരഭാവം തീർക്കുമ്പോൾ
ഉണങ്ങി വീഴുന്ന കനവുകൾ
കാമുകിയിൽ രൗദ്രഭാവം തീർക്കുന്നു.
ഈ യാത്രയിലെ അല്പം വിശ്രമം
ഇവരുടെ ഇടയിൽവച്ചുതന്നെയാകട്ടെ.



## മൈതാനം

അനവധി ദേശീയകായികതാരങ്ങൾക്ക്
ജന്മം നൽകിയ
മൈതാനം
ഈ മണ്ണിൽ
ക്രിക്കറ്റിന്റെയും ഹോക്കിയുടേയും
അശ്വമേധതാളങ്ങൾ
ചവിട്ടിയെങ്കിലും
അദ്ധ്യായനവും അനുഭവവും
കൈമുതലാക്കി വളർന്നുവന്ന
കായികതാരങ്ങളെ
ഈ മൈതാനത്തിന്റെ മേൽവിലാസത്തിൽ
കുറിച്ചുവച്ചു.
നീയും ഞങ്ങളുടെ ഭാഗമായിരുന്നതുകൊണ്ട്
സ്നേഹപൂർവ്വം നിന്നെയും സന്ദർശിക്കുന്നു.

## സ്റ്റേജ്

നമ്മുടെ കൂത്തമ്പലം
എത്രയോ ഉത്ഘാടനങ്ങൾക്കും
കലോത്സവങ്ങൾക്കും സാക്ഷ്യം വഹിച്ച വേദി
വർഷത്തിലെ ഒന്നോരണ്ടോ ദിവസങ്ങൾ ഞങ്ങൾ
ഇതിൻ മുമ്പിലിരുന്നു
ചൂളമടിക്കുകയും കൂകിവിളിക്കുകയും
ചെയ്തിരുന്നു.
ഞങ്ങളുടെ വിമർശനങ്ങളുടേയും
സ്വയം വിമർശനങ്ങളുടേയും വേദി



## പാഠങ്ങൾ ചൊല്ലിതന്നവരും കേട്ടു പഠിച്ചവരും

മഹാഗണി മരങ്ങൾ
അതിരിട്ട ഈ കലാലയത്തിന്റെ
ഞങ്ങൾക്കിടയിൽ മൗനത്തിന്
നീർക്കുമിളകളുടെ
ആയുസ്സേയുള്ളൂ.
ഞങ്ങൾ പരസ്പരം അറിയുകയും
ബഹുമാനിക്കുകയും ചെയ്യുന്നു.
ഞങ്ങൾ പൂമരമാകുന്നു.
നിറയെ ഇലകളും പൂക്കളുമുള്ള പൂമരം
വിമോചനത്തിനായുള്ള ഉദ്യമത്തിൽ
ഒരു ഗുരുവിന്റെ സഹായം കൂടിയേ തീരൂ.
ഗുരുവിന്റെ അനുഗ്രഹം മനസ്സ് സ്വീകരിച്ചു കഴിയുമ്പോൾ
വിമോചനം നിങ്ങളുടെ കൈപ്പിടിയിൽ
അമർന്നു കഴിഞ്ഞു.

## <u>ഓഫീസ്</u>

കാര്യക്ഷമതയുടെ കേന്ദ്രം
നമ്മുടെ പരാതികൾക്കും അപേക്ഷകൾക്കും
പരിഹാരം കാണുന്നതിവിടെയാണ്.
വൈദ്യുത പ്രകാശത്തിനും വൈദ്യുത കാറ്റിനും
അടിയിലിരുന്ന് ഇവർ ചെയ്തു തീർക്കുന്ന ജോലികൾ
നമ്മുടേതാണ്.
ഈ യാത്ര അവസാനിക്കുന്നത് ഇവിടെയാണ്.
കാരണം നമ്മുടെ കലാലയ സ്വപ്നങ്ങൾ
ജന്മം കൊണ്ടത്
ഇവിടെ നിന്നാണ്.




ഇനിയുമേറെ കാണുവാനുണ്ടെങ്കിലും
ഇനിയുമേറെ പറയുവാനുണ്ടെങ്കിലും
ഈയാത്ര ഇവിടെ അവസാനിക്കുകയാണ്
ഒരിക്കൽകൂടി പറയട്ടെ
പറഞ്ഞതിലും
കണ്ടതിലും
വിയോജിപ്പുകൾ കണ്ടേക്കാം
ക്ഷമിക്കുന്ന കണ്ണാടി കാണിക്കുന്നത്
നമ്മുടെ മുഖം തന്നെയാണ്
യാത്രയിലെ യാത്രക്കാർ
നമ്മൾതന്നെയായിരുന്നു.

# ഭൂപടത്തിൽ തെളിയാത്തത്

നഗരത്തിൽ സോഡിയം ലൈറ്റു-
പൂച്ചക്കണ്ണുകൾ കണ്ണിമയ്ക്കാതെ
നോക്കിനിൽക്കുമ്പോൾ ഇവിടെ
രാത്രിയാകുന്നു.
കോളനികളിൽ ചുമച്ചും പുലമ്പിയും
വിതുമ്പിയും നിലവിളിച്ചും
വെളുക്കുന്ന രാത്രി;
നരഭോജികളുടെ മുരൾച്ചയും
തെരുവുപട്ടിയുടെ മോങ്ങലും
ഉറക്കത്തെ താരാട്ടുപാടുന്ന രാത്രി
എന്നും അയാൾക്ക്
പബ്ലിക് കക്കൂസുകളുടെ
ദുർഗന്ധങ്ങൾക്കു മുകളിൽ
പത്തുവയസ്സായ മകൾ സൂഫിയ
ഉണക്കച്ചപ്പാത്തി കല്ലിലിട്ടു
ചൂടാക്കുമ്പോൾ കണ്ണ്തുറക്കുന്ന പുലരി
വിശ്വസിക്കാനാകാത്ത കണ്ണുകളോടെ
അയാൾ അവളെ നോക്കും
അവളെ എന്നാണ് അയാൾക്ക്
നഷ്ടപ്പെടുക......?
ഇരുട്ടിൽ ഒരു നിലവിളിയായ്......
മുഷ്ടിയിൽ ഒരു തേങ്ങലായി.....
ഉറക്കത്തിൽ ഒരു വേട്ടയിറച്ചിയായി.....
അവൾ?
ഗലിയിൽ നിന്ന് പാടത്തെ
തണുത്ത മട്ടിൽ പാടത്തെ പറിച്ചു നടുമ്പോൾ
ജമീന്ദാരുടെ കാലൊച്ചകൾ.....
വെയിൽച്ചാട്ടമേറ്റ മുതുകിൽ
ഉഴവുകാളയുടെ തഴമ്പുമായി
കടന്നുപോകുന്ന പകലുകൾ......
ഇത്
പാഠപുസ്തകത്തിൽ കാണാത്ത
ജീവിതത്തിന്റെ ഭൂപടം
ഇത്
ഭയവും ഭയത്തിന്റെ രൂപവുമായി
ആകാശത്തിനുതാഴെ
ഭൂമിയിൽ കഴിയുന്നു മുഹമ്മദ്
ഹുസൈന്റെ നിറം കൊടുക്കാത്ത
അവ്യക്ത ചിത്രം......



ശ്രീജിത്ത്. എം.
രണ്ടാംവർഷ രസതന്ത്ര ബിരുദം



# അശാസ്ത്രീയമായ ഫീസ് നിർണ്ണയം

ഡോ. രാജൻ വർഗീസ്
സാമ്പത്തിക ശാസ്ത്ര വിഭാഗം

ദരിദ്രരെ വിദ്യാഭ്യാസ മേഖലയിൽ നിന്ന് ആട്ടിയോടിക്കുന്ന ഫീസ് നിരക്കാണ് ജസ്റ്റിസ് കെ.ടി. തോമസ് കമ്മറ്റി നിശ്ചയിച്ചിരിക്കുന്നത്.

ആഗോളതലത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ നിലനിൽക്കുന്ന ഒരു കാലഘട്ടമാണിത്. വ്യത്യസ്തങ്ങളായ സാമ്പത്തിക സാമൂഹ്യനയങ്ങളുടെ ഭാഗമായി രൂപപ്പെട്ടിട്ടുള്ളതാണ് ഈ കാഴ്ചപ്പാടുകൾ. സാമൂഹിക നീതിയിലും മാനുഷിക മൂല്യത്തിലും അധിഷ്ഠിതമായ വികസന നയം ഒരു വശത്തും, കമ്പോളത്തിന്റെ അച്ചടക്കത്തിലധിഷ്ഠിതമായ വികസന നയം വ്യക്തിപരമായ നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കുന്ന നയം മറുവശത്തും വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പരമ്പരാഗതവും യുനസ്കോ പോലുള്ള ഏജൻസികളുടെ പ്രഖ്യാപനങ്ങളും ഒന്നാമത്തെ നയങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ്. വിദ്യാഭ്യാസത്തെ ഒരു വ്യാപാരവസ്തുവായി വിവക്ഷിക്കുന്ന ലോകവ്യാപാര സംഘടനയുടെ കാഴ്ചപ്പാടാണ് രണ്ടാമത്തേത്. ഈ മാറിയ വിദ്യാഭ്യാസ കാഴ്ചപ്പാട് ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളുടെ സമീപനങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്.

ബ്രിട്ടീഷ് ഇന്ത്യയിൽ നിലനിന്നിരുന്ന യൂണിവേഴ്സിറ്റി സമ്പ്രദായം ഒരു കോളോണിയൽ ഭരണായുധം മാത്രമായിരുന്നു. ഇതേ യൂണിവേഴ്സിറ്റി സമ്പ്രദായം തന്നെയാണ് ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ മുന്നേറാൻ നാം ഉപയോഗിക്കുന്നത്. ഇത് ഒരു വൈരുദ്ധ്യം തന്നെയാണ് യൂറോപ്യൻ മാതൃകയിലുള്ള ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ പരിമിതങ്ങളായിരുന്നു. ഇന്ത്യയിലെ ഉപരി വർഗ്ഗത്തിന് യൂറോപ്യൻ സംസ്ക്കാരം പരിചയപ്പെടുത്തികൊടുക്കുകയും ബ്രിട്ടീഷ് ഭരണത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഒരു വിഭാഗം ജനങ്ങളെ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുക എന്നിവയായിരുന്നു അവ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയ പ്രസ്ഥാനങ്ങളുടെ വളർച്ചയെ യൂറോപ്യൻ വിദ്യാഭ്യാസം സഹായിച്ചിട്ടുണ്ട്.

എന്നാൽ ബ്രിട്ടീഷ് സർവ്വകലാശാല സമ്പ്രദായം ഒരു ജനത എന്ന നിലയിൽ ഇന്ത്യക്കാർക്ക് മുന്നേറാനുള്ള അവസരങ്ങൾ നിഷേധിക്കുകയും, സ്വന്തം സംസ്ക്കാരത്തിൽ നിന്ന് വേർപെടുത്തുകയും, വിജ്ഞാനത്തിന്റെ കാര്യത്തിൽ ബ്രിട്ടനെ ആശ്രയിക്കുന്ന ഒരു സമൂഹമായി ഇന്ത്യയെ തരംതാഴ്ത്തുകയും ചെയ്തു എന്നതാണ് ചരിത്രപരമായ വസ്തുത.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വികസിത രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളെ പോലെ ഇന്ത്യൻ യൂണിവേഴ്സിറ്റികളും മനുഷ്യവിഭവശേഷി നിർമ്മാണവും വൈജ്ഞാനിക മുന്നേറ്റവും ലക്ഷ്യമാക്കി ബിരുദാനന്തര കോഴ്സുകൾ നടത്തുവാൻ സജ്ജമാക്കിയിരുന്നു. ഇതിന്റെ തുടർച്ചയാണ്, എഞ്ചിനിയറിംഗ്, ടെക്നോളജി, മാനേജ്മെന്റ്, മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ് എന്നീ ശാഖകളുടെ പഠനത്തിന് ഊന്നൽ നൽകി പുതിയ ദേശീയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ(Agricultural Universities)ആരംഭിച്ചത്. യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും ഒന്നാംകിട സ്ഥാപനങ്ങളിലെ വിദഗ്ദരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല ഉൾപ്പെടുന്ന ഉന്നത വിദ്യാഭ്യാസ മേഖല ഈ രൂപത്തിൽ കെട്ടിപ്പടുക്കാൻ സർക്കാർ വൻ നിക്ഷേപം തന്നെ നടത്തി. ശാസ്ത്ര സാങ്കേതിക വിദഗ്ദരുടെ കാര്യത്തിൽ ലോകത്തിലെ മൂന്നാമത്തെ ശക്തിയായി വളരാൻ ഈ നടപടികൾ വഴിതെളിയിച്ചു. എന്നാൽ ഗുണമേന്മയിൽ മുൻപന്തിയിൽ നിലകൊണ്ട ദേശീയ സ്ഥാപനങ്ങൾ ഉല്പാദിപ്പിച്ച മനുഷ്യവിഭവശേഷിയുടെ പ്രയോജനം പൂർണ്ണമായും രാഷ്ട്രത്തിന് ലഭിച്ചില്ല.ഗ്രീൻകാർഡിന്റെ അരികുപറ്റി നടന്ന അവർ കൂടുതൽ ആകർഷകരമായ മേച്ചിൽപ്പുറങ്ങളിൽ കുടിയേറി. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ സൃഷ്ടിച്ച ബിരുദധാരികളെ ഉൾക്കൊള്ളാൻ സമ്പദ്ഘടനയുടെ താഴ്ന്ന വളർച്ചാനിരക്കിന് കഴിഞ്ഞില്ല. ഫലമോ വർദ്ധിച്ച തൊഴിലില്ലായ്മ. കാർഷിക മേഖല ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ സേവനമനുഷ്ഠിക്കാൻ അനുയോജ്യമായ ഒരു മനുഷ്യവിഭവശേഷി രൂപപ്പെടുത്തുവാൻ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് സാധിച്ചില്ല. ആഭ്യന്തരവെല്ലുവിളികൾ നേരിടുന്നതിൽ പരാജയപ്പെട്ട നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന് ആഗോളതലത്തിൽ മനുഷ്യവിഭവശേഷിയുടെ വികസനത്തിലും ഗവേഷണരംഗങ്ങളിലും ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായി മുന്നേറാനും കഴിഞ്ഞില്ല.

സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിൽ നിന്ന് മോചനം ലക്ഷ്യമാക്കുന്ന ഒരു സമൂഹം ഉന്നത വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ വ്യാപനവും ഗുണമേന്മയും സംബന്ധിച്ച് പല സുപ്രധാന കാൽവെയ്പുകൾക്കും രാധാകൃഷ്ണൻ കമ്മീഷൻ (1948 – 49). കോത്താരി കമ്മിഷൻ (1964 –66) റിപ്പോർട്ടുകൾ ഇടയാക്കി. ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഫീസുകൾ നിയന്ത്രിക്കുക, പ്രാദേശിക ഭാഷകൾക്ക് പ്രോത്സാഹനം നൽകുക, പിന്നോക്കവിഭാഗങ്ങൾക്ക് സംവരണാനുകൂല്യം നൽകുക തുടങ്ങിയ നടപടികൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് വിവിധ ജനവിഭാഗങ്ങൾക്ക് കടന്നുവരാനുള്ള അവസരങ്ങൾ ഇന്ത്യയിൽ സൃഷ്ടിച്ചു.

ഉന്നതവിദ്യാഭ്യാസത്തെ വർത്തമാനകാലത്തിലും, ഭാവിയിലേക്കുമുള്ള ഒരു നിക്ഷേപമായാണ് നമ്മുടെ ദേശീയ വിദ്യാഭ്യാസ നയം (1986) വിവക്ഷിച്ചിട്ടുള്ളത്. അറിവിന്റെ പുതൻയുഗത്തിൽ ഉന്നതമായ അറിവിന്റെ സാർവത്രീകരണത്തിലൂടെ മാത്രമേ സാമ്പത്തികസാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ ഒരു ജനതയ്ക്ക് പുരോഗതി നേടാനാവൂ (യുനെസ്കോ ഡിക്ലറേഷൻ 1995 - 2000). ലോകബാങ്ക് 192 രാജ്യങ്ങളിൽ നടത്തിയ പഠനം ഈ നിഗമനം ശരിവെയ്ക്കുന്നു. ഭൗതികമൂലധനത്തെ അപേക്ഷിച്ച് മനുഷ്യവിഭവ മൂലധനമാണ് വികസനത്തിന്റെ ആണിക്കല്ല് എന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്.(Higher Education: Lessoms of Experience;1994)യുനെസ്കൊയുടെ നേതൃത്വത്തിൽ 21-ാം നൂറ്റാണ്ടിലേക്കുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് പഠനം നടത്തിയ അന്താരാഷ്ട്ര വിദ്യാഭ്യാസ കമ്മിഷന്റെ റിപ്പോർട്ടിൽ ഉന്നതവിദ്യാഭ്യാസം വികസനത്തിന്റെ ചാലകശക്തിയെന്ന് വിവരിച്ചിരിക്കുന്നു.(Learning: The Treasure within :1996)

അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു പുത്തൻ വിപ്ലവത്തിന്റെ ആരംഭദശയിലൂടെയാണ് ലോകമിന്ന് കടന്നുപോകുന്നത്. ഈ ലോകത്തിന്റെ മേലുള്ള ആധിപത്യത്തിന്റെ താക്കോൽ അറിവിന്റെ മേഖലയാണെന്നും പുത്തൻ കൊളോണിയൽ ശക്തികൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. അസംസ്കൃത വസ്തുക്കളുടെ മേലുള്ള ആധിപത്യത്തിന്റെ താക്കോൽ അറിവിന്റെ മേഖലയിലാണെന്നും പുത്തൻ കോളോണിയിൽ ശക്തികൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. അസംസ്കൃത വസ്തുക്കളുടെ മേലുള്ള ആധിപത്യം ഉറപ്പിച്ചുകൊണ്ടാണ് ഒന്നാം കോളനിവൽക്കരണം സാധ്യമാക്കിയതെങ്കിൽ അറിവിന്റെ മേലുള്ള ആധിപത്യം സ്ഥാപിച്ചുകൊണ്ടാണ് രണ്ടാം കോളനിവൽക്കരണം മുന്നേറുന്നത്. അന്താരാഷ്ട്ര ഏജൻസികൾ മുതൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും വരെ അറിഞ്ഞും അറിയാ

അറിവിനെ അടിസ്ഥാനമാക്കിയുള്ള ഒരു പുത്തൻ വിപ്ലവത്തിന്റെ ആരംഭദശയിലൂടെയാണ് ലോകമിന്ന് കടന്നുപോകുന്നത്. ഈ ലോകത്തിന്റെ മേലുള്ള ആധിപത്യത്തിന്റെ താക്കോൽ അറിവിന്റെ മേഖലയാണെന്നും പുത്തൻ കൊളോണിയൽ ശക്തികൾ തിരിച്ചറിഞ്ഞു കഴിഞ്ഞു.



തെയ്യും രണ്ടാം കോളനിവൽക്കരണത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി അനുദിനം മാറികൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം സമൂഹത്തിന് മൊത്തം പ്രയോജനം ചെയ്യുന്ന ഒരു Public good പൊതുനന്മ ആയി വിവക്ഷിച്ചിരുന്ന സ്ഥാനത്ത് വ്യക്തിപരമായ നേട്ടത്തിനുമാത്രം ഉപകരിക്കുന്ന ഒരു Private good ആയി അതിനെ ഭരണകൂടങ്ങൾ പോലും നിർവ്വചിക്കാൻ തുടങ്ങിയിരിക്കുന്നു. സബ്സിഡികൾ സംബന്ധിച്ചുള്ള ഇന്ത്യാ ഗവൺമെന്റിന്റെ നയരേഖയിൽ (1997) ഉന്നത വിദ്യാഭ്യാസത്തെ ഒരു നോൺമെറിറ്റ് ഗുഡ് ആയിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസം അത് നേടുന്നവർക്ക് മാത്രമാണ് പ്രയോജനം ചെയ്യുന്നതെന്നും സമൂഹത്തിന് മൊത്തമായി പ്രയോജനം ചെയ്യില്ലെന്നും ആയതിനാൽ ഈ രംഗത്ത് സബ്സിഡികൾ ആവശ്യമില്ലെന്നുമാണ് വാദം. ഇതിന്റെ ചുവടുപിടിച്ച് പടച്ചുവിട്ടിട്ടുള്ള 'അംബാനി - ബിർള' റിപ്പോർട്ട് (2000) ഉന്നതവിദ്യാഭ്യാസ രംഗത്ത് ആഗോളകമ്പോളവൽക്കരണം അജണ്ടയാണ് അവതരിപ്പിക്കുന്നത്. ഇതിന്റെ പ്രതിഫലങ്ങൾ അധികാരത്തിലേറി അധികനാൾ കഴിയും മുൻപേ സാമ്പത്തിക അച്ചടക്കത്തിന്റെ മറവിൽ കേരള സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ(2001) കാണാൻ കഴിയും. വിദ്യാഭ്യാസ രംഗത്തെ സർക്കാർ നിക്ഷേപം കുത്തനെ കുറച്ചുകൊണ്ടുവരുന്നതിന് കേരള സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ള എട്ട് നിർദ്ദേശങ്ങൾ അതിൽകാണാം. സർക്കാർ- എയിഡഡ് മേഖലയുടെ സ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ധാരാളമായി ആരംഭിക്കുക എന്നതാണ് നിർദ്ദേശങ്ങളുടെ അന്തഃസത്ത

ന്യൂനപക്ഷങ്ങൾക്ക് വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താൻ അവകാശം നൽകുന്ന ഭരണഘടനയിലെ 30 (1) അനുച്ഛേദത്തെപ്പറ്റി സുപ്രീംകോടതി 2003 -ൽ പുറപ്പെടുവിച്ച വിധി അൺ എയിഡഡ് വിദ്യാലയങ്ങൾക്ക് കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യം നൽകുന്നതായിരുന്നു. ആഗോളവൽക്കരണ പരിഷ്കാരങ്ങളുടെ ചുവടു പിടിച്ച് സ്വകാര്യ മൂലധന താല്പര്യങ്ങളെ സംരക്ഷിക്കുന്ന സുപ്രീം കോടതി വിധി ഭരണ ഘടന ഉറപ്പു നൽകുന്ന അവസരസമത്വത്തെയാണ് നിരാകരിച്ചത്. ജസ്റ്റിസ് കെ.ടി.തോമസ് കമ്മറ്റി നിലവിൽ വന്നത് ഈ പശ്ചാത്തലത്തിലാണ്. കമ്മറ്റിയുടെ ശുപാർശകൾ മുകളിൽ വിവരിച്ച സംഗതികൾ കണക്കിലെടുക്കേണ്ടതുണ്ട്.

സ്വാശ്രയ എഞ്ചിനിയറിംഗ്-മെഡിക്കൽ കോഴ്സുകളിൽ മെറിറ്റ്-പേമെന്റ് സീറ്റുകളിൽ ഏകീകരിച്ച ഫീസ് നിരക്ക് നിശ്ചയിച്ച കമ്മറ്റി ശുപാർശകൾ ഉന്നതവിദ്യാഭ്യാസരംഗത്ത് വമ്പിച്ച പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

**ഭാരിച്ച ഫീസ്**

നവസാമ്പത്തിക നയങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ ശ്രമിച്ച പല ജനദ്രോഹകരമായ പരിഷ്കാരങ്ങളുടെയും നടത്തിപ്പ് ചുമതലക്കാരായി രംഗപ്രവേശം ചെയ്തത് ക്ലീൻ ഇമേജുകാർ എന്ന വിഭാഗത്തിൽപ്പെട്ടവരായിരുന്നു.

ഫീസ് ഘടന

| കോഴ്സ് | 2003-04 | 2004-05 |
|---|---|---|
| എഞ്ചിനിയറിംഗ് | 36,000 | 38,700 |
| എം.ബി.ബി.എസ് | 1.76 ലക്ഷം | 1.13 ലക്ഷം |
| ബി.ഡി.എസ് | 1.75 ലക്ഷം | 76,000 |

കണക്കുകൾ രൂപ നിരക്കിൽ

കേന്ദ്രത്തിലെ ചില മന്ത്രാലയങ്ങളുടെ നിയന്ത്രണം ഈ ഗണത്തിൽപ്പെട്ട അരാഷ്ട്രീയക്കാർക്കായിരുന്നു. കേരളത്തിലും ഈ തന്ത്രം തന്നെയാണ് പ്രയോഗിക്കുന്നത്.

മെയ് 21-ന് കെ.ടി. തോമസ് കമ്മറ്റി സ്വാശ്രയ എഞ്ചിനിയറിംഗിന് 38,700 രൂപയും എം.സി.എയ്ക്ക് 38,500 രൂപയും വാർഷിക ട്യൂഷൻ ഫീസായി പ്രഖ്യാപിച്ചു. ഏതാണ്ട് ഒരാഴ്ചക്കുശേഷം (മെയ് 28-ന്) സ്വാശ്രയ മെഡിക്കൽ ഫീസ് 1.13 ലക്ഷവും ബി.ഡി.എസിന് 76.000 രൂപയായും നിശ്ചയിച്ചു.

സ്വാശ്രയ എഞ്ചിനിയറിംഗ്-മെഡിക്കൽ കോഴ്സുകളിൽ മെറിറ്റ്-പേമെന്റ് സീറ്റുകളിൽ ഏകീകരിച്ച ഫീസ് നിരക്ക് നിശ്ചയിച്ച കമ്മറ്റി ശുപാർശകൾ ഉന്നതവിദ്യാഭ്യാസരംഗത്ത് വമ്പിച്ച പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. എഞ്ചിനിയറിംഗ്, എം.സി.എ കോഴ്സുകൾക്ക് കമ്മറ്റി നിശ്ചയിച്ചിരിക്കുന്ന ഫീസ് ഗവൺമെന്റ് കോളേജുകളിലെ ഫീസിന്റെ ഏതാണ്ട് പത്തിരട്ടിയാണ്. മെറിറ്റ് കോട്ടയും മാനേജുമെന്റ് കോട്ടയും എന്ന വേർതിരിവില്ലാതെ എല്ലാവരും ഒരേ ഫീസ് തന്നെ നൽകണമെന്നത് ഈ കാര്യത്തിൽ സർക്കാരിന്റെ രണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജ് എന്ന സൂത്രവാക്യത്തിന്റെ പൊള്ളത്തരം തുറന്നു കാട്ടുന്നതാണ്. കേന്ദ്രത്തിലെ കോൺഗ്രസ് നേതൃത്വത്തിലുള്ള മൻമോഹൻ സിംഗ് മന്ത്രിസഭ അംഗീകരിച്ച പൊതുമിനിമം പരിപാടിക്ക് (സി.എം.പി.) വിരുദ്ധമായ ഒരു നിലയിലാണ് കേരളത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള മന്ത്രിസഭ കാര്യങ്ങൾ മുന്നോട്ട് നീക്കുന്നത്. വിദ്യാഭ്യാസവും ആരോഗ്യവും ഉൾപ്പെടുന്ന സാമൂഹ്യ മേഖലയെ സംബന്ധിച്ചുള്ള ഐക്യപുരോഗമന മുന്നണിയുടെ പൊതുമിനിമം പരിപാടിയിലെ പരാമർശം വളരെ ശ്രദ്ധേയമാണ് The UPA will ensure that nobody is denired

## സാമ്പത്തിക ശേഷിയുടെ അഭാവമാണ് എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണത്തിന് അനുസരിച്ചുതന്നെ ഇരുപത്തഞ്ച് ശതമാനത്തിലധികം ജനങ്ങൾ ദരിദ്ര്യരേഖയ്ക്കുതാഴെ ജീവിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസരംഗത്തെ സമ്പൂർണ്ണ സ്വാശ്രയത്വം വിനാശത്തിലേക്കുള്ള വഴിയാണ്.

professional education be cause he or she is poor' പാവപ്പെട്ടവനായതുകൊണ്ടു മാത്രം ഒരാൾക്കു പ്രൊഫഷ്ണൽ വിദ്യാഭ്യാസം നിഷേധിച്ചു കൂടാ. സാമൂഹ്യ നിതിയുടെ നിഷേധത്തിനെതിരെ നിലകൊള്ളുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന കേന്ദ്രസർക്കാരിന്റെ നിലപാടിന് കടകവിരുദ്ധമായി ഒരു നിലപാട് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ വിദ്യാഭ്യാസ കച്ചവടക്കാർക്കു വേണ്ടി സ്വീകരിക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയതും സമീപകാലത്ത് പുറത്തുവന്നതുമായ യു.ആർ.റാവു കമ്മറ്റി റിപ്പോർട്ട് കേരളത്തിലെ ഫീസ് നിരക്കുകൾ സംബന്ധിച്ചുള്ള വിവാദങ്ങൾക്ക് ഒരു പക്ഷേ, ദിശാബോധം നൽകിയേക്കും. പ്രൊഫഷണൽ വിദ്യാഭ്യാസമേഖല നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ സാമൂഹ്യനീതിയുടെയും ഗുണമേന്മയുടെതുമാണ് എന്ന് കമ്മറ്റി വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് ദശകങ്ങളിലെ അനിയന്ത്രിതമായ സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച, രാജ്യത്തിന്റെ സാങ്കേതിക വളർച്ചാ ആവശ്യത്തേക്കാൾ അധികമായിരിന്നുവെന്നും, യഥാർത്ഥ ഡിമാന്റിൽ അധികം സിറ്റുകൾ ഇവിടെ സൃഷ്ടിക്കപ്പെട്ടുവെന്നും കമ്മറ്റിയുടെ പഠനം വിലയിരുത്തുന്നു.

കമ്മറ്റിയുടെ പഠനത്തിൽ കാണുന്നത്. രാജ്യത്തിന് ഏതാണ്ട് 75,000 എഞ്ചിനിയറിംഗ് സീറ്റുകൾ ആവശ്യമുള്ളപ്പോൾ അഖിലേന്ത്യാ സങ്കേതിക വിദ്യാഭ്യാസ സമിതി (AICTE)യഥാർത്ഥത്തിൽ അനുവദിച്ചത് 3,80,000 സീറ്റുകളായിരുന്നു. തമിഴ്നാട്ടിൽത്തന്നെ കഴിഞ്ഞ വർഷം 20,000 എഞ്ചിനിയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടന്നതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇത് വിദ്യാഭ്യാസ കച്ചവടക്കാരുടെ പ്രേരണയ്ക്ക് വശമായി എഞ്ചിനിയറിംഗ് പ്രവേശനത്തിനുള്ള 'കട്ട് ഓഫ് മാർക്ക് ' നാല്പത്തിയഞ്ചു ശതമാനമായി കുറയ്ക്കുന്നതിന് എ.ഐ.സി.ടിയെ പ്രേരിപ്പിച്ചു. പാവപ്പെട്ട യോഗ്യതയുള്ളവർ പുറത്ത് നിൽക്കുമ്പോൾ അർഹതയില്ലാത്ത സമ്പന്നരെക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗം നിറഞ്ഞു നിൽക്കുന്നുവെന്ന് കമ്മറ്റി കണ്ടെത്തിയിട്ടുണ്ട്. പുതിയ ഫീസ് ഘടന നിലവിൽ വന്നാൽ പ്രൊഫഷണൽ രംഗത്ത് കേരളത്തിലും യോഗ്യതയുള്ള സാധാരണ വിദ്യാർത്ഥികൾക്ക് കയറിപറ്റാൻ കഴിയില്ല. നിലവിലുള്ള സാമൂഹ്യ സാമ്പത്തിക കടമ്പകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് പുറമെയാണിത്. ഉന്നതവിദ്യാഭ്യാസം കൊണ്ട് പരിഹരിക്കാൻ ശ്രമിച്ചുവെന്ന സാമൂഹ്യ അസമത്വത്തിന്റെ ആഴവും പരപ്പും ജസ്റ്റിസ് കെ.ടി. തോമസ് കമ്മറ്റി ശിപാർശകൾ നടപ്പിലായാൽ വർദ്ധിക്കുമെന്ന കാര്യത്തിൽ പുതിയ ഗവേഷണമൊന്നും നടത്തേണ്ടതില്ല. അറുപതിനായിരം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ 18,000 രൂപ ഫീസ് നൽകിയാൽ മതിയായിരുന്നിടത്ത്, ഈ വർഷം മുതൽ 38,700 രൂപ നൽകേണ്ടി വരും. നിലവിലുള്ള സംവരണസമ്പ്രദായവും പുതിയ തീരുമാനം നടപ്പിലാക്കുന്നതോടു കൂടി നിഷ്ഫലമാകും. കുമാരപിള്ള കമ്മീഷന്റെ പുതുക്കി നിശ്ചയിച്ച വരുമാനപരിധിയിൽ വരുന്നവർക്ക് ഫീസിളവ് അനുവദിക്കണമെന്നും ഈ ഇളവിന് തുല്യമായ തുക മാനേജ്മെന്റുകളും സർക്കാരും തുല്യമായി പങ്കുവെയ്ക്കണമെന്ന് നിർദ്ദേശിക്കുന്ന ചില മാനേജുമെന്റുകൾ രംഗത്ത് എത്തിയിട്ടുണ്ട്. എന്നാൽ ഫിസിന്റെ ഏകീകരണമെന്ന കാര്യത്തിൽ വിട്ടുവിഴ്ചയില്ലായെന്നും ഇവർ വാദിക്കുന്നു.

ഇന്ത്യയിലെ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ചുമത്തുന്ന ഫീസുകൾ ഇപ്പോൾ തന്നെ രാജ്യത്തെ ആളോഹരി വരുമാനത്തിന്റെ മുന്നിരട്ടിയാണ് എന്ന യു.ആർ. റാവു കമ്മീറ്റിയുടെ കണ്ടെത്തൽ നമ്മുടെ കമ്മറ്റിക്കാർ തള്ളിക്കളഞ്ഞത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കേണ്ടതാണ്. വികസിതരാജ്യങ്ങൾ അവരുടെ ആളോഹരി വരുമാനത്തിന്റെ മൂന്നിൽ ഒന്ന് മാത്രമാണ് ഫിസായി ഈടാക്കുന്നത്. യു.ആർ.റാവു കമ്മറ്റിയുടെ ശിപാർശ അനുസരിച്ച് സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ വാർഷിക ഫീസ് നിരക്ക് ആറായിരം രൂപയാക്കി കുറയ്ക്കണമെന്നതാണ്. ഇന്ത്യയിലെ ആളോഹരി വരുമാനം 18,000 രൂപയെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ഫീസ് നിരക്ക്. അമേരിക്കയിലെ പോലും ഫീസ് നിരക്ക് ഈ രീതിയിലാണ് തിട്ടപ്പെടുത്തിയിരിക്കുന്നത് എന്ന് കമ്മറ്റി ചൂണ്ടിക്കാണിക്കുന്നു. ദേശീയസമ്പത്തിന്റെ പത്ത് ശതമാനമെങ്കിലും വിദ്യാഭ്യാസത്തിന് മാറ്റിവെക്കണമെന്ന് കമ്മറ്റി ശിപാർശ ചെയ്യുന്നുണ്ട്.

കമ്പോളത്തിന്റെ ഏറ്റക്കുറച്ചിലുകൾക്ക് അനുസരിച്ച് ചാഞ്ചാടുന്ന ഒരു വിദ്യാഭ്യാസ വ്യവസ്ഥയുടെ പരിമിതികൾ പലതാണ്. മാർക്കറ്റിൽ വിജയിക്കുന്നതെന്തോ അത് ഗുണമേന്മയായി വാഴ്ത്തപ്പെടുന്നു. ദീർഘകാല അടിസ്ഥാനത്തിൽ മാത്രം പ്രയോജനം ചെയ്യുന്ന അടിസ്ഥാനഗവേഷണവും പ്രത്യക്ഷത്തിൽ പ്രയോജനപ്രദമല്ലാത്ത മാനവിക ഭാഷപഠനങ്ങളും ഗുണമേന്മപട്ടികയിൽ താഴോട്ടുപോയി. തൊഴിലധിഷ്ഠിതകോഴ്സുകളും (നടത്തുന്നവർക്ക് തൊഴിൽ എന്ന് സാരം) കമ്പ്യൂട്ടർ കോഴ്സുകളും മാർക്കറ്റിന്റെ ഗ്രാഫിൽ മുകളിലെത്തി. വമ്പിച്ച പരസ്യങ്ങളുടെ അകമ്പടിയോടെ കടൽകടന്നെത്തുന്ന വൈദേശിക കോഴ്സുകൾക്കും ആവശ്യക്കാർ ഏറെയാണ്.

സ്വാശ്രയ സമ്പ്രദായം വികസിപ്പിച്ചുകൊണ്ട് വിദ്യാർത്ഥി പ്രവേശനത്തിന്റെ ശതമാനം ഉയർത്താമെന്ന മോഹം അസ്ഥാനത്താണ്. സ്വാശ്രയ വിദ്യാലയങ്ങൾ എയിഡഡ് വിദ്യാലയങ്ങൾക്കു താങ്ങാവുകയല്ല, അവയെ തളർത്തുകയാണ് ചെയ്തത്. പഠിക്കാൻ അവസരങ്ങൾ ഉണ്ടായാൽ മാത്രം പോരാ. അവസരങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള സാമ്പത്തികശേഷിയും വേണം. സാമ്പത്തിക ശേഷിയുടെ അഭാവമാണ് എഞ്ചിനിയറിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണത്തിന് അനുസരിച്ചുതന്നെ ഇരുപത്തഞ്ച് ശതമാനത്തിലധികം ജനങ്ങൾ ദരിദ്ര്യരേഖയ്ക്കുതാഴെ ജീവിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസരംഗത്തെ സമ്പൂർണ്ണ സ്വാശ്രയത്വം വിനാശത്തിലേക്കുള്ള വഴിയാണ്. പുതിയ ഫീസ് നിരക്കുകൾ നടപ്പിലായാൽ സാമൂഹ്യനീതിയുടെ നിഷേധത്തിന് സ്റ്റേറ്റിൽ അംഗീകാരം ലഭിക്കുന്നതിന് തുല്യമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഇത് ഗുണനിലവാര തകർച്ചക്ക് ആക്കം കൂട്ടും. കേന്ദ്രസർക്കാരിന്റെ അംഗീകൃത പൊതുമിനിമം പരിപാടിയുടെ അന്തഃസത്തക്ക് നിരക്കാത്ത നടപടി കൂടിയാണ്. ഇത്തരം പ്രശ്നങ്ങൾ മുൻനിർത്തി കേരളത്തിലെ പുരോഗമന ശക്തികളും അക്കാദമിക സമൂഹവും യോജിച്ച പഠനങ്ങൾക്കും പോരാട്ടങ്ങൾക്കും രൂപം നൽകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത കൂടിയാണ്.

◆◆





# ദുരന്തം ദുർബലം

പല്ലുകാട്ടിച്ചിരിക്കുന്ന വൈദ്യൻമാരുടെ ഇടയിൽ, ഉള്ളിൽ ചിരിക്കുന്ന പത്രക്കാരുടെ നടുവിൽ, നിലവിളിക്കുന്ന പെമ്പറന്നോരുടെ മുന്നിൽ, വാ തുറന്നു നിൽക്കുന്ന മകന്റെ അരികിൽ, ഡ്രിപ്പ് സ്റ്റാന്റുകളുടേയും ബൈസ്റ്റാൻഡർമാരുടേയും കണ്ണിൽ..... നിന്നു കൊണ്ട് കുട്ടപ്പൻ പറഞ്ഞു.

"നിങ്ങളെയൊക്കെ എനിക്കു കാണാം. ദൂരെയുള്ള ഒന്നും കാണണില്ല....."

ഇങ്ങനെ ഉരിയാടിയ ശേഷം കുട്ടപ്പൻ കുഴഞ്ഞുവീണു വിറച്ചു.

പിറ്റേദിവസം 500 വാക്കുകളുള്ള ദുരന്തപത്രത്തിൽ കുട്ടപ്പൻ, 51, ഏഴാമത് ചരമവനായി.

കുട്ടപ്പന്റെ ശവത്തിനരികിൽ മന്ത്രി ഇരുന്നു, പ്രതിപക്ഷനേതാവും

"മരണം ദൈവത്തിന് സ്വന്തം....

അങ്ങിനെയെങ്കിൽ ദൈവം എന്തുകൊണ്ടു രാജി വെക്കുന്നില്ല?", മന്ത്രി ക്രുദ്ധനായി ചോദിച്ചു.

"ഞാൻ പ്രതിയുടെ പക്ഷത്തല്ല." പ്രതിപക്ഷനേതാവ് പറഞ്ഞു.

ക്യാമറകൾ മന്ത്രിയുടെ മുഖത്ത് വെളുത്ത പ്രകാശം വിതറി.

മന്ത്രി വെളിച്ചത്തിൽ മുങ്ങി - ഒരു ദേവനെപ്പോലെ.

"കുട്ടപ്പന്റെ ഭാര്യയുടെ പേര് തങ്കമണി", പി.എ. ഓർമ്മിപ്പിച്ചു.

നൂറിന്റെ പത്ത് കടലാസുകഷണങ്ങൾ തങ്കമണി തങ്കമാനമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. അവളും വാതുറന്നുനിൽക്കുന്ന മകനും പ്രകാശത്തിൽ നീന്തി.

ആതമവിദ്യാലയത്തിലേക്കു പോകുന്ന വഴി കുട്ടപ്പന്റെ വണ്ടി പോലീസ് തടഞ്ഞു.

കുട്ടപ്പൻ പ്രതിഷേധിച്ചില്ല.

അധഃസ്ഥിതരുടെ രാഷ്ട്രീയവക്താക്കൾ നടത്തുന്ന ഭീമൻ റാലി.

കുട്ടപ്പന്റെ സ്വന്തം റാലി.

മുൻനിരയിൽ നിന്ന മന്ത്രി സിന്ദാബാദ് വിളിച്ചു: ചിക്കാഗോയിൽ രക്തം ചിന്തിയ സഖാവിന്.

ഇന്നെനിക്ക് പണിയില്ല. 'ഓഫാ'ണ്. അതുകൊണ്ട് ഞാൻ എഴുതുന്നു. വൈകീട്ട് ഏതെങ്കിലും സുരക്ഷിതമായ ബാറിൽ പോകണം.

വെങ്കിയും എത്താമെന്നേറ്റിട്ടുണ്ട്. അവിടെ, ഗാന്ധിജിയെക്കുറിച്ചു നമുക്കു സംസാരിക്കണം. ഒരു പാട്ടു പാടണം.

ഇടക്കൊന്നു ചോദിക്കട്ടെ...

കുട്ടപ്പൻ എന്തിനു കുടിക്കുന്നു?

കുടിക്കുന്നെങ്കിൽ തന്നെ എന്തിനു വ്യാജമദ്യം കുടിക്കുന്നു?

കുട്ടപ്പൻ തങ്കമണിയെ എന്തിനു ദുഃഖിപ്പിക്കുന്നു?

കുട്ടപ്പന് കുടിക്കാൻ തക്ക വണ്ണം ദുഃഖങ്ങളുണ്ടോ?

അതോ അയാൾക്ക് സന്തോഷമാണോ?

കുട്ടപ്പാ.... ദുഷ്ടാ.... നിന്റെ മകൻ അനാഥനാകില്ലേ...?

ഞാനും മന്ത്രിയും വെങ്കിയും എത്ര നല്ലവർ ഞങ്ങൾ വ്യാജമദ്യം കഴിക്കുന്നില്ല.

ഞങ്ങളുടെ അച്ചിമാർ കരയുന്നില്ല....

ഞങ്ങളുടെ മക്കൾ വാ തുറന്ന് നിൽക്കുന്നില്ല....

ഞങ്ങളുടെ മൂക്കിൽ ആരും പുണ്യാഹം തളിക്കുന്നില്ല....

കാണുന്നത് ദുഃസ്വപ്നമാണെന്നറിഞ്ഞിട്ടും ഞങ്ങൾ നല്ല സ്വപ്നം തേടി അലയുന്നില്ല....

ഞങ്ങളെ ഹയറുന്നീസ തീണ്ടുന്നില്ല.....

ഞങ്ങൾ മരിക്കുന്നില്ല.....

കേരളമെന്നപേർ കേൾക്കുമ്പോൾ....

തുടിക്കുന്ന ഞരമ്പുകളിൽ ചോര ജ്വലിക്കുമ്പോൾ, ഞങ്ങൾ സുരക്ഷിത മദ്യാലയങ്ങളിൽ പോകുന്നു. അവിടെ ചുണയുള്ള കുണ്ടന്മാർ ഞങ്ങൾക്ക് നല്ല മദ്യവും വ്യാജ ഉപചാരവും നൽകുന്നു.

ഉന്മേഷം നൽകുന്നു.
ഉറക്കം നൽകുന്നു
പുണ്യനാടേ....
ഞങ്ങളെ വാഴ്ത്തുക.
ഞങ്ങൾ നിന്റെ നല്ല മക്കൾ
ദൂരക്കാഴ്ചയുള്ളവർ.

ശ്രീജിത്ത് എ.
രണ്ടാംവർഷ കമ്പ്യൂട്ടർസയൻസ് ബിരുദം

◆◆



# THE Material girLs

Ramya Raju, II nd year Psychology

What's happening to the city girls? Why do they all want to be models? Why are they so greedy in their consumerism?

Tradition and Modernity, seemingly though in a state of constant conflict, are like dream and reality woven tight like creepers in the forest of civilisation. The one without the other finds itself bereft of meaning and relevance in terms of content and comparison. In the present-day world, people find them selves caught in the dilemma of becoming either traditional or modern. The big question confronting us is: are our traditions losing ground? The question is particularly relevant in the case of the dress code of the urban Indian which is a mindless imitation of western trends. In this senseless aping, it is the urban Indian woman who is leading the pack.

In recent times, there has been an upsurge among women to 'do their own thing and earn money'. The feeling of being independent has made the women explore new arenas.Thus a whole bevt of womenflok in this male-dominated world have carved out a niche for themselves. In the bargain, they have virtually given up on their tradition, customs and cultures. They have transformed into 'material girls' for whom all that matters is 'I,me, and myself. They are indifferent to the plight of the vast majority of women who lead a difficult and painful life.

This is the face of modern India- there are women who wear less because it is in fashion, while on the other end, we have women who wear less because they can't afford to wear more. If there are women who prefer to be anorexics, and follow strict dietary habits in order to maintain that figure, we also have women who are unbable to muster three meals a day because they are too poor. If the

urban women is seen as 'using' the rich man to pursure a rich life style, then on the other side is the rural woman who is victimised and at the mercy of male whims.

The urban Indian woman has embraced the haute monde western culture in all its aspects. In this regard, it is Bollywood that is her guiding light; Bollywood itself is heavily influenced by what hollywood does. It is baffling that Hindi cinema, which once used to portray women in a modest and virtuous guise, is today presenting here in the most obscene way.

The Bollywood heroines in unseemly and uncouth dresses are being labelled as "women of substance". The role models now are the likes of Bipasha Basu and celina Jaitely, who are worshipped for their body power. In the seventies or eighties, that was not the case; more emphasis was placed on the noble qualities of the heroine. A Mala Sinha or a Waheeda Rahman became popular not because of their bodies, but because of their acting abilities; they didnot have to sell their virtues for the sake of popularity. Beauty, then lay in the eye of the beholder; now beauty reisdes in the lust of the beholder. The lesser a heroine wears, the more popular she becomes.

Then there are the beauty pageants, which to are being regarded as a major breakthrough in woman empowerment. Here, a girl's worth is decided upon her face and figure. This has sent negative vibes, with teenage and even minor girls becomig obsessed with their looks. In this scenario, the girls who are not pretty develop an inferiority complex and go through acute mental suffering. Thus there is a case for a ban on such pageants.

The media has contributed generously to tarnishing the image of women. Earlier, glamour meant cinema and only cinema, but now that is not the case. Glamour has entered into television serials, and advertisements. Whether it is an ad for a bicycle or a ball pen, what we see are girls in goudy outfits Women have become easy tools in the hands of the advertisers, infact, she has turned into more of a commodity than the commodity she is pushing to sell.

One is often reminted of the infamous fair and loely advertisement where the father because of the dark complexion of this daughter says "kaash hamare ek beta hota." That very remark is a blot on Indian woman's personality, yet not many eye brows were raised over it. The girl in the ad, after busying herself a fair and lovely cream, turns fair and lands an airhostess' job much to the delight of her parents . The message is clear : better turn fair. Other wise the world will be unfair to you. Image the kind of impact such ads can have on gullible minds. So what we have today is a cosmetics-mad generation of young women.

But that is only a part of the entire story. There are the popular TV serials portraying women in a negative light. In some serials are a bit among house wives although these depict women as embodiments of evil.Here, the women are home breakers and conspirators who have affairs with married men, and are forever seeking revenge.

India is still an orthodox country. But the indecent portrayal of women in the visual media is breaking that orthodox in an unsavoury manner. The serials that show petty quarrels in joint families have led people to think that all is wrong with the joint -family system, and every thing is hunky -dory with the nuclear one.Such depictions also influence us to think of morality as old fashioned, and immorality as the in thing ; even showing respect towards the elderly is portrayed as a medieval trait.

But India is not at all about the page 3 women. The majority of Indian women lead sad and exploited lives; most are illiterate and depend on the man's earnings. While the urban woman flaunts and abuses her freedom, the rural kind does not have any kind of freedom at all. India's villages are full of stories of rape violence against women, but these are not realy given due coverage since they are considerd oldhat.

What is given coverage is to the beauty contests. The Girls appearing in these pageants talk, emptily of women's liberation and the plight of rural India. They airily blame the Government, the civil society and the media, but they themselves would do nothing to allviate the suffering of their sisters expcept for some token service in some charities. They also think that liberation begins with the shedding of Clothes.

The Urban College girl's role models are the likes of Aiswarya Rai and Sushmitha Sen whose fame has nothing to do with any social service act, but everything to do with certian Peoples concept of beauty. These 'beauty queens' have spawned a generation of girls who are not aware of the larger social circumstances, but who are obsessed with the latest in hair- style, Jewellery and Clothes. Thus these is certainly the age of the consumerist woman who is addicted to glamour. So we have the fashion industry over flowing with wannable models.


As same human beings, it does not we have us to become slavish followers of modernisation without questioning the justification for certian modes of behaviour. To day we hear a lot of about "Women empowerment", but the fact is that far from being empowered, the status of women has been denigrated; and the women themselves have to take a major part of the blame for this sorry situation.

And it's not that we don't have enough role models among women. We have plenty in the likes of mother Teresa, kiran Bedi, Medha Patkar, Arundhati Roy, Teesta Setalvad and P.T.Usha, Sheila Dikhsit women who have made their mark in their respecivie fields by becoming the voice of the people and of this nation.


Now to the question of where this manic fixation with fashion will lead us to. For sure, it won't make us better human beings. Yes, there are certain things wrong with radition, and we are living in a time of transition between the dying old order and the birth of a new one. The goal ought to be to lead a life of practical idealism and work towards social betterment.

Theose famous women amongest us should lead the way by evolving strategies that would help create a just sociesty. They must endeavour to become the voice of those countless women who remain unheard and uncared for. Let women empowerment become a mass reality; let it not remain confined to a chosen few. Let oriental charms, virtues, decency and beauty not be trampled down under western fads.

◆◆




# സമയം



വാച്ച് കെട്ടാൻ മറന്നുപോയ കുട്ടി സ്വർണ്ണറിസ്റ്റുവാച്ചുള്ള അദ്ധ്യാപകനോട് ചോദിച്ചു, "സാർ, എന്താണ് സമയം?" അദ്ധ്യാപകൻ ആദ്യം ഞെട്ടി. പിന്നെ ചിന്താധീനനായി. ഒടുവിൽ പറഞ്ഞു, "സമയം....
ജീവിതത്തേക്കാൾ ഗഹനമായ സംഗതിയാണ്. അത് മനസ്സിലാക്കാൻ ഒരു ജീവിതകാലം തന്നെ വേണ്ടി വന്നേക്കും."
സ്വർണ്ണറിസ്റ്റുവാച്ചിലെ സമയത്തിന് മൂല്യമേറുമെന്ന് കരുതിയ കുട്ടിക്ക് പക്ഷെ അവസാനത്തെ പിരീഡായതിനാൽ അധികനേരം പകച്ചുനിൽക്കേണ്ടി വന്നില്ല. ഇന്നാകട്ടെ ആ ചോദ്യത്തിനു മുന്നിൽ ആരും പതറില്ല.
കാരണം, സമയം ഒരു മെഗാസീരിയലിന്റെ പേരാകുന്നു. അമ്മാവന്റെ വീട്ടിൽ ചെന്നപ്പോഴാണ് ഈ ദൃശ്യവിസ്മയം കാണാനിടയായത്.
അത് കാണാൻ തിടുക്കം കൂട്ടിയപ്പോൾ അമ്മാവൻ പറഞ്ഞു, "ഒരു തിരക്കും വേണ്ട. ഇതെല്ലാ ദിവസവുമുണ്ട്."
അദ്ദേഹം ഗതകാലസ്മൃതികളിലേക്കിറങ്ങി,"ഞാൻ ജനിച്ചപ്പോൾ ഇതുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. എന്റെ കാലശേഷവും ഇതു നിലനിൽക്കും." പിന്നെ കുറച്ചുകഴിഞ്ഞ്, "ഒരു സീരിയൽ കണ്ടാൽ മതി. എല്ലാം കണ്ടു കഴിഞ്ഞു.
എല്ലാം ഒന്നു തന്നെ.
അനശ്വരം. അനന്തം. അജ്ഞാതം. അചേതനം.
എത്ര പുരോഗമിച്ചാലും പാരമ്പര്യമൂല്യങ്ങളെ മറക്കാത്ത മലയാളിമനസ്സിനെക്കുറിച്ചോർക്കുമ്പോൾ തന്നെ ഞാൻ രോമാഞ്ചമണിയുന്നു.

**വിജു കുര്യൻ**
രണ്ടാംവർഷ ആംഗലേയ സാഹിത്യബിരുദം

◆◆

# നീതിയുടെ കാവൽഭടൻ



## *ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുമായി മാഗസിൻകമ്മറ്റി നടത്തിയ അഭിമുഖത്തിൽനിന്ന്*

*? താങ്കളെ ഞങ്ങൾ ആദ്യമായി കേൾക്കുന്നത് ചരിത്രപ്രധാനമായ ഇം.എം.എസ് മന്ത്രിസഭയിലെ ആഭ്യന്തര മന്ത്രി എന്ന നിലയിലാണ്. ആ കാലഘട്ടത്തെക്കുറിച്ച്?*

ഒരു മന്ത്രി എന്ന നിലയിലാണ് എന്നെപ്പറ്റി ആദ്യമായി അറിയുന്നത് എന്ന പ്രസ്താവന തികച്ചും ഖേദകരമാണ്. നീണ്ട 30 കൊല്ലത്തെ അഭിഭാഷകൻ എന്ന നിലയിലും, 5 കൊല്ലത്തെ ഹൈക്കോർട്ട് ന്യായാധിപൻ എന്ന നിലയിലും, 7 കൊല്ലത്തെ സുപ്രീം കോടതി ന്യായാധിപൻ എന്ന നിലയിലും, അതിനു ശേഷം 24 കൊല്ലമായി, സാമൂഹ്യസേവന ജീവിതവും നയിക്കുന്ന എന്റെ ജീവിതത്തിൽ കേവലം 27 മാസം മാത്രമാണ് മന്ത്രിസഭയിൽ ഞാൻ ഒരു മന്ത്രിയായിരുന്നിട്ടുള്ളു എന്നു പറയുമ്പോഴും ചോദ്യത്തിലെ വിരോധാഭാസം മനസ്സിലാകുമല്ലോ. ഒരു നീതി ന്യായാധിപനായി രാഷ്ട്രപതിയിൽനിന്നും, അത്യുന്നത പദവിയായ പത്മഭൂഷൺ അവാർഡ് കിട്ടിയ വിവരം അറിഞ്ഞിരിക്കേണ്ടതാണ്.

*? താങ്കൾ അംഗമായ ആദ്യമന്ത്രിസഭയെക്കുറിച്ച് പറയാമോ. അതേപോലെ ഇം.എം.എസ്സിനെക്കുറിച്ച്*

ഭാരതത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നല്ലോ കേരളത്തിലേത്. ബഹു ഇ.എം.എസിന്റെ മന്ത്രിസഭയിൽ ആഭ്യന്തരം, ജയിൽ, സാമൂഹ്യക്ഷേമം, ജലസംഭരണം, ജലസേചനം, വിദ്യുച്ഛക്തി എന്നീ വകുപ്പുകളുടെ ചുമതലയാണ് എനിക്ക് ഉണ്ടായിരുന്നത്. ഈ വകുപ്പുകളുടെ പൂർണ്ണ അധികാരം മുഖ്യൻ എനിക്ക് വിട്ടു തന്നിരുന്നു എന്നുള്ളതാണ് എടുത്തുപറയത്തക്കതായിട്ടുള്ളത്. വളരെ കുറഞ്ഞ കാലയളവിൽ ജയിൽ നവോത്ഥാനം, വിദ്യുച്ഛക്തി വിഭാഗത്തെ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ, പ്രധാനപ്പെട്ട ചില ജലവൈദ്യുതി പ്രോജക്റ്റുകളുടെ ആരംഭം കുറിക്കൽ മുതലായ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ എനിക്കു സാധിച്ചു എന്ന കാര്യത്തിൽ കൃതാർത്ഥതയുണ്ട്.

*? അക്കാലത്ത് നടന്ന വിമോചന സമരത്തെക്കുറിച്ച്?*

വിമോചന സമരത്തെപ്പറ്റി പറയുകയാണെങ്കിൽ വളരെ പറയുവാനുണ്ട്. പുതിയ വിദ്യാഭ്യാസത്തിൽ പ്രൊഫസർ മുണ്ടശ്ശേരി അവതരിപ്പിക്കുക വഴി, വിദ്യാഭ്യാസം കുത്തകയാക്കി അതുവഴി അന്യായമായി ധനസമ്പാദനം നടത്തിയിരുന്ന മതവിഭാഗങ്ങൾ തട

സ്സുങ്ങൾ സൃഷ്ടിച്ചതിനാൽ അവർ ഉൾക്കൊള്ളുന്ന വലിയൊരു ജനവിഭാഗത്തിന്റെയും, കമ്യൂണിസം എന്ന രാഷ്ട്രീയം നല്ലതല്ലന്ന അടിയുറച്ചു വിശ്വസിക്കുന്ന വേറൊരു ജനവിഭാഗത്തിന്റേയും പിൻതുണ നഷ്ടപ്പെട്ടതും ആ സമയത്ത് കേന്ദ്ര ഭരണം കോൺഗ്രസ്സിന്റെ അധീനതയിലായിരുന്നതും മൂലമാണ് വിമോചന സമരം വിജയിച്ചതും കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഇല്ലാതാവുകയും ചെയ്തത്.

*? അങ്ങ് മന്ത്രിയായിരുന്ന കാലത്തെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമാണ്?*

ആഭ്യന്തരമന്ത്രിയായിരിക്കുന്ന അവസരത്തിൽ ജയിൽ പരിഷ്ക്കാരം സ്തുത്യർഹമായവിധം ചെയ്യുവാൻ എനിക്ക് സാധിച്ചു. ജീവിതത്തിൽ കുറച്ച് ദിവസം ഒരു രാഷ്ട്രീയതടവുകാരനായി ജയിൽ ജീവിതം അനുഭവിച്ച എനിക്ക് ആ ജീവിതത്തിനെക്കുറിച്ചും, അവിടത്തെ പരിമിതികളെക്കുറിച്ചും നല്ല ജ്ഞാനമുണ്ടായിരുന്നത് ജയിൽജീവിതം കുറേക്കൂടി മെച്ചപ്പെടുത്താൻ വേണ്ട പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ വളരെ സഹായകമായി. പരോളിന്റെ കാര്യത്തിൽ, ഇയ്യിടെ സർക്കാർ നിർദ്ദേശിച്ച ഒരു കമ്മറ്റിയുടെ ചെയർമാൻ എന്ന നിലയിൽ ഏറെ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ സാധിച്ചു. പുകവലിയെപ്പറ്റി പറയുകയാണെങ്കിൽ അതു ഓരോ വ്യക്തിയുടെയും ജീവിതശൈലിയുടെയും സ്വഭാവത്തിന്റെയും പരിസ്ഥിതിജന്യമായ ഒരു ഘടകവുമായതുകൊണ്ട് മാത്രം അതിനവകാശമില്ലെന്നു പറയുന്നത് മനുഷ്യാവകാശ ലംഘനമാണെന്നുള്ള ചിന്തയിലാണ്. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ പുകവലിക്കും, പുകയിലയുടെ ഉപയോഗത്തിനും എതിരാണ്. പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ടുള്ള വിധി ഏറ്റവും സ്വാഗതാർഹവും അഭിനന്ദനീയവുമാണ്. നിയമം നടപ്പാക്കേണ്ടവർ തന്നെ പലരും ഇതിന് അടിമയായ കാരണമായിരിക്കാം അതിനുവേണ്ട നടപടികൾ വളരെ മന്ദഗതിയിൽ മാത്രം പുരോഗമിക്കുന്നത്.



*? അലഹബാദ് ഹൈക്കോടതിയിലെ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് കേസിനെതിരായ വിധിക്ക് സുപ്രീം കോടതിയിൽ അങ്ങ് സോപാധിക സ്റ്റേ മാത്രമാണ് കൊടുത്തത്. അതിനെപ്പറ്റി*

ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പിനെതിരെയുള്ള വിധിക്ക് സോപാധിക സ്റ്റേയാണ് കൊടുത്തിരുന്നത് എന്നതു വാസ്തവമാണ്. സ്ഥിരം സ്റ്റേ കൊടുക്കണമെന്നും സ്റ്റേ തന്നെ കൊടുക്കരുതെന്നുമുള്ള നിലപാട് രണ്ട് ഭാഗത്തുനിന്നും ടെലഫോൺ വഴി ഭീഷണിയും സമ്മർദ്ദവും ലഭിക്കുകയുണ്ടായി. പക്ഷേ അതൊന്നും എന്റെ മനസ്സിന്റെ സമനിലയേയോ തീരുമാനത്തേയോ ഒരു തരത്തിലും സ്വാധീനിച്ചിരുന്നില്ല. വളരെ അധികം ചിന്തിച്ച് നിയമവശങ്ങളെ നല്ലപോലെ വിശകലനം ചെയ്തശേഷമാണ് സോപാധിക സ്റ്റേ നൽകിയത്. ഈ നിഗമനത്തിലെത്താനുള്ള കാരണങ്ങളും യുക്തിയുക്തം രേഖപ്പെടുത്തുകയും ചെയ്തശേഷമാണ് വിധിന്യായത്തിൽ ഒപ്പുവെച്ചതും. ഈ വിധിയെപ്പറ്റി ലോക പ്രസിദ്ധനായ വിമർശകൻ 'ഷീർവാ' പറഞ്ഞിട്ടുള്ളത് "സുപ്രീം കോടതി അതിന്റെ അത്യുന്നാധികാരം തെളിയിച്ച പ്രശംസനീയമായ വിധിന്യായമാണിത്" എന്നാണ്.

*? രാഷ്ട്രീയത്തിൽ നിന്ന് ജുഡീഷ്യറിയിലേക്കുള്ള മാറ്റത്തെപ്പറ്റി?*

രാഷ്ട്രീയത്തിൽ നിന്നും ജുഡീഷ്യറിയിലേക്കുള്ള എന്റെ വരവ് തികച്ചും അപ്രതീക്ഷിതമായിരുന്നു. ഇനിയൊരു തിരഞ്ഞെടുപ്പിനോ, രാഷ്ട്രീയജീവിതത്തിലോ ഇടപെടുകയില്ലെന്ന് നിശ്ചയിച്ചിരിക്കുന്ന അവസരത്തിലാണ് അന്നത്തെ ചീഫ് ജസ്റ്റിസ് ആയിരുന്ന ജ. ശ്രീ.എം.എസ്. മേനോൻ ഒരു ദിവസം എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിച്ചു സംസാരിച്ചത്. രാഷ്ട്രീയ ജീവിതം തുടരേണ്ടെന്ന് നിശ്ചയിച്ച സ്ഥിതിക്ക് ജുഡീഷ്യറിയിലേക്ക് ക്ഷണിക്കുകയാണെങ്കിൽ സ്വീകാര്യമാണോ എന്ന് അദ്ദേഹം ചോദിച്ചു. അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു വഴങ്ങിയാണ് ഞാൻ ന്യായാധിപന്റെ സ്ഥാനം സ്വീകരിച്ചതും. അല്ലാതെ മന്ത്രിസഭക്കോ ബഹു. ഇം.എം.എസിനോ ഇതിൽ യതൊരു പങ്കുമില്ലെന്ന നിസ്സംശയം പറയാം. നിയമിക്കാൻ നിശ്ചയിച്ചതിനുശേഷം ഒരു പക്ഷേ അവരുടെ അഭിപ്രായം ആരാഞ്ഞിരിക്കാം.

*? അങ്ങയുടെ കാലത്ത് പുറപ്പെടുവിച്ച സുപ്രധാന വിധികൾ എന്തെല്ലാമാണ്.*

എല്ലാം പ്രധാനപ്പെട്ട വിധികളായി തന്നെയാണ് എനിക്ക് തോന്നുന്നതെങ്കിലും പെട്ടെന്ന് ഓർമ്മ വരുന്ന രണ്ട് കേസുകളെപ്പറ്റി പ്രതിപാദിക്കാം.

(a) കേന്ദ്രസർക്കാരിൽ ജോലി ചെയ്തിരുന്ന മുത്തമ്മ എന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥയ്ക്ക് അവർ ഒരു സ്ത്രീയാണെന്ന ഒറ്റ കാരണം കൊണ്ട് അംബാസിഡർ പദവി നിഷേധിച്ചതിനെതിരെ അവർ സുപ്രീം കോർട്ടിൽ കേസുകൊടുത്തു. ഇന്ത്യൻ ഭരണഘടനയിലെ ഒരു വകുപ്പിലെ ശാസനപ്രകാരം സ്ത്രീകൾക്ക് ഫോറിൻ അംബാസിഡറാകാൻ അർഹതയില്ലാത്തതായിരുന്നു ഗവൺമെന്റ് വക്കീലിന്റെ വാദം. ഭരണഘടനയിലെ ഈ ശാസനം വിവേചനപരമാണെന്നും അതുകൊണ്ട് നിയമത്തിന്റെ ദൃഷ്ടിയിൽ അതു നില നിൽക്കില്ലെന്നും വിധിച്ചതനുസരിച്ച് ആ സ്ത്രീക്ക് അംബാസിഡർ പദവി ലഭിച്ചു.

(b) ഷംസേർ സിങ്, രാജേന്ദർ സിങ് മുതലായ കേസുകളിൽ വധശിക്ഷക്കു വിധേയനാക്കപ്പെട്ടവന്റെ ദയാഹർജിയിൽ അവസാനതീരുമാനമെടുക്കാൻ, സ്ഥാനം കൊണ്ട് ഏറ്റവും ഉന്നതനാണ് രാഷ്ട്രപതി എങ്കിലും അദ്ദേഹത്തിനല്ലെന്നും മറിച്ച് രാജ്യം ഭരിക്കുന്ന മന്ത്രിസഭക്കാണെന്നും, ആ മന്ത്രിസഭയുടെ

അവസാന തീരുമാനം അംഗീകരിക്കുക മാത്രമാണ് രാഷ്ട്രപതിയുടെ ചുമതലയെന്നുമുള്ള ഭരണഘടനയെ അപഗ്രഥിച്ച് പുറപ്പെടുവിച്ച വിധിന്യായവും എന്റെ ഓർമ്മയിൽ വരുന്നു.

*? People Action for Social Justice എന്നതിനെപ്പറ്റി... ധനഞ്ജയ് ചാറ്റർജിയുടെ വധശിക്ഷയെപ്പറ്റി...*

വധശിക്ഷക്കു ഞാൻ എതിരാണ്. അപൂർവ്വങ്ങളിൽ വെച്ച് അപൂർവ്വമായ കേസുകളിൽ മാത്രം, അതും ഒഴിച്ചുകൂടാൻ യാതൊരു നിർവ്വാഹവുമില്ലാത്ത പരിസ്ഥിതിയിൽ മാത്രമേ വധശിക്ഷക്കു വിധിക്കാവൂ എന്നും, വിധിന്യായങ്ങളിൽ കാരണങ്ങൾ പ്രത്യേകം സൂചിപ്പിച്ചിരിക്കണമെന്നും ഞാനെന്റെ വിധികളിൽ പ്രസ്ഥാവിച്ചിട്ടുണ്ട്. ധനഞ്ജയ് ചാറ്റർജിയുടെ കേസിൽ, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ കാലതാമസം അയാളെ ശിക്ഷ നടപ്പാക്കാതെ പതിനാലുകൊല്ലം ജയിലിൽ അടച്ചു എന്ന ഒരൊറ്റ പരിഗണനയുടെ പേരിൽ ശിക്ഷ ഇളവുചെയ്യണമെന്നു അപേക്ഷിച്ച് ഞാൻ രാഷ്ട്രപതിക്കു നിവേദനം നൽകിയിരുന്നു എങ്കിലും മന്ത്രിസഭയുടെ അന്തിമ തീരുമാനം, ഖേദകരമെന്നു പറയട്ടെ മറിച്ചായിരുന്നു.



*? ബന്ദ് നടത്തുന്നതിന് എതിരെ വന്ന വിധിയെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത്?*

സദുദ്ദേശത്തോടെയും മാതൃകാപരമായും ഗാന്ധിജി വിജയപൂർവ്വം അഹിംസാത്മകമായി, നിസ്സഹകരണത്തിന്റെ ഭാഗമായി നിർദ്ദേശിച്ച പണിമുടക്കും, കുത്തിയിരിപ്പു സത്യാഗ്രഹവും, ഇന്നത്തെ പൊതുജനങ്ങളും തൽപരകക്ഷികളും ദുർവിനിയോഗം ചെയ്യുന്നതായിട്ടാണ് കണ്ടുവരുന്നത്. കാര്യമുണ്ടായാലും ഇല്ലെങ്കിലും രാഷ്ട്രീയ താൽപര്യം മുൻനിർത്തിയോ വ്യക്തികളുടെ നിലനിൽപ്പിന്റെ ഭാഗമായോ പണിമുടക്കും മറ്റും ആഹ്വാനം ചെയ്യുന്നത് തികച്ചും തെറ്റാണെന്നാണ് എന്റെ അഭിപ്രായം. നേരെ മറിച്ച് ആഗോളവൽക്കരണം, വ്യവസായവൽക്കരണം, സ്വകാര്യവൽക്കരണം മുതലായ അശാസ്ത്രീയവും മാനുഷികവംശത്തിന്റെ നിലനിൽപ്പിനു ഭീഷണി ഉയർത്തുന്നതുമായ സങ്കൽപ്പങ്ങൾക്കു നേരെ ജനങ്ങൾ ഒറ്റ കെട്ടായി നിന്നു സമരം ചെയ്യുന്നത് പ്രശംസാർഹവുമാണ്.

*? കലാലയ രാഷ്ട്രീയ നിരോധനത്തെപ്പറ്റി നിലനിൽക്കുന്ന വിവാദങ്ങളെക്കുറിച്ചുള്ള അഭിപ്രായം?*

കലാലയ പരിസരത്ത് രാഷ്ട്രീയ ശാസ്ത്രത്തെ ബഹിഷ്ക്കരിക്കണമെന്ന വീക്ഷണഗതി അബദ്ധധാരണയും അന്യായവും സമൂഹത്തോടുള്ള പ്രതികരണശേഷിക്കുറവും സംസ്ക്കാരമില്ലായ്മയും ആകുന്നു. കേരളഹൈക്കോടതിയുടെ ഒരു തീരുമാനം കലാലയത്തിൽ രാഷ്ട്രീയം ഒരു തെറ്റായ ഉദ്യമമാണെന്നു സൂക്ഷ്മമായി പരിശോധിച്ചാൽ, ഒരു ഔദ്യോഗിക സംഘടന ഉണ്ടാക്കുവാനോ പൊതുയോഗങ്ങളിൽ പങ്കെടുക്കുവാനോ അവ രാഷ്ട്രീയത്തെ സംബന്ധിച്ചുള്ളവയാണെങ്കിൽ പോലും അനുവദനീയമാണെന്ന് സ്പഷ്ടമാണ്. വൈരാഗ്യബുദ്ധിയുള്ള വിദ്യാർത്ഥികൾ കലാലയപരിസരത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ച് കലാലയത്തിന്റെ സുഗമമായ പ്രവർത്തനത്തെയും പഠിപ്പിനെയും ബാധിക്കുകയാണെങ്കിൽ അതു തടയേണ്ടതാണ്. വിദ്യാലയങ്ങളിൽ പഠിപ്പുമുടക്കലും അധ്യയനം തടസ്സപ്പെടുത്തുന്ന വിധത്തിലുള്ള മറ്റു പ്രവൃത്തികളും നിരോധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അത് വിജ്ഞാനം സമ്പാദനത്തിനുള്ള വിദ്യാർത്ഥിയുടെ അവകാശത്തിനു വിനയായി തീരുന്നു എന്നുള്ളതാണ്. സമധാനപരവും അച്ചടക്കമുള്ളതും പൊതുജനാരോഗ്യകരവും സദാചാരപരവുമാണെങ്കിൽ കലാലയപരിസരത്ത് രാഷ്ട്രീയം ചർച്ച ചെയ്യുന്നതും സംസാരിക്കുന്നതും തടയേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

*? "Judicial Activism" എന്ന പദം പലതരത്തിലും ഇന്ന് വ്യാഖ്യാനിക്കപ്പെടുന്നു. എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്?*

'ജുഡീഷ്യൽ ആക്ടിവിസം' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് ന്യായാധിപ ദുഷ്പ്രഭുത്വത്തെയാണ് എന്ന ധാരണ ശരിയല്ല. ന്യായാധിപന്റെ ഇച്ഛയ്ക്കും, സൗകര്യത്തിനും, സ്വാർത്ഥതയ്ക്കും വേണ്ടി നിയമങ്ങൾ വളച്ചൊടിച്ച് വിധിന്യായങ്ങൾ പുറപ്പെടുവിക്കുന്നതിനോട് ഞാൻ തികച്ചും എതിരാണ്. പക്ഷേ ജനങ്ങളുടേയും രാഷ്ട്രത്തിന്റേയും നന്മമാത്രം കണക്കിലെടുത്ത് നിയമത്തെ കൂടുതൽ അർത്ഥവത്താക്കി വിവക്ഷിച്ച് എടുക്കുന്ന തീരുമാനങ്ങൾ സ്വാഗതാർഹവുമാണ്. ഇതും 'ജുഡീഷ്യൽ ആക്ടിവിസ'ത്തിൽപ്പെടുമെങ്കിലും.

*? കേരളത്തിലെ സ്വാശ്രയ കോളേജ് പ്രശ്നവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളത്? നമ്മുടെ രാഷ്ട്രം ഒരു Democratic Socialist Republic ആണെന്ന് പറയുവാൻ സാധിക്കുമോ?*

ഭാരതത്തിന്റെ ഭരണഘടനയിലെ നിർദ്ദേശമനുസരിച്ച് ജനങ്ങളെ ഒരു തരത്തിലുള്ള വിവേചനങ്ങൾക്കും വിധേയമാക്കാൻ പാടുള്ളതല്ല ഏതുകാര്യത്തിലായാലും. പതിനാലു വയസ്സുവരെ വിദ്യാഭ്യാസം ലഭിക്കുക എന്നുള്ളത് ഏത് പൗരന്റേയും ജന്മവകാശമാണ്. സമത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ ഭരണഘടനയുടെ ആദർശസിദ്ധാന്തത്തിന്റെ സാക്ഷാൽക്കാരത്തിന്റെ പേരില്ലെങ്കിലും ഉന്നതവിദ്യാഭ്യാസരംഗങ്ങളും എല്ലാം കൊണ്ട് സമത്വം എന്ന തത്വം അംഗീകരിക്കേണ്ടതാണ്. ഇത് ഫീസിന്റെ കാര്യത്തിലും പ്രത്യേകിച്ച് ബാധകമാണ്. മെറിറ്റിൽ വന്നവർക്ക് ഒരു സീറ്റും മാനേജ്മെന്റിന്റെ സീറ്റിനും ഉയർന്ന ഫീസും അനുവദിക്കുന്നത് ന്യായരഹിതവും ഭരണഘടനാവിരുദ്ധവുമാണെന്നാണ് എന്റെ അഭിപ്രായം. സാധുക്കളായവരുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ

്യാസ സൗകര്യം ഏർപ്പെടുത്തിയാലെ ഭരണഘടനപ്രകാരമുള്ള സമത്വം ലഭിച്ചു എന്നു പറയാൻ പറ്റുകയുള്ളൂ. എന്നാൽ മാത്രമേ നമ്മുടെ രാഷ്ട്രം ഒരു ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന പദവിക്ക് അർഹമാവുകയുള്ളൂ.

*? മുണ്ടശ്ശേരി മാഷിന്റെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയിരുന്നെങ്കിൽ ഇന്നത്തെ ഈ സ്ഥിതിക്ക് അയവുവരുമായിരുന്നോ?*

പ്രൊഫസർ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബിൽ തുടർന്നു പോകാൻ അനുവദിച്ചുകൊണ്ടുള്ള സാഹചര്യം സൃഷ്ടിച്ചിരുന്നെങ്കിൽ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള അസന്തുലിതാവസ്ഥ ഒഴിവാക്കാമായിരുന്നു എന്നു ഞാൻ കരുതുന്നു.

*? അടുത്തകാലത്തുണ്ടായ മുത്തങ്ങ, ഗുജറാത്ത് സംഭവങ്ങൾ, അതിനുള്ള അനുരഞ്ജന ചർച്ചകൾ എന്നിവയെ അങ്ങ് എങ്ങിനെ വിലയിരുത്തുന്നു?*

മുത്തങ്ങ സംഭവത്തെ തുടർന്നും, ഗുജറാത്തിലുണ്ടായ ലഹളകളെ തുടർന്നും പ്രശ്നങ്ങളുടെ ഗൗരവം വിലയിരുത്തുന്നതിനായി ഞാൻ രണ്ട് സ്ഥലങ്ങളും സന്ദർശിക്കുകയും എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളും അഭിപ്രായങ്ങളും ഉത്തരവാദിത്വപ്പെട്ടവരെ അറിയിക്കുകയും ഉണ്ടായി. സാമുഹ്യസമാധാനം ഉദ്ദേശിച്ചുകൊണ്ട് പല അനുരഞ്ജന സംഭാഷണങ്ങൾ സംഘടിപ്പിക്കുകയും പലതിലും ഉദ്ദേശിച്ചതിൽ കൂടുതൽ ഫലം ഉണ്ടാവുകയും ചെയ്തു. അതിനുദാഹരണമാണ് ക്രിസ്തീയ മതവിഭാഗങ്ങൾ തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ എന്റെ വസതിയിൽ വെച്ചുണ്ടായ ഒരു അനുരഞ്ജന സംഭാഷണത്തിലൂടെ തീർന്നത്.



*? കൊച്ചി, ഉദ്യോഗമണ്ഡൽ എന്നിവിടങ്ങളിലെ പരിസ്ഥിതി ശുചീകരണ പ്രവർത്തനങ്ങൾ അങ്ങ് ഏത് തരത്തിൽ വീക്ഷിക്കുന്നു?*

ഇലക്ഷൻ കമ്മീഷണർ എന്ന നിലയിൽ തന്റെ അധികാരങ്ങളും അവകാശങ്ങളും എന്താണെന്നു മനസ്സിലാക്കി അത് പ്രാവർത്തികമാക്കാൻ ചങ്കൂറ്റം കാണിച്ച ശ്രീ ടി.എൻ. ശേഷനെപ്പോലെ തന്നെ തന്റെ പദവിയുടെ അധികാരങ്ങളേയും ചുമതലകളേയും അങ്ങേയറ്റം മനസ്സിലാക്കി അതിന്റെ ഗുണങ്ങൾ ജനനന്മക്കുവേണ്ടി സധൈര്യം പ്രയോഗിക്കുവാൻ ഉള്ള കർമ്മധീരത കാണിച്ച ഓംബുഡ്സ്മാൻ എന്ന ജസ്റ്റിസ് രാധാകൃഷ്ണമേനോനെ ഞാൻ ഇക്കാരണത്താൽ ഓർമ്മിച്ചു പോകുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഇന്നത്തെ പരിസ്ഥിതി സംരക്ഷണത്തിനു ഏറ്റവും യോജിച്ചതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

*? Cancer Relief Centre, People's Council for Social Justice തുടങ്ങിയവ പോലുള്ള മനുഷ്യാവകാശ പ്രവർത്തന സംബന്ധികളായ സ്ഥാപനങ്ങളെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?*

മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമർഹിക്കുന്നവയാണ് നിർധനരും രോഗാതുരരുമായവരെ രക്ഷിക്കൽ ആ ഉദ്ദേശത്തോടെ കാൻസർ റിലീഫ് സെന്റർ എന്റെ പാറ്റ്റനേജിൽ പ്രവർത്തിക്കുന്നുണ്ട്. നിർധനരായ അനേകം രോഗികൾക്ക് സാമ്പത്തിക സഹായം നൽകുകയും നല്ല ആശുപത്രികളിലേക്കു ശുപാർശ കത്തുകൾ കൊടുത്തു സഹായിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ ആശുപത്രിയിൽ പ്രവർത്തനരഹിതമായിരുന്ന കോബോൾട്ട് പ്ലാന്റ് നാൽപതു ലക്ഷം രൂപ ചിലവഴിച്ച് വീണ്ടും പ്രവൃത്തിപ്പിക്കാൻ വേണ്ട എല്ലാ ഒത്താശകളും മന്ത്രിസഭാതലത്തിൽ പോലും സമ്മർദ്ദം ചെലുത്തി ഞാൻ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ നിർധനർക്ക് വേണ്ടി യാതൊരു വിധ പണച്ചിലവുമില്ലാത്ത നിയമഉപദേശങ്ങൾ ലഭിക്കുവാൻ വേണ്ടി പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ് എന്ന സ്ഥാപനം എന്റെ നിർദ്ദേശത്തിൽ നടത്തപ്പെടുന്നുണ്ട്. ഇപ്പോൾ ആ സ്ഥാപനം ധനസംബന്ധമായ ഒരു പ്രതിസന്ധി നേരിടുകയാണെങ്കിലും അതിനെ പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവരെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

*? യു.സിയിലെ വിദ്യാർത്ഥികളോടുള്ള സന്ദേശം....*

എന്റെ ജീവിത ചരിത്രം "സ്മൃതിപഥത്തിൽ നിന്ന്" എന്ന ശീർഷകത്തിൽ ഞാൻ എഴുതിക്കൊണ്ടിരിക്കുകയാണ്. അത് മുഴുവനാക്കി പ്രസിദ്ധീകരിക്കണമെന്ന ആഗ്രഹം ഉണ്ടെങ്കിലും എനിക്കതു സഫലമാകുമെന്നു പറയാൻ ഈ അവസരത്തിൽ വിഷമമാണ്.

അവസാനമായി വളർന്നു വരുന്ന ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തോട് ഒരു അഭ്യർത്ഥനയും അവർക്ക് ഒരു സന്ദേശവും. യുവത്വത്തിന്റെ ചോരത്തിളപ്പിൽ കാണുന്നതെല്ലാം സ്വയം ആസ്വദിക്കാനുള്ളതാണെന്നുള്ള വിശ്വാസത്തിൽ നൈമിഷികങ്ങളായ ആനന്ദങ്ങൾക്കുവേണ്ടി ഓരോപ്രവൃത്തികളിൽ ഏർപ്പെടാതെ ഭാവിയിൽ തനിക്കും സമൂഹത്തിനും എന്നെന്നും ഉത്കർഷമുണ്ടാക്കുന്ന കാര്യങ്ങൾ മാത്രമേ ചെയ്യുകയുള്ളൂ എന്ന് സ്വയം തീരുമാനമെടുക്കുകയും ചെയ്യുക. സത്യം, സ്നേഹം, ദയ, അനുകമ്പ എന്നീ മാനുഷിക മൂല്യങ്ങളുടെ അർത്ഥവും മാഹാത്മ്യവും മനസ്സിലാക്കി ഉന്നതമായ ചിന്തകളിൽ സ്വയം വളർന്നു എല്ലാവരും അഭിമാനിക്കാൻ തക്കവണ്ണം ജീവിക്കുക. ഇതിൽ കൂടുതൽ ഈ മനുഷ്യജന്മത്തിൽ ഒന്നും നേടുവാനാവില്ല എന്നു മനസ്സിലാക്കുക.

◆◆

# WHERE WHERE WHERE




അവരാദ്യം ജൂതരെ തേടിവന്നു ഞാൻ അവരോടൊന്നും മിണ്ടിയില്ല
കാരണം ഞാനൊരു ജൂതനല്ലായിരുന്നു
അവർ പിന്നെ പ്രൊട്ടസ്റ്റന്റുകാരെ തേടിവന്നു ഞാൻ അവരോടൊന്നും മിണ്ടിയില്ല
കാരണം ഞാനൊരു പ്രൊട്ടസ്റ്റന്റല്ലായിരുന്നു
പിന്നീടവർ കമ്മ്യൂണിസ്റ്റുകാരെ തേടിവന്നു ഞാൻ അവരോടൊന്നും മിണ്ടിയില്ല
കാരണം ഞാനൊരു കമ്മ്യൂണിസ്റ്റല്ലായിരുന്നു
ഒടുവിൽ അവർ എന്നെ തേടിവന്നു അപ്പോൾ അവിടെ
എന്നെ ഓർത്ത് സംസാരിക്കാൻ ആരും അവശേഷിച്ചിരുന്നില്ല

നിന്റെ ചുറ്റും പച്ചക്കാട് കത്തുകയായിരുന്നു
പക്ഷെ നീ കണ്ടില്ല നീ ഒളിച്ചിരുന്നു.
നിന്റെ തലച്ചോറ് മാറാല
പിടിക്കുന്നതുവരെ.
പഠിച്ച്, പഠിച്ച് കരിയറിന്റെ
കരിസ്മയിൽ നീ മരവിച്ച
നോട്ടുകൾ ഡിജിറ്റലായി
സ്വപ്നം കണ്ടു.
അങ്ങനെയാണല്ലോ
നീ സ്വയം കണ്ണുകെട്ടി
അന്ധനായത്
എന്നീട്ട് നീ
ചോദിച്ചതോ



അത് ചതുരത്തിലോതുങ്ങി നിന്റെ വ്രണം മാത്രം
ചൊറിഞ്ഞു സ്വസ്ഥം സുഖം! നീ അളിഞ്ഞു...
പിന്നെയുമളിഞ്ഞു! ആകാശത്തിന്റെ സ്വാതന്ത്ര്യം
നിന്റെ മാത്രം അവകാശമാണെന്നു വാദിച്ചു.
എന്നാൽ ഛേദിച്ചു ചുട്ട കുരുന്നു
തലകളെയും അറുത്തു മാറ്റപ്പെട്ട
മുലകളെയും കുറിച്ച് നീ ആകുലനായില്ല.
ഒരു നിമിഷം പോലുമോർത്തില്ല.
അവിടെ നിനക്ക് ചോദ്യോത്തരം മുട്ടി
നിന്റെ നാക്ക്ചുവട് ചീഞ്ഞു.
കാരണം നീ
വിപ്ളവകാരിയായിരുന്നു
നിനക്കെല്ലാം
ക്ലീഷേകളായിരുന്നു.
നീ ഒളിവിലായിരുന്നു
നീ എവിടെയായിരുന്നു
അല്ല നമ്മൾ
നമ്മളൊക്കെ
എവിടെയായിരുന്നു?



# ചാത്തന്റെ കമ്പ്യൂട്ടർ

നോബിൾ ജോർജ്ജ് (ഒന്നാം വർഷ ഭൗതികശാസ്ത്രം ബിരുദാനന്തരബിരുദം)

തോട്ടിൽ നിന്നും വക്കുഞളുങ്ങിയ തൊട്ടിയിൽ വെള്ളം കോരി പാടത്തേക്ക് ഒഴിക്കുമ്പോഴാണ് മകളുടെ വിളി ചാത്തൻ കേട്ടത്.

"അപ്പാ, ദാ കാപ്പി"

വീണ്ടും ഒരു തൊട്ടി വെള്ളം കൂടി പാടത്തേക്ക് ഒഴിച്ച് ചാത്തൻ തൊട്ടി താഴെ വെച്ചു. തോർത്തു കൊണ്ട് ദേഹമാസകലം തുടച്ച്, ഒരു തെങ്ങിന്റെ തണലുപറ്റി ചാത്തൻ ഇരുന്നു. കാപ്പിയും കപ്പയും കഴിച്ചുകൊണ്ടിരിക്കുമ്പോൾ മകൾ തുടർന്നു. "അപ്പൻ നാളെ എന്റെ കൂടെ പട്ടണത്തിലേക്ക് വരണം. കമ്പ്യൂട്ടർ പഠിക്കാനാ"

കപ്പ വായിലിട്ട് ചവച്ചുകൊണ്ട് ചാത്തൻ മകളുടെ മുഖത്തേക്ക് നിർന്നിമേഷനായി നോക്കിയിരുന്നു.

"അപ്പൻ കേട്ടിട്ടില്ലേ, അക്ഷയപദ്ധതിയെകുറിച്ച്... അതനുസരിച്ച് നമ്മുടെ ജില്ലയിലെ എല്ലാവരും കമ്പ്യൂട്ടർ പഠിക്കണമെന്നാ മന്ത്രി പറഞ്ഞിരിക്കുന്നത്. തെക്കേലെ നാണിത്തള്ള വരെ കമ്പ്യൂട്ടർ പഠിച്ചോണ്ടിരിക്കാ, അപ്പനറിയ്യോ?"

"അയ്ന് നാണിത്തള്ള ബോധമില്ലാതെ കെടപ്പ് തുടങ്ങീട്ട് രണ്ടാഴ്ച ആയില്ലേ...? ചാത്തൻ സംശയം പ്രകടിപ്പിച്ചു.


"അതു സാരമില്ല... അപ്പാ, ബോധമില്ലെങ്കിലും നാണിത്തള്ളയുടെ കയ്യില് മൗസ് പിടിപ്പിച്ചിരിക്കുകയാ"

ചാത്തൻ പിന്നീട് ഒന്നും പറഞ്ഞില്ല- കാരണം ഒന്നും മനസ്സിലായില്ല.

പിറ്റേന്ന് രാവിലെ ചാത്തൻ കണങ്കാൽ മൂടാത്ത വീതിക്കരയുള്ള ജഗന്നാഥൻ മുണ്ടും കോളർ പിന്നിതുടങ്ങിയ തേയ്ക്കാത്ത ഷർട്ടും ധരിച്ച് നിറം മങ്ങിയ കുടയുമെടുത്ത് മകളുടെ കൂടെ പട്ടണത്തിലേക്ക് യാത്രയായി. തിരക്കുപിടിച്ച പട്ടണത്തിലൂടെ മകളുടെ കൈയ്യും പിടിച്ച് മനോഹരമായി പെയിന്റ് ചെയ്ത ഒരു പുതിയ കെട്ടിടത്തിലേക്ക് ചാത്തൻ കയറിച്ചെന്നു. അവിടെ അങ്ങിങ്ങായി പാന്റ്സും, ടൈയും, ഷൂസും ധരിച്ച കുറച്ചുപേർ തങ്ങളുടെ കൈപ്പത്തി ചെവിയിൽ അമർത്തിപ്പിടിച്ച് എന്തൊക്കെയോ പുലമ്പുന്നു. ചിലർ പൊട്ടിച്ചിരിക്കുന്നു.! ചിലർ പൊട്ടിത്തെറിക്കുന്നു!!

"ന്തിനാ മോളെ





നീയെന്നെ ഈ പ്രാന്താശുപത്രീല് കൊണ്ടുവന്നത്?"

"അപ്പാ, ഇവര് ഭ്രാന്തന്മാരല്ല. അവർ മൊബൈലിൽ സംസാരിക്കുന്നതാ. അവരുടെ കൈപ്പിത്തിക്കുള്ളിൽ മൊബൈൽ ഫോൺ ഉണ്ട്. ഇനീപ്പൊ ഒരു പുതിയ തരം മൊബൈൽ ഫോൺകൂടി വരുന്നുണ്ടെന്നു പറയുന്നു. അതാണെങ്കി, ചെവിക്കുള്ളിലേക്ക് തള്ളിക്കയറ്റി വെച്ചാമതി"

"എവച്ചാരെന്തിനാ കഴുത്തിലൂടെ ചെറിയ തുണിക്കഷണം തൂക്കിയിട്ടിരിക്കുന്നേ!?"

"അപ്പാ, അത് ടൈയാ"

ഇനി അപ്പനേയും കൊണ്ട് അവിടെ നില്ക്കുന്നത് അത്ര പന്തിയല്ലെന്നു കണ്ടപ്പോൾ അപ്പന്റെ കയ്യിൽ പിടിച്ചു വലിച്ച് കട്ടിയുള്ള ഗ്ലാസ്സ് ഡോർ തള്ളിതുറന്ന് മുറിക്കകത്തേക്ക് കയറി. ആ മുറിയിൽ പത്തു പന്ത്രണ്ട് കമ്പ്യൂട്ടറുകളും, ഓരോ കമ്പ്യൂട്ടറിന്റെയും മുമ്പിൽ ഓരോ വൃദ്ധന്മാരും, അവരുടെ കൂടെ കുറച്ച് ടൈ ധാരികളും ഉണ്ടായിരുന്നു.

ഒരാൾ എഴുന്നേറ്റു മാറിയപ്പോൾ ചാത്തനേയും ഒരു കമ്പ്യൂട്ടറിന്റെ മുന്നിലുള്ള കറങ്ങുന്ന കസേരയിൽ പിടിച്ചിരുത്തി. അത്തരം കസേരയിൽ ഇതിനു മുമ്പ് ഇരുന്നത് പട്ടണത്തിലെ ഒരു ബാർബർഷോപ്പിൽ പോയപ്പോഴായിരുന്നു. ചാത്തൻ ഓർത്തു! തുടർന്ന് ചാത്തൻ ഏഴ് പ്രാവശ്യം വലത്തോട്ടും ആറുപ്രാവശ്യം ഇടത്തോട്ടും കറങ്ങിക്കളിച്ചു.

"Hai" ചാത്തന്റെ അടുത്തിരുന്ന ഒരു ടൈധാരി ഒരു ശബ്ദം പുറപ്പെടുവിച്ചു. ചാത്തനും വിട്ടില്ല. താൻ പടത്തു പണിയെടുക്കുമ്പോൾ കേൾപ്പിക്കാറുള്ള ശബ്ദം ഉച്ചത്തിൽ തിരിച്ചു പറഞ്ഞു: "ഹോയ്!"

ടൈധാരിതുടർന്നു, "See, എങ്ങിനെയാണ് computer open ചെയ്യുന്നതെന്നു നോക്കാം. "this is mouse"

ചാത്തൻ ഇടയിൽ കയറി ചോദിച്ചു. "ന്റെ മോനെ നിനക്ക് മലയാളം പറയാൻ അറീല്ലേ?"

"അറിയാം" അല്പം ജാള്യതയോടെയുള്ള മറുപടി.

ചാത്തൻ ചുറ്റും കണ്ണോടിച്ചു. എന്നിട്ട് ഉറക്കെ പറഞ്ഞു.

"ങ്ട് നോക്കിൻ, നിങ്ങൾക്ക് ഇമ്മിണി ബല്ല്യ കമ്പ്യൂട്ടർ ഏൻ കാണിച്ചുതരാം." ഇതു കേട്ട ടൈധാരികൾ പറഞ്ഞു.

"laugh"

"അതെന്താ മോളെ അവരു പറഞ്ഞത്?"

ചാത്തൻ തന്റെ അരികിൽ നിന്നിരുന്ന മകളോട് ചോദിച്ചു.

"അപ്പാ, അവരു ചിരിച്ചതാണ്, കരയുമ്പോൾ അവർ ക്രൈ എന്നു പറയും."

മകളുടെ മറുപടി ചാത്തന് മനസ്സിലായില്ല. ചാത്തൻ എണീറ്റു. എന്നിട്ട് വീണ്ടും പറഞ്ഞു:

"നിങ്ങൾ എല്ലാവരും വരീൻ"

അതും പറഞ്ഞ് ചാത്തൻ ഇറങ്ങി നടന്നു. ഒരു ഹരം കയറിയ മട്ടിൽ ടൈധാരികളും ചാത്തന്റെ പിറകെ വെച്ചുപിടിച്ചു. ചുട്ടുപൊള്ളുന്ന ചെമ്മൺപാതയിലൂടെ നഗ്നപാദനായി നടക്കുന്ന ചാത്തന്റെ ഒപ്പമെത്താൻ കൂടെയുള്ളവർ ഏറെ പണിപ്പെട്ടു.

ചാത്തൻ നടത്തം അവസാനിപ്പിച്ചത് തന്റെ പാടത്തിന്റെ അടുത്ത് എത്തിയപ്പോഴായിരുന്നു.

വിയർത്തുകുളിച്ചുനിന്ന ടൈധാരികളോട് ചാത്തൻ പറഞ്ഞു:

"ഇതാണ് ഏൻ കമ്പ്യൂട്ടർ." അതും പറഞ്ഞ് ചാത്തൻ ഷർട്ട് അഴിച്ച് തന്റെ കുടയോടൊപ്പം മാറ്റിവെച്ചു.

"അമ്മാവാ, ഈ കമ്പ്യൂട്ടർ എങ്ങിനെയാ തുറക്കുന്നത്?" ഇടയിൽ നിന്നും കേട്ട കുസൃതിച്ചോദ്യത്തിന് ചാത്തൻ പ്രതികരിച്ചത് ഇങ്ങിനെയായിരുന്നു.

"കുട്ട്യോളെ, നേരം വെളുക്കുമ്പം... ന്റെ കമ്പ്യൂട്ടർ തൊറക്കും. ഇരുട്ടുമ്പം അടക്കും."

ഉടുത്തിരിക്കുന്ന മുണ്ട് മടക്കിക്കുത്തി തലയിലൊരു കെട്ടും കെട്ടി കലപ്പയുമെടുത്ത് പാടത്തൂടെ നടന്നു നീങ്ങുമ്പോൾ ചാത്തൻ ഉച്ചത്തിൽ പറഞ്ഞു:

"..ങ്ങടെ കമ്പ്യൂട്ടറില് ശേഖരിക്കുന്ന.... ന്താണോ അതന്നെ.... ങ്ങൾക്ക് കിട്ടും. ന്നാ- ന്റെ കമ്പ്യൂട്ടറിൽ ഏൻ ശേഖരിച്ചുകഴിഞ്ഞാ.... തിരിച്ചുകിട്ടണത് നൂറുമേനിയാ, നൂറുമേനി."

അതും പറഞ്ഞ് എന്തൊക്കെയോ പുലമ്പിക്കൊണ്ട് ചാത്തൻ ഉഴവുന്നതിനായി തയ്യാറായി കിടന്നിരുന്ന പാടത്തിലൂടെ കലപ്പയുമായി നടന്നുനീങ്ങി.

ആ സമയം ചാത്തന്റെ വാക്കുകളെ അർത്ഥപൂർണ്ണമാക്കുന്ന വിധം തണുത്തൊരു കാറ്റ് അവരെയെല്ലാം തഴുകിത്തലോടി കടന്നുപോയി.


◆◆

# മൂന്ന് മുറിവുകൾ

**ഒന്ന്, വാതിലുകളിൽ മുട്ടുന്നവർക്ക്.**
വാതിലുകൾക്ക്
ഒരു സാക്ഷ വയ്ക്കണം
രാത്രിയിൽ
കാറ്റവസാനിക്കുമ്പോൾ
മലർക്കെ തുറക്കാതിരിയ്ക്കാൻ
വാതിലുകൾക്ക്
ഒരു സാക്ഷ വയ്ക്കണം
അലറിക്കരയുമ്പോൾ
നേരം തെറ്റിയാരും
കയറിവരാതിരിക്കാൻ
ഓർക്കാപ്പുറത്ത്
നെടുവീർപ്പുകൾ
എക്കിട്ടമാവാതിരിക്കാൻ
പുറത്ത് ഒരു പൂട്ടുവെയ്ക്കണം
താഴു കാണാതെ മുട്ടുന്നവർക്ക്
തുറക്കപ്പെടാത്ത വാതിലുകളെ-
കുറിച്ച് കഥ പറയാൻ
ഒരു കുറിപ്പും
'തുറക്കാത്ത മനസ്സിൽ മുട്ടുന്നത്
നിരോധിച്ചിരിക്കുന്നു.'

**രണ്ട്, ഡിസംബർ**
'അവൾ മടങ്ങിയത്
ഓർമ്മയിൽ ചുവന്ന പൂവു തന്നാണ്
റീത്തുകൾ വിതറിയ
ശവമഞ്ചത്തിന്റെ വക്കിൽ
ഉപേക്ഷിക്കപ്പെട്ട
ഒരു ചുവന്നപൂവ്
ചവിട്ടിയരച്ചിട്ടിരിക്കുന്നു.
ഡിസംബർ 25'

**മൂന്ന്, അവസാന താളുകൾക്ക്**
തീയാട്ടങ്ങളിൽ കണ്ണ്
തിമിർത്താടിക്കുഴഞ്ഞപ്പോൾ
ദാഹത്തിന് അവസാന-
തുള്ളി തന്നത്
ഇരുട്ടാണ്
കടിച്ചുതുപ്പിയ
മൗനത്തിന്റെയിരുട്ട്.



**ഷിനു സത്യൻ**
മൂന്നാം വർഷ ജന്തുശാസ്ത്രബിരുദം



# നിനക്കായ്

വരണ്ട ഹൃദയത്തിന്റെയിരുണ്ട
കോണിൽ നിന്നൊരു
മൺചെരാത്
അമാവാസികൾ നിറഞ്ഞ
നിന്റെയാകാശത്തിനായ്
കടും വർണ്ണങ്ങളാൽ നീ തീർത്ത
വഴിത്തിരിവുകൾക്കായ്
വാക്കുകൾക്കുള്ളിൽ നീ ഒളിപ്പിക്കു
മഗ്നിപർവ്വതത്തിന്റെ കനത്ത ചൂടിനായ്
ഒരു പൊട്ടിച്ചിരിയുടെ ഓളപ്പര-
പ്പിനുള്ളിലെന്നുമൊളിപ്പിക്കും
തേങ്ങലിനായ്
നിഴലായെപ്പോഴും കൂടെയുണ്ടാകുന്ന
ഇരുണ്ട ഭീതി തൻ കണ്ണുകൾക്കായ്
കർമ്മങ്ങളുടെ കനത്ത ഭാണ്ഡങ്ങളാലേറെ
തളർന്നു നിന്റെയിളം ചുമലുകൾക്കായ്
ഒരു മിന്നാമിന്നിതൻ വെളിച്ചവും
പൗർണ്ണമിയായ് കരുതുന്ന
നിന്റെ മൗഢ്യവിശ്വാസത്തിനായ്
നാമൊന്നിച്ചേറെ നടന്ന
വഴിത്താരകളിലേക്ക്
ഞാൻ തരുന്നതീ
പാഴ് വിളക്കുമാത്രം
പടുതിരിയെരിയുമീകൊച്ചു
മൺചെരാതേറ്റുവാങ്ങുക.

**തോമസ് ഫിവിൻ**
ഒന്നാംവർഷ ജന്തുശാസ്ത്ര ബിരുദം

# ചരമകോളം


രമേശനെ നന്നായി ഞാനറിയും. യൂത്ത് ക്ലബിലെ ചാരുബഞ്ചിൽ, പത്രത്തിലെ മിഡിൽ പേജിലോ ചരമകോളത്തിലോ സദാ മുഖം പൂഴ്ത്തിയിരിക്കുന്ന നീണ്ടു മെലിഞ്ഞ ഒരു ഊശാന്താടിക്കാരൻ. തൊഴിൽ രഹിതൻ. യുവാവ്.

"പത്രവാർത്തക്കു ഒരു ദിവസത്തെ ആയുസ്സേ ഉള്ളൂ മാഷെ... പിന്നെ അത് ജഡമാണ്. ചരമകോളത്തിലെ വാർത്തയ്ക്കതിനേക്കാൾ പ്രസക്തിയുണ്ട്... പരേതരുടെ ബന്ധുക്കളെങ്കിലും ഒരൽപനേരം ആ വാർത്തയിൽ കണ്ണോടിച്ചിരിക്കും"

രമേശന്റെ വർത്തമാനം കേൾക്കാൻ നല്ല രസമാണ്.

" ന്യൂസ് ഈസ് സംതിങ് യു ഡിഡ് നോട്ട് നോ യസ്റ്റർഡേ.... ന്യൂസ് ഇന്ന്യൂയിസൺസ്.... വാട്ട് ഈസ് ന്യൂ ഇൻ ന്യൂസ്...."

ജേണലിസം പഠിച്ച എനിക്കുപോലും ചെലപ്പം പത്തിൽ പഠിത്തം നിർത്തിയ രമേശന്റെ ഭാഷ വശമാകില്ല. അവനൊരു ബുദ്ധിജീവിപരിവേഷമുണ്ട്."പത്തുവരെ പഠിച്ചതുകൊണ്ടല്ല ഞാൻ ജോലിക്ക് പോകാത്തത്. നാട്ടിലെത്തുന്ന ദുരവസ്ഥയോർത്ത് പുലമ്പാനുമൊരാൾ വേണ്ടേ... ഗ്രാമത്തിനൊരു കനിവുണ്ട്. നഗരത്തിൽ സ്വന്തം മുറിയിൽ താമസിക്കുന്ന സ്വന്തം അച്ഛൻ പോലും മകനന്യനാണ്. നമ്മൾ മലയാളികൾക്ക് ഈഗോയിസം കുറെയേറും... പത്തുവരെ പഠിച്ചു പോയാൽ പത്രാസായി... വിത്തും വിതയും കൈക്കോട്ടും വർജ്യവസ്തുവാകും.



ഒരു ഫ്രീലാൻഡ് ജേണലിസ്റ്റിന്റെ പരിവേഷത്തോടെ വല്ലപ്പോഴും പത്രമാഫീസിന്റെ പടികൾ കയറി വന്ന്, ചൂടുള്ള, തികച്ചും നൂതനമായൊരു വാർത്ത... ഒരു മിഡിൽ... ഒരു മിനിക്കഥ അതിൽനിന്നും കിട്ടുന്ന തുച്ഛമായ പ്രതിഫലമായിരുന്നു രമേശന്റെ ഉപജീവനമാർഗ്ഗം.

എന്ററിവിൽ ഏറ്റവും വലിയ ബുദ്ധിജീവി എലിയാണ്. ആഹാരവസ്തുക്കൾ ഏറെയുണ്ടായിട്ടും എലി പുസ്തകം കരണ്ടു തിന്നുന്നത് കണ്ടിട്ടില്ലേ.

കേൾക്കുമ്പോൾ ചിരിയാണ് വരിക. പക്ഷെ അവന്റെ സീരിയസ്നസ് കാണുമ്പോൾ ചിരിക്കാനാവില്ല.

മരണക്കോളത്തിലെ വാർത്തകൾ ചികയുന്നതിനിടയിലാണ് ആ കവർ എന്റെ കയ്യിൽ വന്നത്.

പ്രിയപ്പെട്ട മാഷ്ക്ക്,

ഇങ്ങനൊരു കത്ത് അതിശയകരമായി തോന്നിയേക്കാം. അതെ എന്റെ മരണമൊഴിയാണിത്. എന്നെപ്പോലൊരുപാവത്തിന് ഒസ്യത്തെഴുതാൻ കഴിവില്ലല്ലോ. ഉചിതമെന്നു തോന്നുന്നെങ്കിൽ ഇതൊരുചരമവാർത്തയായി നിങ്ങളുടെ കോളത്തിൽ ചേർക്കാം. നിർബന്ധമില്ല. മരണം നീണ്ടൊരു ഉറക്കമാണ്. ഉറക്കത്തിൽ നമുക്കൊന്നും കാണുകയും കേൾക്കുകയും വേണ്ട. ചിലപ്പോൾ വീണു കിട്ടുന്ന സുഖദായിയായ ഒരു സ്വപ്നമൊഴിച്ച് ജീവിക്കുന്നതിൽ അർത്ഥമില്ലെങ്കിൽ ഉറക്കമാണുത്തമം... ഈ വാർത്ത വായിച്ചാരും ഖേദിക്കില്ല. ഒരുവേള നിങ്ങളൊഴിച്ച്.

കത്തുവായിച്ച് ഞാൻ വികാരാധീനനായി.

ഈ വാർത്ത ചേർത്താൽ ഉചിതമാകുമോ? അഥവാ രമേശൻ മരിച്ചിട്ടില്ലെങ്കിൽ പത്രത്തിന് ദുഷ്പേരാണ്. വിചാരിച്ചിരിക്കെ ഇന്റർകോം ചിലച്ചു.

"ഹലോ ദിവാകരേട്ടനല്ലേ... ഇതു സ്റ്റീഫനാണ്. നമ്മുടെ രമേശൻ ഒരുമണിക്കൂർ മുമ്പു മരിച്ചു. ജഡം, പോലീസ്മഹസർ നടത്തി താലൂക്കാശുപത്രിയിൽ എത്തിച്ചിട്ടുണ്ട്. പോസ്റ്റുമോർട്ടം കഴിഞ്ഞ് ബോഡി കിട്ടിയാൽ വൈകുന്നേരം തന്നെ ശവസംസ്കാരം നടക്കും. പറ്റുമെങ്കിൽ വരിക.... എന്തായാലും പത്രത്തിൽ രണ്ടുവരി ചരമവാർത്ത കൊടുക്കണം.......!"

ദിവാകരൻ തരിച്ചിരുന്നു.

പത്രവാർത്തക്ക് ഒരീസത്തെ ആയുസ്സേ ഉള്ളൂ... പിന്നത് ജഡമാണ്.... ഇതു ജീവിതത്തിന്റെ ഒരു ഭാഗം.......

ദിവാകരൻ ചരമകോളം തയ്യാറാക്കാൻ തുടങ്ങി.

സുരാജ് കെ.എസ്.
ഒന്നാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

# ചരിത്രം അമേരിക്കയിൽ അവസാനിക്കുന്നില്ല.

ഹിഷാം ഉമ്മർ, രണ്ടാംവർഷ പോളിമർ കെമിസ്ട്രി



ചരിത്രത്തിന് അതിന്റേതായ ചലനനിയമങ്ങളുണ്ട്. ഒരേ സമയം ഗതികമായും ചാക്രികമായും ചരിത്രം ചലിക്കുന്നു. ഗതികചലനത്തിൽ പ്രകൃത്യായുള്ള സംഭവവികാസങ്ങളുടെയും പരിണാമഗതികളുടെയുമെന്നപോലെ മനുഷ്യന്റെ ബോധപൂർവ്വമായ ഇടപെടലുകളുടെയും ഫലമായുണ്ടാകുന്ന മാറ്റങ്ങളുടെ കൂടി താൽപര്യങ്ങളെ അത് വണങ്ങുന്നു. എന്നാൽ ചാക്രിക ചലനത്തിൽ ചരിത്രം ചില സുസ്ഥിര പ്രമാണങ്ങൾക്ക് അനുരോധമായി സഞ്ചരിക്കുന്നതാണനുഭവം. ചരിത്രത്തിന്റെ ആവർത്തനത്തെക്കുറിച്ച് അപ്പോഴാണ് നാം പറയുന്നത്. സംഭവങ്ങളുടെ സാധാരണ പാഠമായി ചൂണ്ടിക്കാണിക്കപ്പെടാൻ കാരണവും ആവർത്തിക്കപ്പെടുന്ന ഈ ചാക്രിക സ്വഭാവമാണ്. കഴിഞ്ഞ കാലങ്ങളിലെ മഹാശക്തികളുടെയും വൻ സമൂഹങ്ങളുടെയും കഥകൾ ഇപ്പറഞ്ഞതിനും സാക്ഷ്യം വഹിക്കുന്നു.

**ജർമനിയും അമേരിക്കയും**

രണ്ടാം ലോകയുദ്ധത്തിൽ ജർമനിയുടെ പതനം പുതിയ സംഭവഗതികളുടെ പശ്ചാത്തലത്തിൽ നിരീക്ഷിക്കുന്നത് കൗതുകകരമായിരിക്കും. ഇന്ന് ബുഷ്പ്രഭൃതികളുടെ അമേരിക്ക ഏതവസ്ഥയിലാണോ അതേ അവസ്ഥയായിരുന്നു അന്ന് ഹിറ്റ്ലറുടെ നാസി ജർമനി. സൈനിക ബലവും വംശവെറിയും അടിസ്ഥാനമാക്കി ലോകം മുഴുവൻ വെട്ടിപ്പിടിക്കാൻ ഒരുമ്പെട്ടിറങ്ങിയ ഒരു വൻശക്തിയായിരുന്നു അന്ന് ജർമനി.

യൂറോപ്പിൽ പ്രബല ശക്തിയായി ഉയർന്ന ആ രാജ്യം ഇതര യൂറോപ്യൻ രാഷ്ട്രങ്ങളുടെ ദൗർബല്യം ചൂഷണം ചെയ്യാനും അവയെ കൂടുതൽ ദുർബലമാക്കാനുമാണ് ശ്രമിച്ചത്. കുറെക്കാലമായി അമേരിക്ക യൂറോപ്പിൽ നിർവഹിക്കുന്ന റോളും വ്യത്യസ്തമല്ല. നോർമണ്ടി സംഘട്ടനത്തിൽ സൈനികമായി ഇടപെട്ടുകൊണ്ടായിരുന്നു അതിന്റെ തുടക്കം. പിന്നീട് മാർഷൽ പദ്ധതിയിലൂടെ അധിനിവേശം സാമ്പത്തികമേഖലയിലേക്ക് ചേക്കേറി. യൂറോപ്പിനേക്കാൾ അമേരിക്ക തന്നെയായിരുന്നു അതിന്റെ ഏറ്റവും വലിയ ഗുണഭോക്താവ്. ലോകത്ത് മേൽക്കൈ നേടാനുള്ള അമേരിക്കൻ ശ്രമങ്ങൾക്ക് യൂറോപ്പിൽ ഏറ്റവും ശക്തമായ പിന്തുണയുമായി ഇന്ന് രംഗത്തുള്ളത് ബ്രിട്ടനാണ്; യൂറോപ്പിൽ ജർമനിയുടെ പിടി മുറുകിയപ്പോൾ ഇറ്റലി അതിന്റെ സഖ്യശക്തിയായി രംഗപ്രവേശം ചെയ്തതുപോലെ. ജർമനിയെ പ്രീണിപ്പിക്കുന്നതിൽ യൂറോപ്യൻ രാഷ്ട്രങ്ങൾ എങ്ങനെ വർത്തിച്ചുവോ അതേ അവസ്ഥയിലാണ് അമേരിക്കയെ പ്രീണിപ്പിക്കുന്നതിൽ മിക്ക രാജ്യങ്ങളും ഇന്ന്. ഇറാഖിനെതിരെയുള്ള യു.എസ്. ആക്രമണത്തിൽ ദുർബലമായെങ്കിലും പ്രതിഷേധിക്കാൻ യൂറോപ്പിൽ ഫ്രാൻസും ജർമനിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

**സ്റ്റാലിൻഗ്രാഡിലെ പരാജയം**

ജർമനിയുടെ ഭീഷണി പ്രകടരൂപം പ്രാപിക്കും മുമ്പ് ബ്രിട്ടൻ പലതവണ ആ രാജ്യമായി സംഭാഷണത്തിന് മുതിരുകയും ഒട്ടേറെ വിട്ടുവീഴ്ചകൾക്ക് സന്നദ്ധമാവുകയും ചെയ്തത് സ്മരണീയമത്രെ. 1938 സെപ്തംബറിൽ നടന്ന മ്യൂണിക് ഉച്ചകോടിയിലാണ് ഈ വിട്ടുവീഴ്ചകൾ അതിന്റെ പാരമ്യത്തിലെത്തുന്നത്. ബ്രിട്ടനോടൊപ്പം ഇറ്റലി, ജർമനി, ഫ്രാൻസ് എന്നീ യൂറോപ്യൻരാഷ്ട്രങ്ങൾകൂടി കാർമികത്വം വഹിച്ച മ്യൂണിക് ഉച്ചകോടി ജർമനിയുടെ ചെക്കോസ്ലോവാക്യൻ അധിനിവേശം അംഗീകരിക്കുന്ന പ്രഖ്യാപനത്തിലാണ് പര്യവസാനിച്ചത്. എന്നാൽ ആസ്ട്രിയയുമായി ചേർന്ന് ജർമനി പോളണ്ടിന്റെ നേരെ തിരിഞ്ഞതോടെ ഇതര യൂറോപ്യൻരാജ്യങ്ങൾ ഭീതിയിലായി. യൂറോപ്പ് മുഴുവൻ വെട്ടിപ്പിടിച്ച് ജർമൻസേന ഏതു നിമിഷവും ബ്രിട്ടന്റെ ഹൃദയഭാഗത്തെത്തുമെന്ന സ്ഥിതി വന്നു. അപ്പോൾ മാത്രമാണ് ചേംബർലൈന്റെ 'നയതന്ത്ര സമീപനം' ഉപേക്ഷിച്ച് ബ്രിട്ടൻ ചർച്ചിലിന്റെ 'ശൗര്യ'ത്തിലേക്ക് ചുവടു മാറുന്നത്. അന്ന് യൂറോപ്യൻ രാഷ്ട്രങ്ങളെ അഭിസംബോധന ചെയ്ത ഹിറ്റ്ലറുടെ അതേ ഭീഷണി സ്വരം തന്നെയാണ് 'ഒന്നുകിൽ ഞങ്ങൾക്കെതിരെ' എന്ന ലോകരാഷ്ട്രങ്ങളോടുള്ള ബുഷിന്റെ ശബ്ദത്തിലും മുഴങ്ങിക്കേട്ടത്. ലോകത്തെ മുഴുവൻ ചൊൽപ്പടിക്ക് കീഴിൽ നിർത്താൻ ഒരുമ്പെട്ടിറങ്ങിയ ഹിറ്റ്ലർക്ക് ഏറെക്കാലം വിജയാഘോഷം നിലനിർത്താനായില്ല. നാസിസേനക്ക് ഒടുവിൽ മോസ്കോയിലെ ചെറുത്തുനിൽപ്പിനു മുമ്പിൽ അടിയറവു പറയേണ്ടി വന്നു; ഒരളവോളം അതിൽ മോസ്കോയിലെ അതികഠിനമായ ശൈത്യകാലാവസ്ഥ പങ്കുവഹിക്കുകയുണ്ടായെങ്കിലും ഒട്ടും ചെറുതായിരുന്നില്ല സ്റ്റാലിൻഗ്രാഡിലെ ജനകീയ ചെറുത്തുനിൽപ്.

**വ്യാജ ഹീറോമാർ**

പുതു നൂറ്റാണ്ടിലെ ഏറ്റവും നാണംകെട്ട സാമ്രാജ്യത്വാധിനിവേശമാണ് യു.എസ് ഇറാഖിൽ നടത്തിയത്. ശീതസമരകാലത്ത് മുൻ സോവിയറ്റ് യൂണിയൻ നടത്തിയ അധിനിവേശങ്ങൾ അതത് രാജ്യങ്ങളിലെ ഏതെങ്കിലും വിഭാഗത്തെ മറയാക്കിക്കൊണ്ടായിരുന്നു. 'ക്ഷണം' ലഭിച്ച് വന്ന 'സഹായികളാ



'യിരുന്നു അവർ. ഒരു പരിധിവരെ അഫ്ഗാനിസ്താനിൽ തദ്ദേശീയരായ 'വടക്കൻസേന'യെ തങ്ങളുടെ കുത്സിത നീക്കങ്ങൾക്ക് മറയാക്കാൻ അമേരിക്കക്ക് സാധിക്കുകയുണ്ടായി. എന്നാൽ, ഇറാഖിലെത്തിയപ്പോൾ എല്ലാ മറകളും മാറ്റി വെച്ച് സാമ്രാജ്യത്വത്തിന്റെ നഗ്നത പ്രദർശിപ്പിക്കുന്നതിൽ യാതൊരു ലജ്ജയും ബുഷ്ഭരണകൂടത്തിനുണ്ടായിരുന്നില്ല. ഓരോ രാജ്യത്തിന്റെയും പരമാധികാരം അംഗീകരിക്കുക, ഒരു രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക തുടങ്ങിയ ജനാധിപത്യയുഗത്തിലെ സർവാംഗീകൃതങ്ങളായ എല്ലാ പ്രമാണങ്ങളും ലംഘിച്ചുകൊണ്ടാണ് ബഗ്ദാദിൽ യു.എസ് കൊടിക്കൂറ ഉയർന്നത്. അറബികൾ ചരിത്രത്തിൽ നിന്ന് എന്നന്നേക്കുമായി കുടിയൊഴിപ്പിക്കപ്പെട്ട നാളുകളായിരുന്നു അത്.

സദ്ദാമിന്റെ 'കൺവെർഷൻ'ഒരു പിൽക്കാലസംഭവമായിരുന്നു. കുവൈത്ത് അധിവേശകാലത്ത് അന്താരാഷ്ട്ര സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടപ്പോഴാണ് ഇറാഖ്പതാകയിൽ സത്യസാക്ഷ്യവചനം മുദ്രിതമാകുന്നത്. അതോടെ രക്ഷകവേഷം സദ്ദാമിനു ചാർത്തി കിട്ടി. ഇറാനെതിരെ സദ്ദാമിനെ വളർത്തിയ കൈകൾ സദ്ദാം തന്നെ തിരിഞ്ഞുകടിച്ചതിലുമുണ്ട് ഒരു കാവ്യനീതി. ഇറാനെതിരെയുള്ള സൈനിക നീക്കം രൂക്ഷമായ കാലത്ത് പഴയ അതിർത്തിത്തർക്കം പരിഹരിക്കുന്നതിനെക്കുറിച്ച് കുവൈത്ത് ഭരണാധികാരി സൂചിപ്പിച്ചപ്പോൾ സദ്ദാം പറഞ്ഞ മറുപടി അർത്ഥഗർഭമായിരുന്നു: 'നമുക്കിടയിൽ എന്ത് അതിർത്തി! ബഗ്ദാതിന്റെ അതിർത്തി കുവൈറ്റും, കുവൈറ്റിന്റെ അതിർത്തി ബഗ്ദാദുമല്ലേ?. ഈ സൗഹാർദവചനത്തിന്റെ പൊരുളറിയാൻ കുവൈത്തിലേക്ക് ഇറാഖിപ്പട ഇരച്ചുകയറുന്നതുവരെ ആലുസബാഹ് ഭരണകൂടത്തിന് കാത്തിരിക്കേണ്ടിവന്നു.

പക്ഷേ, അവിവേകവും ദുരഹങ്കാരവും കൊണ്ട് അതിചൂതാട്ടം നടത്തിയ സദ്ദാം ഓരോ തവണയും പരാജയപ്പെടുകയായിരുന്നു. അമേരിക്കൻ ആക്രമണഭീഷണി മൂർധന്യത്തിലെത്തിയപ്പോൾ അറബ്ഭരണകൂടങ്ങൾ നൽകിയ നാണംകെട്ട അഭയവാഗ്ദാനം സദ്ദാം നിരസിച്ചത് മനസ്സിലാക്കാം. എങ്കിലും സദ്ദാമിന് ഒരു കാര്യം ചെയ്യാമായിരുന്നു. ഇറാഖി പ്രതിപക്ഷങ്ങളുമായി സമവായത്തിലെത്തി പൊതു തെരഞ്ഞെടുപ്പിലൂടെ ഒരു ജനകീയ ചെറുത്തുനിൽപെങ്കിലും സമാഹരിക്കാൻ സാധിക്കുമായിരുന്നു. ഭയപ്പെടുത്തികൂടെ നിർത്തിയവരൊക്കെ പ്രതിസന്ധിഘട്ടത്തിൽ സദ്ദാമിനെ കൈയൊഴിഞ്ഞു. വാർത്താവിതരണ മന്ത്രിയുടെ വാചാടോപം മാത്രമായിരുന്നു യുദ്ധമുന്നണിയിലെ ഒരെയൊരു ചെറുത്തുനിൽപ്. ബഗ്ദാദിൽ രണ്ടാം ലോകയുദ്ധത്തിലെ സ്റ്റാലിൻഗ്രാഡ് പ്രതീക്ഷിച്ചവർ കണ്ടത് നൂറ്റാണ്ടുകൾക്കു മുമ്പ് താരത്താരികൾ ബഗ്ദാദ് ആക്രമിച്ചപ്പോൾ നഗരം കൊള്ളയടിക്കാൻ വിട്ടു കൊടുത്ത് രംഗംവിട്ട അൽഖമ എന്ന ഗവർണറുടെ ചരിത്രം ആവർത്തിക്കുന്നതാണ്. സ്വന്തം ജനറൽമാരാൽ വഞ്ചിക്കപ്പെട്ട സദ്ദാം സ്വന്തം വീഴ്ചകൾക്ക് ചരിത്രത്തിന് പിഴയൊടുക്കുകയായിരുന്നു.

ഇനി മറിച്ചൊന്നു കൂടി ചിന്തിച്ചുനോക്കുക. ഈ യുദ്ധത്തിൽ സദ്ദാം വിജയിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു അവസ്ഥ. ഗൾഫ് രാജ്യങ്ങളടക്കം അറബ് ലോകത്താകെ രാഷ്ട്രീയമായ അസ്ഥിരതയുടെ വൻ ഭീഷണിക്ക് അത് കാരണമായിത്തീമായിരുന്നു. ഉടുത്ത ഭ്രാന്തനെ തളക്കാൻ വന്ന ഉടുക്കാത്ത ഭ്രാന്തനായിരുന്നു ബുഷ്. അത് ചരിത്രപരമായൊരു അനിവാര്യതയായിരുന്നു. എന്നാൽ, അധിനിവേശത്തിന് അത് ന്യായമാകുന്നില്ല. ഇറാഖിനെതിരെ ബുഷ്-ബ്ലെയർ പ്രഭൃതികൾ കെട്ടിച്ചമച്ച ആരോപണങ്ങളൊക്കെ വ്യാജമായിരുന്നുവെന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. യുദ്ധം രക്തത്തിൽ അലിഞ്ഞുചേർന്ന ഒരു രാഴ്യത്തിനു നേരകേത്ത തീരുമാനിച്ചുറച്ച കാര്യം നടപ്പിലാക്കാൻ വേറെ കാരണങ്ങളൊന്നും വേണ്ടിയിരുന്നില്ല. തങ്ങളുടെ താൽപര്യങ്ങൾക്ക് വിഘാതമായവരെ ഉന്മൂലനം ചെയ്യുക എന്നതാണ് ആ രാജ്യത്തിന്റെ



ഇതുപര്യന്തമുള്ള നയം. പാട്രിസ് ലുമുംബ മുതൽ ബിൻലാദൻ വരെ നീളുന്നതാണ് സി.ഐ.എ.ഇരകളുടെ നിര. 49 മുതൽ 69 വരെ തങ്ങളുടെ തന്നെ 239 ആവാസകേന്ദ്രങ്ങളിൽ ജൈവ- രാസായുധങ്ങളുടെ പരീക്ഷണം നടത്തിയ അമേരിക്കയാണ് ഇതേ കാരണത്തിനും ഇറാഖിന് ശിക്ഷിക്കാൻ ഒരുമ്പെട്ടതെന്ന് ഓർക്കുക. പക്ഷേ, ഇടപെട്ടിടത്തൊക്കെ അൽപം വൈകിയാണെങ്കിലും പരാജയം രുചിച്ചറിഞ്ഞ അമേരിക്ക ആ പരാജയങ്ങളിൽ നിന്ന് ഒട്ടും പാഠം പഠിക്കുന്നില്ല എന്നതാണ് യഥാർത്ഥ്യം. യു.എന്നിനെ നോക്കുകുത്തിയാക്കി എന്നതാണ് പുതിയ യു.എസ് അധിനിവേശത്തിന്റെ ഏറ്റവും അപഹാസ്യവും അപലപനീയവുമായ വശം.

ഇറാഖ് ചതുപ്പിൽ നിന്ന് തലയൂരുക അത്ര എളുപ്പമല്ലെന്ന് യു.എസ് ഭരണകൂടം ഇപ്പോൾ തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്. ബഗ്ദാദിൽ നിന്ന് ശവപ്പെട്ടികൾ എത്തുന്ന മുറക്ക് ബുഷ്ഭരണകൂടത്തിനെതിരെ അമേരിക്കയിൽ തന്നെ ജനരോഷം വർധിക്കും. സൈനിക ബലത്തിന്റെ ഹുങ്കിൽഒരു രാജ്യവും എക്കാലത്തും അടക്കിവാണ ചരിത്രമില്ല. സോവിയറ്റ് ബ്ലോക്ക് ഇത്ര പെടുന്നനെ ചരിത്രത്തിൽനിന്ന് നിഷ്ക്രമിക്കുമെന്ന് ആരെങ്കിലും നിനച്ചിരുന്നോ? അതുകൊണ്ട് ഫുക്കുയാമ സ്വപ്നം പോലെ കാണും പോലെ ചരിത്രം അമേരിക്കയിൽ അവസാനിക്കാൻ പോകുന്നില്ല. ചരിത്രത്തിന്റെ ചാക്രികചലനത്തിൽ അമേരിക്കൻഹുങ്കും കൊമ്പുകുത്തിവീഴും.

◆◆




**Paravoor Health Club**
**& Multy Gymnacium**

Opp : Donbosco Hospital
Classic Bazar IInd Floor
K.M. K. Junction
N.Paravoor

## മനുഷ്യത്വത്തിന്റെ
# മൂടുപടമണിഞ്ഞവർ

നിയമങ്ങൾ ലോകനിയമങ്ങൾ
ലോകനന്മക്കായ് നീ നിർമ്മിച്ച ചട്ടങ്ങൾ
അല്ലാ അതുനിൻ ചൂഷണത്തിൻ നൂതനമാർഗ്ഗം,
അറിയില്ലായിരുന്നു എനിക്ക്
നിന്നേയും നിന്റെ ലക്ഷ്യത്തേയും.
ആയിരം 'താര' ശോഭ ഒളിപ്പിച്ച
നിൻ കണ്ണുകളിലെ ക്രൗര്യമെന്തേ
ഞാൻ കാണാതെപോയി.
നിന്റെ കാൽകീഴിലമർന്ന ജീവന്റെ
കരച്ചിലെന്തേ ഞാൻ കേൾക്കാതെപോയി
രക്തപങ്കിലമാണു നിൻകരങ്ങളെന്നു
ഞാനെന്തേ തിരിച്ചറിയാതെപോയി.
ഉത്തരമില്ലായിരുന്നു എനിക്ക് കാരണം
നീയെന്റെ നാവ് ബന്ധിച്ചിരുന്നു
നീയെന്റെ കരങ്ങൾ ഛേദിച്ചിരുന്നു
നീയെന്റെ കാലുകളിൽ വിലങ്ങണിഞ്ഞിരുന്നു



നിന്റെ ചെയ്തികളിലെ തെറ്റുകൾ
എനിക്കിന്ന് സ്വീകാര്യമാണ്-കാരണം
എന്റെ ചിന്തകൾക്കുമുകളിൽ
നീ പടുത്തുയർത്തിയ സാമ്രാജ്യം
എനിക്കിന്ന് സംരക്ഷണം തരുന്നു.
ഞാനെന്റെ അസ്ഥിത്വം നിനക്കടിയറവച്ചിരിക്കുന്നു.
തിരിച്ചറിവിന്റെ ഈ വൈകിയവേളയിൽ
നഷ്ടമായതിനെ കുറിച്ചോർത്തു
ഞാൻ വിലപിക്കുന്നില്ലാ.
ഭാവിയെക്കുറിച്ചോർത്തു
ഞാൻ വ്യാകുലപ്പെടുന്നുമില്ലാ.
ഒരു നല്ലപുലരിയെ
ഞാനിന്നും സ്വപ്നം കാണുന്നു.

അരുൺകുമാർ.സി.എസ്
രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

# ഒരു പ്രേമത്തിന്റെ തുടക്കം

ന്യായാധിപന്റെ മുൻപിൽ നിൽക്കുന്ന കുറ്റവാളിയെപ്പോലെ അവൻ അവളുടെ മറുപടിക്ക് കാതോർത്തുനിന്നു. ഭയവും ഉൽകണ്ഠയും കൊണ്ടുള്ള തന്റെ നെഞ്ചിടിപ്പുപോലും അവൾക്കു കേൾക്കാമെന്നവന് തോന്നി. ഒടുവിൽ മരണതുല്യമായ നിശബ്ദത മുറിച്ചുകൊണ്ട് അവൾ സംസാരിച്ചുതുടങ്ങി.

"എന്തു പറയണമെന്നെനിക്കറിയല്ല... എനിക്കിഷ്ടമാണ്"

പതിഞ്ഞ സ്വരത്തിലവൾ അതു പറഞ്ഞപ്പോൾ അവൻ അവിശ്വസനീയതയോടെ അവളെ നോക്കി. കൈകാലുകൾക്ക് തളർച്ച ബാധിക്കുന്നതവനറിഞ്ഞു. മരണശിക്ഷയ്ക്ക് കാത്തുനിന്നിട്ട് വെറുതെവിടുമ്പോഴത്തെ അവസ്ഥ. അവൾ അൽപം ലജ്ജയോടെ തലകുനിച്ച് നിൽക്കുകയാണ്. അതവനെ ധീരനാക്കി. അവൻ അത്യാഹ്ലാദത്തോടെ പറഞ്ഞു.

"എനിക്കറിയാമായിരുന്നു... നീ എന്നെ മനസ്സിലാക്കുമെന്ന്."

സന്തോഷം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു.

"എനിക്കിത്... നേരത്തെ അങ്ങോട്ടു പറയണമെന്നുണ്ടായിരുന്നു... ധൈര്യം വന്നില്ല." അവൾ നാണത്തോടെ മടിച്ചുമടിച്ചാണ് പറഞ്ഞത്. അവന് വീണ്ടും അത്ഭുതം എത്ര വേഗമാണവൾ മാറിയത്. താനിന്നലെവരെ കണ്ട പെണ്ണല്ല ഇപ്പോളിവൾ. എത്ര മടിച്ചാണവളോട് കാര്യം പറഞ്ഞ്. മനസ്സിലാഗ്രഹം തോന്നിയതുമുതൽ ജ്വരബാധിതനെപ്പോലെ നടക്കുകയായിരുന്നു താൻ. സ്വസ്ഥമായി ഉറങ്ങിയിട്ട് ദിവസങ്ങൾ കഴിഞ്ഞു ഒടുവിൽ... സാരമില്ല...

"വരൂ നമുക്ക് നടക്കാം" എന്നു പറഞ്ഞുകൊണ്ട് അവൻ നടന്നു. ദിഗ്‌വിജയം കഴിഞ്ഞെത്തിയ സേനാനായകനെപ്പോലെ. കൂടെ അവളും നടന്നു. പാതയോരത്ത് കൊഴിഞ്ഞുവീണു കിടന്ന ഇലകൾക്കും പൂക്കൾക്കും മീതെ അവർ നിശബ്ദരായി നടന്നു കൊണ്ടിരുന്നു.



അവൻ ഇന്നലെകളിലെ അവരുടെ കണ്ടുമുട്ടലുകളോർമ്മിച്ചു. ഇന്നിവൾ തന്റെ സ്വന്തമാണ്. അവകാശബോധത്തോടെ അവൻ കൂടെ നമ്രശിരസ്കയായി നടക്കുന്ന അവളെ നോക്കി. അപ്പോഴത്തെ അവളുടെ മുഖഭാവം അവന് ഏറെ ഇഷ്ടപ്പെട്ടു. പക്ഷെ നിറം മങ്ങിയ ചുരിദാർ അവൾക്ക് തീരെ ഇണങ്ങുന്നില്ല. പൊക്കം അല്പം കുറവാണ് സാരമില്ല. മുടിക്ക് നീളം കുറവാണെന്നുള്ളത് താനിപ്പോഴാണല്ലോ ശ്രദ്ധിക്കുന്നതുതന്നെ. കുറച്ചുകൂടി നിറം വേണമായിരുന്നു പെണ്ണല്ലെ... വീണ്ടും നോക്കിയപ്പോഴാണ് മനസ്സിലാകുന്നത് ആ തടിച്ച ചുണ്ട് മുഖത്തിന് തീരെ ചേരുന്നില്ല... അവന്റെ പതിവില്ലാത്ത നോട്ടം അവളെ അസ്വസ്തയാക്കി.

"എന്താണ് എന്നെയിങ്ങനെ ആദ്യം കാണുന്നതുപോലെ നോക്കുന്നത്" സ്നേഹപുരസ്സരമുള്ള അവളുടെ ചോദ്യത്തിന് മറുപടി പറയാതെ അവൻ ഒന്നു നോക്കുക മാത്രം ചെയ്തു. പിന്നെ ദീർഘനിശ്വാസത്തോടെ വിദൂരതയിലേക്ക് മിഴികൾ നട്ട് നടന്നു. അവളുടെ ചിന്തയും മറ്റേന്തിലേയ്ക്കോ വഴുതി വീണു...

**അരുൺ ബാബു.**
രണ്ടാംവർഷ ബി.ടി. & എസ്.പി.

◆◆


# UNION CABINET



**ANEESH JOSEPH**
Chairman




**JEEVANTHIKA**
Vice Chairperson




**IBRAHIM ADHAM**
Gen. Secretary




**ANOOP K.K.**
U.U.C.



**ARUN THOMAS**
U.U.C.



**HISHAM UMMER**
Magazine Editor



**AJU PODUVAL**
Arts Club Secretary


# UNION REPRESENTATIVES




**AMITHA . A.**
Lady Rep.



**STELLA MARIYA THOMAS**
Lady Rep.



**LIBIN DANIEL**
I DC Rep.




**BINU. T.R.**
II DC Rep.



**JIHAS. K.A.**
III DC Rep.



**RIGGINS ISSAC THOMBRA**
I P.G. Rep.




**ANOOP M.N.**
II P.G. Rep.


## UNION NOMINEES



**ASHGER. A.A.**
Gen. Captain




**JISS JOHN**
Quiz Club Secretary



**V.P. MARKOSE**
Union Adviser




**RIJAS. K.I.**
Planning Foram



**SHYAM NARAYANAN**
Canteen Secreraty

## RETIREMENTS



**Prof: K.E. JOHN**
Dept. Chemistry



**V.M JOHNAPPA**
Dept : English



**M.T.SARAMMA**
Dept : MALAYALAM



**A. ADBUL RAHIMAN**
Head Accountant



**M.I. Punnoose**
N.S.S. Programme Officer

# സൗഹൃദം ഭവനപദ്ധതി; ഒരു എൻ.എസ്.എസ്. വിജയഗാഥ



യു.സി.കോളേജിലെ നാഷ്ണൽ സർവ്വീസ് സ്കീം യൂണിറ്റ് നടപ്പാക്കിയ സൗഹൃദം ഭവനപദ്ധതി സേവനരംഗത്ത് അനുകരണീയമായ ഒരു ചുവടുവെപ്പായിരുന്നു. അശ്വതിയെന്ന നിർധനയായ പെൺകുട്ടിയുടെ വീടെന്ന സ്വപ്നമാണ് ഈ പദ്ധതിയിലൂടെ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞത്. 'ഒരു വർഷം; ഒരു വീട്' എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് സൗഹൃദം ഭവനപദ്ധതി ആവിഷ്കരിച്ചത്. പാർപ്പിട രഹിതരായ ലക്ഷക്കണക്കിനാളുകളുടെ പ്രശ്നങ്ങളോടുള്ള ക്രിയാത്മകമായ പ്രതികരണമെന്ന നിലയിലാണ് എൻ.എസ്.എസ് ഇത്തരമൊരു യജ്ഞം ഏറ്റെടുത്തത്. ഇരുട്ടിനെ പഴിക്കാതെ ഒരു തിരികൊളുത്താനുള്ള ആഹ്വാനമാണ് യുവജനങ്ങൾക്ക്

നൽകിയത്.

എൻ.എസ്.എസ്.യൂണിറ്റ് നടത്തിയ ഒരു സാമൂഹിക സർവ്വേക്കിടയിലാണ് അശ്വതിയുടെ ദുരിതപൂർണ്ണമായ ജീവിതചിത്രം വോളന്റിയേഴ്സിന്റെ ശ്രദ്ധയിൽപെട്ടത്. കോളേജിനടുത്തുള്ള വി.എച്ച് കോളനിയിലെ കൃഷ്ണൻകുട്ടിയുടേയും ലളിതയുടേയും മകളാണ് അശ്വതി. ദുർവിധി അപൂർവ്വമായ ഒരു രോഗത്തിന്റെ രൂപത്തിൽ അവളുടെ ചലനശേഷി അപഹരിക്കുകയായിരുന്നു.

സംസാരിക്കാനും പരസഹായം കൂടാതെ ഇരിക്കാൻ പോലുമാവാത്ത അശ്വതിക്ക്, പക്ഷേ ചുറ്റുപാടുകളെക്കുറിച്ച് നല്ല തിരിച്ചറിവുണ്ട്. സമപ്രായക്കാരായ കുട്ടികൾ തുള്ളിച്ചാടിനടക്കുമ്പോൾ ചിറകറ്റ ഒരു പറവയെപോലെ തളർന്നു കിടക്കുന്ന അശ്വതിയുടെ ദൈന്യത എൻ.എസ്.എസ് പ്രവർത്തകർ ഗൗരവമായെടുത്തു. സ്വസ്ഥമായി കിടക്കാൻ അവൾക്ക് സ്വന്തമായി ഒരു കുരകൂടി ഉണ്ടായിരുന്നില്ല. അശ്വതിക്ക് സഹതാപമല്ല, ഒരു കൈ സഹായമാണ് വേണ്ടതെന്ന തിരിച്ചറിവിലാണ് പിരിവെടുത്തും ശ്രമദാനത്തിലൂടെയും അശ്വതിക്ക് വീടു നിർമ്മിച്ചു നൽകാൻ ശ്രമമാരംഭിച്ചത്. തുടക്കത്തിലധിന്റെ ഫലപ്രാപ്തിയെക്കുറിച്ച് അശങ്കകളുണ്ടായിരുന്നെങ്കിലും ഒരു കൈ സഹായിക്കൂ, അശ്വതിയുടെ സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാമെന്ന ആഹ്വാനം കാമ്പസ് വളരെ ആവേശത്തോടെയാണ് സ്വീകരിച്ചത്. അധ്യാപകരുടെയും അനധ്യപകരുടെയും ചില അഭ്യുദയകാംക്ഷികളുടെയും നിർലോഭമായ സഹകരണം കൂടി ലഭിച്ചതോടെ അശ്വതിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് വഴി തെളിഞ്ഞു.

വീടിന്റെ നിർമ്മാണ പ്രക്രിയയുടെ ഭൂരിഭാഗവും വിദ്യാർത്ഥികളുടെ ശ്രമദാനത്തിലൂടെയാണ് നിർവ്വഹിച്ചതെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാമ്പസ് സൗഹൃദത്തിന്റെ ആഴവും ആത്മാർത്ഥതയുമാണിത് വ്യക്തമാക്കിയത്. വീടിന്റെ അസ്ഥിവാരമൊരുക്കലും കല്ലു ചുമടുമൊക്കെ വോളന്റിയേഴ്സ് തോളോടുതോൾ ചേർന്നാണ് നിർവ്വഹിച്ചത്. മാതൃകപരമായ ഈ യുവജനകർമ്മപരിപാടിയിൽ വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്വവും ഉണ്ടായിട്ടുണ്ട്.

ഹരിതം എന്ന പേരിൽ എൻ.എസ്.എസ്.യൂണിറ്റ് നടത്തിയ പ്രകൃതി പഠന ക്യാമ്പിൽ പങ്കെടുത്ത വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികൾ ചേർന്നാണ് വീടുനിർമ്മാണത്തിനാവശ്യമായ ഇന്റർലോക്ക് കട്ടകൾ റോഡിൽ നിന്ന് കുന്നിൻമുകളിലുള്ള നിർമ്മാണ സ്ഥലത്തെത്തിച്ചത്. കോളേജിൽ വെച്ച് നടന്ന ഒരു എൻ.സി.സി ക്യാമ്പിലെ കേഡറ്റുകളും ശ്രമദാനപരിപാടിയിൽ പങ്കെടുത്തു. ഇങ്ങനെ വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥി സമൂഹത്തിന്റെ പ്രതീകാത്മക സൗഹൃദത്തിന്റെ നിറവിലാണ് അശ്വതിയുടെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നത്.

യുവജന കർമ്മശേഷി സാമൂഹികസേവനമേഖലയിൽ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ സംരംഭത്തിന്റെ സാക്ഷാത്ക്കാരം. കാമ്പസിന്റെ ഹരിതവത്കരണം, കാർഷിക ആരോഗ്യ സെമിനാറുകൾ, നീർക്കുഴി നിർമ്മാണം, രക്തദാനം, പ്രകൃതി പഠന ക്യാമ്പുകൾ, സൗജന്യ ട്യൂഷൻ പദ്ധതി എന്നിങ്ങനെ വിവിധ പരിപാടികളിലൂടെ മികവുറ്റ പ്രവർത്തനമാണ് എൻ.എസ്.എസ് യൂണിറ്റ് ഈ വർഷം കാഴ്ചവെച്ചത്.

വോളന്റിയേഴ്സിന്റെ ആത്മാർത്ഥതയും ആവേശവും ഒത്തു ചേർന്നാൽ സാമൂഹിക സേവനമേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണിത് തെളിയിക്കുന്നത്. എൻ.എസ്.എസ് യൂണിറ്റിന്റെ തിളക്കമുറ്റ ചരിത്രപാരമ്പര്യത്തിൽ ഒരു തിലകക്കുറിയായി സംരംഭം ഭവനനിർമ്മാണയജ്ഞം മാറിയെന്നതിൽ അഭിമാനമുണ്ട്.

**എം.ഐ. പുന്നൂസ്**

സംസാരിക്കാനും പരസഹായം കൂടാതെ ഇരിക്കാൻ പോലുമാവാത്ത അശ്വതിക്ക്,
പക്ഷേ ചുറ്റുപാടുകളെക്കുറിച്ച് നല്ല തിരിച്ചറിവുണ്ട്. സമപ്രായക്കാരായ കുട്ടികൾ തുള്ളിച്ചാടിനടക്കുമ്പോൾ ചിറകറ്റ ഒരു പറവയെപോലെ തളർന്നു കിടക്കുന്ന അശ്വതിയുടെ ദൈന്യത എൻ.എസ്.എസ് പ്രവർത്തകർ ഗൗരവമായെടുത്തു.



# ദൈവശാസ്ത്രത്തിലെ പെണ്ണിടങ്ങൾ

ണ്ണ

മിഥ്യാദർശനങ്ങൾ പരിലസിക്കുന്ന ഒരു മനസ്സാണ് ഭാരതജനതക്കുള്ളത്. നമ്മുടെ സമൂഹമനസ്സിൽ അന്തർലീനമായിരിക്കുന്ന ഭൂതകാലസംസ്കൃതിയും വിശ്വാസസങ്കൽപങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു ശക്തിവിശേഷമാണത്. ആണനുഭവങ്ങൾ മാത്രം ആവിഷ്കരിച്ച ദൈവശാസ്ത്രം, സഹസ്രാബ്ദങ്ങളിലൂടെ കാതോടുകാതോരം പറഞ്ഞുകേട്ട പഴങ്കഥകൾ, ചൊല്ലിക്കേട്ട പഴമ്പാട്ടുകൾ, ചെയ്തുശീലിച്ച അനുഷ്ഠാനങ്ങൾ, വേരൂന്നിവളർന്ന കലാവിഷ്കാരങ്ങൾ ഇവയെല്ലാം ചേർന്ന് ഉത്ഭവം കൊണ്ടു എന്ന് നാം ഊറ്റം കൊള്ളുന്ന നമ്മുടെ പാരമ്പര്യ സ്വത്ത് സ്ത്രീ വിരുദ്ധതയുടെ കളിക്കളമാണ്. ദൈവങ്ങളുടേയും അവതാരങ്ങളുടേയും മഹത് വ്യക്തികളുടേയും ഒക്കെ കഥകൾ മിത്തുകളായി രൂപം പ്രാപിച്ചുകഴിയുമ്പോൾ അതിനെ ദൈനം ദിന ജീവിതത്തിലിടപെടാൻ പഴുതുകളുണ്ടാകുമ്പോൾ ഇത്തരം കഥാപാത്രങ്ങളെ ചോദ്യം ചെയ്യനോ അവയുടെ സമകാലീന പ്രസക്തിയെ പറ്റി വിശകലനം ചെയ്യാനോ ബോധമനസ്സിലും ഉപബോധമനസ്സിലും ഇവയെ അരിയിട്ടു വാഴിക്കുന്ന മനുഷ്യൻ തയ്യാറാവില്ല. കാര്യാകാര്യ വിവേചന ശക്തിയാണ് തന്റെ ഏറ്റവും വലിയ സിദ്ധിയെന്ന് പ്രഖ്യാപിക്കുന്ന മനുഷ്യൻ അകാലമായി പലതും വിശ്വസിച്ച് പോയിരുന്നത് പാരമ്പര്യരീതികളിൽ നിന്ന് വ്യതിചലിക്കാനുള്ള ഭയം കൊണ്ടോ അതോ തന്റെ വ്യവസ്ഥാപിത താല്പര്യങ്ങൾക്ക് അത് ഭീഷണിയാകുമെന്ന തോന്നലുകൊണ്ടോ.

ഉത്പന്നങ്ങളുടേയും ഉത്പാദനമിച്ചങ്ങളുടേയും ഉടമ പുരുഷനായിത്തീരുന്ന ഒരു ചരിത്രസന്നിധിയിലാണ് മതങ്ങൾ ഉത്ഭവിക്കുന്നത്. മറ്റെല്ലാ പ്രസ്ഥാനവും എന്നപോലെ ദൈവശാസ്ത്രവും സ്ത്രീക്ക് രണ്ടാം പൗരത്വം കൽപിക്കുന്നു.

ആരാണ് സ്ത്രീ?

"സ്ത്രീയെന്നാൽ അപൂർണ്ണ മനുഷ്യൻ"

"സ്ത്രീയെന്നാൽ ഗർഭാശയമാണ്"

"സ്ത്രീയെന്നാൽ അമ്മയാണ്."

എന്നിങ്ങനെ ഇച്ഛാനുസരണം ആവശ്യക്കാർ സ്ത്രീയെ നിർവ്വചിച്ചിരിക്കുന്നു.

മതത്തിൽ ആത്മീയതയാണ് പ്രധാനപ്പെട്ടത്. ദൈവികമായ അംശവും അതാണ്. എന്നാൽ ഇന്നു മതത്തെ നിയന്ത്രിക്കുന്നത് അതിലെ ആത്മീയാംശമല്ല. ഭൗതികതാല്പര്യങ്ങളിൽ അധിഷ്ഠിതമായ അതിന്റെ ബാഹ്യാചാരങ്ങളാണ്. ശരീരത്തിന്റെ ദുർബലതകൊണ്ടും മനസ്സിലെ അപകർഷതാബോധം കൊണ്ടും സ്ത്രീകളാണ് മതചിന്തകളോട് കൂടുതൽ വിധേയത്വം പ്രകടിപ്പിക്കുന്നത്. എന്നിട്ടും ഒരു മതവിശ്വാസവും സ്ത്രീയെ ഒരു വ്യക്തിയായി, തലച്ചോറുള്ള ജീവിയായി കണ്ടിട്ടില്ല. ഭാര്യ, മകൾ, അമ്മ, കന്യക, വേശ്യ എന്നീ നിലകളിലുള്ള സ്ത്രീ പങ്കാളിത്തം മാത്രമാണ് മതമാവശ്യപ്പെടുന്നത്.

ആട്ടവും പാട്ടും വർണ്ണഘോഷങ്ങളും നിറഞ്ഞ സന്തുഷ്ടലോകത്തിലേക്ക് ദുഃഖങ്ങളും തിന്മകളുമാകുന്ന പ്രാണികളെ തുറന്നുവിട്ട അപകാമതിയും ബുദ്ധിശൂന്യയുമായ പണ്ടോറയും, സാത്താനാൽ പ്രലോഭിക്കപ്പെട്ട് കൂട്ടുകാരനെക്കൂടി പാപത്തിലേക്ക് നയിച്ച അത്യാഗ്രഹിയായ ഹവ്വയും പാതിവ്യത്യശക്തികൊണ്ട് സൂര്യോദയം വരെ തടഞ്ഞ് അപഥസഞ്ചാരിയായ ഭർത്താവിന്റെ ആയുസ്സ് നീട്ടിയെടുത്ത ശീലാവതിയും എന്നുവേണ്ട ആത്മാഭിമാനിയും താൻപോരിമയും, ചിന്താശക്തിയും പ്രവർത്തനശേഷിയും തെല്ലും തൊട്ടുതീണ്ടിയിട്ടില്ലാത്ത സ്ത്രീ കഥാപാത്രങ്ങളെയാണ് മതങ്ങളും മിത്തുകളും ചിത്രീകരിച്ചിരിക്കുന്നത്. ഈ ഗുണങ്ങൾ സ്ത്രൈണതയുടെ ഭാഗമല്ല എന്ന് എല്ലാവരിൽ നിന്നും കേൾക്കുമ്പോൾ സ്വന്തം മനസ്സിന്റെ ഇച്ഛകളുടെ, കഴിവുകളുടെ നിയന്ത്രണം പോലും ആർക്കോ അധീനമാണെന്ന് അവൾ തെറ്റിദ്ധരിക്കുന്നു. നമ്മുടെ മതങ്ങൾ മുന്നോട്ട് വയ്ക്കുന്ന സ്ത്രീ ദർശനങ്ങൾ ശ്രദ്ധിക്കൂ.

വൈദീകസംസ്കൃതിയിൽ നിന്ന് ചാതുർവർണ്യവ്യവസ്ഥയിലൂന്നിയ സ്മൃതികളിലൂടെ രൂപം കൊണ്ടതാണ് ഇന്നത്തെ സംഘടിതരൂപമുള്ള ഹിന്ദുമതം. ആത്മാവിന് സ്ത്രീപുരുഷഭേദമില്ല, എന്ന് ഋഗ്വേദം പരാമർശിക്കുന്നു. വേദകാലത്ത് സ്ത്രീക്കുണ്ടായിരുന്ന സ്ഥാനവും, പദവിയും പിന്നീട് നഷ്ടപ്പെട്ടതായി കാണാം. വൈദീകസാഹിത്യത്തിൽ മാതൃത്വത്തെ ആദർശവൽക്കരിക്കാനുള്ള ശ്രമമാണ് കാണുന്നത്.

തലതൊട്ടപ്പൻ ഇല്ലാതിരുന്ന ഹിന്ദുമതത്തിന് പ്രയോഗവിധികൾ ആവിഷ്കരിച്ച മനുവിന്റെ മനുസ്മൃതി അറിവിന്റെ അധികാരം സവർണ്ണപുരുഷനുമാത്രം നൽകുകയും ഇന്ത്യൻ സ്ത്രീയുടെ ജീവിതത്തെ ദുരവ്യാപകമായി മാറ്റി മറിക്കുകയും ചെയ്തു. സ്ത്രീ വയലും പുരുഷൻ നെൽവിത്തുമാണെന്ന് രൂപണം ചെയ്യുന്ന മനുപുത്രിയെ അപേക്ഷിച്ച് പുത്രന് പ്രാമുഖ്യം നൽകുന്നു. എല്ലാ മണ്ഡലങ്ങളിലും ലിംഗപരമായ വിവേചനം ഉറപ്പിച്ചുകൊണ്ടാണ് മനു തന്റെ സദാചാരസംഹിത അവതരിപ്പിക്കുന്നത്.

"പിതാ രക്ഷതി കൗമാരേ,
ഭർത്താ രക്ഷതി യൗവനേ,
പുത്രോ രക്ഷതി വാർദ്ധക്യേ,
ന സ്ത്രീ സ്വാതന്ത്ര്യമർഹതി"

സ്ത്രീയുടെ ബാല്യകൗമാരങ്ങൾപോലും പുരുഷന് പതിച്ചുകൊടുക്കപ്പെട്ടത് മനുസ്മൃതിയിലൂടെയാണ്. ഗൃഹവും സമൂഹവും രണ്ടാണ് എന്ന് മനു പറയുമ്പോൾ സൂചിപ്പിക്കപ്പെടുന്നത് സ്ത്രീയും സമൂഹവും തമ്മിലുള്ള അകലമാണ്. രാഷ്ട്രീയതന്ത്രജ്ഞനായ കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ കന്യക, വിധിപ്രകാരം ദാനം ചെയ്യേണ്ട വസ്തു തന്നെയാണ്.

ഇതിഹാസപുരാണങ്ങളിൽ സ്ത്രീയെ കല്ലാക്കുന്നതും കല്ലിനെ സ്ത്രീയാക്കുന്നതും പുരുഷനീതികളാ

ണ്. സീത, കുന്തി, ഗാന്ധാരി, അഹല്യ, ദ്രൗപതി എന്നീ കഥാപാത്രങ്ങൾ എല്ലാം തന്നെ പുരുഷൻ നിർണ്ണയിച്ച മൂല്യപരിധിയിൽ നിന്നവരായിരുന്നു. അതിനാൽ അവരെല്ലാം നല്ല സ്ത്രീക ളുടെ ഗണത്തിൽ പെടുന്നു. പാതിവ്യ ത്യവും പതി ശുശ്രൂഷയും ഗുണങ്ങ ളായുള്ളവർ ആദരവും സുരക്ഷിതത ്വവും നേടുന്നു.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പ്രതികരണശേഷിയി ല്ലാത്ത ഒരു പറ്റം ആദർശനായികമാർ നമുക്ക് മാതൃകയാവുകയാണ്. അവർക്കാർക്കും തന്നെ ആധുനിക സ്ത്രീക്ക് മാതൃകയാകാനാകുന്നില്ല. പുതിയകാലത്തിന് നാം പുതിയ റോൾമോഡലുകളെ അന്വേഷിക്കേണ്ടി യിരിക്കുന്നു.

ഇസ്ലാമിലും പുരുഷന് തുല്യ മായ പദവി സ്ത്രീക്ക് അനുവദിക്കപ്പെ ട്ടിട്ടില്ല. ഒരേസമയം ഒന്നിലധികം ഭാര്യ മാരെ വ്യവസ്ഥാനുസരണം പുലർത്താൻ ഖുർ-ആൻ അനുവദിക്കു ന്നു. അനുസരണശീലമുള്ളവരും ഭർത്താവിന്റെ താൽപര്യങ്ങൾ മുഴുവൻ സംരക്ഷിക്കുകയും ചെയ്യുന്നവരാണ് ഉത്തമ സ്ത്രീകൾ. സ്ത്രീകൾ അനു സരണക്കേടു കാണിച്ചാൽ ശിക്ഷിക്കാ നുള്ള പുരുഷന്റെ അവകാശം ഹദീ സുകൾ ശരിവക്കുന്നു.

അനിയന്ത്രിതമായ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ദോഷങ്ങൾ തുടച്ചു നീക്കാനാണത്രെ സത്രീകൾ പർദ്ദ ധരി ക്കുന്നത്. ഫാത്തിമാ മെർന്നീസയുടെ "മുടുപടത്തിനപ്പുറം", "മുസ്ലീം സ്വർഗ്ഗ ത്തിലെ സ്ത്രീകൾ" എന്നീ പുസ്ത കങ്ങൾ കള്ള ഹദീസുകളുടെ ഉദ്ദേ ശ്യം വ്യക്തമാക്കുന്നുണ്ട്. ബഹുഭാര്യാ ത്വവും ശൈശവവിവാഹവും പ്രോത്സാ ഹിപ്പിക്കുന്ന ഇസ്ലാം മതം അക്ഷ രാർത്ഥത്തിൽ സ്ത്രീയെ വസ്തു വൽക്കരിച്ചിരിക്കുന്നകയാണ്. സ്ത്രീകൾ എന്ന് വീടുവിട്ടിറങ്ങിയോ അന്നു മുതലാണ് കുടുംബചരിത്രതകൾ ആരംഭിച്ചതെന്നാണ് ഈ യുഗത്തിലെ ഒരു മുസ്ലിം മതപണ്ഡിതൻ പറഞ്ഞി ട്ടുള്ളത്.

'പഠിക്കുക' എന്ന ആഹ്വാനം ഖുർ-ആൻ ഗ്രന്ഥത്തെ മുൻനിർത്തി ക്കൊണ്ടാണ് ഇന്ന് ലോകത്ത് പലയി ടത്തും സ്ത്രീകളെ വിദ്യാലയങ്ങളിൽ നിന്നും പണിശാലകളിൽ നിന്നും തിരികെ വിളിച്ചുകൊണ്ടിരിക്കുന്നത്. ഖുർ-ആൻ നൽകുന്ന സ്ഥാപനം പോലും സ്ത്രീക്ക് ഇസ്ലാമിന്റെ പുതിയ കാവൽപിതാക്കൾ നൽകിയിട്ടില്ല. അതുകൊണ്ടാണ് മൈസൂർ കല്ല്യാണ വും, മഹറും ഇവിടെ കൊടികുത്തിവാ ഴുന്നത്.

ഡോ.ജാൻസി ജയിംസിന്റെ വീക്ഷണപ്രകാരം ഫെമിനിസത്തിന്റെ ആദ്യരംഗം അരങ്ങേറിയത് ഏദൻ തോട്ട ത്തിൽ വെച്ചാണ്. സാത്താനാൽ പ്രലോ ഭിക്കപ്പെട്ട് വിലക്കപ്പെട്ടകനി ഭക്ഷിക്കു മ്പോൾ ആദ്യത്തെ സ്ത്രീജന്മത്തിന്റെ ആദ്യത്തെ സ്വതന്ത്രതീരുമാനം പാളി പ്പോയി.

ഏദൻ തോട്ടത്തിൽ നിന്ന് അന്ന് പുറത്താക്കപ്പെട്ടതോടുകൂടി അവിടെ പുതിയൊരു വ്യവസ്ഥ- 'പാട്രിയാർക്കി' സ്ഥാപിക്കപ്പെട്ടു.

പിതാവ്, പുത്രൻ എന്നിവ രിൽ ഊന്നിക്കൊണ്ടുള്ള ഒരു ദൈവ ദർശനമാണ് ബൈബിൾ മുന്നോട്ടു വച്ചത്. അവിടെ മാതാവുണ്ടോ?

പഴയ നിയമത്തിൽ സ്ത്രീ കൾ സ്വത്തുക്കളുടെ കൂടെ എണ്ണപ്പെ ട്ടിരുന്നു. എണ്ണമറ്റ കാളകളും ആടു കളും ആയിരം ഭാര്യമാരുള്ള ശലോ മാൻ ഭാഗ്യവാനാണത്രെ. സ്ത്രീകൾ ശിരോവസ്ത്രമണിയേണ്ടത് നിർബന്ധ മാണെന്ന് കോറിന്തോസുകാർക്കുള്ള ലേഖനം പറയുന്നു.

"പുരുഷൻ സ്ത്രീക്കുവേണ്ടി യല്ല, സ്ത്രീ പുരുഷന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്." പുരു ഷന്റെ വാരിയെല്ലിൽ നിന്ന് നിർമ്മിക്ക പ്പെട്ട സ്ത്രീരണ്ടാം കിടക്കാരിയാണ് എന്ന ദർശനം തന്നെയാണ് മതം മുന്നോട്ടു വച്ചിരിക്കുന്നത്. സ്ത്രീയുടെ ക്ലിനിക്കൽ അവസ്ഥയാ യിട്ടല്ല കന്യക പരിശുദ്ധ എന്നീ സങ്കൽപങ്ങൾ ബൈബിൾ മുന്നോട്ടു വക്കുന്നത്.

സമത്വം ഊന്നിപ്പറയുന്ന ബുദ്ധമതം സ്ത്രീക്കുനൽകിയിരി ക്കുന്ന സ്ഥാനം എന്തെന്ന് ചിന്തിക്കേ ണ്ടതുണ്ട്. ഒരു ഗൃഹസ്ഥന്റെ ഉത്തരവാ ദിത്വങ്ങൾ എല്ലാം വിട്ട് സ്ത്രീ സമ്പർക്കം നിർവ്വാണം നിക്ഷേധിക്കു മെന്ന് വിശ്വസിച്ച ആളാണ് ശ്രീബു ദ്ധൻ. ബുദ്ധാശ്രമങ്ങളിൽ ഭിക്ഷുണിക്ക് രണ്ടാം സ്ഥാനമേ ഉണ്ടായിരുന്നുള്ളൂ വെന്ന് വ്യക്തമാണ്.

ജൈനമതത്തിന്റെ ചരിത്രം പരിശോധിച്ചാൽ പാർശ്വനാഥന്റെ കാലം മുതൽക്ക് തന്നെ സ്ത്രീകൾ ശ്രമണികളായി മതപരമായ കർമ്മ ങ്ങൾ ചെയ്തിരുന്നതായി കാണാം. ദിഗംബരന്മാർ വിശ്വസിച്ചത് സ്ത്രീക്ക് നിർവ്വാണം അസാദ്ധ്യമാണെന്നായിരു ന്നു. ശ്വേതംബരൻമാർ ഇത് വിശ്വസി ച്ചിരുന്നില്ല. സ്ത്രീ സന്ന്യാസിനികൾക്ക് മതഗ്രന്ഥങ്ങളിലെ ചില അദ്ധ്യായങ്ങൾ നിഷിദ്ധമായിരുന്നു. മതമൗലികവാദം മതതീവ്രവാദത്തിലേക്ക് നീങ്ങുമ്പോൾ പെണ്ണിന്റെ സ്ഥാനം എന്താകും? "Back to 5000 years" എന്ന ഹിന്ദുത്വവാദിക ളുടെ മുദ്രാവാക്യവും, ശരീ-അത്തിന്റെ പേരിൽ വേശ്യാസ്ത്രീകളുടെ തല മൊട്ടയടിക്കുന്ന നടപടിയും എല്ലാം ഏതോ ഗോത്രകാലഘട്ടത്തിലേക്ക് ഭാരതത്തെ തള്ളി വിടാനുള്ള കൗണ്ടർ റിഫോർമേഷന്റെ ശ്രമം കൂടിയാണ്.

ചരിത്രം ഓരോ സ്ത്രീയുടെ മനസ്സിലും അവളെങ്ങനെയിരിക്കണം എന്ന സ്ഥിരരൂപം തറച്ചുവെച്ചിട്ടുണ്ട് അവളുടെ തലമുറകൾക്കും അവൾ അതാണ് ഓതിക്കൊടുക്കുന്നത്. ആ ചട്ടക്കൂടിൽ നിന്ന് ഒരുവൾ വ്യവസ്ഥ യാകുമ്പോൾ അവൾ സമൂഹത്തിൽ നിന്ന് ഭ്രഷ്ടാക്കപ്പെടും.

എല്ലാക്കാലത്തും സ്ത്രീശ രീരം സമൂഹത്തിന്റെ ആവശ്യഘടക മാണ്. സദാചാരത്തിന്റെ പേരിൽ ശരീരം മുഴുവൻ മൂടുന്ന സ്ത്രീയും പരസ്യങ്ങളിലും നമ്മുടെ ആഗോള ക്കച്ചവടസംസ്കാരത്തിന്റെ വക്താ വായ മാദ്ധ്യമങ്ങളിലും കാണുന്ന അൽപവസ്ത്രധാരിയായ സ്ത്രീയും- ഈ രണ്ടു ചിത്രങ്ങളും കാണിക്കു ന്നത് സ്ത്രീ ശരീരം മാത്രമാണ്. അവൾക്ക് മിടിക്കുന്ന ഒരു ഹൃദയമു ണ്ടെന്നോ ചിന്താ വിപ്ലവം സൃഷ്ടി ക്കാൻ കെൽപുള്ള ഒരു തലച്ചോറു ണ്ടെന്നോ എല്ലാവരും തരം താണ തായി കാണുന്ന അവളുടെ വികാര പരതക്ക് വരും തലമുറയുടെ ബുദ്ധിയും വിവേകവും നിർണ്ണയി ക്കാനുള്ള വീര്യമുണ്ടെന്നോ വിശ്വസി ക്കാൻ ഈ സമൂഹം മടിക്കുന്നു.

ഇന്ത്യൻ ഭരണഘടന അനു വദിച്ചിട്ടുള്ള സമത്വം സ്ത്രീക്ക് അനു വദിക്കാൻ കഴിയാത്തത് സമൂഹ ത്തിന്റെ പിൻതിരിപ്പൻ ചിന്താഗതി കൾ കൊണ്ടാണ്.

എല്ലാ പടിഞ്ഞാറൻ ആശ യങ്ങളേയും ആവേശത്തോടെ സ്വീ കരിച്ച നാം ഫെമിനിസം സ്ത്രീ വിമോചനം എന്നീ പദങ്ങൾ കേൾക്കുമ്പോഴേക്കും നെറ്റി ചുളിക്കു ന്നു. സമൂഹത്തിന്റെ എല്ലാ മേഖല കളിലും ഒരു പെൺനോട്ടം, ഒരു പെൺമുന്നേറ്റം, ഒരു പെൺവിശക ലനം എല്ലാം ആവശ്യപ്പെട്ട ഹ്യൂമാ നിസത്തിൽ അധിഷ്ഠിതമായ ഒരു സിദ്ധാന്തത്തെ വരേണ്യ സാമൂഹ്യ വ്യവസ്ഥിതി നൽകിയ അലസതയും, ദുർമേദസ്സും ബാധിച്ച ചില "സ്ലീവ്ലെസ്സ് മഹിളമാരുടെ" വിപ്ലവമാ യാണ് നമ്മുടെ ജനപ്രിയമാദ്ധ്യമങ്ങൾ ഇന്നും വിശേഷിപ്പിക്കുന്നത്. എന്നാൽ മനുഷ്യരാശിയെ മുഴുവൻ പാരതന്ത്ര്യ ചങ്ങലകളിൽ നിന്ന് വിമോചിപ്പിച്ചെടുത്ത് പുതിയ ആകാ ശവും പുതിയ ഭൂമിയും പ്രദാനം ചെയ്യുന്ന മനുഷ്യസ്നേഹത്തിലധി ഷ്ഠിതമായ ഒരു മതമായി അതിനെ നാം മനസ്സിലാക്കേണ്ടതുണ്ട്, ഉൾക്കൊള്ളേണ്ടതുണ്ട്.

**പ്ലീസാ സെറിൻ എബ്രഹാം**
ഒന്നാംവർഷ സാമ്പത്തികശാസ്ത്രം

കടപ്പാട് : ഗീത
(സ്ത്രീ സമത്വം-മതങ്ങളുടെ കാഴ്ചപ്പാടിൽ)

◆◆



# കടൽ കൊണ്ട് കഴുകാമോ ജീവിതത്തെ?

ചത്തടിഞ്ഞ കറുത്ത മത്സ്യങ്ങളെകൊണ്ട് കടൽതിരമാലകൾ ചിത്രം വരച്ചുകൊണ്ടിരിക്കുന്നൊരു തീരത്തേക്ക് നഗരവാസികൾ വന്നണയുകയായിരുന്നു.
കടൽവക്കിൽ പുതഞ്ഞും പുതയാതെയും കിടക്കുന്ന മീനുകൾ കൊത്തിപെറുക്കാൻ കാക്കകളും പറന്നെത്തിയല്ലോ.

ക്രമേണ നഗരവാസികൾ കടൽക്കരയിലേത്തുകയും കടലാരവത്തിനിടയിൽ സുഖഃ ദുഖങ്ങൾ അലിയിച്ചുകളയുകയും ചെയ്യുമ്പോൾ നമുക്ക് തോന്നാം,

കടൽകൊണ്ട് കഴുകാമോ ജീവിതത്തെ?

അല്ലെങ്കിൽ ഒരു ഞായറാഴ്ചയുടെ കടലിന് സാക്ഷികളായി എന്തിനാണ് ഇത്രയും പേർ?

ഉല്ലാസ ദമ്പതികളുടെ ആഹ്ളാദപ്പൂത്തിരി എത്രപ്പെട്ടെന്നാണ് അണഞ്ഞത്.

"നമുക്കിടയിലിതു കണ്ടോ"
ചത്തമീനിന്റെ കണ്ണുകൾ

കടൽക്കരയിലാകെ ചാവിന്റെ സ്പർശം എന്നാൽ പെട്ടെന്നെല്ലാവരും എല്ലാം മറക്കുകയും ചത്തമീനുകളെ ചവിട്ടി മെതിച്ചും തിരവരുമ്പോൾ നേരിടാനാഞ്ഞും പിന്നെ കാൽവലിച്ചുംനനഞ്ഞു കുനിഞ്ഞും വീണ്ടും തിരവരുമ്പോൾ നേരിടാനാഞ്ഞും.... വിരസതയുടെ പരല്പുകൾ അലിയിപ്പിക്കാനുള്ള വ്യഥാശ്രമത്തിലായിരുന്നു.
പകുതി പുതഞ്ഞുപോയ മീനുകളുടെ കണ്ണുകൾ മാത്രം തിരയിറങ്ങിയപ്പോൾ തിളങ്ങി.
"ഈ കണ്ണുകളെല്ലാം നമുക്ക് മുമ്പ് കടലെടുക്കപ്പെട്ട പൂർവ്വികരുടേതാകുമോ?"
"അല്ല. ഇതെല്ലാം നമ്മുടേതുതന്നെ!"
"ഇതെന്റെ കണ്ണാണല്ലോ?
അതുനിന്റെ കണ്ണല്ലേ?"
"ങേ! നമ്മുടെ കണ്ണുകളോ?"
" പക്ഷെ നമ്മുക്കു നമ്മുടെ കണ്ണുകളെ മറക്കാം"
"നമ്മുക്കു നമ്മെതന്നെ മറന്നാലോ?"
"എങ്കിലേ അല്പമാത്രകളിലെ സന്തോഷത്തിന്റെ വിലയറിയാനാവൂ. കുറച്ചുനേരത്തേക്ക് ആ കണ്ണുകളെ മണ്ണിട്ടുമൂടുക".

ബലൂൺ വില്പനക്കാരൻ സ്വന്തം ജീവിതം ഊതി വീർപ്പിക്കുകയായിരുന്നു. ഇനി കുറെ കൂടി വലുതാകട്ടെ എന്നാഗ്രഹിച്ചാഗ്രഹിച്ച് അയാളുടെ ജീവിതം വീർത്തുപ്പൊട്ടികൊണ്ടിരുന്നു. ഓരോ ബലൂണിനും വീർക്കാനൊരു ജീവിതമുണ്ടെന്നും അതു കഴിഞ്ഞാൽ ആദ്യം മുതൽ തുടങ്ങണമെന്ന് അറിയാമായിട്ടും ബലൂൺകാരൻ കുറേകൂടി എന്നു ചിന്തിക്കുന്നതിലെ ആസ്ക്തിയാണ് അയാളെകൊണ്ട് വീണ്ടും ബലൂൺ ഊതിനിറക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ജീവിതലക്ഷ്യവും വിശ്വാസവും അങ്കനപ്പെടുത്താനുള്ള ലഘുലേഖകൾ കടൽനോക്കിയിരിക്കുന്നവർക്കു വിതരണം ചെയ്യുന്നവർ. മുമ്പിൽ അലയ്ക്കുന്ന കടൽ ടെക്സ്റ്റ് ബുക്കാക്കി ജീവിതസമസ്യകൾക്ക് ഉത്തരമെഴുതാവുന്ന ചോദ്യപേപ്പർ വിതരണം ചെയ്തുകൊണ്ട് വർ കടലിന്റെ അരികുകളിലൂടെ നടന്നു നീങ്ങുന്നു.

കരയിലും കടലിലുമായി ഫുട്ബോൾ കളി നടക്കുകയായിരുന്നു. ഒരു വെളുത്ത ഫുട്ബോൾ കടൽക്കരയിലെത്തിയവരുടെ തലയ്ക്കു മീതെയും, മത്സ്യശവങ്ങൾക്കിടയിലൂടെയും പായുകയും ഉരുളുകയും ചെയ്തുകൊണ്ടിരുന്നു.

കടൽതിരയിലെ ചലനചിത്രങ്ങളിൽ നോക്കി അമ്പരക്കുകയായിരുന്നു പ്രേക്ഷകർ

നിങ്ങൾക്കുനേരെ വരുന്ന ഓരോ തിരമാലയും അസ്വസ്ഥ ജന്മത്തിന്റെ വിഫലമോഹങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും

അതല്ലെ, നിങ്ങൾ കടലിൽതന്നെ നോക്കിയിരിക്കുന്നത്?

കടൽവക്കിലെ നിരത്തിൽ ഓടിതളർന്ന വാഹനങ്ങൾ കിതപ്പകറ്റി. അതിൽ വന്ന് സ്പന്ദിക്കുന്ന മാംസശകലങ്ങളാണ് പലജാതി വർണ്ണ വേഷവിശേഷങ്ങളുമായി ചത്ത മത്സ്യങ്ങൾക്കിടയിലാഘോഷിക്കുന്നത്.

വെള്ളത്തിരയിൽ ഇടവേള എഴുതിക്കാട്ടി തണുത്തകാറ്റും വീശുകയാണിപ്പോൾ.

രണ്ടാം പകുതിയിൽ പ്രകാശമണയുന്ന കടൽ പരപ്പിലേക്ക് കെട്ടുവെള്ളങ്ങൾ മിന്നാമിനുങ്ങുകളുടെ മണ്ണെണ്ണവിളക്കുകൾ തെളിയിച്ച് കരയിലെ കാത്തിരിപ്പിന്റെ തിരിനീട്ടുന്നു.

വിരഹത്തിന്റെ ഇരമ്പൽ കരയിലേക്കലക്കുകയാണ്.
കാണികൾ പിരിയുകയായ്.

വാഹനങ്ങൾ നഗരത്തിന്റെ ആലക്തിക കാന്തിയിലേക്ക് ഒഴുകുകയായി.
ഇനി
ഭ്രാന്തിതള്ളയും
മുടന്തൻ കറുമ്പനും
കുരുടൻ വെളുമ്പനും
വടികുത്തിച്ചാടുന്ന അനാഥനും
അന്നത്തെ വരുമാനം എണ്ണിത്തിട്ടപ്പെടുത്താം.

ചത്തമത്സ്യങ്ങൾ മണ്ണിനു മീതെ വരുകയായി അവ തിരകളോടു ചോദിച്ചു. "ഇനിയൊരിക്കലും ഞങ്ങൾക്ക് നീന്താനാവില്ലല്ലോ എന്നിട്ടും നീ ഞങ്ങളെ വിളിക്കുന്നതെന്തുകൊണ്ട്?"
"എന്നിട്ടും നിങ്ങൾക്ക് നീന്താൻ അടങ്ങാത്ത ആഗ്രഹമുള്ളതെന്തുകൊണ്ട്?"
കടലെപ്പോഴും മത്സ്യത്തെ വിളിക്കുന്നു.
മത്സ്യമെപ്പോഴും കടലിനെയും
ബലൂൺകാരന്റെ ചരടുപൊട്ടിച്ച്
ബലൂണുകൾ കടലിലേക്ക് പറന്ന് പറന്ന്.......
വെളുത്ത ഫുട്ബോൾ മറുകരയിലേക്ക് പാഞ്ഞ് പാഞ്ഞ് .......
അപ്പോൾ പയ്യന്നൂരെ കടൽശംഖും മുഖത്ത് അലയടിച്ചു.
ഒരു ചിത കത്തിത്തീരുകയാണ്.
മൂടൽമഞ്ഞിന്റെ വഴിവിളക്കുകളിലേക്ക് വിളർത്ത മഞ്ഞവെളിച്ചം വ്യാപിച്ചുതുടങ്ങി.
രാത്രിയുടെ ബലിക്കാക്ക താണുവരികയായി.

ഒടുവിൽ അവശേഷിക്കുന്നതോ, നനഞ്ഞമണ്ണിലെ ക്രമരഹിതമായ കാലടിപ്പാടുകൾ കാക്കയ്ക്കും വേണ്ടാത്ത ചത്തമീൻ കണ്ണുകൾ.

**സനൽദേവി**
ഒന്നാംവർഷ മലയാള സാഹിത്യ ബിരുദം

◆◆



# In silence an solitude


Those innocent laughters are fading away
Those happy moments too are flying away
Instead, on the pale lips appears a meloncholic smile
And in the depth of the heart remains only a deep sigh.

Behind the lids and lashes of eyes
Rors a storm from the ocean of tears
The struggling spirit attains a strange calmness
And in the burning brain smoulder out
Sad and confused thoughts.
Nothing is eternal in this dark and cold world.
But the tears, pains and cruel realities
Whose loving cares and unexpected threats
Present the human soul nothing but
ever lasting wounds

**Muhammed Rafeeq**
II BSc. Botany

# Chemistry of a women

Substance
woman
Occurance
Exists where man exists
Symbol
Wm(Wife of man)
Age
Unpredictable
Physical change
WIFE(Worries Invited for Ever)Has high
Pressure because boils for nothing. Always
Colorful.Exists in different from and shape
Chemical change
Violent reaction. Turns reddish when
Placed beside a better looking specimen
Has strong attraction for gold, silver and
Delicate meterials like silk and cotton
When in need of something, runs in to liquid form(tears)
Equation
No proper equation possible because the
Reyaction is instantaneous and reversible
Uses
Highly ornamental. Valuable for
Consumption of old stock cosmetic. Most
Effective reducing agent for family income
Warning
Always keep beyond the reach of mirrors
Highly inflammable and explosive(Handle with care)



# ചിലന്തികൾ

ഇന്നലെയാണ്
ഞങ്ങളുടെ വയലുകളിലേക്ക്
ഒന്നുരണ്ടു ഭീമൻ ചിലന്തികളരിച്ചുവന്നത്
പൊടുന്നനെ
മഴ പെയ്യുകയും
ചിലന്തികൾ വയലുകളിലെവിടേയോ
ലയിച്ചു പോവുകയും ചെയ്തു!
വിത്തില്ലാത്ത ആപ്പിൾ തിന്ന്
മുത്തശ്ശൻ മരിച്ചതുമന്നായിരുന്നു....
ക്രമേണ
ഞങ്ങളുടെ വയലുകൾ തരിശുനിലങ്ങളായി
കൃഷിയിടങ്ങളിലേക്ക്
ചിലന്തികളെ തിരഞ്ഞ്
ചിലരൊക്കെ തോക്കുമായിറങ്ങി
പോയവരൊന്നും പിന്നീട്
തിരിച്ചു വന്നില്ല......
എലികളും ചിതലുകളും പെരുകി
സ്വപ്നം കാണാനാകാതെ
ഓർമ്മകളിലേക്ക് മാത്രമായ്
ഞങ്ങൾ ഉരുകിയൊലിച്ചു....
അസ്ഥികളിലിപ്പോൾ
വിശപ്പിന്റെ മുള്ളുവേലി
പ്രണയത്തിന്റെ ഭൂപടങ്ങളിൽ
നമ്മൾ
നീലിമതേടി അലയുകയാണ്.
അഗ്നി പൂത്ത
വയലുകളിലേക്ക് നോക്കി

കാമുകീ
നമുക്കിനി
മരണാനന്തരം സ്വപ്നം കാണാം
ഉൾത്തടങ്ങളിലിന്ന്
അമ്മയുടെ ഹരിതസാമീപ്യമില്ല
മഴത്തുള്ളികളായ്
പ്രണയിനിയില്ല.
ചുമരിൽ
ഒരാത്മഹത്യാകുറിപ്പ്
അനിയന്റെ
ഒരു കയ്യൊപ്പും.....
ഓർമ്മയുടെ ജലജാലകങ്ങളിൽ
ആരോ വരച്ചിട്ട ഒരു കൊളാഷ്
ഒരു ഭീമൻ ചിലന്തിയെ സ്വപ്നം കണ്ട്
സഹോദരി ഞെട്ടിയുണരുമ്പോൾ
മുറ്റത്തുനിന്ന്
ഒരു കൂട്ടം ചെന്നായ്ക്കൾ പടിയിറങ്ങുന്നു.....
അനിയത്തീ,
ഇപ്പോഴിത് *കൊമാലയാണ്
ചത്തവരുടെ നാട്ടിൻപുറം
ഒരു നിലാവുള്ള രാത്രിയിൽ
ദാഹിച്ച് പുറത്തിറങ്ങുമ്പോൾ
ആകാശം നിറയെ
കഴുകന്മാർ......

*കൊമാല - ഹുവാൻ റുൾഫോയുടെ പെഡ്രോ പരാമോ എന്ന നോവലിലെ മരിച്ച ഗ്രാമം

ശ്രീകാന്ത് പി. നായർ
മൂന്നാംവർഷ ഗണിതശാസ്ത്രം

# വേലിയുടെ നിർവ്വചനം

അപ്പുറവും ഇപ്പുറവും അല്ലാത്തത്. അകലാനും അടുക്കാനും ആകാത്തത്, വിളവ് തിന്നാൻ അനുവാദമില്ലാത്തത്. വേലികൾ- ഇനിയും പേരിട്ടിട്ടില്ലാത്ത ഒരു രാജ്യത്തിന്റെ അവകാശികൾ. എല്ലാം നിർണ്ണയിക്കുമ്പോഴും സ്വയം നിർണ്ണയിക്കാനാകുന്നില്ല അവയ്ക്ക്. ആരുടെയുമല്ലാത്ത, എല്ലാവർക്കും നടുവിൽ ചോദ്യരഹിതമായ ഉത്തരം പോലെ വേലി രണ്ട് ദേശങ്ങൾക്കിടയിൽ വേലി പലപ്പോഴും അരക്ഷിതനാണ്.

വേലി പ്രാഥമികമായി ഒരു അടയാളമാണോ കവചമാണോ എന്ന തർക്കം. വേലി സൗകര്യമോ ആവശ്യമോ എന്ന സംശയം. എന്തിനാണ് വേലികൾ എന്ന് ചോദിക്കുമ്പോഴും എന്താണ് വേലികൾ എന്ന് ചോദിക്കാറില്ല. ഒരിക്കൽ പക്ഷിക്കുഞ്ഞ് അമ്മയോട് പറഞ്ഞു, ആകാശത്തിലൂടെ അലസം പറക്കാനുള്ള പാഠങ്ങൾ പോരാ താഴേക്ക് ഭൂമിയിലേക്ക് ചുഴിഞ്ഞിറങ്ങാനുള്ള ജ്ഞാനം വേണം. പക്ഷിത്തള്ള ഭയന്നു. വലയും കെണിയുമുണ്ടവിടെ, വിഷവും കവണയുമുണ്ട്. ഭൂമിയിലെത്തിയപ്പോൾ പക്ഷിക്കുഞ്ഞിന് അത്ഭുതമായി. മനുഷ്യന്റെ ചിറകുകൾചുരുണ്ടുകൂടി നീണ്ട കൈകളായിരിക്കുന്നു. നിറയെ അതിരുകൾ, അവയ്ക്കുള്ളിൽ അഹങ്കാരികളായ രാജാക്കന്മാർ. തവളയ്ക്ക് പോലുമുണ്ട് ഒരു കിണറിന്റെ സാമ്രാജ്യം. പക്ഷിക്കുഞ്ഞ് പറഞ്ഞു ചിറകുകൾ ശാപമാണമ്മേ. വിഡ്ഢിയുടെ സന്തോഷം അത് നിഷേധിക്കുന്നു. അതിരുകൾ വേണമമ്മേ അപ്പോൾ സ്നേഹം അതിരു കവിയില്ല. ഉള്ളതൊന്നും പങ്കിടുകയും വേണ്ട. വീട്ടിലിരിക്കുമ്പോൾ പുറം ലോകം ഒരു പ്രലോഭനമാണ്. പുറത്തായിരിക്കുമ്പോൾ വീട് ഒരു ആവശ്യമാണ്. ജീവിതത്തില മരണം കൊതിക്കുന്നവർ, മരണത്തിൽ ജീവിതത്തെ ആശിക്കാറുണ്ടാകുമോ? ആർക്കാണ് കഴിയുക. എല്ലാ കാലവും ഒരവസ്ഥയിൽ തന്നെ തുടർന്നു കൊണ്ടിരിക്കാൻ! കടൽ കടന്ന് പോകുന്നവർ തിരിച്ചു വരുന്നു. വീണ്ടും ആവർത്തിക്കുന്നു. പക്ഷേ, കടലിൽ ആരും വീട് പണിയുന്നില്ല. വേലിപ്പുറത്ത് ആരും ഇരിക്കാത്തതുപോലെ വേലി വല്ലാത്തൊരു അസ്ഥിരതയാണ്.



ഒരു അക്കരപ്പച്ച എപ്പോഴുമുണ്ട്. ഉപേക്ഷിച്ചുപോകുന്ന ഇക്കരെ, അതിർത്തി കടക്കുമ്പോൾ, ഒരു നഷ്ടപ്പെട്ട അക്കരപ്പച്ചയായി അവനെ വിഷാദിപ്പിക്കുന്നു. അതിർത്തി മുറിച്ച് കടക്കുകയല്ല, മായ്ച്ച് കളയുകയാണ് ഉചിതം. പക്ഷേ, രാജ്യം വലുതാകുമ്പോൾ, സ്വയം ചെറുതായി അപ്രസക്തമാകുന്നുവോ എന്ന ഭീതി അവനെ അലട്ടുന്നു. പലതും നേടുമ്പോൾ സ്വയം നഷ്ടപ്പെടുന്ന വിചിത്രാനുഭവം.

ഇരുതോണിയിൽ കാലിടുന്നവൻ ശ്രമിക്കുന്നതു രണ്ട് തോണികൾക്കിടയിലുള്ള അകലം കളഞ്ഞ് ഒരൊറ്റ തോണിരാജ്യമാക്കാനാണ്. പക്ഷേ, ചിലപ്പോൾ തോണികൾക്കിടയിലൂടെയുള്ള ജലാശയത്തിലേക്ക് വീണ് സ്വയം നഷ്ടപ്പെടാനായിരിക്കും അവന്റെ വിധി.

കണ്ണിനെപോലെയല്ല കൈ. തൊട്ടാൽ പൊള്ളുന്ന അനുഭവങ്ങൾ കൈയ്യിലുള്ളതാണ്. കൈയ്യെത്തിപ്പിടിക്കാനാകാത്തതിന്റെ നൈരാശ്യവും കൈയ്യിനുള്ളതാണ്. ഇഷ്ടമായതിലൊക്കെ കണ്ണുവെക്കുന്നതിന്റെ സുഖം കണ്ണിനാണ്. ഇക്കരെയിരുന്ന് കൊണ്ട് അക്കരപ്പച്ചയിൽലേക്ക് കണ്ണുപായിക്കാൻ കണ്ണിനാവും. എല്ലായിടത്തും ഓടി നടക്കുന്ന വാശിക്കാരനായ കുട്ടിയാണ് കണ്ണ്. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന കൈകാലുകളെപ്പോലെ പ്രാരാബ്ധക്കാരനല്ല കണ്ണ്. കൈ നിറയെ കിട്ടുമ്പോൾ, കൺനിറയെ കാണാനുള്ള ഭാഗ്യമുണ്ട് കണ്ണിന്. പക്ഷേ കൺനിറയെ കാണുമ്പോഴും കൈപ്പിടിയിലൊതുക്കാനാകാറില്ല കൈയ്യിന്.

സർക്കസിൽ മരണക്കിണറിലെ അഭ്യാസിയുടെ സഞ്ചാരം ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള ഒരു ചുമരിലൂടെയാണ് ഒരേ യാത്രകൾ തന്നെ ആവർത്തിച്ച്, അയാൾ ജീവിതത്തിൽ തുടരുന്നു. ജീവിച്ചുപോകാനുള്ള കാശുണ്ടാക്കുന്നു. ജീവിതത്തിന്റെ അതിർത്തി കടക്കുന്നത് വല്ലാത്തൊരു അത്ഭുതമാണ്.

മരണം - ഒരു വശത്തേക്കു മാത്രം തുറക്കുന്ന വാൽവ് പോലുള്ള വാതിൽ തുറന്ന് ഓർക്കാപ്പുറത്തൊരു ദേശാടനം. തിരക്കുപിടിച്ചു പോകവെ, തിരിച്ചു കയറാനാവാത്ത ഒരു കിണറിലേക്ക് വീണുപോയതുപോലൊരു വെപ്രാളം.

ജീവിതത്തിൽ നഷ്ടപ്പെടുന്നതൊക്കെ എവിടെയോ നമ്മെ കാത്തിരിക്കുന്നുണ്ടാകുമോ? നഷ്ടപ്പെടുക എന്നാൽ ഇല്ലതാകുക എന്നലല്ലോ അർത്ഥം.

രണ്ടു തരം ജീവിതങ്ങളെ ഉള്ളൂ. യാത്രകളും ഭ്രമണവും. പരിക്രമണവും സ്വയം ചുറ്റുകയും മറ്റൊന്നിനെ ചുറ്റിക്കറങ്ങുകയും മാത്രം. തുടങ്ങിയിടത്തു തന്നെ അവസാനിക്കുകയും അവസാനിക്കുന്നിടത്ത് നിന്ന് തുടങ്ങുകയും ചെയ്യുന്ന യാത്രകൾ, ജീവിതങ്ങൾ. തിരിച്ച് വരാൻ വേണ്ടിയുള്ള പുറപ്പെടലുകൾ. വീട്ടിൽ നിന്നിറങ്ങി വീട്ടിൽ തിരിച്ചെത്തുന്ന ജീവിതങ്ങൾ. പുഴ കടലിലെത്തി വെയിലുകൊള്ളുന്നത് വീണ്ടും മഴയാകാനും

പുഴയായി കടലിലേക്കൊഴുകനുമാണ്.

അതിരിട്ട ജീവിതങ്ങൾ ഒരു വൃത്തപരിധിക്കകത്ത് ചുടിത്തിരിഞ്ഞ് കൊണ്ടേയിരിക്കുന്നവർ.

അതിലുള്ളത്- നഷ്ടമായ സർവ്വ ഐശ്വര്യങ്ങളും തിരിച്ചു തരണമെന്ന പ്രാർത്ഥനകൾ, എന്നും കൂടെ വേണമെന്ന കാമുകിയുടെ വിതുമ്പലുകൾ, ചെയ്ത ഉപകാരത്തിന് നന്ദിവേണമെന്ന പിറുപിറുക്കലുകൾ.

ഭ്രമണവും പരിക്രമണവും - ഒരു ഊഞ്ഞാലാട്ടം പോലെ സുരക്ഷിതമായ ആകാശയാത്രകൾ. എങ്ങുമെത്താത്തവ, എന്നിട്ടും ഭ്രമണപഥത്തിൽ നിന്ന് പുറത്തുപോകുന്ന ഉൽക്കകൾ വേഗം എരിഞ്ഞു തീരുമെന്ന് നീ വിശ്വസിച്ചു. എല്ലാവരും ആഹ്ലാദിക്കുന്ന ഉൽക്കയുടെ തീത്തിളക്കം വേണ്ടെന്ന് നീ തീരുമാനിച്ചു. നിനക്ക് സ്നേഹത്തിന്റെ ചുരുക്കെഴുത്തുകൾ മതിയായിരുന്നു. സ്നേഹം വെട്ടിയൊതുക്കി ചെറുതാക്കി പാകപ്പെടുത്തുമ്പോൾ ചോര പൊടിയുകയും വേദനിക്കുകയവും ചെയ്തു എനിക്ക്.

നീ പറഞ്ഞു ആവശ്യമില്ലാത്ത ഓരോ തോന്നലുകൾ

പക്ഷേ സ്നേഹം ആവശ്യമില്ലാത്ത ഒരു തോന്നലാകുന്നതെങ്ങനെ?

നമുക്കിടയിൽ ഏറെ അകലമുണ്ടെന്ന് പറയുന്നവൻ അർത്ഥമാക്കുന്നത് മതിലുകളെയാണ്. എന്റെ ലോകത്തിലേക്ക് നീ വരാതിരിക്കാൻ അഥവാ നിന്റെ ലോകത്തിലെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ വേലിയുടെ ഇക്കരെയാണ് ഞാൻ എന്ന ന്യായം.

തിരിച്ചു വരുന്നവരെല്ലാം ഏതോ തോൽവിയിൽ നിന്ന് രക്ഷ നേടി വരികയാണ്. വീടിന്റെ, നാടിന്റെ തണലിലേക്ക്. വഴികൾ തിരിച്ച് നടക്കുന്നത് കാലത്തെ തോല്പിക്കാനല്ല, സ്വയം രക്ഷിക്കാനാണ്. ചിലപ്പോൾ അവൻ പറയും പാലായനങ്ങൾ എനിക്ക് നൽകിയത് വഴിയോരക്കാഴ്ചകൾ മാത്രം. അവ(വഴിയോരക്കാഴ്ച്ചകൾ) ആരുടെയും കൂട്ടുകാരാകുന്നില്ല. എപ്പോഴും എതിരെ മാത്രം സഞ്ചരിച്ച് അവ അകലാൻ വെമ്പും. കാത്തിരിക്കുന്നവർ ഭാവികാലത്തിലും ഭൂതകാലം കൊണ്ട് ജിവിക്കാനാണ് കൊതിക്കുന്നത്.

ജയിക്കുന്നവന് അതിരുകൾ ആവശ്യമില്ല. ജയിക്കുന്നവൻ അതിരറ്റ് സന്തോഷിക്കുന്നു. തോൽക്കുന്നവൻ അതിർത്തികൾ ദൃഢീകരിക്കുന്നു. അതിരുകളെ തൊട്ടുനോക്കി ഞാൻ നിലനിൽക്കുന്നു എന്ന ഉറപ്പു വരുത്തുന്നു. അവൻ അതിരുകളെ ആഘോഷമാക്കുന്നു. എല്ലാ ഉത്സവങ്ങളും ഒരു ആത്മവഞ്ചനയാണ്. സ്വന്തം തോൽവിയെ മറച്ചു പിടിക്കാനുള്ള ഒരു ഉടുത്തൊരുങ്ങലാണത്. ഉത്സവദിനം സമൃദ്ധികൊണ്ട് നിറയ്ക്കാൻ, അനേകം ത്യാഗം അനുഷ്ഠിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഓണം ഉണ്ണാൻ കാണം വിൽക്കുന്നത്.

യാത്രയിൽ തന്നെ ഉറച്ചുപോയ നല്ല സഹയാത്രികരുണ്ട്. കൂടെയുള്ളവർക്കായി എല്ലാം പങ്കും വെച്ച് അവർ നിസ്സഹയരാകുന്നു. എല്ലാ ഭൂപ്രദേശങ്ങളിലൂടെയും അയാൾ സഞ്ചരിക്കുന്നുണ്ട്. പക്ഷേ, എവിടെയുമല്ലാത്തതിനാൽ ഒരിടത്തുമല്ലാത്ത ഒരാളായി അയാൾ അപ്രസക്തനാകുന്നു. എല്ലാ വീരവാദങ്ങൾക്കും നാട്യങ്ങൾക്കും ശേഷം ഓരോരുത്തർക്കുമുണ്ടായിരുന്നു സ്വസ്ഥമാകാൻ ഒരിടം. അതിരുകൾ നിരസിക്കുന്നവന്റേത് അസ്ഥിരമായൊരു ജീവിതമാണ്.

ലക്ഷ്മണൻ നല്ല സഹയാത്രികനായിരുന്നു. നിരണിതമായ അതിരുകൾക്കപ്പുറത്തേക്ക് സ്നേഹം കൊടുത്തതിന്റെ ശിക്ഷയാണ് ലക്ഷ്മണൻ അനുഭവിച്ചത്. മറ്റൊരു ഭൂവിഭാഗത്തിലാകുമ്പോൾ സംശയപൂർണ്ണമായ സാന്നിദ്ധ്യമാണ് ഫലം. മനുഷ്യന് അതിരുകളും പ്രധാനമാണ്, സ്നേഹത്തേക്കാളും. ചിലപ്പോൾ എത്രയോ അതിരുകൾ മുറിച്ചുകടന്നാലാകും മറ്റൊരാളെ മനസ്സിലാക്കനാവുക, സ്നേഹിക്കാനാവുക.

പെണ്ണ് ശീലിച്ച ഒരു ഭയമുണ്ട്. പുരുഷൻ തന്നെ ഇരയാക്കുമോ എന്ന ഭയം. തന്റെ സ്വകാര്യതയുടെ അതിരുകൾക്കകത്തേക്ക് പുരുഷൻ കടന്ന് കയറുമോ എന്ന ഭയം. അതുകൊണ്ട്, ഇഷ്ടപ്പെടുന്ന പുരുഷന്റെ അതിരുകൾക്കകത്തേക്ക് അവൾ കയറി ഇരിക്കുന്നു.

മഹാബലിയുടെ കാരുണ്യത്തിനു മുകളിൽ ഭീകരമായി വളർന്ന ദേവന്റെ ചതിച്ചവിട്ടേറ്റ്, മഹാബലിക്ക് സ്വന്തം അതിർത്തികൾ നഷ്ടമായി. ദാനം സവർണ്ണന്റെ ഒരവകാശമാണ്. ദാദാവിനെപ്പോലും ചിവിട്ടി മെതിക്കാവുന്ന കനപ്പെട്ട ഒരവകാശം. കവചകുണ്ഡലം ദാനം ചെയ്ത് അനശ്വരത്വം കൈവെടിയേണ്ടി വന്ന കർണനും ആഢ്യാതിർത്തിക്ക് - പാണ്ഡവാതിർത്തി - വെളിയിലായിരുന്നല്ലോ. ദേവനീതി എന്നത് ദേവനോടുള്ള നീതി ആണ്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ വരുന്ന വിദേശിക്ക് സവർണന്റെ കഥകളിയാണ് വിളമ്പുക.

നിഴൽ പോലെ കൂടെ ചലിക്കുന്ന അതിരുകളാണ് സവർണന് ഉണ്ടായിരുന്നത്. അതിരുകളെ കൂടെ കൊണ്ടുനടന്ന് അതിരില്ലാത്ത ആശയങ്ങൾ ആസ്വദിക്കുകയായിരുന്നു സവർണൻ.

പലപ്പോഴും പലർക്കും അതിരുകൾ സ്വയം അടയാളപ്പെടുത്തുകയും

അന്യനെ മായ്ച്ചുകളയുകയും ചെയ്യാനുള്ള നീതിശാസ്ത്രമാണ് വേലി, അധികാരത്തിന്റെ ഭൂപടമാണ്.

പാടവരമ്പ് ഒരു അർദ്ധവേലിയാണ്. പലദേശങ്ങളിലേക്ക് സഞ്ചരിക്കാനുള്ള ഒറ്റയടിപ്പാത. കൈകോരത്ത് നടക്കാനാകില്ലെങ്കിലും എതിരെ വരുന്നവന് വഴിയൊതുങ്ങേണ്ടി വരുമെങ്കിലും വയൽവരമ്പ് ഉദാരമായൊരു അതിർത്തിയാണ്. പാടങ്ങൾക്കും വരമ്പുകൾക്കും മീതെ മണ്ണിട്ട്, മതിലുകെട്ടി, വീട് വെച്ച് നാം താമസിക്കും. ഒരു പക്ഷേ, നമുക്ക് താഴെയുള്ള മണ്ണ് കുഴിച്ചുനോക്കിയാൽ കാണാം. മനുഷ്യർ കൂട്ടമായി കഴിഞ്ഞിരുന്ന കാലം, അവർ ഒരുമിച്ച് വേട്ടയാടിയത്, അവർ കാട്ടിലൂടെ അലഞ്ഞു നടന്നത്, ഭക്ഷണം പങ്കുവെച്ച് കഴിച്ചത്. പക്ഷേ, നമ്മൾ മണ്ണു കുഴിക്കാറൊന്നുമില്ല. സ്വീകരണമുറിയുടെ വാതിലടച്ച് ആരും ചെയ്യാൻ വരരുതേ എന്ന വിചാരിച്ച് ടി.വി.യുടെ ചതുരവെളിച്ചത്തിൽ പല കാഴ്ചകളും പ്രതീക്ഷിച്ച് അങ്ങനെ ഇരിക്കും.

വേലിക്ക് തുല്യ ഗാഢതയല്ല എല്ലായിടത്തും. ഇത് ലംബമായ കാലപരിഗണനയിൽ മാത്രമല്ല, തിരശ്ചീനമായും വാസ്തവമാണ്.

പാട്ടത്തിന്റെ ജീവിതം പക്ഷിയുടെതു പോലെയല്ല. നിയന്ത്രിക്കപ്പെട്ട അതിരുകൾ, ഒറ്റത്ത് കുട്ടി, കുട്ടിയിൽ നിന്ന് രക്ഷപ്പെടുമ്പോൾ താഴേക്കുള്ള കൂപ്പുകുത്തൽ.

വാസ്തവത്തിൽ പട്ടം ആരുടേതാണ്? കുട്ടിയുടേതോ ആകാശത്തിന്റേതോ അതോ അവസരം നിലം പതിക്കേണ്ടു ഭൂമിയുടേതോ?

ദൂതനെക്കുറിച്ചുമുണ്ട് ഈ അനിശ്ചിതത്വം. സന്ദേശം കൊടുത്തും തിരിച്ചുവാങ്ങിയും സഞ്ചരിക്കുമ്പോൾ അയാൾ ഏതു ദേശത്തിന്റേതാണ്? ദൂതൻ അതിർത്തികൾ ഭേദിച്ച് നീളുന്ന നാവാണ്.

പക്ഷേ,
തനിച്ചാകുമ്പോഴും,
ദൂത് ദൂതനോട് ഒന്നും പറയുന്നില്ല
ദൂതൻ എപ്പോഴും
അന്യനും സ്വയം തീർച്ചയില്ലാത്തവനുമാണ്
ദൂതന്റെ ചാരനോ ഒളിഞ്ഞുനോട്ടക്കാരനോ അല്ല.
ഒളിഞ്ഞു നോക്കുന്നവൻ
കാഴ്ചയുടെ രാജാവാണ്
അവൻ കാഴ്ചയെ
മുഴുവനായറിയുന്നു
മറച്ചുപിടിച്ചൊരു കാഴ്ചയായി
മാറി
ഒളിച്ചുവെച്ച ദൃശ്യത്തിന്
അവൻ ജാലകം പണിയുന്നു.
രഹസ്യദൃശ്യത്തിന്റെ അതിരുകളെ
ആശ്ചര്യപൂർവ്വം വിസ്തൃതമാക്കുന്നു.

കാഴ്ച നീട്ടി കിട്ടുംപോലെ തന്നെയാണ് നൃത്തവും. നൃത്തം കൈകാലുകളുടേതല്ല. നൃത്തം മനസ്സിന്റെ ഇളക്കമാണ്. ശരീരത്തിന്റെ അതിരുകളെ ഭേദിക്കാനുള്ള മനസ്സിന്റെ കൊതി. തെന്നി, തുള്ളി, തെറിച്ച്, വിടർന്ന് നൃത്തം പുതിയൊരു വികസിത ഘടന തേടുകയാണ്. ഒറ്റത്വത്തെ ഭേദിച്ച് കൂട്ടമാകാനുള്ള ശ്രമമാണ് നൃത്തം. തനിച്ച് ചെയ്യുന്ന നൃത്തം പോലും മറ്റൊരാൾക്ക് വേണ്ടിയുള്ള അന്വേഷണമാണ്.

ആരോ ഊതിക്കയറ്റുന്ന അതിമോഹങ്ങൾക്കു മുമ്പിൽ ബലൂൺ നിസ്സഹായനാണ്. മറ്റുള്ളവരുടെ അഹങ്കാരങ്ങൾക്ക് ബലൂൺ വില നൽകുന്നത് സ്വന്തം ജീവിതം തന്നെയാണ്. എന്നിട്ടും എന്തെല്ലാം ആരോപണങ്ങൾ സഹിക്കണം ഒരു ബലൂണിന് അത്യാഗ്രഹം കൊണ്ട് സ്വയം നശിക്കുന്ന രാജാവിനെപ്പോലെയെന്ന്, വലിയ അതിരുകൾ മോഹിച്ച് വീർത്തു പൊട്ടിപ്പോകുന്നവയെന്ന്, അകം പൊള്ളയായ രാജ്യമാണെന്ന്.

അതിർത്തികൾ സുനിശ്ചിതമാണെന്ന് ഗുണപാഠമുള്ള ഒരു കഥയുണ്ട്.

പക്ഷേ, ഒരു കഥയ്ക്ക് ഗുണപാഠം വേണമെന്നുണ്ടോ?

ചോദ്യങ്ങൾ ഉത്തരങ്ങളെക്കൊണ്ട് കെടുത്തിക്കളയണമെന്ന് വാശിപിടിക്കുന്ന അദ്ധ്യാപകനെപ്പോലെ, ഒരു ചോദ്യത്തിന് വളഞ്ഞ കൊളുത്തിവലിച്ച്കൊണ്ട് അലോസരപ്പെടുത്തിക്കൊണ്ടേ ഇരിക്കാൻ അവസരം കൊടുക്കാത്തതുപോലെ, പതിവ് ചടങ്ങിൽ നിന്ന് മാറി നിൽക്കുന്ന ചോദ്യത്തെ ഉത്തരമില്ലാത്ത ചോദ്യമെന്ന് ജന്മവൈകല്യം ആരോപിക്കുന്നതു പോലെ, ചോദ്യത്തിന്റെ ഇണയാണ് ഉത്തരമെന്ന് സമാധാനിക്കും പോലെ.

എന്നാൽ,

ഒരു ചോദ്യവും പൂർണ്ണമാണ്, ഉത്തരം അപൂർണ്ണവും. എന്നിട്ടും മുഴുവൻ മാർക്കും കൊടുത്ത് ഉത്തരങ്ങളെ മാത്രം ജയിപ്പിക്കും. പക്ഷേ, ചോദ്യമാകുമ്പോഴാണ് കഥ പൂർണ്ണമാവുക. കഥ ഉത്തരമാകുമ്പോൾ അതിലൊരു ഗുണപാഠത്തിന്റെ തീർപ്പ് അടങ്ങിയിരിക്കും.

എന്നാൽ,

കഥയുടെ അവസാനം മാറ്റിവരച്ചാൽ, കഥ മാറുമോ? ഗുണപാഠം മാറുമോ?

ഒരു രാജ്യത്തിന്റെ അതിരുകൾ മാറ്റിവരച്ചാൽ, രാജ്യം മാറുമോ? അതോ................?

ഇനി കഥ എഴുതാം.

**കഥയിലേക്ക്**

ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ വിശപ്പ് കടുത്ത പ്രശ്നമായപ്പോൾ പൂച്ചകൾ എലികളെ ഇരകളായി കാണാൻ തുടങ്ങിയിരിക്കണം. വിശപ്പ് എളുപ്പത്തിൽ പരിഹരിക്കാവുന്ന ഒന്നായി മാറിയിട്ടും, ഈ ശത്രുത തുടരുന്നതെന്തിനാണ്? ഓടുകയും,ഒളിക്കുകയും തീരാത്ത പക മനസ്സിലിട്ട് നടക്കുകയും............. എത്രയോ മുമ്പ് ഇതൊക്കെ നിർത്തേണ്ടതായിരുന്നു. എലികൾ ശല്യമാകുമ്പോൾ പൂച്ചകളെ അരുമയോടെ വളർത്തുകയും എലികളെല്ലാം ഒടുങ്ങുമ്പോൾ പൂച്ചകളെ അടിച്ചോടിക്കുകയും.........ഇനിയും നമ്മൾ ആരുടെയും ഉപകരണങ്ങളായിക്കൂടാ.

മുകളിലേക്ക് നോക്കി, എലിയെ തൊടാതെ കിടന്നാണ് പൂച്ച ഇത്രയും പറഞ്ഞത്.

ആദ്യരാത്രിയുടെ സുഖദമായ ഇരുട്ടിൽ ഇപ്പോഴിത് വേണ്ടിയിരുന്നെന്ന് തോന്നുന്നുണ്ടോ? എന്ന് ചോദിക്കുമ്പോൾ എലി ഇത്തരമൊരു മറുപടി ആയിരുന്നില്ല പ്രതീക്ഷിച്ചത്. ചോദ്യത്തിലെ ഭയത്തെ നിഷേധിച്ച് സ്നേഹത്തോടെ ചേർത്തു പിടിച്ച് ഒരു പുഞ്ചിരിയോടെ പതുക്കെയൊന്ന് ചുംബിക്കുകയോ മറ്റോ. വിവാഹപ്പന്തലിൽ ചടങ്ങുകൾക്കായി കാത്തിരിക്കുമ്പോൾ കയ്യിലൊന്ന് നുള്ളി ഒന്നുമറിയാത്ത ഭാവം നടിച്ചിരുന്നതു പോലൊരു കുസൃതി ചെയ്തേക്കുമെന്ന എലിയുടെ മോഹത്തിലേക്ക് പൂച്ചയുടെ കൂർക്കം വലി ഇഴഞ്ഞുകയറി.

വിവാഹത്തിന്റെ ആദ്യനാളുകളൊന്നിൽ, കുഴിമാന്തി അതിൽ കാഷ്ഠിച്ച് മണ്ണിട്ടു മൂടി, എലി പൂച്ചയുടെ മുഖത്ത് പടർന്നേക്കാവുന്ന ഒരാശ്ചര്യഭാവം കാണാനായി കാത്തിരുന്നു. പൂച്ചയാണെങ്കിൽ പ്രതീക്ഷിച്ചിരുന്നതെന്തോ സംഭവിച്ചു എന്ന മട്ടിൽ ഭാവഭേദമേതുമില്ലാതെ നിൽക്കുകയായിരുന്നു. വാലാട്ടി നന്ദി പ്രകടിപ്പിക്കുന്ന സ്വഭാവം എലിയും സാവധാനം വശപ്പെടുത്തിയിരുന്നു.

സത്യത്തെക്കുറിച്ചുള്ള വലിയ വാദങ്ങളൊക്കെ അത്രയൊക്കെ വേണോ എന്നൊരു മിതവാദത്തിലേക്ക് ചുരുക്കുകയായിരുന്നു എലിയുടെ പതിവ്. മുടക്കത്തിനും ഒടുക്കത്തിനും ഇടയ്ക്കുള്ള നിരവധി ഒത്തുതീർപ്പുകളാണ് ജീവിതം എന്നൊരു മുൻവിധിയും ഉണ്ടായിരു

ന്നു. ആളൊരു വാശിക്കാരനാ, മൂക്കത്താണ് ശുണ്ഠി, ഇടയ്ക്കൊന്ന് താണ് കൊടുത്താൽ തണുത്തോളും എന്ന് അടുത്ത സുഹൃത്തുകളോട് പൂച്ചയെ ക്കുറിച്ച് പറയുകയും ചെയ്യും. വലിയ താളപ്പിഴയില്ലാത്ത കുടുംബജീവിത ത്തേക്കാൾ വലുതായി മറ്റൊന്നുമില്ല എന്ന സാധാരണമായ കാഴ്ചപ്പാടായി രുന്നു എലിക്ക്.

എന്തൊക്കെ ദേഷ്യം കാണിച്ചാലും തൊട്ടതിനും പിടിച്ചതിനുമൊക്കെ ഞാൻ വേണം എന്ന് ഒട്ടൊരു അഭിമാനത്തോടെ ഇടയ്ക്കിടയ്ക്ക് പറയാറു ണ്ടായിരുന്നു അവൾ. ഓണച്ചന്തയോ മറ്റോ ഉണ്ടാകുമ്പോൾ തനിക്കായി വാങ്ങിച്ച പുതിയ വസ്ത്രങ്ങൾ അയൽക്കാരെ കാണിക്കുകയും ചെയ്യും. അങ്ങനെ അയൽക്കാരൊക്കെ അവർക്ക് നല്ല സുഖമാണെന്ന നിഗമനത്തിലെ ത്തിയിരുന്നു.

വിവാഹത്തിന്റെ ഒന്നാം വാർഷികം എലി വളരെ പ്രതീക്ഷയോടെയാണ് വരവേറ്റത്. സാധാരണ ദിവസങ്ങളെപ്പോലെ തന്നെ പൂച്ച ആ ദിവസത്തെയും സ്വീകരിച്ചപ്പോൾ ഇത്തരം ആഘോഷങ്ങളിലൊന്നും വലിയ കാര്യമില്ലെന്ന് എലി അതിനെ ന്യായീകരിക്കുകയും ചെയ്തു.

അന്ന് രാത്രി കിടപ്പറയിൽ അടക്കാനാവാത്തൊരു സ്നേഹഭാവം മുഖത്ത് പടർത്തിയിട്ട് എനിക്ക് നിന്നെ തിന്നാൻ തോന്നുന്നുവെന്ന് പറയു കയും എലിയുടെ ചുണ്ടിൽ ചെറുതായി കടിക്കുകയും ചെയ്തു പൂച്ച. ഇതി നുമുമ്പൊരിക്കലും ഇങ്ങനെയൊരു സ്നേഹപ്രകടനം ഉണ്ടായിട്ടില്ലല്ലോ എന്ന് അത്ഭുതപ്പെടുകയായിരുന്നു എലി. കടിച്ച് കടിച്ച് കീഴ്ചുണ്ട് പറിച്ചെടുത്ത പ്പോൾ എലി ഒരാദിമ വികാരം നിറയുകയും ജന്മസ്വഭാവത്തോടെ പിടയു കയും ചങ്ക് നിറഞ്ഞുവന്നത് നിലവിളിക്കായി വാ പിളർത്തുകയും ചെയ്തു എലി.

ഒട്ടു കാത്തിരിക്കാൻ വയ്യാതെ എലിയുടെ കവിളിൽ കടിക്കാൻ തുട ങ്ങിയിരുന്നു പൂച്ച. പതഞ്ഞു വന്നൊരു ധൃതിയിൽ പൂച്ചയുടെ പല്ലുകൾ നിര ന്തരം ചലിച്ചുകൊണ്ടേയിരുന്നു.

കഥ തീർന്നു.

പക്ഷേ,

വേലിയെ കഥ കൊണ്ട് വിശദീകരിക്കുക എളുപ്പമാണ്. പക്ഷേ അതി ലൊരു ഗൂഢതന്ത്രമുണ്ട്. എങ്ങോട്ടും തിരിച്ചിടാവുന്ന ഒരായുധം പോലെയാണ് കഥ. കൈമാറുന്നതനുസരിച്ച് മൂർച്ചയും ഉപയോഗവും വ്യത്യാസപ്പെട്ടുകൊ ണ്ടിരിക്കും. കഥ എല്ലാവർക്കും ഒന്നല്ല.

കഥ കാര്യമാണെന്നും കളിയാണെന്നും പറയുന്നവരുണ്ട്.

കളിയല്ല കാര്യം!

കാര്യമാകുമ്പോൾ കിറുകൃത്യമായിരിക്കും, കാര്യമാത്ര പ്രസക്തമായിരിക്കും എന്റെ കാര്യത്തിൽ നീ ഇടപെടരുത് എന്ന് പറയും. നിന്റെ കളിയൊന്നും എന്നോടുവേണ്ട എന്ന് പറയുമ്പോഴും അത് കാര്യമാണ്.

നല്ല കളിക്കാരൻ എപ്പോഴും എതിർപക്ഷത്തിന്റെ കളത്തിലായിരിക്കും- എതിർ ഗോൾമുഖത്തേക്ക് പന്തടിക്കുന്നവൻ, അപ്പുറത്തുള്ളവന്റെ കളത്തിൽ ടെന്നീസ് പന്ത് വീഴ്ത്തുന്നവൻ, എതിർ ടീമിന്റെ അതിർത്തിക്ക് മുകളിലൂടെ ക്രിക്കറ്റ് പന്ത് പായിക്കുന്നവൻ.

കളി വളരെ ഉദാരമാണ്. കളിയിൽ തോൽക്കുന്നവന് പറയാം ഇത് വെറും കളി, ഇതിലെന്തിരിക്കുന്നു. മറ്റൊരിടത്ത് ചെന്ന് വീമ്പു പറയുകയുമാകാം. എന്നോടാ കളി! ഞാനെത്ര കളി കണ്ടതാ. മറ്റു ചിലർക്ക് പൊരുതിതോറ്റു എന്ന് ആശ്വസിക്കാം. കാലാവസ്ഥയെ കുറ്റം പറയാം.

കളി യുദ്ധം പോലെയുള്ള ഒരു കാര്യമേയല്ല.

കളി കളി മാത്രമാണ്

കളത്തിലെ എല്ലാ അതിർത്തികളും കളിക്കുശേഷം മായ്ക്കപ്പെടുന്നു. അതിർത്തികൾ, കളി തീരുന്നതുവരെയുള്ള താത്കാലികമായ അടയാളപ്പെ ടുത്തലുകൾ മാത്രം.

ആദ്യം, കാര്യം, പിന്നെ കളി എന്ന ക്രമമെന്ന് തിരിച്ചിട്ടാലോ അല്ലെങ്കിൽ ആദ്യവും പിന്നെയും കളി മാത്രമായാലോ

ഉപസംഹാരം: ഒരു വേലിയെ എളുപ്പത്തിൽ നിർവ്വചിക്കാവുന്നതല്ല. രേഖപ്പെ ടുത്താവുന്ന വിധം ക്രമബന്ധമായ ജീവിതവും വേലിക്കില്ല.

**അജുപൊതുവാൾ**
രണ്ടാംവർഷ പോളിമർ കെമിസ്ട്രി

# ഞങ്ങൾക്കും സഞ്ചരിക്കണം.....

സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും നൽകുന്ന മൗലികാവകാശമാണ്. എന്നാൽ ഈ അവകാശങ്ങൾ കാറ്റിൽ പറത്തുകയും ദുസ്സഹമായ അനുഭവങ്ങൾ സമ്മാനിക്കുകയും ചെയ്യുന്ന വർത്തമാനയാഥാർത്ഥ്യങ്ങളാണ് ഒരോ വ്യക്തിക്കും യാത്രാമദ്ധ്യേ നേരിടേണ്ടി വരുന്നത്. ഇവിടെ സ്വന്തം വ്യക്തിത്വം ചവിട്ടിയരക്കപ്പെടുക മാത്രമല്ല യാത്രാനീതിനിക്ഷേധത്തിന്റെ അങ്ങേയറ്റപീഢനം ഏറ്റുവാങ്ങി വരുന്നത് നിത്യസഞ്ചാരികൾ തന്നെയാണ്. സ്ത്രീയും പുരുഷനും അടങ്ങിയ സാമൂഹിക ഘടനയിൽ അവർ തമ്മിലുള്ള ബന്ധത്തിന്റെ മാനദണ്ഡം പുറംമോടികൾ മാത്രമായി മാറ്റപ്പെടുമ്പോൾ കേവലം ചോക്ലേറ്റിന്റെ ബന്ധം മാത്രം പരസ്പരം സമ്മാനിക്കുന്ന പുതിയ സംസ്കാരം ഉടലെടുക്കുന്നു. ഇത് ജീവിതത്തിന്റെ സമസ്തരേഖകളിലേക്കും വ്യാപിക്കുമ്പോൾ അത്തരം മനസ്സുകൾക്ക് മനുഷ്യശരീരങ്ങളെ ചരക്കുകൾക്ക് തുല്യമായി മാത്രമേ കാണാൻ കഴിയൂ എന്ന യാഥാർത്ഥ്യം നിഷേധിക്കാൻ കഴിയില്ല. സാമൂഹ്യഘടനയിൽ വരുന്ന ഇത്തരം മാറ്റം സമൂഹത്തിന്റെ കണ്ണാടിയായ ക്യാമ്പസുകളിലും മനുഷ്യൻ ഇടപെടുന്ന മേഖലകളിലും പ്രതിഫലിക്കുമെന്നതിൽ സംശയമില്ല. അതിന്റെ ദുരന്തങ്ങൾ ഏറ്റവുമധികം ഏറ്റുവാങ്ങുന്നത് സ്ത്രീ സമൂഹമാണ്.

സ്ത്രീ ശാക്തീകരണത്തിന്റേതായ കാലഘട്ടത്തിൽ സ്ത്രീകൾക്കു നേരെ നടക്കുന്ന കടന്നാക്രമണങ്ങളെ ഗൗരവമായി കാണണം. സാക്ഷരതയിൽ ഒന്നാമതായി ലോകത്തിനുതന്നെ മാതൃക സമ്മാനിച്ച സാംസ്കാരിക കേരളത്തിൽ യാത്രാമദ്ധ്യേ ജനത നേരിടുന്ന ഹീനമായ അനുഭവങ്ങൾ ഏറെ വേദനാജനകമാണ്. ഇത്തരം ദുരന്തങ്ങളുടെ ഒന്നാമത്തെ ഇരയായി മാറുന്നത് വിദ്യാർത്ഥികളാണ്. വിദ്യാലയത്തിലേക്കു പോകുന്ന കുട്ടിക്ക് പീഢനങ്ങളുടെ ആദ്യാനുഭവം സമ്മാനിക്കുന്നത് യാത്രാമദ്ധ്യേയുള്ള കമന്റുകളും ബസ്സ്റ്റോപ്പുകളിലെ അസഹ്യമായ അന്തരീക്ഷവുമാണ്. ബസ് സ്റ്റാന്റുകളിൽ നീണ്ട ക്യൂവിൽ പൊരിവെയിലത്തു നിന്ന് ബസ് ജീവനക്കാരന്റെ ഇന്റർവ്യൂ നേരിട്ട് ബസിനകത്തെത്താനുള്ള ഭഗീരഥശ്രമത്തിനിടയിൽ ഓടുന്ന ബസ്സിൽ ചാടിക്കയറുക എന്ന സാഹസിക കൃത്യവും നിർവ്വഹിക്കപ്പെടുന്നു. ഇത്തരം അനുഭവങ്ങളെ സമൂഹത്തിലെ നല്ലൊരു ജനത ആസ്വദിക്കുകയും ചെയ്യുന്നു എന്നത് ഇതിന്റെ വൈകൃതമായ മുഖം വിളിച്ചറിയിക്കുന്നതാണ്. വാഹനങ്ങൾക്കകത്ത് വിദ്യാർത്ഥിക്ക് നേരിടേണ്ടി വരുന്നത് യാതനകളുടെ നീണ്ട അനുഭവങ്ങളാണ്. ജീവനക്കാരുടെ ഇന്റർവ്യൂ മുതൽ യാത്രക്കാരിൽ നിന്നുള്ള പീഢനം വരെ ഈ പട്ടികയിൽ വരുന്നു. കൺസഷന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നൽകുന്ന ന്യായമായ അവകാശമാണെന്നിരിക്കെ അതിന്റെ പേരിൽ വാഹനങ്ങൾക്കകത്ത് യുദ്ധം ചെയ്യേണ്ടി വരുന്ന അവസ്ഥ സർവ്വസാധാരണമാണ്. യാതനയുടേയും വേദനയുടേയും ഇടയിൽ ഉപഭോഗസംസ്കാരത്തിന്റെ അടിമയാക്കപ്പെട്ട മനുഷ്യമനസ്സുകൾ സ്ത്രീ ശരീരത്തെ ഒരു ഉത്പന്നമായി കാണുമ്പോൾ പിച്ചിച്ചീന്തപ്പെടുന്നത് ശരീരം മാത്രമല്ല വ്യക്തിത്വം കൂടിയാണ്. സമീപകാലത്ത് വിദ്യാർത്ഥിനികളും സ്ത്രീകളും ഏൽക്കേണ്ടി വന്നിട്ടുള്ള ലൈംഗികപീഢനങ്ങൾ അതിഭീകരമാണെന്ന് പത്രമാദ്ധ്യമങ്ങൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

അനുസരിക്കേണ്ടവളും, അനുഭവിക്കേണ്ടവളുമായ പെൺകുട്ടി ഏറ്റുവാങ്ങുന്ന ഓരോ പീഢനങ്ങളേയും മൗനിയായി അംഗീകരിക്കാൻ തയ്യാറാവണമെന്ന് വീട്ടിനുള്ളിലെ മുതിർന്ന വ്യക്തികൾ പഠിപ്പിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ നഷ്ടപ്പെടുന്നത് വൃത്തികേടിനെതിരെ പ്രതികരിക്കാനുള്ള വിദ്യാർത്ഥിനികളുടെ ആർജ്ജവത്വമാണ്. നേരിനുനേരെ കൈവീശാനും, നെറികേടിനെതിരെ പ്രതികരിക്കാനുമുള്ള ഊർജ്ജം ആർജ്ജിച്ച് വിനിയോഗിക്കേണ്ടതുണ്ട്.

അറിവും, തിരിച്ചറിവുമുള്ള വിദ്യാർത്ഥിസമൂഹത്തിന് അനീതിക്കെതിരെ പോരാടാനുള്ള പ്രതികരണശേഷി അനിവാര്യമാണ്. അനീതിക്കെതിരെയുള്ള പോരാട്ടത്തിന് തുടക്കം കുറിക്കേണ്ടത് ക്യാമ്പസ്സിൽ നിന്നാണ്. നീതിനിഷേധത്തിനെതിരെ ആയിരം കുതിരശക്തിയുടെ കരുത്തോടെ സന്ധിയില്ലാത്ത സമരത്തിന് നേതൃത്വം കൊടുക്കാൻ സാമൂഹ്യനീതിയുടെ പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിച്ച് നമുക്ക് പോരാടാം.



സന്ധ്യാ വാസു
ഒന്നാംവർഷ ഇംഗ്ലീഷ് ബിരുദം

◆◆



# കാലത്തിന്റെ നിലവിളി

കാലത്തിന്റെ നിലവിളി

ഞങ്ങൾ തിരിച്ച് പോവുകയാണ്
നിങ്ങൾക്കായി ഈ
കളിയരങ്ങ് തന്ന ഞങ്ങൾ
തിരിച്ചു പോവുകയാണ്
തണുത്ത പ്രഭാതങ്ങളിൽ
തുടുത്ത മഴയിലൂടെ അപരിചിതത്വവുമായി
കടന്നുവന്നവരായി ഞങ്ങൾ
നിയോഗമെന്ന ശകാരപ്പേരിട്ട്
ഞങ്ങൾ സൗഹൃദത്തിന്റെ തീ കാഞ്ഞതും
ഇവിടെവെച്ച് തന്നെ
ശാഖകളിൽ നിന്നും ഉപശാഖകളുണ്ടായി.
ഞങ്ങൾ ചങ്ങാതിമാരായി
സ്വതന്ത്രയുടെ പൂക്കാലമോർത്തുകരഞ്ഞു
വസന്തമോർത്തു പാടി.
ഒടുവിൽ കരിയിലകൾ നിറഞ്ഞ മരച്ചുവടുകളിൽ വെച്ച്
തീരാസൗഹൃദത്തിന്റെ ഭാണ്ഡവും മുറുകെ പിടിച്ച്
പരസ്പരം കണ്ണുകളടച്ച് ഞങ്ങൾ തിരിഞ്ഞുനടന്നു.
ജീവിതത്തിന്റെ ഭീകരതയിലേക്ക്
പരീക്ഷകളുടെ തിറയും കഴിഞ്ഞ്
ഓർമ്മകളുടെ നക്ഷത്രമുത്തുകൾ നിങ്ങൾ തന്ന
ഞങ്ങളിന്ന് തിരിച്ചു പോകുന്നു.

അനൂപ് കെ.കെ.
മൂന്നാം വർഷ ജന്തുശാസ്ത്രം

# കോളേജ് യൂണിയൻ ആർട്സ് ക്ലബ് ഉദ്ഘാടനം



കോളേജ് ആർട്സ് ക്ലബ്ബ് ഉദ്ഘാടനം
ശ്രീ. നീലകണ്ഠൻ നമ്പൂതിരിപ്പാട്
ഭദ്രദീപം കൊളുത്തി
ഉദ്ഘാടനം ചെയ്യുന്നു



കോളേജ് യൂണിയൻ
പ്രൊഫ. രാധാകൃഷ്ണൻ
ഉദ്ഘാടനം ചെയ്തുകൊണ്ട്
സംസാരിക്കുന്നു.



കോളേജ് യൂണിയൻ ചെയർമാൻ
അനീഷ് ജോസഫ്
ചടങ്ങിൽ സംസാരിക്കുന്നു



ശ്രീ. നീലകണ്ഠൻ
നമ്പൂതിരിപ്പാടിന്
കോളേജ് യൂണിയൻ
ഉപഹാരം നൽകുന്നു

# കോളേജ് യൂണിയൻ, ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



യു യു സി. അനൂപ് കെ.കെ
ആശംസകൾ നേരുന്നു



ആർട്സ് ക്ലബ്ബ് സെക്രട്ടറി അജു പൊതുവാൾ
നന്ദി പ്രകാശിപ്പിക്കുന്നു



കോളേജ് ആർട്സ് ക്ലബ്ബ്
ഉദ്ഘാടനത്തോട
നുബന്ധിച്ചു നടന്ന
ഗാനമേളയിൽ നിന്ന്



സദസ്സ് ഒരു ദൃശ്യം

# ഫ്രെഡറിക് ഡിസൂസയുടെ സ്വപ്നം

അന്ന് അപർണാമേനോന്റെ ജന്മദിനമായിരുന്നു. ഫ്രെഡറിക് ഡിസൂസ അത് മറക്കാൻ പാടില്ലാത്തതാണ്. പക്ഷെ അയാൾ എന്തുകൊണ്ടോ അക്കാര്യം ഓർത്തില്ല.

തലേന്നു കണ്ട സ്വപ്നത്തെ പറ്റി വിശദമായി പറയാനായി ഫ്രെഡറിക് ക്യാംപസ് വരാന്തകളിൽ അപർണയെ തേടി നടന്നത്. കോളേജിൽ കുട്ടികൾ എത്തി തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. ഒഴിഞ്ഞ ക്ലാസുമുറിയിലിരുന്ന് അപർണമേനോൻ വിജയന്റെ "തലമുറകളി"ലൂടെ കടന്നുപോവുകയായിരുന്നു.

ഫ്രെഡറികിനെ കണ്ടയുടൻ അവൾ പറഞ്ഞു: "വരൂ ഫ്രെഡറിക് നമുക്ക് 'ഗാർഡൻ'ലേക്ക് പോകാം." 'garden' കോളേജിനടുത്ത ice cream പാർലറാണ്. അപർണയോടൊത്ത് 'garden'ലേക്ക് നടക്കുമ്പോൾ ഫ്രെഡറിക്കിന്റെ മനസ്സിൽ നിറഞ്ഞു നിന്നത് തലേന്ന് അയാൾ കണ്ട സ്വപ്നമായിരുന്നു.

സ്വപ്നത്തിൽ ഫ്രെഡറിക് മരിച്ചിരുന്നു. വെളുത്തതുണിയിൽ മൂടിയ അയാളുടെ ശരീരം കട്ടിലിൽ കിടത്തിയിരുന്നു. ആരൊക്കെയോ വരുന്നുണ്ട്, കാണുന്നുണ്ട്, കരയുന്നുണ്ട്. അപർണ അപ്പോഴും എത്തിയിട്ടില്ല. ഫ്രെഡറിക് അവൾക്ക് ഫോൺ ചെയ്തു. അവൾ പറഞ്ഞു "15 മിനിറ്റു കൂടി കഴിഞ്ഞേ deadbody എടുക്കാവൂന്ന് പറയൂ ഫ്രെഡറിക്, ഞാനപ്പോഴേക്കും എത്താം. നിനക്കേറെ പ്രിയപ്പെട്ട മഞ്ഞ റോസാപ്പൂ അന്വേഷിച്ചു നടക്കുകയാണ് ഞാൻ." പറഞ്ഞപോലെ കൃത്യം 15 മിനിറ്റു കഴിഞ്ഞപ്പോൾ അവൾ വന്നു, മഞ്ഞറോസാപ്പൂവുമായി. അത് deadbody യുടെ കാൽക്കൽവച്ച് അവൾ മാറിനിന്നു. ഫ്രെഡറികിനെ അത്ഭുതപ്പെടുത്തിയത് മറ്റൊന്നായിരുന്നു. ഫ്രെഡറിക് മരിച്ചിട്ട് അപർണമേനോൻ കരയുന്നില്ല! Dead body പള്ളി സെമിത്തേരിയിലെക്കു കൊണ്ടുപോയപ്പോൾ ഏറ്റവും ഒടുവിലായി റോസ് നിറത്തിലുള്ള ഷാൾ തലയിലൂടെ ഇട്ട് അവൾ നടന്നു. (ആ റോസ് ചുരിദാർ അവൾക്ക് നന്നായി ഇണങ്ങുമെന്ന് ഫ്രെഡറിക് പറയാറുണ്ടായിരുന്നു)

പിറ്റേന്ന് കോളേജിൽ കൂടിയ അനുശോചനയോഗത്തിന് മുന്നോടിയായി സ്റ്റേജ് അറേഞ്ച് ചെയ്യാനും ഓടി നടന്നത് ഫ്രെഡറിക് ആയിരുന്നു. തലേന്ന് അപർണ കാൽക്കൽ വെച്ച മഞ്ഞ റോസാപ്പൂ ഒട്ടും വാടാതെ ഫ്രെഡറിക് ഷർട്ടിന്റെ പൊക്കറ്റിന്മേൽ കുത്തിയിരുന്നു. പതിവുപോലെ അപർണക്കു പ്രസംഗിക്കാനായി ഫ്രെഡറിക് ആശയം പറഞ്ഞുകൊടുത്തു. ഇത്രയുമായപ്പോഴേക്കാണ് അപർണയുടെ ഫോൺ അയാളെ ഉണർത്തിയത്. "ഇന്ന് നേരത്തെ വരണം" ഇത്രയും പറഞ്ഞ് അയാൾ phone cut ചെയ്തു. എന്തെന്നോ എന്തിനന്നേ ചോദിക്കാൻ പറ്റിയില്ല. ഇനി അഥവാ തിരിച്ചുവിളിച്ചാൽ തന്നെ ആ വാർഡൻ കന്യാസ്ത്രീയുടെ ക്രോസ് വിസ്താരം സഹിക്കാവുന്നതിലപ്പുറമാണ്.

'garden' ലെ ചുവന്ന മേശക്കിരുവശവുമായി ഇരുന്നപ്പോഴും ഫ്രെഡറിക് സ്വപ്നത്തിൽ തന്നെയായിരുന്നു. "നിനക്കെന്തു പറ്റി ഫ്രെഡറിക്"എന്ന് അപർണ ചോദിച്ചപ്പോൾ മാത്രമാണ് സ്ഥലകാലങ്ങളെപ്പറ്റി ഫ്രെഡറികിന് ഓർമ്മ വന്നത്.

Order ചെയ്യുന്നതിനു കാത്ത് നില്ക്കാതെ വെയ്റ്റർ ഒരു പൈനാപ്പിൾ ഫ്രെഡറികിനും strawberry അപർണക്കും എത്തിച്ചു. അപർണ എന്തിനായിരിക്കും രാവിലെ തന്നെ ഇങ്ങോട്ടുവിളിച്ചു കൊണ്ടുവന്നത്? അപർണ മുഖവുരയൊന്നും കൂടാതെ പറഞ്ഞു. 'ഇന്ന് എന്റെ ജന്മദിനമാണ്. ഫ്രെഡറിക് വല്ലാതെ അസ്വസ്ഥനായി. കഴിഞ്ഞ ഒമ്പത് വർഷങ്ങളായി ഒരിക്കലും അവളുടെ ബർത് ഡേ താൻ മറന്നിട്ടില്ല. ഇത്തവണ....

"ഇന്നലെ മമ്മി വിളിച്ചിരുന്നു സ്റ്റേറ്റ്സിൽ നിന്ന്..." പതിവുപോലെ സ്റ്റേറ്റ്സിലെ മമ്മീടേം ഡാഡിടേം കുടുംബപ്രശ്നങ്ങളാവും അവൾ പറയാൻ തുടങ്ങുന്നതെന്ന് ഫ്രെഡറിക് ഓർത്തു. "ഡാഡിക്ക് ഇന്നലെ ഒരു attack - severe ആണ്. അവിടെ ഒരു ഹോസ്പിറ്റലിൽ admit ചെയ്തിരിക്കുന്നു. 24 മണിക്കൂർ എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തെങ്കിലും സംഭവിച്ചാൽ അവിടെ തന്നെ funeral നടത്തുമെന്നാണ് മമ്മി പറഞ്ഞത്.



എനിക്ക് എന്റെ ഡാഡിയെ ഒന്നു കാണണം ഫ്രെഡറിക്..." അപർണ യുടെ കണ്ണുകൾ നിറഞ്ഞൊഴുകുക യായിരുന്നു. അവളുടെ മുന്നിലിരുന്ന strawberry ഉരുകി ഒലിക്കാൻ തുട ങ്ങി.

എന്തു പറയണമെന്നറിയാതെ ഫ്രെഡറിക് ഡിസൂസ കുഴങ്ങി. അയാൾക്കാകെ പറയാനുണ്ടായിരുന്ന ത് അയാളുടെ സ്വപ്നത്തെപ്പറ്റിയായി രുന്നു.. അത് കേട്ട് അവൾ പൊട്ടിച്ചി രിക്കുന്നത് എത്രയോ തവണ അയാൾ കണ്ടുകഴിഞ്ഞു.

കണ്ണുകൾ പതുക്കെ തുടച്ച് അപർണ ice cream തിന്നാൻ തുട ങ്ങി. തന്റെ മടിയിലിരുന്ന 'തലമുറ കൾ' എടുത്തു അപർണ ഫ്രെഡറി കിനു നേരെ നീട്ടി. ആദ്യപേജിൽ കനത്ത കറുത്ത മഷിയിൽ സുന്ദര മായ അക്ഷരങ്ങൾ: 'എന്റെ പ്രിയപ്പെ ട്ടവൾക്ക് പിറന്നാളശംസകളോടെ... സുധീഷ്' പുസ്തകം മടക്കി വാങ്ങവേ അപർണ പറഞ്ഞു. "ഫ്രെഡറിക് ഞാൻ സുധീഷിനെ സ്നേഹിക്കാൻ തുടങ്ങിയിരിക്കുന്നു."

ഫ്രെഡറിക് ഡിസൂസ മറ്റേതോ ലോകത്തായിരുന്നു. അവൾ പറഞ്ഞു: അപർണാ ഞാനി ന്നലെ ഒരു സ്വപ്നം കണ്ടു. സ്വപ്ന ത്തിൽ ഞാൻ മരിച്ചുകിടക്കുന്നു നീ ഒരു മഞ്ഞ റോസാപ്പൂവുമായി..."

"ക്ലാസ് തുടങ്ങീട്ടുണ്ടാവും. നമുക്ക് പോവാം ഫ്രെഡറിക്" അതും പറഞ്ഞ് അപർണമേനോൻ എഴുന്നേറ്റു.

ഹിരൺ. യു.
ഒന്നാംവർഷ സാമ്പത്തിക ശാസ്ത്രം ബിരുദാനന്തരബിരുദം

◆◆


**Sales & service of computer, Peripherals**
**Computer Stationery, Consumables& Computer Furniture**

Camry SYSTEMS




VI/96 First Floor, Hayath Building, Near Arogyalayam Hospital Bridge Road, Aluva - 683 101
Teal - 0484 2631159, Mob : 9846042871, 9847174196 e-mail : camrysy@sify.com

| SALES | SERVICE |
|---|---|
| Computers | Computers |
| Printers | printers |
| Scanners | Scanners |
| UPS | Monitors |
| Computer Furniture | SMPS |
| Peripherals | Networking |
| Consumables | Date Recovery |
| Computer Stationary | AMA |
| Catridge Refilling | Chip Level Service |
| Tenor Reconditioning | ASC |

**Attractive Finance Schemes for Computers**
**Doqr Delivery of Consumables and Stationery**

# First Dew- Drop of the Morning

First Dew- Drop of the Morning

Morning Magic, unfathomable beauty,
In your crystal complexion you shoe,
O'heavenly dew drop,your,
Higher than yours no beauty can go.

Your magastic presence gives cheer to all
To drooping flowers, your cheerness flow
For leaves which say " I,'am' bout to fall",
You provide life and no reason to go low.

O'first dew drop of the moon',
You resemble a little child's tear,
Yet your power overcomes terror's horn,
That wipe away the child's fear.

As you arrive each morning, I pray,
O God, such compssionate beauty you did create,
You supremity is reflected in every ray,
that passes through the drew drop's gait

Poets are encouraged to write about you,
Such tenderness that they can never imagine
Seem to over rule their mind's ideas,
When they wish to write about superior things.

Only providence could create so much
From so tiny an object,
For beauty lies in the mind's eye
Which is much smaller than today itself.

O'morning dew, you sparkle in the sun
And glitter on every flower,
Yet yesterday night your were just
A non existing vapour existing no where.

Is it possible that God who creates terror
Could possible create you?
For the glorification of his nature
Did His Highness who created Satan create you?

O'heavenly dew, may you continue
to spred your peace and cheerness to all
For within an hour, once more you die
Only to rise to life tomorrow, in morning's hall

For jesus lives in you, God lives in you
Your good works show your goodness
And Jesus' love is reflected in you
And his loving grace, Mercy and kindness.

**Tom Philip**
I Bsc Computer maintanance and Electronics




## ELECTION VERDICT -2004

# .A Red Flag for Globalised Economic Reforms?

The rusty Indian democratic machinery roared to life and displayed its awaresome power thuarting the predictions of most political analysts and media ligurgsurth its shocking verdict. In fact, even the elected UPA Govt. seemed to be taken by surprise. Election verdict-2004 was a clear and conclusive message from a public which was tied of being the proverbial as forever being taken for granted. Amidst all the 'India Shining' ads and attempts to persuade the populise that India was on its way to become the topmost economy in teh world, the people decided to think for themselves.

Of course, economic reforms alone were not the only factors that decided the fate of the NDA government. But socio-economic issues proved to be a major factor as far as the former goverment's influence on the masses went. It jarred on the conscience of many to see expensive 'India shining' ads with smiling faces and proud claims along. side news reports on mass suicides of farmers in Andhra Pradesh. The public tend to identify more with their suffering brathren than with figures showing a soaring sensex or improved gross Domestic Product. Nevertheless, the question of acceptance of economic reforms of the former government remains relevant as the NDA goverment was the first to show an inclination towars the modern concepts of globalisation and liberalisation, and also the first to question the utitlity of public monopoly openly. Years of relentless and short sighted proudo- socialism had crippled the economy which was tottering in the midst of huge debts, a flabby burocracy and a corrupt executive. Corruption from the grassroots level to the corridors of power, had eaten away the whole system like a cancer so that public enterprises had become an incumbency rather than an asset. Even the most myopic and biased among us recognised the need for a change. Then the ideas of globalisation, and liberalisation came along. The NDA Government, always striving to the' different', embraced it whole heartdly. A few decades ago, a government, with good intentions, relentlessly and agressively pursued the path of socialism, thrusting public monopoly on all fields of enterprise, including leanking and insurance, thus initiating the gradual slide of the economy into a pracipice of debts and massive losses. years later, another government sought to privatise the economy with the same short sighted, deaf, demb diligence and dogged persistance. Even profiting

public enterprises (such institutions being rare in India, should be treated with the outmost respect and delicacy) were privatised.

Detailed and sensible plans to mould the general ideal into a suitable and realistic agenda which would bring prosperity rather than harm to the society as a whole, was not chalked out. In the uncertain world of politics, ruling parties never wast their time over agendas which have a longer life span than 5 years. Their vision never extends beyond the next general elections. Busy in the task of impressing the public, much time cannot be wasted on thinking and formulating policies. Hence the distrust shown towards the shobby implementation of privatisation.

No matter, how strong the opposition, the whole world has realised that the concept of a 'global village' is here to stay. As victor huge said, "No power on earth can stop an idea whose time has come. "We need to find a way to adopt to it so that our national interests are protected and forwarded. A huge array of novel oppurtunities are open to the student community as a result of global exposure. Youngsters today don't feel as lost in the matters of employment and education as the students, say, fifteen years back did. The challenge before us is to open up these oppurtunities for a wider section of the society.

For achieving sustainable social and economic development, half-hearted tunnelled vision is not enough. The steps towards a globalised liberalised economy should be gradual and sensitive to the utmost. Opening up the country to more trade is good for the consumers and traders alike. But opening up the country to unbridled capital flow and foreign investment is dangerous. Inefficient public sectors must be privatised instead of being a black hole for the tazpayer's money. Privatisation should not be about raising revenues for the government but about increasing productivity of economy. Public monopoly was not very helpful to the public-leading to inefficient management, corruption and defunct policies. But, private monopolies can be worse.

Certain fields of industry like agriculture and small scale industries will always need the support of the government to be productive and profitting. These and other sectors concerned with basic amenities, like electricity, should always be protected from privatisation and free markets. Even today, when privatisation is in its infant impossible to convince the banks to lower the interest rates for farmers. The Madhya Pradesh government's bid to introduce reservations in the private sector was met with stounch opposition. The battle between the Kerala State Government and self-financed colleges are legendary.

India, needs to go through the path towards a globalised, liberalised, developed economy with very slow and cautious steps. Even a mother bird while teaching its young ones to fly supports them until they can soar to the skies on their own. So too, the government should support and help the Indian society to adjust and thrive in the world of free markets and free economy until we are capable of competing and winning there. After all, even gandhiji believed that the best Government is one which governs the least

Charges can only be utilised by a well developed, efficient bureaucracy, intelligent brains and sound social and economic policies and for all this the primary necessity is an educated and healthy society. To quote, Nobel Laureate, Prof.Amartya Sen, " inorder for economic growth to the achieved, social reforms such as improvement in education and public health must precede economic reforms," All development should result in an increased quality of life for the people as a whole, only then will it be sustainable. Idence, the welcome given to our Prime Minister Dr.Manmohan Singh's proposal for "development with a human face"; Let us hope and pray that his focus stays on the aforesaid goal and not on the next general elections.

**B.U. Anupama. H.L**
IInd BSc (Zoology)





# മോഹസന്ധ്യ

സന്ധ്യയെ പുഴുകുത്തുന്നത്
നോക്കിയിരിക്കുമ്പോഴാണ്
ഇരുട്ടും വെളിച്ചവും ശത്രുക്കളായ
കഥ മേഘമെന്നോടു പറഞ്ഞത്
പുതുമയില്ലാത്ത കാര്യമായി കണ്ട്
തിരമാലയെന്നെ ആശ്വസിപ്പിച്ചു
കടൽത്തീരവും സന്ധ്യയും
എനിക്കവളുടെ ഓർമ്മയായിരുന്നു.
സൗമ്യമായ അവളുടെ മുഖം
സന്ധ്യയെപ്പോലെ സുന്ദരം
സന്ധ്യ സൂര്യനെപ്പോലെ
അവളെന്റെ ഹൃത്തിൽ താഴുമ്പോൾ
ഞാൻ സുന്ദരമായ രാത്രിയായി
ഞാനാകുന്ന രാത്രിയിലേക്ക്
വരുന്ന ചെറുവെളിച്ചം പോലും
എന്നെ അസ്വസ്ഥനാക്കി
പൂർണ്ണ ചന്ദ്രന്റെ പ്രകാശം
എനിക്കരോചകമായി തോന്നി
സന്ധ്യയെ പൂർണ്ണമായി
പുഴുതിന്നിരിക്കുന്നു.
അടുത്ത സന്ധ്യക്കായി
പുഴുവും ഞാനും കാത്തിരിക്കുന്നു.

**സുരേഷ് ബാബു ടി.ആർ.**
രണ്ടാംവർഷം മലയാളസാഹിത്യബിരുദാനന്തരബിരുദം

## കോളേജ് യൂണിയൻ റിപ്പോർട്ട്

2003 - 2004 വർഷ കലാലയ യൂണിയൻ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിക്കുമ്പോൾ യൂണിയന്റെ പ്രവർത്തനങ്ങളുമായി അകമഴിഞ്ഞ് സഹായിച്ച കൂട്ടുകാരെയും ഉപദേശം നൽകിയ അധ്യാപക അനധ്യാപകരെയും നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു. സ്വപ്നതുല്യമായ യൂണിയൻ ലക്ഷ്യം വെച്ച് കൊണ്ടുള്ള ഞങ്ങളുടെ യാത്രയ്ക്ക് തടസ്സമായത് ചുരുങ്ങിയ യൂണിയൻ ഫണ്ടും മറ്റ് അസൗകര്യങ്ങളുമാണ്. എങ്കിലും ചുരുങ്ങിയ കാലയളവിൽ പരിമിതമായ യൂണിയൻ ഫണ്ട് കൊണ്ട് യു.സി.യുടെ ഉയർച്ചക്കായി ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടവർ നിങ്ങളാണ്. കുറ്റങ്ങളും കുറവുകളും ഉണ്ടായേക്കാം സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥനയോടെ മനുഷ്യഭ്രാന്തന്മാരുടെ ക്രൂര വിനോദങ്ങൾക്ക് പാത്രമാകേണ്ടി വന്ന ജനതയുടെ കണ്ണീരിലും പ്രാർത്ഥനയിലും പങ്കുചേർന്ന് കൊണ്ട് ഈ കലാലയ യൂണിയൻ റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കട്ടെ...

## യൂണിയൻ തിരഞ്ഞെടുപ്പ് 2003 നവംബർ 20

മികവും അർഹതയുമാണ് നമ്മുടെ കാമ്പസിന്റെ മുഖമുദ്ര. പ്രതീക്ഷകൾ യാഥാർത്ഥ്യമായി........ ചലനാത്മകതയുടെ തീരങ്ങളിൽ നിഷ്ക്രിയരായി നിന്ന നേതൃത്വമല്ല നമുക്ക് വേണ്ടതെന്ന് യു.സിയൻ വിദ്യാർത്ഥികൾ തെളിയിച്ച ദിനമായിരുന്നു അത്. ആവേശത്തിന്റെ അലമാലകൾ വാനോളം ഉയർത്തിക്കൊണ്ട് മാറ്റത്തിന്റെ ഇളം കാറ്റിന് കൂടുതൽ കരുത്ത് പകർന്നുകൊണ്ട് കലാലയ തിരഞ്ഞെടുപ്പ് അക്രമാസക്തമാകുന്നു എന്ന അരാഷ്ട്രീയ വാദികളുടെ പ്രചരണത്തെ നിഷ്ക്രിയമാക്കികൊണ്ട് സമാധാനപരമായ തിരഞ്ഞെടുപ്പ് താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| ചെയർമാൻ | - അനീഷ് ജോസഫ് |
| വൈസ് ചേഴ്സൺ | - ജീവന്തിക. പി |
| ജനറൽ സെക്രട്ടറി | - ഇബ്രാഹിം അദ്ഹം |
| യു.യു.സി | - അരുൺ തോമസ് |
| | - അനൂപ്. കെ.കെ |
| ആർട്സ് ക്ലബ്സെക്രട്ടറി | - അജു പൊതുവാൾ |
| മാഗസിൻ എഡിറ്റർ | - ഹിഷാം ഉമ്മർ |
| വനിത പ്രതിനിധികൾ | - സ്റ്റെല്ല മരിയ തോമസ് |
| | - അമിത |
| മൂന്നാം വർഷ ഡിഗ്രി പ്രതിനിധി | - ജിഹാസ്. കെ.എ |
| രണ്ടാം വർഷ ഡിഗ്രി പ്രതിനിധി | - ബിനു. ടി. ആർ |
| ഒന്നാം വർഷ ഡിഗ്രി പ്രതിനിധി | - ലിബിൻ ഡാനിയേൽ |
| രണ്ടാം വർഷ പി.ജി | - അനൂപ്.എം.എൻ |
| ഒന്നാം വർഷ പി.ജി | - റിഗിനസ് ഐസക് തോംപ്ര |

സമാധാനപരമായി നമ്മുടെ കലാലയത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ പ്രയത്നിച്ച ഇലക്ഷൻ കൺട്രോളർ കെ.ഇ.ജോൺ സാറിനോടും മറ്റധ്യാപകരോടും അനധ്യാപകരോടും എല്ലാ വിദ്യാർത്ഥി രാഷ്ട്രീയ പ്രതിനിധികളോടും നന്ദിയും അഭിനന്ദനവും അറിയിച്ചുകൊള്ളുന്നു.

നവംബർ 27 വെള്ളിയാഴ്ച നടന്ന ലളിതമായ ചടങ്ങിൽ പ്രിൻസിപ്പൽ രജു. കെ.ജോൺ യൂണിയൻ മെമ്പർമാർക്ക് സത്യവാചകം ചൊല്ലികൊടുത്തു. യൂണിയൻ മെമ്പർമാർ സത്യപ്രതിജ്ഞ ചെയ്തു.





## വോയ്സ് ഓഫ് യു.സി

കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് മുന്നോടിയായി നടന്ന വോയ്സ് ഓഫ് യു.സി സെലക്ഷനിൽ മികച്ച ഗായികമാരേയും ഗായകന്മാരെയും തെരഞ്ഞെടുത്തു. 150 ഓളം പേർ മത്സരത്തിൽ പങ്കെടുത്തു.

## കോളേജ് യൂണിയൻ ആർട്സ് ക്ലബ് ഉദ്ഘാടനം

2004 ജനുവരി ഒന്നിന് യൂണിയൻ ഉദ്ഘാടനവും ആർട്സ് ക്ലബ് ഉദ്ഘാടനവും നടന്നു. പ്രൊഫ. രാധാകൃഷ്ണനും, ശ്രീ നീലകണ്ഠൻ നമ്പൂതിരിപ്പാടും മുഖ്യാതിഥികളായിരുന്നു. ചെയർമാൻ അനീഷ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ഇബ്രാഹിം അദ്ഹം സ്വാഗതം പറഞ്ഞു. തുടർന്ന് യൂണിയൻ ഉദ്ഘാടനം രാധാകൃഷ്ണൻ സാറും ആർട്സ് ക്ലബ് ഉദ്ഘാടനം നീലകണ്ഠൻ നമ്പൂതിരിപ്പാടും നിർവ്വഹിച്ചു. തുടർന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡോ. രാജു കെ. ജോൺ, അരുൺ തോമസ്. അനൂപ്.കെ.കെ എന്നിവർ ആശംസകൾ അർപ്പിച്ചു. അജു പൊതുവാൾ നന്ദിയും പറഞ്ഞു. തുടർന്ന് കോളേജ് മിമിക്സ് ടീമിന്റെ മിമിക്സ് പരേഡും, അതിനുശേഷം ഉച്ചയ്ക്ക് 1.30ന് വോയ്സ് ഓഫ് യു.സിയുടെ ശ്രവണ സുന്ദരമായ ഗാനമേളയും ഉണ്ടായിരുന്നു.

## നാടകോത്സവം ( Jan - 2004)

ജനുവരി 16ന് നടന്ന നാടകോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളിൽ ശബ്ദം സാംസ്ക്കാരിക വേദിയുടെ "മുക്കോല പെരുമാൾ" ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഉണ്ണികൃഷ്ണൻ (മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം) മികച്ച നടനും, ആരതി എസ് (രണ്ടാം വർഷ മനശാസ്ത്ര ബിരുദം) മികച്ച നടിയായും തിരഞ്ഞെടുക്കപ്പെട്ടു.

## ഇന്റർകോളേജിയേറ്റ് നാടക ക്യാമ്പ് (ജനുവരി 23 - 26)

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി അഖില കേരള നാടകക്കളരി സംഘടിപ്പിക്കാൻ കഴിഞ്ഞത് കോളേജ് യൂണിയന്റെ നേട്ടങ്ങളിൽ ഒരു പൊൻതൂവൽ ചാർത്തിതന്നു.

## ആർട്സ് ഫെസ്റ്റിവെൽ ( ധ്വനി 2004)

ക്യാമ്പസിന് ഉത്സവഛായ പകർന്ന രണ്ട് ദിനങ്ങൾ ധ്വനി 2004 എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ടു. ആർട്സ് ഫെസ്റ്റിവൽ ജനുവരി 29,30 എന്നീ ദിവസങ്ങളിലായിരുന്നു. യു.സിയിലെ ചിലങ്കയണിഞ്ഞ

മാലാഖമാരുടെ താളത്തിനൊത്ത് ചവിട്ടിയ നൃത്തങ്ങളും, അനുകരണത്തിന്റെ പുതിയ തലങ്ങൾ തേടിയുള്ള മിമിക്രി കലാകാരന്മാരുടെ ജൈത്രയാത്രയും, സിനിമാറ്റിക്ക് ഡാൻസിന്റെ മാസ്മരിക ഭാവങ്ങൾ വെളിപ്പെടുത്തിയ സിനിമാറ്റിക്ക് ഫെസ്റ്റും, വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കലാരൂപങ്ങളുടെ പുനർജന്മവുമായിരുന്നു ധ്വനി - 2004.

## യൂണിവേഴ്സിറ്റി കലോത്സവം

ഫെബ്രുവരി 19-23 എന്നി തീയതികളിൽ നടന്ന യൂണിവേഴ്സിറ്റി കലോത്സവത്തിൽ നമ്മുടെ കോളേജിന് ശ്രദ്ധേയമായ മുന്നേറ്റം നടത്തുവാൻ കഴിഞ്ഞതിൽ ഞങ്ങൾ സന്തുഷ്ടരാണ്. മറ്റുള്ള വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം നമ്മുടെ കോളേജ് യൂണിവേഴ്സിറ്റി കലോത്സവത്തിൽ നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടി. നമ്മുടെ എല്ലാ കലാപ്രകടനങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു. യൂണിവേഴ്സിറ്റി തലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച എല്ലാ കൂട്ടുകാർക്കും കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ.

## കോളേജ് ഡേ

2004 മാർച്ച് 4-ാം തീയതി കോളേജ് ഡേ സംഘടിപ്പിക്കപ്പെട്ടു. പ്രശസ്ത സിനിമാ താരങ്ങായ അനിൽ ബാലകൃഷ്ണൻ, ടിനിടോം, മച്ചാൻ വർഗ്ഗീസ് എന്നിവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. അനീഷ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ഇബ്രാഹിം അദ്ഹം സ്വാഗതം പറഞ്ഞു. കോളേജ് ഡേ ഉദ്ഘാടനം പ്രശസ്ത സിനിമാനടൻ അനിൽ ബാലകൃഷ്ണൻ നിർവ്വഹിച്ചു. തുടർന്ന് മച്ചാൻ വർഗ്ഗീസ്, ടിനിടോം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ടിനിടോം മിമിക്രി അവതരിപ്പിക്കുകയും ചെയ്തു. പ്രിൻസിപ്പൽ ഡോ.രാജു കെ. ജോൺ സർ കോളേജ് റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഇബ്രാഹിം അദ്ഹം കോളേജ് യൂണിയൻ റിപ്പോർട്ട് അവതരിപ്പിച്ചു. അതിന് ശേഷം ആശംസകളർപ്പിച്ച് യു.യു.സി.അരുൺ തോമസ്, അനൂപ് കെ.കെ എന്നിവർ പ്രസംഗിച്ചു. ആർട്സ് ക്ലബ്ബ് സെക്രട്ടറി അജു പൊതുവാൾ നന്ദിയും പറഞ്ഞു. കൊച്ചിൻ സിംഫണിയുടെ ഗാനമേളയും ഉണ്ടായിരുന്നു.

### ഇനി നിങ്ങളാണ് അളക്കേണ്ടത്

തെറ്റുകളും കുറ്റങ്ങളും ഉണ്ടായിട്ടുണ്ട്. പൂർണ്ണമായൊരു യൂണിയൻ പ്രവർത്തനം കാഴ്ചവെയ്ക്കാൻ സാധിച്ചില്ല എന്നതിൽ ദുഃഖമുണ്ട്. പക്ഷെ ഞങ്ങളുടെ കഴിവിന്റെ പരമാവധി യു.സിയുടെ യശസ്സുയർത്തുവാനും യു.സിയെ അതിന്റെ മഹനീയമായ പാതയിലൂടെ കൊണ്ടുപോകുവാനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. തെറ്റുകൾ സ്വാഭാവികം. അത് നിങ്ങൾ ഹൃദയപൂർവ്വം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വഴിത്താരകൾ പിന്നിട്ടപ്പോൾ കൂടെ നിന്നവരെയും വിമർശിച്ച് പ്രോത്സാഹനങ്ങൾ നൽകിയവരേയും ആരെയും മറക്കുന്നില്ല. തികഞ്ഞ നന്ദിയോടെ പ്രാർത്ഥനയോടെ എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും, അധ്യാപകഅനധ്യാപകർക്കും, രാമേട്ടനും എല്ലാറ്റിനുമുപരി പ്രതിസന്ധിഘട്ടങ്ങളിൽ കൂടെ നിന്ന് ധൈര്യം പകർന്ന് വഴികാട്ടിയ സ്റ്റാഫ് അഡ്വൈസർ മാർക്കോസ് സാറിനും, അനില ടീച്ചർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഇനി നമ്മുടെ പാരമ്പര്യം മുന്നോട്ട് കൊണ്ട് പോകേണ്ടത് നിങ്ങളാണ് നിങ്ങൾക്ക് സർവ്വേശ്വരൻ അതിനുള്ള കഴിവും പ്രാപ്തിയും നൽകട്ടെ..

സ്നേഹപൂർവ്വം,

കോളേജ് യൂണിയനുവേണ്ടി
ഇബ്രാഹിം അദ്ഹം (ജനറൽ സെക്രട്ടറി)




മതങ്ങളുടെ സ്വന്തംനാട്

മറക്കാനെത്ര ശ്രമിച്ചിട്ടും മലയാളിക്ക് മറക്കാൻ കഴിയാത്ത ചില കവിതകളുണ്ട്. അവയിലൊന്നാണ് ആയിരത്തിത്തൊള്ളായിരത്തി നാൽപത്തൊന്നിൽ വൈലോപ്പിള്ളി എഴുതിയ 'അരിയില്ലത്തിട്ട് '. ഒരാ ജീവിക്കാൻ വഴിയില്ലാതെ പൊറുതിമുട്ടി വലഞ്ഞപ്പോൾ ആരും തിരിഞ്ഞുനോക്കാതിരുന്നതും പട്ടിണി കിടന്ന് മരിച്ച അയാളുടെ വിധിപ്രകാരമുള്ള ശവസംസ്ക്കാരച്ചടങ്ങുകൾ പൂർത്തികരിക്കാൻ അവരെല്ലാം മത്സരിക്കുന്നതുമാണ് ഈ ചെറുകവിതയുടെ വിഷയം. ചടങ്ങുകളെല്ലാം വേണ്ടവണ്ണം നിർവ്വഹിച്ചു; ഇനി ചുറ്റും തൂവാൻ അല്പം ഉണക്കലരി കൂടി വേണം' എന്ന ആവശ്യത്തിന്റെ നേർക്ക് വീട്ടുകാരിയുടെ ദുഃഖം പൊട്ടിത്തെറിച്ചു: "അരിയുണ്ടെന്നാലങ്ങോരന്തരിക്കുകില്ലല്ലോ".


ഒരു നൂറ്റാണ്ടിലേറെക്കാലമായി ലോകചരിത്രത്തിൽത്തന്നെ വിസ്മയകരമെന്നു വിശേഷിപ്പിക്കത്തക്കവണ്ണം കേരളം കൈവരിച്ചുകൊണ്ടിരുന്ന സാംസ്ക്കാരികാഭിവൃദ്ധിയുടെ കരുത്തും ഗതിവേഗവും ഉൾക്കൊള്ളുന്ന ഈ കവിതയെക്കുറിച്ച് ഇവിടെ പരാമർശിക്കാൻ പ്രേരിപ്പിച്ചത് ഇന്നത്തെ വിപരീത സാഹചര്യങ്ങളാണ്. നേടിയ നേട്ടങ്ങളെല്ലാം കൈയൊഴിഞ്ഞ് എല്ലാം രംഗങ്ങളിലും പിന്മടങ്ങാനുള്ള തീവ്രാഭിനിവേശത്തിന്റെ കരുത്തും ഗതിവേഗവുമാണ് ഇന്ന് ആഞ്ഞുവിശുന്നത്. ഉപരിവിപ്ലവമായ ചടങ്ങുകളും ആചാരങ്ങളും ജനജീവിതത്തെ വരിഞ്ഞുമുറുക്കുകയും ശ്വാസംമുട്ടിക്കുകയും ചെയ്യുകയാണെന്നും (അന്ധതയിൽ കുടി വച്ചു പെരുത്തൊരു ദേവതമാരേ, നിങ്ങളുടെ പടലാൽ നൊന്തുഞരങ്ങീ മാനവജീവിതം) അവയിൽ നിന്ന് മുക്തമായലേ മനുഷ്യന് സ്വാതന്ത്ര്യവും സ്വാസ്ഥ്യവും നിലനിർത്താനും 'ദേവത്വത്തോളം വളരാ 'നും കഴിയൂ.എന്നുമുള്ള ബോധം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലെ കേരളീയതയുടെ മുഖമുദ്രയായിരുന്നു. എന്നാൽ ചടങ്ങുകളിലേക്കും അനാചാരങ്ങളിലേക്കും അവയിൽ മുട്ടയിട്ടു പെരുകുന്ന മതാന്ധതകളിലേക്കും തിരിച്ചുപോകാനുള്ള പ്രവണത കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്ന ഒരു കിണ്ണത്തിൽ വക്കിലാണ് കേരളം ഇന്നെത്തിനിൽക്കുന്നത്. ചില ചിന്തകരും ഗ്രന്ഥകാരന്മാരും കുറച്ചിടയായി ഇതിനെതിരെ പ്രതികരിച്ചുതുടങ്ങിയിട്ടുണ്ട്. എ.ന്നാൽ കാലവ്യതിയാനങ്ങളെ മുൻകൂട്ടി കണ്ടു വിളിച്ചറിയിക്കാൻ കഴിവുറ്റ സർഗധനരായ കവികളിൽ നിന്ന് കാര്യമായ പ്രതികരണങ്ങളൊന്നുമുണ്ടായിട്ടില്ല. അങ്ങനെയിരിക്കെ സാഹിത്യ അക്കാദമിയുടെ ശ്രീപത്മനാഭസ്വാമി പുരസ്ക്കാരം നിരസിച്ചുകൊണ്ടുള്ള പ്രതികരണം കൂരിരുട്ടു മുറിച്ചെത്തുന്ന ഒരു ചെറു കിരണമായി.

സ്വതന്ത്ര ഇന്ത്യയെ വിഭാവനം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്ത സ്വാതന്ത്ര്യസമരനേതാക്കളും ഭരണാധികാരികളും രണ്ട് അടിസ്ഥാനശിലകൾ അതിന് കൽപ്പിച്ചിരുന്നു, ജനാധിപത്യം, മതേതരത്വം എന്നിവ. ജനാധിപത്യസങ്കൽപം അതിന്റെ പതിവ് അർത്ഥവിവക്ഷയോടൊപ്പം അധികാരവും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക എന്നും സാധാരണക്കാർക്ക്, വിശേഷിച്ചും അശരണർക്ക് സുരക്ഷിതത്വവും ഉത്കർഷയും ഉറപ്പാക്കുക എന്നും കൂടി ലക്ഷ്യമിട്ടിരുന്നു. ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ മതവിശ്വാസം മറ്റുള്ളവയ്ക്കു വിഘാതമാകരുതെന്നും വിശ്വാസത്തിന്റെ കാര്യത്തിൽ വ്യക്തിയും സമൂഹവും തികച്ചും സ്വതന്ത്രമായിരിക്കണമെന്നും രാഷ്ട്രം മതത്തിലോ മതം രാഷ്ട്രത്തിലോ ഇടപെടരുതെന്നും മതേതരത്വം ലക്ഷ്യമിട്ടിരുന്നു. കുറച്ചൊക്കെ പിഴവുകളോടെയാണെങ്കിലും ഈ നില തുടരാനാണ് ആദ്യകാല ഭരണാധികാരികൾ, കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും, ശ്രമിച്ചിരുന്നത്. വലിയൊരു ജനകീയ ചൂടും ആവേശവും ഉൾക്കൊണ്ടവരായിരുന്നു അവരെന്നതാണ് അതിനു കാരണം. എന്നാൽ അവരിൽ പലരും തന്നെ അധികാരത്തിന്റെ ലഹരിയിൽ ആകൃഷ്ടരായി മാറി. പിന്നീട് അധികാരത്തിലെത്തിയ പുതിയ തലമുറയിൽ ചിലർക്ക് ജനകീയബോധത്തിന്റെ ഉൾത്തുടിപ്പ് നഷ്ടമാവുകയും ചെയ്തതോടെ പരിമിതമായുണ്ടായിരുന്ന ജനാധിപത്യ ബോധം പോലും നഷ്ടമായി. ജനങ്ങളുടെ സംരക്ഷണച്ചുമതല കുറച്ചെങ്കിലും നിർവ്വഹിക്കുകയും അവരെ ശാസിക്കുകയും ചെയ്തുപോന്ന ഭരണകൂടം അതിന്റെ ചുമതലയായ സംരക്ഷണദൗത്യത്തിൽ നിന്നു പിൻവാങ്ങുകയും അവശരും അശരണരുമടങ്ങുന്ന സാധാരണക്കാരുടെ മേൽ വെറുമൊരു മർദ്ദനോപകരണമായി പതിക്കുകയും ചെയ്തു. സാമൂഹിക സുരക്ഷ, പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ നിന്ന് കൂട്ടമായി പിൻവാങ്ങിക്കൊണ്ടിരുന്ന ഭരണകൂടം അതിന്റെ ഓരോ നടപടിയിലൂടെയും ഈ വസ്തുതയുടെ ഉദാഹരണങ്ങളാണ് നിരത്തിക്കൊണ്ടിരിക്കുന്നത്. ഈയിടെ രൂക്ഷമായിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ആദിവാസിപ്രശ്നവും മാറാടുപോലുള്ള പ്രശ്നങ്ങളും ചില ഉദാഹരണങ്ങൾ മാത്രം.

മതമെന്നത് ജനാധിപത്യ വിരുദ്ധമായ മറ്റൊരധികാര കേന്ദ്രമാണ്.

ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ മതവിശ്വാസം മറ്റുള്ളവയ്ക്കു വിഘാതമാകരുതെന്നും വിശ്വാസത്തിന്റെ കാര്യത്തിൽ വ്യക്തിയും സമൂഹവും തികച്ചും സ്വതന്ത്രമായിരിക്കണമെന്നും രാഷ്ട്രം മതത്തിലോ മതം രാഷ്ട്രത്തിലോ ഇടപെടരുതെന്നും മതേതരത്വം ലക്ഷ്യമിട്ടിരുന്നു.

ജനാധിപത്യാവകാശങ്ങളും സുരക്ഷയും നഷ്ടപ്പെട്ടപോയ സമൂഹത്തിൽ അവ പുനഃസ്ഥാപിക്കാനാണ് പല മതങ്ങളും ഉണ്ടായതെന്നത് ചരിത്രവൈപരീത്യം മാത്രം. അധ്വാനിക്കുന്നവരെയും ഭാരംചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്നതിനും വേണ്ടിയുണ്ടായ ക്രിസ്തുമതവും വൈരമാത്സര്യങ്ങൾ തകർത്തുകൊണ്ടിരിക്കുന്ന സമൂഹത്തിൽ സഹോദര്യം പ്രകീർത്തിച്ചു സ്ഥാപിക്കുന്നതിനു വേണ്ടിയുണ്ടായ ഇസ്ലാം മതവും അനാചാര മണ്ഡലചത്രമായ ബ്രഹ്മണാധിപത്യം ജനജീവിതത്തിലേൽപ്പിച്ച യാതനകളിൽ നിന്നും സാധാരണക്കാരെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുണ്ടായ ബുദ്ധമതവുമെല്ലാം ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആവിർഭാവഘട്ടത്തിൽ ഇവയൊന്നുംതന്നെ മതമായിരുന്നില്ലെന്നും സാമൂഹിക പ്രസ്ഥാനങ്ങളായിരുന്നു എന്നുമുള്ള യാഥാർത്ഥ്യം ഇന്നത്തെ മതാധിപന്മാർ അംഗീകരിച്ചുതരുമെന്നു തോക്കുന്നില്ല. സാധാരണ മനുഷ്യരുടെ മനുഷ്യരുടെ സംരക്ഷണത്തിനുണ്ടായ ഈ പ്രസ്ഥാനങ്ങൾ പിന്നീട് സംഘടിത മതങ്ങളായി ത്തീർന്നപ്പോൾ അവ ജനവിരുദ്ധവും അധികാരിവർഗ്ഗത്തെ സംരക്ഷിക്കുന്നതിനുമായിത്തീർന്നു. ധനികന്റെ സ്വർഗപ്രവേശം ഒട്ടകം സൂചിക്കുഴിയിലൂടെ കടക്കുന്നത് പോലെ ദുഷ്ക്കരമാണെന്നു വിധിക്കുകയും ദേവാലയങ്ങളിൽ നിന്ന് പുരോഹിതന്മാരെ അടിച്ചിറക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ പേരിൽ സ്ഥാപിതമായ മതം ധനിക - പുരോഹിത വർഗ്ഗത്തിന്റെ 'ഇടയലേഖന ' ങ്ങളുടെ പ്രസാദകരായതു മാത്രം മതിയാകും ഇക്കാര്യം വെളിവാക്കാൻ. ആദ്യകാല ആചാര്യന്മാരുടെ ജീവിതരീതിയും ആചാരാനുഷ്ഠാനകർമ്മങ്ങളും പിന്നീട് ദ്രാവിടസത്വത്തെയും ദൈവങ്ങളെയുംമൊക്കെ കുറെയെല്ലാം ആഗിരണം ചെയ്തുണ്ടായ ഒന്നിനെയാണ് ഇന്ന് ഹിന്ദുമതമെന്നും പറയുന്നത്.




മനുഷ്യവർഗത്തിന് രക്ഷാമാർഗമായി തങ്ങളുടെ മതം മാത്രമാണുള്ളതെന്ന് ഒരോ മതവും പ്രചരിപ്പിക്കുകയും വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മതത്തിന് പ്രവർത്തകരെയെന്നതിനെക്കാൾ വിശ്വാസികളെയാണ് ആവശ്യം വിശ്വാസികളാകട്ടെ വിശ്വസിക്കാൻമാത്രം വിധിക്കപ്പെട്ടവരും ചോദ്യം ചെയ്യലിനോ, പരീക്ഷണത്തിനോ അധികാരമില്ലാത്തവരുമാണ്. ഇങ്ങനെയുള്ള വിശ്വാസങ്ങളടങ്ങുന്ന സാമ്രാജ്യത്വത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനാണ് ഓരോ മതവും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ വിസ്തൃതി വർദ്ധിപ്പിക്കുകയും അവിടെ ആധിപത്യമുറപ്പിക്കുകയും മറ്റു 'സാമ്രാജ്യ'ങ്ങളെ തകർക്കാനുള്ള ശ്രമത്തിൽ സ്വജനങ്ങൾക്കും പരജനങ്ങൾക്കും ദുരന്തം വർഷിക്കുകയും ചെയ്യുക എന്നത്, ഇന്ന് ഏതൊരു മതത്തിന്റെയും സ്വഭാവമാണ്. എല്ലാത്തിന്റെയും അധീശക്തിയെന്ന് തങ്ങൾ പ്രചരിപ്പിക്കുന്ന, വിവിധ നാമങ്ങളിൽ ഓരോ മതവും വിളിക്കുന്ന, സർവ്വേശ്വരനാൽപോലും ചോദ്യംചെയ്യപ്പെടാൻ ഈമതങ്ങൾ തയ്യാറല്ലാ. അതുകൊണ്ടാണ് ജനവിരുദ്ധതയും വലതുപക്ഷ താല്പര്യസംരക്ഷണവും ഏതൊരുമതത്തിന്റേയും സ്വഭാവമായത് അമേരിക്കൻ സാമ്രാജ്യത്വവും അതുനയിക്കുന്ന ആഗോളമുതലാളിത്തവും ലോകഗതിയുടെ നിയന്ത്രണം കൈയടക്കിയതോടെ അതേ താല്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന മതസ്ഥാപനങ്ങളുടെ ദൗത്യം

ഏറെ സുഗമമായി. ലോകരാഷ്ട്രങ്ങളുടെമേലുള്ള ഹീനമായ കടന്നാക്രമങ്ങൾക്ക് മതതാല്പര്യസംരക്ഷണമെന്ന ന്യായീകരണംകൂടി പറയുന്ന അമേരിക്ക മതത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും താല്പര്യങ്ങൾ ഭിന്നമല്ലെന്ന വസ്തുതക്ക് അടിവരയിടുകയാണ് ചെയ്യുന്നത്. 1959ൽ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പുറത്താക്കാനായി മതപ്രചാരണവുമായെത്തിയ എം.ആർ. എ. യും ഈ കാര്യം തന്നെയാണ് വ്യക്തമാക്കിയത്.

മനുഷ്യവംശത്തിന്റെ വികാസചരിത്രത്തിലെ പ്രാചീന(പ്രാകൃത) ഘട്ടങ്ങളെയാണ് മതങ്ങൾ പൊതുവേ പ്രധാനിധാനം ചെയ്യുന്നത്. പ്രാചീനമായ ആചാരങ്ങളും, അന്ധവിശ്വാസങ്ങളും, പ്രാകൃതജനതയുടെ ജീവിതസങ്കൽപ്പത്തിന്റെ പ്രതിനിധികൾ മാത്രമായ ദൈവങ്ങളും എല്ലാ മതങ്ങളിലും ആധിപത്യം പുലർത്തുന്നത് അതുകൊണ്ടാണ്. മതസ്ഥാപകർക്ക് അതതുചരിത്രസംഭവങ്ങളിൽ നിർവഹിക്കാനുണ്ടായിരുന്ന ചലനാത്മകവും പുരോഗമനപരവുമായ ദൗത്യങ്ങൾ വിസ്മരിക്കപ്പെടുകയും അവയുടെ കാലബദ്ധമായ പുറന്തോടുകൾ മാത്രമായ ആചാരവിശ്വാസങ്ങൾ അതേപടി തുടരുകയും ചെയ്യുന്നതിലൂടെ ജീവിതത്തെ പ്രാകൃതാവസ്ഥയിൽത്തന്നെ നിലനിർത്താനാണ് മതങ്ങളേതും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ സമൂഹവിരുദ്ധവും പുരോഗമനവിരുദ്ധവുമായ എല്ലാ പ്രവണതകളുടേയും ഒളിത്താവളങ്ങളായി മതസ്ഥാപനങ്ങൾ എന്നും രൂപപരിണാമത്തിന് വിധേയമായികൊണ്ടിരിക്കുന്നു.

മതമേതായാലും അത് ജനവിരുദ്ധമായും പ്രവർത്തിക്കുന്നു എന്ന ഉൾക്കാഴ്ചയാണ്, കേരളത്തിന്റെ നവോത്ഥാനത്തിനും ജനാധിപത്യവൽക്കരണത്തിനും മുഖ്യധാരയായിപ്രവർത്തിച്ച നാരായണഗുരുവിനെകൊണ്ട് മതമേതായാലും മനുഷ്യൻ നന്നായാൽമതി എന്നും ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നുമുള്ള സൂക്തങ്ങൾ ഉരുവിടുവിച്ചത്. ഈ രണ്ടു സൂക്തങ്ങളും സൂക്ഷ്മാത്ഥത്തിൽ മതനിരാകരണപരമാണെന്ന് മതഭക്തന്മാർ അല്ലാത്തവർക്കെല്ലാമറിയാം. അവയെ കുറച്ചെങ്കിലുമൊക്കെ പ്രാവർത്തികമാക്കിയാണ് വിസ്മയകരമെന്നു വിശേഷിപ്പിക്കത്തക്കവണ്ണമുള്ള വളർച്ച് കേരളം കൈവരിക്കുകയും ലോകത്തിന്റെ തന്നെ ശ്രദ്ധയിൽപ്പെടുകയും ചെയ്തത്.

ഈ നേട്ടങ്ങളെയെല്ലാം ഇല്ലായ്മചെയ്യാനും സാമ്പത്തികമായ മുന്നേറ്റത്തിനും സാംസ്കാരികമായ പിന്നേറ്റത്തിനും വേണ്ടി ബോധപൂർവ്വം ശ്രമിക്കാനാണുമാണ് ദൈവത്തിന്റെ സ്വന്തംനാടായി സ്വയം പ്രഖ്യാപിച്ചുകൊണ്ട് കേരളം ഇന്നൊരുങ്ങുന്നത്. ഇതിനെ പ്രതിരോധിക്കുകയെന്നത് ചിന്തിക്കുന്ന ഏതൊരു പൗരന്റേയും കർത്തവ്യമാണ്. വിശ്വാസം വിതച്ച് പണവും അധികാരവും കൊയ്യുകയെന്ന പുതിയവ്യവസായത്തിന്റെ പ്രാണേതാക്കളായി മനുഷ്യദൈവങ്ങൾ അധീശത്വം നേടുകയും അന്ധവിശ്വാസങ്ങളുടെ പൊങ്കാലകലങ്ങളായി മനുഷ്യമനസ്സുകളെ കൂട്ടപ്പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ നാൽകവലകൾതോറും വീടുകൾതോറും പൊങ്ങിവരുന്നു. പല മഹാൻമാരുടേയും രൂപം കൊടുത്ത പ്രസ്ഥാനംപോലും ഇങ്ങനെയൊരുപ്രവണത കൈകൊള്ളുകയും അധികാരംതേടി മതവർഗ്ഗീയതയുടെ ആശ്രിതത്വം സ്വീകരിക്കുകയും ചെയ്യുന്ന വിപര്യയങ്ങളുടെ കാലമാണിത്. ധനാധിപത്യമോഹമൊഴിച്ചാൽ ഇന്ന് തോകത്താകെയുള്ള ഛിദ്രവാസനകളുടേയും സമാധാനധ്വംസനത്തിന്റേയും കേന്ദ്രസ്ഥാനം മതവും ദൈവവുമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. സ്വാസ്ഥ്യവും സമാധാനവും മാത്രം കാംക്ഷിച്ചുജീവിക്കുന്ന ജനങ്ങളുടെ സമ്പത്തെടുത്ത് ശ്രീ പദ്മനാഭ സ്വാമി പുരസ്കാരം പോലുള്ള സമ്മാനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളേയും അത് നിർവഹിക്കുന്നതിനും മതാധിപത്യത്തിനും അനാചാരങ്ങൾക്കുമെല്ലാം സ്തുതിപാടുന്നതിനും ആവേശം കാണിക്കുന്ന ഭരണാധികാരികളേയും നിരാകരിക്കുക എന്നത് മനുഷ്യത്വത്തിൽ അഭിമാനിക്കുന്ന ഏതൊരു വ്യക്തിയുടേയും ചുമതലയാണ് . ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിൽ ആർജിച്ചിരുന്ന സ്വപ്രത്യയസ്ഥൈര്യ മെങ്കിലും നാമിന്നു നിലനിർത്തേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നവരോട് ഇത് ജനങ്ങളുടെ സ്വന്തം നാട് എന്ന് പ്രഖ്യാപിക്കാൻ നമുക്ക് കഴിയണം. മറക്കാനരുതാത്ത പാഠങ്ങൾ ഓർക്കുകതന്നെ വേണം.

സുജിത് കെ. ഷാജി
ഒന്നാംവർഷ ഭൗതികശാസ്ത്രം

മതസ്ഥാപകർക്ക് അതതുചരിത്രസംഭവങ്ങളിൽ നിർവഹിക്കാനുണ്ടായിരുന്ന ചലനാത്മകവും പുരോഗമനപരവുമായ ദൗത്യങ്ങൾ വിസ്മരിക്കപ്പെടുകയും അവയുടെ കാലബദ്ധമായ പുറന്തോടുകൾ മാത്രമായ ആചാരവിശ്വാസങ്ങൾ അതേപടി തുടരുകയും ചെയ്യുന്നതിലൂടെ ജീവിതത്തെ പ്രാകൃതാവസ്ഥയിൽത്തന്നെ നിലനിർത്താനാണ് മതങ്ങളേതും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

# മനോചരങ്ങൾ




## ദിവസങ്ങൾക്ക് മുമ്പ്

എന്റെ ആലോചന നീളുകയാണ്
നാം എങ്ങനെ കണ്ടുമുട്ടിയെന്നതിനെക്കുറിച്ച്
എനിക്ക് തോന്നുന്നത്
ജന്മാന്തരങ്ങളിലൂടെയുള്ള യാത്രക്കിടയിലായിരിക്കുമെന്ന്
കാല ബിന്ദുവിലെവിടെയോ വച്ച്
ഏതോ സ്വയം സന്ധ്യയുടെ നിശബ്ദതയിൽ
കണ്ടുമുട്ടുകയായിരുന്നുവെന്ന്
ഒരു നിയോഗം പോലെ.........
ഒരു കാത്തിരിപ്പിന്റെ അന്ത്യംപോലെ......



## ഇന്നലെ

ഞാൻ നിന്നെ ക്ഷണിക്കുന്നു
എന്റെ സ്വപ്നങ്ങളിലേക്ക്
നമുക്കൊരുമിച്ച് യാത്രചെയ്യാം
ദേശാടന പക്ഷികളെപോലെ
മഞ്ഞുപെയ്യുന്ന പർവ്വതശിഖരങ്ങൾക്കുമപ്പുറം
നീലകുറിഞ്ഞി പൂത്തിറങ്ങുന്ന
ആകാശത്താഴ്‌വരയിലേക്ക്
ശലോമോന്റെ ഉത്തമ ഗീതത്തിന്റെ ആഴങ്ങളിലേയ്ക്കും,
ജറിക്കോയിലെ മുന്തിരിതോപ്പുകളിലേയ്ക്കും,
നമുക്കായ് കാത്തിരിക്കുന്നു,
സ്നേഹത്തിന്റെ സുവർണ്ണതീരം



## അവിടെ വച്ച്

നിന്റെ ഹൃദയം ഞാൻ എന്റെ കൈയ്യിൽ
ഭദ്രമായി സൂക്ഷിക്കും
അതിനാൽ നിന്റെ കൈയ്യിലുള്ള
എന്റെ ഹൃദയം
ഞാൻ ഒരിക്കലും തിരിച്ച് ചോദിക്കയില്ല



## ഇന്ന്

നിന്റെ കണ്ണുകളിലെ ദുഃഖത്തിന്
കടും ചുവപ്പ് നിറം
അതെന്നിൽ വേദനയുണർത്തുന്നു
നിന്നെ എനിക്ക് ആവശ്യമുണ്ട്
എന്റെ സഹയാത്രികയായി
നമുക്ക് പങ്കുവയ്ക്കപ്പെടാം
നിഷ്കളങ്ക സ്നേഹത്തിന്റെ നിറവിൽ
എന്നെയും നിന്നെയും,
സന്തോഷവും ദുഃഖവും,
ആഹ്ലാദവും വേദനയും,
എല്ലാമെല്ലാം അന്ത്യം വരെയും.........



## നാളെ

ഞാൻ പ്രത്യാശിക്കുന്ന
ഒരു പുതിയ ലോകത്തെക്കുറിച്ച്
ഞാനും നീയുമുള്ള നമ്മുടെ സാമ്രാജ്യം
ഞാൻ സ്വാർത്ഥനാണ്
എന്റെ കാര്യത്തിലൊഴിച്ച്
അല്ല - എനിക്ക് തെറ്റുപറ്റിയോ
ഞാൻ തിരുത്തിയെഴുതാം
നമ്മളെ സംബന്ധിച്ച് മാത്രമാണ്
എന്റെ മനസ്സിന് വാതായനങ്ങളില്ലാത്തതാണ്



## അടുത്തനാൾ

ഇനിയും ഞാൻ എന്തെഴുതാൻ
നീ തുറന്നു വായിച്ച എന്റെ ഹൃദയത്തെക്കുറിച്ചോ
അതിൽ ഇനിയുമുണങ്ങാത്ത മുറിവുകളേയും
അതിന്റെ വേദനകളെക്കുറിച്ചുമോ
വയ്യ - നിനക്കറിയില്ലേ അത്
എനിക്കറിയാം നീയെന്നെ അറിഞ്ഞിരുന്നുവെന്ന്
യുഗാന്തരങ്ങൾക്ക് മുമ്പ് മുൻ ജന്മങ്ങളിലെങ്ങോവച്ച്....

**ബിനു. ടി.ആർ.**
രണ്ടാംവർഷ ഇലക്ട്രോണിക്സ് ബിരുദം

# 'കലാലയ പ്രണയം'


അവന്റെ ജീവിതത്തിലെ ദുർദിനമായിട്ടാണ് അവന് കലാലയത്തെ പിരിഞ്ഞപ്പോഴുണ്ടായ അവസ്ഥയെക്കുറിച്ച് പറയുന്നത്. ഒരിക്കൽ ആ ദിനം തനിക്കും വരാമെന്നറിഞ്ഞിട്ടുകൂടി അവൻ തന്റെ ആത്മനൊമ്പരങ്ങളെ ഒരു ചെറുപുഞ്ചിരിയിൽ ഒളിപ്പിയ്ക്കുന്നു. തന്റെ എല്ലാമെല്ലാമായിരുന്ന കലാലയത്തോട് യാത്ര ചോദിക്കുന്നത് അവന് ഹൃദയഭേദകമായിരുന്നു. തന്റേയും തന്റെ സുഹൃത്തുക്കളുടേയും മാത്രമാണെന്ന്, ഒരിക്കൽ അവൻ വിശ്വസിച്ചിരുന്ന ആ കലാലയം അവന് അന്യമായിത്തീർന്നപ്പോൾ, ജ്വലിക്കുന്ന ദീപനാളങ്ങൾക്കുമുമ്പിൽ കൊഴിഞ്ഞു വീണ ഈയാംപാറ്റകളെപ്പോലെയായിരുന്നു അവന്റെ ഹൃദയം എന്ന് ആരും അറിയുന്നില്ല. അറിഞ്ഞിരുന്നാൽ തന്നെയും അവൻ ആ വേദന ആരേയും അറിയിക്കാതെ തന്നിൽ തന്നെ ഒതുക്കുന്നു.

നെറികെട്ട ലോകവും, കനിവറ്റ കാലവും അവനെ കരയിച്ചപ്പോഴും, ഒരാശ്രയമായി അവനുണ്ടായിരുന്നത് ആ കലാലയത്തിലെ പക്ഷികളും, വൃക്ഷങ്ങളും, ഗുരുക്കന്മാരും, സഹപാഠികളും സർവ്വോപരി ആ കലാലയം മാത്രമായിരുന്നു. അതെല്ലാം ഒരൊറ്റ നിമിഷം കൊണ്ട് അന്യം നിന്നപ്പോൾ അവൻ തന്നോട് തന്നെ ചോദിച്ചു. ഇനിയുള്ള യാത്ര എങ്ങോട്ട്? ആർക്കുവേണ്ടി? ഈ ചോദ്യങ്ങൾ അവനെ അലട്ടുന്നുണ്ടെന്ന് അവന്റെ മുഖം എന്നോട് ചോദിക്കുന്നതായി എനിക്കനുഭവപ്പെട്ടു. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ആടിയുലയുന്ന അമരക്കാരനില്ലാത്ത ഒരു വഞ്ചിപോലെയായിരുന്നു അവന്റെ തുടർന്നുള്ള ജീവിതം. കാലം അവനിലും ഒരുപാട് മാറ്റങ്ങൾ വരുത്തി. അപ്പോഴാണ് എല്ലാത്തിനുമുപരിയായി താൻ പ്രണയിച്ചിരുന്നത് തന്റെ കലാലയത്തെയാണെന്ന സത്യം അവൻ മനസിലാക്കുന്നത്. ഓരോ വിദ്യാർത്ഥിയും തന്റെ സുഹൃത്തുക്കളേക്കാളും ഉപരിയായി, അവൻ പഠിക്കുന്ന, പഠിച്ചിരുന്ന കലാലയത്തെ പ്രണയിക്കുന്നു. പക്ഷേ പഠിക്കുന്ന കാലത്ത് ആരും ആ സത്യം മനസ്സിലാക്കുന്നില്ല. ഇനി മനസ്സിലായിട്ടുണ്ടെങ്കിലും ആരും അത് പുറമേ പ്രകടിപ്പിക്കുന്നില്ല. ഓരോരുത്തരും അവരവരുടേതായ ജീവിതയാഥാർത്ഥ്യങ്ങളോട് മല്ലിട്ട് കഴിയുന്ന വിശ്രമവേളകളിലാണ് ആ സുന്ദരകാലഘട്ടത്തെ - കലാലയ ജീവിതത്തേയും കലാലയത്തേയും - താനും പ്രണയിച്ചിരുന്നു എന്ന സത്യം മനസ്സിലാക്കുന്നത്.


**ആത്മൻ ഇ.ആർ**
ഒന്നാം വർഷ രസതന്ത്രബിരുദം



# College Day









# Sports Day





# വിൽക്കാനുണ്ട് സ്വപ്നങ്ങൾ

## മലയാള സിനിമയുടെ പ്രേത-പ്രവണതകളെക്കുറിച്ച്



ഈ ലോകം വാക്കുകൾ മാത്രമാണ് എന്ന് വിഖ്യാത എഴുത്തുകാരൻ ഷൂസേ സരമാഗു പറഞ്ഞിട്ടുണ്ട്. കലാകാരന്മാരെ സംബന്ധിച്ചിടത്തോളം ഈ ലോകം എന്നത് പ്രമേയങ്ങളുടെ ഒരു സംഘാതമാണ്. അതിനാൽ ഭൂമിശാസ്ത്രപരമായ വ്യതിരിക്തതകൾ മറികടന്ന് ഏത് പ്രമേയവും ഏത് ഭൂഖണ്ഡത്തിലും ഏത് കാലത്തും ആവർത്തിച്ചേക്കാം. പ്രമേയം ആവർത്തിക്കുന്ന ഒരു കലാകാരൻ ഖേദിക്കേണ്ടതായോ കുറ്റബോധത്താൽ ലജ്ജിക്കേണ്ടതായോ ഒന്നുമില്ല. അതിൽ അനുകരണമില്ല. തന്റെ സംവാദത്തിന്റെ സൂക്ഷ്മസ്പർശിയിലൂടെ അയാൾ ഒരു പ്രമേയം കണ്ടുപിടിക്കുന്നു- അല്ലെങ്കിൽ ഒരു പ്രമേയം അയാളെ തേടിവരുന്നു എന്നു മാത്രം. അയാളുടെ പ്രതിഭയുടെ മൂശയിലുരുകി അത് അയാളുടെ ജനിതക മുദ്രകൾ പേറുന്ന ഒരു സൃഷ്ടിയായി പിറവി കൊള്ളുന്നു. തിരയടിപോലെ ആവർത്തിക്കുന്ന ജീവിതം തന്നെയാണല്ലോ കല. ജൂലിയസ് സീസർ നാടകത്തിലെ സീസർ എത്രയോ നാടുകളിൽ മറ്റെത്രയോ പേരുകളിൽ നാടുവാണിരിക്കാം! രോഗവും രോഗത്തെ മറിക്കടക്കാനുള്ള അഭിവാഞ്ഛയും സ്വേഛാദിപത്യമയി സ്വേഛാതിപത്യം മരണഭീതിയും ഒരു സദാശത്രുസ്മരണയുമായി എത്രയോ ഭരണാധികാരികളെ വേട്ടയാടിയിരുന്നിരിക്കാം! എവിടങ്ങളിലെല്ലാം അവർ കുത്തേറ്റ് വീണിരിക്കാം! സർവ്വലൗകികമായ ഈ പ്രമേയത്തെ പ്രതിഭാസ്പർശം കൊണ്ടാണ് ഷേക്സ്പിയർ അനശ്വരമാക്കി. ഇതേ ദുരന്തനാടകം വേറൊരു ചരിത്രഖണ്ഡത്തിൽ എഴുതാൻ ആത്മവേദന അനുഭവിച്ച എത്രയോ എഴുത്തുകാരുണ്ടാവും. ആവർത്തിക്കപ്പെടുന്ന പ്രമേയം എന്നത് അനുകരണമല്ല. ഒരർത്ഥത്തിൽ പരമമായ ജീവിത സത്യം കണ്ടെത്താനുള്ള കലാകാരന്റെ യാത്രയുടെ യുലീസസോ നചികേതസ്സോ ഒക്കെ നടത്തിയ അതേ പഴയ യാത്രയുടെ തുടർച്ചമാത്രമാണ്. പക്ഷേ പ്രമേയാവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി അനുകരണം എന്ന ലജ്ജാകരമായ പ്രക്രിയയായി മറ്റൊന്ന് നിലവിലുണ്ട്. മറ്റേതു കലാസൃഷ്ടിയിലുമെന്ന പോലെ സിനിമയിലും പ്രമേയാവർത്തനവും പ്രമേയാനുകരണവും ഉണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുമുണ്ട്. പ്രത്യയശാസ്ത്രപരമായ പരിശോധനകളിൽ ഒന്നിന്റെ അടിത്തറ ആശാവഹമെങ്കിൽ മറ്റേതിന്റേത് ഇരുളടഞ്ഞത് എന്ന് പറയേണ്ടി വരും. മലയള സിനിമയിൽ പഴയ പ്രേതചിത്രങ്ങളുടെ അനുകരണം ഒരു പ്രത്യയശാസ്ത്രപ്രശ്നമായിട്ടാണ് ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. പരേതാത്മാക്കളെക്കുറിച്ചും, ഭൂതപ്രേതങ്ങളെക്കുറിച്ചും ഉള്ള സിനിമകൾ ലോകത്തെമ്പാടും അനവധി ഉണ്ടായിട്ടുണ്ട്. വിവിധ പ്രദേശിക ജനതകൾ വച്ച് പുലർത്തിപോന്ന പ്രേതസംബന്ധിയായ ആദിമവിശ്വാസങ്ങളുടെ ശേഖരം വളരെ വിപുലമാണ്. 'ഗോൾഡൺ ബോ' എന്ന തന്റെ വിഖ്യാതമായ പുസ്തകത്തിൽ ഫ്രേസർ ആവിശ്വാസങ്ങളുടെ വൈപുല്യത്തെക്കുറിച്ചും അവയുടെ ഘടനപരമായ സവിശേഷതകളെക്കുറിച്ചും സവിസ്തരം പ്രദിപാദിച്ചിട്ടുണ്ട്. വിഭ്രമിപ്പിക്കുന്ന ആ കഥകളും അനുഷ്ഠാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ലോകത്തെങ്ങും സിനിമകളിലൂടെ ചിത്രീകരിക്കപ്പെട്ടത് അവയുടെ പതിനായിരത്തിന്റെ ഒരംശം പോലും വരികയില്ല. ചിത്രീകരിക്കപ്പെട്ടവയിൽ ബഹുഭൂരിപക്ഷവും പ്രേത-സംബന്ധിയായ ആ കഥകളുടെ ആദിമ സംസ്കൃതികളോടൊ, ജീവിത-ചരിത്രസാഹചര്യങ്ങളോടെ നീതിപുലർത്തിയവയല്ല. അപരിമേയമായ പരീക്ഷണങ്ങൾക്കുള്ള സാധ്യത ഉണ്ടായിരുന്നിട്ട് പോലും ആ പ്രേതകഥകളുടെ സ്രോതസ്സിനെ ദിഷണപരമായി സമീപിക്കാൻ ആരും മുതർന്നില്ലെന്ന് വേണം പറയാൻ. ഒരു ജനുസ്സിൽ ഉണ്ടായവയാണ് ദി എക്സോർസിസ്റ്റ്, ദി ഒമെൻ, സിൽവർ ബുള്ളറ്റ്, പോൾട്ടാർ ജിസ്റ്റ്, നൈറ്റ് മേയർ ഓൺ എം സ്ട്രീറ്റ് തുടങ്ങിയ ഹോളിവുഡ് ചിത്രങ്ങൾ ഇന്ത്യൻ ഭാഷകളിലും പലകാലങ്ങളിലായി ഇത്തരം ചിത്രങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. മലയാളത്തിലാണെങ്കിൽ കള്ളിയങ്കാട്ട് നീലി, ശ്രീകൃഷ്ണപരുന്ത് മുതലായ യക്ഷി ചിത്രങ്ങളും, ഭാർഗ്ഗവി നിലയം, ലിസ, കരിമ്പൂച്ച മുതലുള്ള 'സെക്കുലർ പ്രേത' ചിത്രങ്ങളുമുണ്ടായിട്ടുണ്ട്.(അവയിൽ രാംഗോപാൽ വർമ്മയുടെ ഭൂത് മികച്ചു നിൽക്കുന്നു. വൈക്കം മുഹമ്മദ് ബഷീർ തിരക്കഥയെഴുതിയ ഭാർഗ്ഗവിനിലയം ആണ്. മലയാളത്തിലെ മികച്ച ചിത്രം! ബേബി സംവിധാനം ചെയ്ത ലിസയും ശ്രദ്ധേയാമായിരുന്നു. ആ ചിത്രം പക്ഷെ കൂടുതൽ ഓർമ്മിക്കപ്പെടുന്നത്. "നിഴലായ് ഒഴുകി വരും ഞാൻ യാമങ്ങൾ തോറും കൊതിത്തീരുവോളം....." എന്ന മെറ്റാഫിസിക്കൽ ആയ ഗാനശില്പത്തിലൂടെയാണ്.) പല കാലങ്ങളിൽ ഇടവിട്ടുണ്ടായ ഈ ചിത്രങ്ങൾ സംവിധായകരുടെ പ്രത്യേകമായ ഒരു പ്രമേയ തെരഞ്ഞെടുപ്പിനെ മാത്രമാണ് സൂചിപ്പിക്കുന്നത്. എന്നാൽ 2003-2004 വർഷങ്ങൾ മലയാള ചിത്രമേഖലയേയും അതിനെ നഗ്നമായി അനുകരിച്ച് കൊണ്ട് മലീമസമായ ഒരു മാംസള ദൃശ്യസംസ്ക്കാരമൊരുക്കാൻ കച്ചകെട്ടിയിറങ്ങിയ ടി.വി.ചാനലുകളെയും പ്രേതകഥകൾ വിഴുങ്ങിയ കാലമാണ്. പകൽപ്പൂരം, ഇന്ദ്രിയം,, ആകാശഗംഗ, വെള്ളിനക്ഷത്രം, വിസ്മയതുമ്പത്ത്, അപരിചിതൻ തുടങ്ങിയ അനവധി ചിത്രങ്ങൾഒന്നിനുപിറകെ ഒന്നായി വന്നു. ഈ ചിത്രങ്ങൾ എല്ലാം തന്നെ ഭേദപ്പെട്ട് കളക്ഷൻ ഉണ്ടാക്കി എന്നത് അവയുടെ സ്വീകാര്യതയ്ക്ക് തെളിവാണ്. ഇതിന് സമാന്തരമായിട്ടാണ് കടമറ്റത്ത് കത്തനാർ പോലുള്ള പ്രേതസീരിയലുകൾ നമ്മുടെ വീടിന്റെ സ്വീകരണ മുറിയിലേക്ക് ഒഴുകിയിറങ്ങുന്നത്. ഒറ്റ നോട്ടത്തിൽ സാധാരണം നിരുപദ്രവം എന്നെല്ലാം തോന്നിയേക്കാവുന്ന 'പ്രേതങ്ങളുടെ ഈ സംഘം ചേരലി'ന്



പിന്നിൽ വ്യക്തമായ ഒരു മനശാസ്ത്രപ്രശ്നമുണ്ട്. അധീശ സർഗ്ഗത്തിന്റെ സാംസ്ക്കാരനിർമ്മിതയും സാമ്പത്തിക മൂല്യോൽപാദനവുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രശ്നത്തെക്കുറിച്ചുള്ള വിശകലനങ്ങൾ മലയാളിയുടെ മാനസികജീവിതത്തിലെ ഇരുണ്ട ശൂന്യത വെളിപ്പെടുത്തുന്നു.

ആഗോളവൽക്കരണമെന്ന എക്കാലത്തേയും വലിയ പ്രേത (ഗോസ്റ്റ്)ത്തിന്റെ കടന്ന് വരവോടെ (മാക്ബത്തിലെ 3 വിന്വസ്, ഐ.എം.എഫ് വേൾഡ് ബാങ്ക്, ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക്) കേരളം കൺസ്യൂമറിസത്തിന്റെ ഒരു പച്ച പറുദീസയായി തീർന്നല്ലോ. ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ സമനിരപ്പായ സ്ഥലം നന്നേ കുറഞ്ഞ കേരളം. ലോകത്തിലെ ഏറ്റവും വലിയ കാർ വിപണികളിൽ ഒന്നായി തീർന്നു. ഇരുചക്രവാഹന വിപണിയിൽ കേരളം എന്ന പേര് ബഹുരാഷ്ട്ര വാഹനനിർമ്മാതാക്കൾ ചിത്രഗുപ്തന്റെ കണക്കുപുസ്തകത്തിൽ എന്ന പോലെ രേഖപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. മോബൈൽ ഫോൺ വിപണിയിലും കേരളം മുന്നിൽ! ഏത് പുതിയ ഉൽപന്നവും അതിന്റെ വക ഭേദങ്ങളും വിപണിയിൽ ഇറങ്ങുമ്പോൾ അന്ന് തന്നെയോ പിറ്റേന്നോ എത്തിച്ചേരേണ്ട ഒരു വിശിഷ്ട ഗൃഹമായി കേരളം മാറി. ഭൂപരിഷ്കരണ നിയമങ്ങളിലൂടെ മലയാളിക്ക് പണ്ടേ കിട്ടിയ കൺസ്യൂമർ അഭിരുചി ഒന്നു കൂടെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് സ്റ്റാൻന്റേഡ് ഡൈസ് ചെയ്യപ്പെട്ടു. എന്നാൽ വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മ അനുപാതവും, പ്രവാസിമലയാളികളുടെ പണംവരവിലുള്ള കുറവും, വർദ്ധിച്ച് വരുന്ന വിദ്യാഭ്യാസം നിത്യജീവിത ചെലവും വെച്ച് താരതമയപ്പെടുത്തുമ്പോൾ മലയാളിയുടെ പ്രതിശീർഷവരുമാനത്തിൽ വലിയ ഇടിച്ചിലുണ്ടായതായി കാണാൻ കഴിയും. എന്നാൽ വരുമാനത്തിലുള്ള ഈ കുറവ് ഒട്ടും തന്നെ പ്രതിഫലിക്കാത്തതാണ് കേരളത്തിന്റെ ഉപഭോക്തൃവിപണി! വരുമാനം കുറഞ്ഞ് കൊണ്ട് വരുന്ന മലയാളി അന്താരാഷ്ട്രമേന്മയുള്ള ബ്രാൻഡ് വസ്ത്രങ്ങളും മറ്റ് ഉൽപ്പന്നങ്ങളും കൂടുതൽ കൂടുതൽ വാങ്ങിക്കൂട്ടുന്നതിന്റെ പിന്നിലുള്ള സാമ്പത്തിക വിദ്യ വായ്പ എന്ന സാമ്പത്തിക വിദ്യയാണ്. ആഗോളവൽക്കരണത്തിന്റെ ഫലമായി അനവധി ബഹുരാഷ്ട്ര ബാങ്കുകൾ കേരളത്തിൽ വരികയും ഓരോ തട്ടുകടയ്ക്ക് ആ രീതിയും തങ്ങളുടെ ടെന്റുകൾ കെട്ടി ഉപഭോക്താക്കളെ കാത്തിരിക്കുകയും ചെയ്യുന്നു. 0% ഇന്ററസ്റ്റ് 2800 രൂപ പ്രതിമാസ തിരിച്ചടവ് സൗകര്യപ്രദമായ സെക്യൂരിറ്റി വാങ്ങിക്കോളൂ ഒരു മാരുതിക്കാർ! കൺസ്യൂമർ മാർക്കറ്റിന്റേതായ ഈ പ്രലോഭനങ്ങളാണ് ദരിദ്രനായ മലയാളിയെ കാഴ്ചയിലെ രാജാവ് (കിംഗ് ഓഫ് അപ്പീയറൻസ്) ആക്കുന്നത്. വായ്പയെടുത്ത് വസ്ത്രധാരണം മുതൽ വിദ്യാഭ്യാസം വരെ യൂറോപ്യൻ നിലവാരത്തിലേക്കെത്തിയിരുന്ന ഒരു ഉപഭോക്തൃ സാമ്പത്തിക വിദ്യ മലയാളിക്ക് ഒരു മനോരോഗം സമ്മാനിച്ചിട്ടുണ്ട്. മനശാസ്ത്രഗവേഷണ പഠന ഗ്രന്ഥങ്ങളിൽ ഒരു പേരിടപ്പെട്ട് പ്രത്യക്ഷപ്പെടേണ്ടിയിരിക്കുന്ന ആ രോഗത്തിന്റെ പ്രധാനസവിശേഷത "ഭീതി"യാണ്. സിറ്റൗട്ടിൽ മുഴങ്ങുന്ന ഓരോ കാളിംഗ് ബെല്ലും മുറ്റത്ത് വന്ന് വീഴുന്ന ഓരോ തപാലും ഞായറാഴ്ച രാവിലെ വരുന്ന ഓരോ ഫോൺ കോളും അവന്റെ ഇടനെഞ്ചിൽ ഇടിമുഴക്കങ്ങൾ നിറയ്ക്കുന്നു. ആരാണ്? എന്താണ് സന്ദേശം- വായ്പാ തിരിച്ചടവ്? ജപ്തി അറിയിപ്പ്, ഓർമ്മപ്പെടുത്തൽ...? വായ്പയെടുത്ത് വാങ്ങിയ ഫ്രിഡ്ജിന്റെ തണുപ്പിനെ അവനെ തണുപ്പിക്കാനാവുന്നില്ല. വിദേശനിർമ്മിത പരുത്തി വസ്ത്രങ്ങളിൽ അവന് വല്ലാത്ത ആവതിപ്പ് തോന്നുന്നു. 2500 സ്കയർ ഫീറ്റിൽ തീർത്ത വീടിന്റെ വാദം പിടിപ്പിക്കുന്ന മാർബിൾ തണുപ്പിലും അവന്റെ കാലുകൾ വിയർക്കുന്നു. പ്രണയിനിയുടെ കാതരമായ കിണുങ്ങൽ പോലെ മനസ്സിന്റെ ത്രസ്സിപ്പിച്ചുണർത്തിയ മോബൈൽ ഫോൺ മണിനാദം മരണമണിയുടെ മുഴക്കം പോലെ! സ്വന്തം വാല് വിഴുങ്ങുന്ന ഭീകരനായ മിഥോളജിക്കൽ സത്വത്തെപ്പോലെ അവനവൻ ആത്മ സുഖത്തിനായ് ആചരിച്ചതും അവനവന്റെ നാശത്തിനായ് വരികയാണ്. "ഭീതി"......"ഭീതി...സർവ്വത്ര ഭീതി. ഈ മാനസിക പ്രശ്നങ്ങളിൽ നിന്നൊരാശ്വാസമായി മലയാളി ഇന്ന് കാണുന്നത് 1930 മുതൽ 1975 വരെയുള്ള സത്യധീരനൂതനമായ കാലത്ത് മലയാളി കുടിയൊഴിപ്പിച്ചു വിട്ട മതവിശ്വാസങ്ങളെ ഭൂതപ്രേതപിശാച്, ചാത്തൻ, മറുത, ചാമുണ്ഡി വിശ്വാസങ്ങളെ ഇറുകെ പുണരുക എന്നതാണ്. ആരാണ് ഈ കെണിയിൽനിന്നും 'കൺസ്യൂമർ സിൻഡ്രോമിൽ' തന്നെ രക്ഷിക്കുക എന്നറിയിലല്ലോ.വിശ്വാസത്തിന്റെ ഈ പുതിയ കടന്ന് വരവ് പുതിയ വിശ്വാസി സമൂഹങ്ങളെ തന്നെ സൃഷ്ടിച്ചിരിക്കുന്നു.

ഭീതിയുടെ- ഭീതിയിൽ നിന്ന് രക്ഷതേടി അതീതശക്തികളിൽ അഭയം തേടുന്ന ഹതാശരായ മാനസികാവസ്ഥയുടെ മനശാസ്ത്രവും സാമ്പത്തിക മൂല്യപരവുമായ പ്രവർത്തനത്തിന്റെ ഒരു മറുപുറമത്രേ സീരിയലുകളോടും, പ്രേതസിനിമകളോടും ഉള്ള മലയാളിയുടെ ഈ പുതിയ അഭിനിവേശവും അഭിരുചിയും അവനവന്റെ പ്രതിബിംബം കാണാനും അതിൽ അഭിരമിക്കാനുമുള്ള ഈ 'നാർസിസമാണ് പ്രേതസിനിമകളും, പ്രേതസീരിയലുകളും നേടിയ സ്വീകാര്യതയുടെ കാതൽ.

ഉത്പ്പന്ന വിപണിയുടെ ഏറ്റവും പുതിയ മുദ്രാവാക്യം ഇതാണ്. വിനെവർ സെൽ പ്രൊസക്റ്റസ് വാട്ട് വി റിയലി സെൽ ഈസ് ആർ ഐഡിയ! ഉൽപ്പന്നങ്ങൾക്ക് പകരം ആശയങ്ങൾ വിൽക്കുന്ന പുതിയ മുതലാളിത്ത പരസ്യതന്ത്രം! ആശയങ്ങളെയാണ് കലാനിരൂപണത്തിന്റെ ഭാഷയിൽ സ്വപ്നങ്ങൾ എന്ന് പറയുന്നത്. സിനിമ എന്നത് ഒരു മൂലധനാധിഷ്ഠിത കലയാണല്ലോ നിർമ്മാതാവും വിതരണക്കാരനും തിയറ്റർ ഉടമയും ഒക്കെച്ചേർന്ന ഒരു "നെറ്റ് വർക്ക്" (പുതിയ ജാർഗണിൽ) അവർക്ക് വേണ്ടി സ്വന്തം വാല് വിഴുങ്ങുന്ന പുരാണത്തിലെ ആ സത്വത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ- ആശയങ്ങൾ-വിൽക്കുകയാണ് പുതിയ മലയാള സിനിമ. അതിന്റെ ഹൃദയത്തിലേക്ക് നോക്കുമ്പോൾ കാണുന്നത് അഗാധമായ ഒരു തമോഗർത്തം മാത്രം എങ്കിലും ചില കാഴ്ചകൾ ഇല്ലാതെയുമില്ല.

**സുഹൈൽ വി.എസ്.**
**രണ്ടാംവർഷ പോളിമർ കെമിസ്ട്രി**

◆◆




# കുളിർതെന്നൽ

"മനസ്സിലെൻ മണിവീണമീട്ടി രാഗങ്ങൾ
നിൻ ഹൃദയസ്പന്ദനങ്ങളായിരുന്നോ
മനസ്സിലെൻ മണിക്കോവിലിൽ മുഴങ്ങും നാദം
നിൻ മൗനത്തിൽ സംഗീതമായിരുന്നോ
പനിനീർ പൂക്കളായ് എൻ കിനാവിൽ പൂത്തുവന്നത്
നിൻ പാൽനിലാപുഞ്ചിരിയായിരുന്നോ
അറിയാതെ മഞ്ഞിൻ കണമായ് നി പൊഴിഞ്ഞത്
എന്റെ മണിവീണതന്ത്രിയിലായിരുന്നോ
അറിയാതെ കുളിർതെന്നലായ് നീ തഴുകിയത്
എന്റെ മോഹത്തിൻ പൂഞ്ചില്ലയിലായിരുന്നോ
ഹൃദയത്തിനുള്ളിലെ നിഴലിൽ നീ മറഞ്ഞുനിന്നത്
ആരുമറിയാതെൻ സ്വപ്നമായിട്ടായിരുന്നോ".

**മെറിൻ രാജു**
ഒന്നാംവർഷ രസതന്ത്ര ബിരുദം

# You Choose The Destination
# We Give you The Direction




## Introducing
## APTECH Certified
## Job Specialist Courses

| | | | |
|---|---|---|---|
| Range of in demand career blocks | Curriculum mapped to job roles | Flexible inter- linked career blocks Allowing TO choose An odeal Career path | project Enabled learning Skill Building through Real life Projects |

For more information contact :

**APTECH**
**COMPUTER EDUCATION**

A World of 3208 Centres
In 52 Countries
Spread Across 5 Continents

Chemmanur Academy & Systems (P).Ltd.
Opp.Pvt. Bus Stand, Aluva Ph : (0484) 2623779/2632192/2625547




# പറയൂ...
# നാം ആരോടൊപ്പമാണ്?

"മാതാവായ മഹിയേയും ഭ്രാതാവായ ആകാശത്തേയും വിലയ്ക്കുവാങ്ങി, ചായം തേച്ച്, നിറമേലുന്ന മുത്തുമണികളായ് നിങ്ങൾ വിൽക്കുന്നു നിങ്ങളുടെ ഈ വിശപ്പ്, ആർത്തി, വസുന്ധരയെ വിഴുങ്ങും; മരുഭൂമി മാത്രം അവശേഷിപ്പിച്ചു കൊണ്ട്"

150 ഓളം വർഷങ്ങൾക്കു മുമ്പ്, റെഡ് ഇന്ത്യൻ ഗോത്രത്തലവൻ അമേരിക്കൻ പ്രസിഡന്റിനയച്ച വിഖ്യാതമായ സന്ദേശത്തിൽ നിന്ന്.

പ്രവചനങ്ങൾ യഥാർത്ഥമാവുകയാണ്. മണ്ണിനും, മരങ്ങൾക്കും, ജലത്തിനും വായുവിനും വരെ അവർ വിലപറഞ്ഞുകഴിഞ്ഞു. ചെറുത്തു നിൽക്കുന്ന പാവം ' പഴന്തുണിപട്ടാളങ്ങൾ' നമ്മുടെ ഇന്നുകൾക്ക് കൗതുകരമായ കാഴ്ച

യാവുകയാണ്. അവരുടെ വേദനകൾ അവരുടെ മാത്രം വേദനകളാകുന്നതും, അവർക്ക് അവകാശപ്പെട്ട വിഭവങ്ങൾ കൈക്കരുത്തുള്ളവന്റേതാകുന്നതും നാം കാണുന്നു.

എങ്കിലും, നാം ശബ്ദിക്കുന്നില്ല., ചലിക്കുന്നില്ല നെഞ്ചിലെ കനവുകളെ അക്കാദമിക് സ്വപ്നങ്ങളുടെ നനുത്ത മഞ്ഞിൽ നാം ഉറക്കിക്കിടത്തുന്നു.

ഇന്റേണൽ മാർക്കുകളും, അസൈൻമെന്റുകളും തുറിച്ചു നോക്കുമ്പോൾ, പ്രതിഷേധത്തിന്റെ സ്വരങ്ങൾ നമ്മുടെ തൊണ്ടയിൽ കുരുങ്ങിപോകുന്നു.

<u>സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതും</u>

1999ൽ, ബൊളീവിയായിലെ കൊച്ചബാസ എന്ന സ്ഥലത്തെ ദരിദ്രരായ ജനങ്ങൾ, തങ്ങളുടെ കുടിവെള്ളത്തിനുവേണ്ടി ബഹുരാഷ്ട്ര കമ്പനികളോടേറ്റു മുട്ടിയപ്പോഴാണ് ആദ്യമായ് 'ജലയുദ്ധം' എന്ന ഒന്ന് നാം അറിഞ്ഞത്. അന്ന് പക്ഷേ നാം ഒന്നും പറഞ്ഞില്ല. കാരണം ബൊളീവിയായിൽ എന്തു നടന്നാലെന്താ?

പക്ഷേ, സ്വന്തം കാൽച്ചുവട്ടിലെ മണ്ണൊലിച്ചുപോകുന്നുണ്ടായിരുന്നു. ഇവിടെ നമ്മുടെ കൊച്ചുകേരളത്തിൽ ജലദൗർലഭ്യം നേരിടുന്ന പ്ലാച്ചിമട എന്ന ഗ്രാമത്തിൽ നിന്നും കോള കമ്പനി ഊറ്റിയെടുത്തത് 230 കോടി ലിറ്റർ ശുദ്ധജലമാണ്. ഒരു ദിവസം 10 ലക്ഷം ലിറ്റർ വീതം. അവിടം കൊണ്ടും തീർന്നില്ല. കോളയുല്പാദന പ്രക്രിയയിൽ ബാക്കിയായ ഖരമാലിന്യം വളമെന്ന പേരിൽ ചിറ്റൂരിലെ പാടശേഖരങ്ങളിൽ വിതറി. ഇവയിൽ അടങ്ങിയിരുന്നത് മാരകമായ കാഡ്മിയം , കറുത്തീയം മുതലായ വിഷങ്ങളായിരുന്നു എന്ന് നാമറിഞ്ഞത് പിന്നീടാണ്.

അതിനുശേഷം സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് കോളകളിലെ വിഷാംശത്തിന്റെ കൃത്യവും ശക്തവുമായ കണക്കുകളും തെളിവുകളും ലോകത്തെ കാണിച്ചുകൊടുത്തു. ഡിഡി.ടി, മലാത്തിയോൺ, ക്ലോർ പെറിഫോസ് തുടങ്ങിയ കീടനാശിനികൾ ഇന്ത്യയിൽ വിൽക്കുന്ന കോളകളിൽ അടങ്ങിയിട്ടുണ്ട്. യൂറോപ്യൻ സ്റ്റാൻഡേർഡിന്റെ 12 ഇരട്ടി കൊക്കകോളയിലും, 36 ഇരട്ടി പെപ്സിയിലും, 70 ഇരട്ടി മിറൻഡയിലും ഉണ്ടെന്ന് കൃത്യമായ തെളിവുകളോടെ നാമറിഞ്ഞു.

എന്നിട്ടും എന്താണ് സംഭവിച്ചത്?

പ്ലാച്ചിമടയിലെ ജനങ്ങൾ സമരം ചെയ്തുകൊണ്ടിരുന്നപ്പോഴും, ജലത്തിനുമേലുള്ള നമ്മുടെ കൂടെ അവകാശം സംരക്ഷിക്കാൻ അവർ അദ്ധ്വാനിച്ചുകൊണ്ടിരുന്നപ്പോഴും, അവരുടെ വിയർപ്പും കണ്ണുനീരും നമുക്കായ്കൂടി അവർ ചെലവഴിച്ചപ്പോഴും, നാം നിശബ്ദരായിരുന്നു. കാരണം നാമൊരിക്കലും നമ്മുടെ ലോകത്തിൽ അവർക്ക് പ്രവേശനം കൊടുത്തിരുന്നില്ല. നാമൊരിക്കലും നമ്മുക്കു തുല്യമായി അവരെ കണ്ടില്ല. അവർ അധഃസ്ഥിതരും, അടിച്ചമർത്തപ്പെട്ടവരുമായിരുന്നു. അവരെന്നും ജീവിതത്തിൽ പുറമ്പോക്കുകളിൽ കഴിഞ്ഞവരായിരുന്നു. അവരുടെ കുട്ടികളുടെ കൈകാലുകളിൽ ചളി പുരണ്ടിരുന്നു; അവർ കേബിൾ ചാനലുകൾ കാണുകയോ, തലമുടിയിൽ ജെൽ പുരട്ടുകയോ ചെയ്തിരുന്നില്ല. അവർക്ക് ഇംഗ്ലീഷിൽ സംസാരിക്കാനറിയില്ലായിരുന്നു.

അവരെന്നും അവഗണിക്കപ്പെട്ടവരായിരുന്നു.

അതിനാൽ നമ്മുടെ കണ്ണുകൾ അടഞ്ഞുകിടന്നു; ചെവികൾ പൂട്ടി, ചുണ്ടുകൾക്ക് മുദ്രവെച്ച്, നമ്മുടെ ലോകത്ത്, നമ്മുടെ സുരക്ഷിതമായ ലോകത്ത് നാമിരുന്നു.

"നാളെ നമ്മളെ ജീവിതം മരിച്ച് പോകുമ്പം, കോള വായില് നനച്ച് കൊടുക്കി എന്ന് ആരും പറിയില്ലല്ലോ. ഇത്തിരി വെള്ളമെടുത്ത് നനച്ചു കൊടുക്കി എന്നല്ലേ പറയാ......."

ജലചൂഷണത്തിന്റെ ദുരിതമനുഭവിക്കുന്ന ആയിക്കണക്കിന് സ്ത്രീകളുടെ പ്രതിനിധിയായ് നിന്ന് ഒരു സാധാരണ സ്ത്രീ ഇങ്ങനെ ചോദിച്ചപ്പോൾ മറുപടി പറയാൻ നമുക്ക് കഴിഞ്ഞില്ല.

നമുക്കൊരിക്കലും ആ ചോദ്യത്തിന് മറുപടി പറയാൻ കഴിയില്ല.

<u>നമ്മളാരുടെ ഭാഗത്താണ്?</u>

ഭരണകൂടം ആരോടൊപ്പമാണെന്ന് വ്യക്തമാണ്. ഏതാനും ബാലറ്റുവോട്ടുകളുടെ പിൻബലത്തിൽ അവർ നാട് തൂക്കി വിൽക്കുന്നു.

പരിശോധിച്ച 75 ശതമാനത്തിലധികം പാനീയങ്ങളിലും അനുവദിച്ചതിൽ എത്രയോ മടങ്ങ് കൂടുതലായി വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടും, അത് മറച്ചുവെച്ച് അന്നത്തെ കേന്ദ്രമന്ത്രി കോളകൾക്ക് ക്ലീൻ സർട്ടിഫിക്കറ്റ് നല്കി. 'യൂറോപ്യൻ നിലവാരത്തിൽ കുടിക്കാൻ പറ്റില്ലെങ്കിലും ഇന്ത്യൻ നിലവാരത്തിൽ കുടിക്കാൻ യോഗ്യ' മാണെന്നാണ് അവർ പറഞ്ഞത്. നാമെന്നാണ് നിലവാരം കുറഞ്ഞ ജനതയായ് മാറിയത്? നാമെന്നാണ് വിദേശികൾക്ക് അവരുടെ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള കുപ്പത്തൊട്ടിയായി മാറിയത്? കേരളത്തിന്റെ ആരോഗ്യമന്ത്രി സാമ്പിളുകളിലൊന്നും ഒരു കുഴപ്പവുമില്ലായെന്നാണ് പ്രസ്താവനയിറക്കിയത്. സാമ്പിളുകൾ പരിശോധന നടത്തിത്തീർന്നിട്ടുപോലുമുണ്ടായിരുന്നില്ല, മന്ത്രി ഈ പ്രസ്താവന ഇറക്കിയപ്പോൾ മറ്റൊരു മന്ത്രി പറഞ്ഞത് 'പാലക്കാട്ടെ ജനങ്ങൾ മാത്രമല്ല കേരളം' എന്നാണ്.

ഭരണകൂടം എത്രയോ നാളുകളായി അവർക്കൊപ്പമാണ്.

പ്രകൃതിവിഭവങ്ങളുടെ മേൽ ആർക്കാണവകാശം എന്ന ചോദ്യം മാത്രമല്ല ഇവിടെയുയരുന്നത്.

നാമടങ്ങുന്ന തലമുറ, നാളെ ഈ നാടിന്റെ മുഖ്യധാര, എന്തിന് വേണ്ടിനിലകൊള്ളുന്നു എന്നതാണ്.

പറയുക, നിങ്ങളാരോടൊപ്പമാണ്?

നാളെ, നമുക്കുശേഷം വരുന്ന ഒരു തലമുറ, കുടിവെള്ളത്തിനായി ബഹുരാഷ്ട്ര കമ്പനികളുടെ ഷോറൂമുകൾക്കു മുൻപിൽ നിരന്നുനില്ക്കും. നാളെ നമ്മുടെ വീട്ടിൽ കിണർ കുഴിക്കാനുള്ള അവകാശം അമേരിക്കൻ കമ്പനിക്കാണെന്ന് നമുക്കറിയിപ്പുവരും.നമ്മുടെ കിണറ്റിലെ വെള്ളം, നമ്മുടെ ഭരണകൂടം ആർക്കോ വിറ്റിരിക്കുന്നുവെന്ന് നാമറിയും.

പറയുക, നാമാരുടെ ഭാഗത്താണ്?

നമ്മുടെ കണ്ണുകൾ തുറന്നിരിക്കുന്നത്. എങ്കിലും അവ കാണുന്നില്ല. നമ്മുടെ ചെവികളിലേക്ക് ശബ്ദങ്ങളെത്തുന്നുമില്ല, നമ്മുടെ നാവുകൾ ചലിക്കുന്നുമില്ല.

എങ്കിലും, ഉറപ്പാണ്.

ഒരു ദിവസം വരും. കാഴ്ചകൾ നമ്മെ ഭയപ്പെടുത്തുകയും ശബ്ദങ്ങൾ ഭ്രാന്തുപിടിപ്പിക്കുകയും ചെയ്യുന്ന ദിവസം അന്ന് നമുക്ക് ശബ്ദിക്കാതിരിക്കാൻ കഴിയില്ല.

പക്ഷേ, അപ്പോഴേക്കും സമയം ഏറെയായിട്ടുണ്ടാകും. കരുതിയിരിക്കുക.

അലക്സ് സേവ്യർ
രണ്ടാം വർഷ മനഃശാസ്ത്രം



# ചിതറിയ ചിന്തകൾ

## അഭാവം

"ഒരിക്കൽ കോപം ശാന്തതയോടു
ചോദിച്ചു: നിന്നെ ഒരിക്കലും
മനുഷ്യകുലത്തിൽ കാണാനായില്ലല്ലോ?
പരിഹാസത്തിൽ പൊതിഞ്ഞ
നറും ചിരിയോടെ ശാന്തത
മൊഴിഞ്ഞു മനുഷ്യകുലമൊഴിച്ച്
ബാക്കിയൊന്നിലും നിന്നെയും"

## ലബ്ധി

"സ്വാതന്ത്ര്യത്തിനുവേണ്ടി
പൊരുതി മരിച്ചവർക്ക്
സ്വാതന്ത്ര്യം കിട്ടി
പൊരുതി ജയിച്ചവർക്ക്
അധികാരം കിട്ടി
പൊരുതി തോറ്റവർക്ക്
പെൻഷൻ കിട്ടി."

## കൊതികിനോട്

"നെഞ്ചത്തിരുന്നു കുത്തിയതും
ചോരകുടിച്ചതും ഞാൻ ക്ഷമിച്ചു.
പിന്നെയും നിസ്വാർത്ഥ സേവനത്തിൽ
പാട്ടു നീ മൂളിയാൽ കേൾക്കണോ ഞാൻ!"

## ജലകണിക

വീഴാൻ ഭാവിച്ചു നിന്ന
ജലകണികയോട് ആലില
ചോദിച്ചു ഇനിയെന്നാണ്
നാം കാണുക?
തന്നിലെ പ്രപഞ്ചം
മുഴുവൻ കുലുങ്ങുമാറ്
ചിരിച്ചുകൊണ്ട് അവൾ
പറഞ്ഞു: ഭൂമിക്കു കീഴേയും
ആകാശത്തിനു മുകളിലും വെച്ച്."

ഹാഫിസ് പി.എ.
രണ്ടാംവർഷ കംപ്യൂട്ടർസയൻസ് ബിരുദം

# PRINCIPAL'S REPORT FOR THE YEAR 2003-2004

**The Results of the Final year BA/ BSc.Examinations of March/April 2003 are given below.**

| Subject | No.of students appeared | First Class | Second Class | Third Class | Total Pass | Pecentage |
|---|---|---|---|---|---|---|
| HISTORY | 37 | 7 | 20 | 6 | 33 | 89.19 |
| ECONOMICS | 62 | 17 | 22 | 20 | 59 | 95.16 |
| PSYCHOLOGY | 20 | 11 | 4 | 1 | 16 | 80.00 |
| ENGLISH | 40 | 11 | 7 | 13 | 31 | 77.50 |
| MALAYALAM | 53 | 20 | 20 | 7 | 47 | 88.68 |
| PHYSICS | 41 | 23 | 9 | 1 | 27 | 84.38 |
| CHEMISTRY | 58 | 40 | 9 | 1 | 49 | 84.48 |
| BOTANY | 25 | 15 | 8 | - | 23 | 92.00 |
| ZOOLOGY | 28 | 14 | 8 | - | 22 | 78.57 |
| B.T.& S.P. | 16 | 16 | - | - | 16 | 100.00 |

**Rank Holders**

| | | |
|---|---|---|
| 1. Alwyn Rebello | II Rank | B.Sc Physics |
| 2. Jidesh P.R. | I Rank | B.Sc(B.T & S.P) |
| 3. Dibby Lissy Paul | II Rank | B.Sc. (B.T.& S.P) |
| 4. Meera.N | I Rank | B.Sc.(Polymer Chemistry) |
| 5. Feneena.S.Mohammed | II Rank | B.A. (English) |
| 6. Vandana.B | II Rank | B.A.(Malayalam) |
| 7. Anjali Aravind | I Rank | B.A.(Psychology) |
| 8. Shoba Mary Kuruvila | I Rank | M.A.Psychology |
| 9. Janet Mary John | II Rank | M.A.Psychology |
| 10. Dennis David Isaac M | III Rank | M.A.Psychology |
| 11. Sindhu Thambi | I Rank | B.Sc (Polymer Chemistry) |

**Award of Ph.D.Degree**

1. Smt.Mary Kurien, Dept. of Chemistry
2. Smi. Ancy Eapen, Dept.of English
3. Sri Isaac George C., Dept.of English
4. Sri.Isaac Paul, Dept.of Economics
5. Smt.Jyothi Mariam John, Dept. of Chemistry
6. Smt.Sarala Samuel, Research scholar, Dept.of Botany
7. Smt.Mary George, Research scholar, Dept.of Mathematics
8. Smt.Vijaykumari V., Research scholar, Dept.of Economics

**Retirements**

The following members of the Staff have eithe retired or are due for retirement.

a) **Teaching staff**

| | | |
|---|---|---|
| 1. Prof.K.E.John | Dept.of Chemistry | 31.03.04 |
| 2. Prof.V.M.Johnappa | Dept.of English | 31.03.04 |
| 3. Prof.M.T.Saramma | Dept.of malayalm | 31.03.04 |

b) **Non-teaching staff**

| | | |
|---|---|---|
| 1. Mr.A.Abdul Rahiman | Head Accountant | 31.03.04 |
| 2. Smt.K.Saraswathy | IV Grade Librarian | 31.10.04 |
| 3. Mr.Mathai George | Lab Assistant | 30.11.03 |
| 4. Mr.P.M.Balaram | Lab Assistant | 31.11.03 |
| 5. Mr.P.D.Markose | Lab Assistant | 31.10.03 |

6. Mr.P.M.Neelakantan | Lab Assistant | 31.12.04

The College Places on record its appreciation for their valuable services to the College and to the community-at-large.

**Guest Lecturers**

At present there are 21 guest lecturers in the College.

**New Heads of Departments**

| | | |
|---|---|---|
| 1. | Dr.T.Thoma Philip | Dept.of Zoology |
| 2. | Prof.Roshini mathew Maliakkal | Dept.of Chemistry |
| 3. | Prof.A.M.Geevarghese | Dept.of English |

**Obituary**

Prof.Sunny I.Abraham, formaer Professor, Dept.of English, passed away on July 30, 2003. may his soul rest in peace.

## Activities of the Teaching Departments

**I.Dept.of History**

1. Dr.Sherene F.Ratnagar. Former. Professor of Archelogy, Jawaharlal Nehru University, and currently Nehru Fellow, addressed the faculty and students on 28.8.03.
2. Cochin FM broadcasted a programme called 'Hello Campus' in Yuva Vani which included various items presented by students of the History Department.
3. Dr.A.K.Baby memorial endowment lecture was deliverd by Dr.K.T.Thomas, HOD of History, Christ College, Irinjalakuda, on 21.02.94.

**II.Dept.of Zoology**

1. Dr.Anil Neelakantan, Researcher in Neurosciences atthe State University of New York at Buffalo, New york, USA, led a seminar entitled "Patch clamp Technique", on 12.08.03.

**III.Dept.of Botany**

1. An Inter-Collegiate seminar on 'Oleviculture'by Dr.T.R Gopalakrishnana, Professor and Head of the Department of Oleviculture, College of Horticulture, Kerala Agriculture University, Vellanikkara.
2. Seminar, " Morphology in relation to Taxonomy" by Dr.Lissy mathew, Dept.of Botany, St.Theresa's College, Ernakulam.
3. An exhibition was organized connection with the Botany Day celebration

**Other Programmes**

1. Orientation Programmes were organized by the P.T.A for I BA/B.Sc and I MA/M.Sc students.
2. Seminar on 'Quality Assurance in Higher Education' bt Prof. George Mathew Tharakan, M.D, Cashew Developement Corporation, on February 7, 2004.
3. One day workshop and "Autonomy for teachers of Autonomous Institutions" by Dr.Santhi Mannual, Cairperson, Advisery Board of Asian Christian Higher Education Institute, Hong Kong, and Prof.Dan Rita peter, Dean Academic Affairs at Lady Doak College, Madurai.
4. Women's Cell and N.S.S unit of the college organized a one-day Legal Literacy Progarmme for students, on 24.01.2004.
5. Dr.T.K.Avirah Endowment Lecture by Dr.Deepthi Menon, on February 10th, 2004.
6. Dr.M.V. Kurien Memorial Lecture by Mr. C.J.George, M.D., Geojithg Securities, on February 19th, 2004.
7. Prof. C.G.Chacko, Professor Emeritus of political Science at Friends University, Kansas, USA, gave a talk in the Department of Economics, on September 13,2003.
8. Book by Muse Mary George titled 'Stthripakaha Madhyama Padanghal' was released by Dr.Sebastian Paul. M.P.; Renowned writers, Balachandran Chullikad, Gracy and Vijayalakshmi also par ticipated in the seminar organized in connection with the book release.
9. Dept.of Malayalam organized Kathakali demonstration class on 1.11.03 and Mudiyettu demonstration class on 7.02.2004.
10. Prof.T.R.Anantharaman Memorial Lecture was delivered by Dr.K.George Thomas of PRL, Trivandrum, on 04.12.2003.
11. Dr.A.M.Chacko Endowment Lecture was delivered by Dr.Suresh Das of PRL, Trivandrum, on 04.12.2003.
12. An Inter-Collegiate seminar competition for under graduate students for the prof.Ittoop Mathew and Prof.T.N. Vijayan endowment prizes was organized by the Dept. of Physics.

13. Psycho film Festival-"Illusions" was held on 31.01.2004.
14. A four-day Inter-Collegiate Drama workshop was organized by the College Union during 23rd to 26th January 2004.
15. A one-day seminar on Literary Criticism was organized on 3.3.2004 in association with V.T.Memorial Trust, Angamaly.
16. Open house Programmes were held for BA/B Sc. students on 11th, 18th and 25th of October 2003.

**NCC**

Lt.E.I. Anila and Mr.K.S.Narayan are the officers- in-charge of the Girls' and Boys' wings of the NCC, respectively. I express my gratitude for the services rendered by Lt.Dr.David Saj mathew, who was in charge of the Boys' wing from 1995 till this year. Sgt.Mebin Tom mathew of II B.Sc Physics attended the Republic Day Parade in New Delhi this year.
There are 160 Cadets in the Boys' Division, and 102 Cadets in the Girls' wing.

**NSS**

Prof.M.I.Punnoose and Dr.V.P.Sheela are the Programme officers-in-charge of the NSS units. NSS unit of the College is building a home for a poor, handicapped child and her family.
"Harithum 2003"-an Inter-Collegiate Nature study camp was organized during November 21-23,2003.
A ten- day camp was held at St.Marys' L.P.School Kombanad during December 20-29,2003.

**Staff Advisor**

Sri V.P.Markose, Sri K.S.Narayanan and E.I.Anila are the staff Advisors of the College Union.
Smt.Muse Mary George is the advisor to the SCF.

**Hostel Wardens**

| | | |
|---|---|---|
| Skinner Hostel | - | Smt.Muse mary George |
| West Hostel | - | Dr.Thara K.Simon |
| East Hostel | - | Dr.K.E.Leelamma |
| Chacko Hostel | - | Dr.P.M.Kuriachen and Sri. Cherian K George |

**Project**

1. U.G.C has sanctioned Minor Reaearch Project grants to Dr.Jyothi Mariam John, Dept.of Chemistry, Prof.M.P.Marykutty, Dept.of History and Dr.E.S.Jeevanand, Dept.of Statitics.
2. A Major Research Project was sanctioned to Dr.C.G Ramankutty, Dept.of Chemistry.
3. Dr.K.E.Leelamma, Dept.of Psychology was a given a grant of Rs.1.94 Lakhs by the Indian Council of Social Science Research for studying the status of women and stress tolerance of women in Karumalloor Panchayath and Alwaye Municipality.

**Responsibilities**

1. Dean, Administration - Prof.K.E.John
2. Dean, Academic - Prof.Anu Oommen
3. Superintendent of Works - Prof.Anil Thomasoshy
4. Secretary of the P.T.A - Prof.K.E.John
5. Secretary of the Staff Council - Prof.N.I.Thomas
6. Director of Guidence Burcaue - Dr.Tomy Varghese
7. Secretary of the Staff Association - Dr.A.Sunny Kuriakose
8. Secretary of the ICF - Dr.Sheela Kumari Isaac
9. Dr.K.E.Leelamma is in charge of the Women's Cell
10. Dr.P.M.Kuriachen is the the Convenor of the Committee for Rubber Plantation.
11. Prof.K.E.John is the Chairman of the Committee for Religious Activities

**Alumni Association**

The Reunion Day of the Association of Old students and Friends was celebrated on November 8, 2003. Smt.K.N.Kochu Karthuyani, Chief Post Master General of Kerala, was the Chief Guest.

Prof.E.Narayanan Nambiar Memorial elocution competition and Prof.A.K.Abdul Kareem Memorial quiz competitions were organized by the OSA. Adv.Sundaram Govind is the Secretary, and Dr.A Aunny Kuriakose (Dept.of Mathematics), the Joint Secretary of the O.S.A.

**Founder's Day Address**

This year's Founder's Day Address was delivered on Jan 20, 2004 by the renowned Malayalam

Writer 'Anand' who is an alumnus of the college.

**Other Activities**

Dr.Varghese John, Dept.of English attended the International Conference on Religion and Globalization, held at Payap University, Cheang Mai, Thailand, in July 2003

Dr.K.I.Mani Varghese attended a seminar on Governance organised by the Association of Christian Universities and Colleges in Asia, in Hong Kong, in October 2003.

Principal Dr.raju K.John and Dr.A.Sunny Kuriakose attended an international Seminar on service learning, organised by the International Partnership for Service Learning, in Cheang Mai, Thailand in January 2004.

Dr.Thara.K.Simon spent a semester at macquaire University, Sydney, Australia, as part of the United Board Fellow Programme. She is presently doing her second semester at Hope College, Michigan, USA.

The Parlimentary Standing Committee on Human Resource Development visited the college on October 15,2003.

A hig-power team from UBCHEA, New York, under the leadership of the chairman Dr.Timothy Light, visited the college during January 25th-27th,2004.

**Western Music Team**

The western Music team of the College, representing the M.G.University, was placed First in the South Zone Inter-University Competition held at Annamalai University during December 5th-9th, 2003, and Second at the national competition held in Gwalior in February this year.

Congrtulation to all the members of the team!

**Sports and Games**

The annual Sports Meet was held on January 14,2004.

Our College teams bagged the following prizes at the M.G.University Inter-Collegiate Tournaments.

| | | | |
|---|---|---|---|
| 1. | Soft ball (men) | - | Winners |
| 2. | Hockey (Women) | - | Winners |
| 3. | Hockey (Men) | - | Runner up |
| 4. | Footbal(Women) | - | Third Place |
| 5. | Table Tennis(Women) | - | Third Place |
| 6. | Sanjo.E.Kuriakose | - | First place for Judo (56kg Category) |
| 7. | Joby Sebastian | - | Third place forPowerlifting |

Dr.A.K..Baby Memorial Hockey Tournament was held during October 28th-31th,2003.

I express my gratitude to God Almighty for His wonderful care and guidance during this period. I am grateful to the manager, Dr.C.Poonnooose Mathew, the Standing Council, the Governing Body, the Excecutive Committyee, the College Council, the Inter Church Fellowship, the Staff aand students of the college for their co-operation.

Thank you

12.03.2004

Dr.Raju K.John
Princiapl





# അവൻ

സൃഷ്ടിയുടെ ആരംഭത്തിൽ ഒരു മാത്രകൊണ്ട് ഞാൻ അവനെ ആവാഹിച്ചു.
അനന്തമാം കാത്തിരിപ്പിൽ, ആയിരം ജന്മങ്ങൾ അവനായ് ഞാൻ കാത്തിരുന്നു.
ജീവിതമെന്തെന്നറിയാത്തവന്, ഞാൻ ജീവനായി.
പ്രണയമെന്തെന്നറിയാത്തവന്, ഞാൻ പ്രണയമായി.
എന്റെ സിരകളിലൊഴുകിയ ഓരോ തുള്ളി രക്തവും അവനായി മാത്രം ഞാൻ മാറ്റി വെച്ചു.
എന്റെ കനവുകളിൽ വന്ന രൂപങ്ങളോരോന്നും അവനു നൽകാനായി ഞാൻ കണ്ടു വെച്ചു.
എന്റെ കർണ്ണങ്ങളിൽ പെയ്ത മധുരസ്വരങ്ങളെല്ലാം അവനു കേൾക്കാനായി ഞാൻ കേട്ടുവെച്ചു.
എന്റെ വിരലുകൾ ചാലിച്ച വർണ്ണഭംഗികളോരോന്നും അവന് കാണുവാനായി വരച്ചുവെച്ചു.
മഞ്ഞു മരവിക്കും കൊടും ശൈത്യപുലരികൾ ഓരോന്നായി വിരിയവേ ഞാൻ അഗ്നിയായി.
തീപോലെ പൊള്ളുന്ന വേനലിൽ അംഗങ്ങൾ ചുട്ടുനീറവെ ഞാൻ വർഷപാതമായി
അവന്റെ ഓരോ കാൽവെപ്പിനായി മാത്രം ഞാനും ഭൂമിയും ഒരു മനസ്സായ് കാത്തിരുന്നു.
മണ്ണിൽ നിന്നവൻ വിണ്ണോളം എത്തുന്ന നാളിനായി ഞാനും സൂര്യനും ഒന്നായി കാത്തിരുന്നു.
അഗ്നിയുടെ തേജസ്സും നിലാവിന്റെ നൈർമ്മല്യവുമായവൻ എന്നുമെന്റെ സാഫല്യമാണ്
കാരണം ഞാൻ പ്രകൃതിയും, അവൻ പുരുഷനുമാണ്.
എന്നിൽനിന്നുയിർകൊണ്ട് ഞാൻ പരിപാലിക്കുന്ന പൂർണ്ണ പുരുഷൻ

ജീവന്തിക. പി.
മൂന്നാംവർഷ ജന്തുശാസ്ത്ര ബിരുദം

# നിഴൽപാവകൾ



ചിരി മറന്നുവച്ച്
നെറികെട്ടവന്റെ
ഓർമ്മയിലേക്ക് പാഞ്ഞുപോയ്.
തുടക്കം
മിഴിയാട്ടത്തിന്റെ ഒടുക്കമായ്
എഴുതപ്പെട്ടു.
പടുകുരുടന്മാരുടെ
കല്ലേറിൽ തകർന്ന
കണ്ണുകൾക്ക്
സ്മരണ നൽകാനുയർത്തിയ
കൈകളിൽ
ശിരോഛേദം പച്ചകുത്തി
കെട്ടുറപ്പില്ലാത്ത
മനസിലേക്ക് വലിച്ചിഴച്ചു.
കാലം
മുറിച്ചുമാറ്റി
കടിച്ചുവറ്റിച്ച
പാഴ് രക്താവരണം
ഓട്ടയാക്കി
വെട്ടം കടത്തി എന്നെ
ആട്ടമാടിക്കുന്നു.
എന്റെ കണ്ണിൽ ഓട്ടവീണിരിക്കുന്നു
എന്റെ ആട്ടങ്ങൾക്ക്
നിഴൽവേണം.
പാവകൾക്ക്
മരിക്കാനറിയില്ല.
ഒഴിഞ്ഞുമാറി
ഒറ്റപ്പെട്ടവന്റെ
മടിയിൽ
നിഴൽതേടുമ്പോൾ
കരിഞ്ഞില്ലാതെയാവുന്നീ
നിഴൽപാവകൾ.

**ഉ[redacted]ണ്ണികൃഷ്ണൻ ടി.ആർ.**
രണ്ടാം വർഷ ആംഗലേയശാസ്ത്ര ബിരുദം.



# അറിയുവാനുള്ള അവകാശമില്ലായ്മ: അഴിമതിയുടെ കാതൽ

മുതലാളിത്തരാഷ്ട്രങ്ങളിലും കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും മുസ്ലീം രാഷ്ട്രങ്ങളിലും അഴിമതിയുണ്ടായിരുന്നോ. ഉണ്ട്, ഉണ്ടാവുകയും ചെയ്യും. അഴിമതിയുടെ കാര്യത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വ്യത്യാസം ഇത്ര മാത്രം, രാജ്യം എത്ര മാത്രം സമ്പന്നമാണോ, അഴിമതിയും അത്രയുമുണ്ടായിരിക്കും. ജനങ്ങളുടെ സമ്പന്നത ഇതിലൊരു ഘടകമല്ല.

അഴിമതിയുടെ കാര്യത്തിൽ ലോകറെക്കോർഡ്, ഒരു കൊച്ചു രാഷ്ട്രമായ ഫിലിപ്പിൻസിന്റെ പ്രസിഡന്റായിരുന്ന ഫെർഡിനാന്റ് മാർക്കോസിന്റെ പേരിലാണ്. ഒരൊറ്റ രാജ്യത്തുനിന്ന് ഏറ്റവുമധികം പണം പതിനാറായിരം കോടി രൂപ കൊള്ളയടിച്ചു കടത്തിയത് ഇയാളാണ്.

ലോകപോലീസും ന്യായാധിപനും ഒക്കെയായ അമേരിക്കയിലും സ്ഥിതി വിഭിന്നമല്ല. റിച്ചാർഡ് നിക്സൺ തൊട്ട് ബിൽക്ലിന്റൺ വരെയുള്ള അമേരിക്കൻ പ്രസിഡന്റുമാർ അഴിമതിയുടെ കറപുരളാത്തവരല്ല. അമേരിക്കയിലെ അഴിമതിക്കാരിൽ രാഷ്ട്രീയക്കാർ കഴിഞ്ഞാൽ മുമ്പിലുള്ളത് അവിടത്തെ ട്രേഡ്യൂണിയൻ നേതാക്കളാണ്. അവിടത്തെ ഏറ്റവും പ്രമുഖ ട്രേഡ് യൂണിയൻ ആയ ടീം സ്റ്റാർ ഇന്റർനാഷണലിന്റെ പ്രസിഡന്റ് ജീം ഹോഫക്ക് 1946-ൽ അമേരിക്കൻ പ്രസിഡന്റിനേക്കാൾ കൂടുതൽ ശമ്പളം വാങ്ങിയിരുന്നു. എന്നിട്ടും അഴിമതി ഒരു ഹോബിയാക്കിയ ആ തൊഴിലാളി നേതാവിന് അവസാനം അഴിമതിക്കുറ്റങ്ങളുടെ പേരിൽ ഒരു കൊല്ലത്തിലേറെ ജയിലിൽ കഴിയേണ്ടി വന്നു.

തകർന്നു പോയ സോവിയറ്റ് യൂണിയനിലും അഴിമതിയുടെ നില മെച്ചമായിരുന്നു . സ്റ്റാൻലിന്റെ അഴിമതികൾ അടുത്ത പ്രസിഡന്റായ ക്രൂഷ്ചേവ് തന്നെയാണ് പുറത്തുവിട്ടത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഒരു കാരണം അഴിമതിയാവാം. സോവിയറ്റ് യൂണിയനിലെ ഏറ്റവും വലിയ രാഷ്ട്രമായിരുന്ന റഷ്യയിലെ പരിതാപകരമായ അവസ്ഥ നമുക്ക് അറിയാവുന്നതാണല്ലോ. മുസ്ലീം രാഷ്ട്രങ്ങളിൽ അഴിമതി താരതമ്യേന കുറവാണെന്ന് പറയാം. ഏറ്റവും അധികം മുസ്ലിങ്ങൾ ഉള്ള ഇന്തോനേഷ്യയിൽ തന്നെയാണ് മുസ്ലീം രാഷ്ട്രങ്ങളിൽ വെച്ച് ഏറ്റവും അധികം അഴിമതിയുള്ളത്. ഇന്തോനേഷ്യയുടെ പ്രസിഡന്റ് സുഹാർത്തോ നൂറുകോടി രൂപയുടെ സ്വത്തുക്കളാണ് അഴിമതിയിലൂടെ ഉണ്ടാക്കിയത്.

ഇന്ത്യയിലും അഴിമതിക്കഥകൾ അനേകം. ഉദാരവൽക്കരണപരിഷ്ക്കാരങ്ങൾ തുടങ്ങിയതിനുശേഷം അഴിമതിയുടെ തോത് ഭയാനകമായി വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും പിന്നോക്ക സംസ്ഥാനമായ ബീഹാറിലെ 950 കോടി രൂപയുടെ വെട്ടിപ്പു നടത്തപ്പെട്ട കാലിത്തീറ്റ കുംഭകോണം ഇവയിൽ ഒന്നുമാത്രം. ഉദാരവൽക്കരണകാലഘട്ടത്തിനു മുമ്പുള്ള അഴിമതികൾ, ഉദാരവൽക്കരണഘട്ടത്തിലെ അഴിമതികളുമായി തട്ടിച്ചുനോക്കുമ്പോൾ വെറും കോഴിത്തീറ്റ മാത്രം. മുപ്പതിനായിരം കോടി രൂപയാണ് ടെലികോം മേഖലയിൽ സ്വകാര്യപങ്കാളിത്തം അനുവദിക്കുന്നതിലൂടെ സർക്കാർ ഖജനാവിന് ഉണ്ടായ നഷ്ടം. സുവർണ്ണത്രികോണം എന്നു പേരിട്ടിട്ടുള്ള ഇന്ത്യയുടെ എക്സ്പ്രസ്സ് ഹൈവേ പദ്ധതിക്കുള്ള ചെലവ് അമ്പതിനായിരം കോടി രൂപയാണെന്നോർക്കുക. ഈയൊരു സംഭവത്തിൽ മാത്രം അധികൃതരുടെ കീശകളിലേക്ക് കോടികൾ മറിഞ്ഞെന്ന് വ്യക്തം.

ഈയിടെ പുറത്തുവന്ന കുംഭകോണവും, തെഹൽകയുടെ വെളിപ്പെടുത്തലുകളും അഴിമതി എത്ര മാത്രം സ്വഭാവികമായ ഒന്നായിമാറിയിരിക്കുന്നു എന്നു തെളിയിക്കുന്നു. ഭക്ഷണം കഴിക്കുന്നതുപോലെയോ അതു വിസർജ്ജിക്കുന്നതുപോലെയോ ഉള്ള ഒരു ദിനചര്യയായി മാറിയിരിക്കുന്നു ഭരണാധികരികൾക്ക് അഴിമതി.

ചാണക്യന്റെ അർത്ഥശാസ്ത്രത്തിൽ അഴിമതിയും അധികാരവും അവിഭാജ്യഘടകങ്ങളാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അപ്പോൾ അധികാരം = അഴിമതി എന്നൊരു സമവാക്യം ചാണക്യൻ അർത്ഥശാസ്ത്രമെഴുതിയ 2300 കൊല്ലങ്ങൾക്ക് മുമ്പ് തന്നെ നിലവിലുണ്ടായിരുന്നു. സ്വത്ത് എന്ന സങ്കൽപം ഉണ്ടായതോടെ അഴിമതിയും ഉണ്ടായി എന്നു വേണം കരുതാൻ.

ഇങ്ങനെ പലകാലങ്ങളിലും പല സ്ഥലങ്ങളിലുമായി നില നിന്നുപോരുന്ന അഴിമതിയെക്കുറിച്ച് പലതും പലതും പറഞ്ഞിട്ടുണ്ട്, പറയുന്നുണ്ട്, പറയും. അഴിമതിയുടെ തോത് നോക്കി രാജ്യങ്ങൾക്ക് റാങ്കും സർട്ടിഫിക്കറ്റും കൊടുക്കുന്ന അന്താരാഷ്ട്രസംഘടനകൾ ഉണ്ട്. ജിംനാസ്റ്റിക്, ഫിഗർസ്കേറ്റിങ്ങ് തുടങ്ങിയ കായികാഭ്യാസങ്ങൾക്ക് മാർക്കിടുന്ന രീതിയിലാണ് ഇവരുടെ റാങ്കിങ്ങ് സമ്പ്രദായം. ഇവരുടെ കണക്കിൽ പത്തിൽ പത്ത് കിട്ടിയിട്ടുള്ള നദിയാകൊമനേച്ചി രാജ്യം ഇല്ല. അഴിമതി കൊടുംപാപമാണ്, മാലോകരോടു ചെയ്യുന്ന ചതിയാണ്. ഭൂലോകത്താകെ ഗ്രസിച്ചിരിക്കുന്ന പുതിയ (പണ്ട് മനുഷ്യർക്ക് പണം പുല്ലായിരുന്നു) വിപത്തായ ധനമോഹമെന്ന മതത്തിന്റെ പ്രധാന ചടങ്ങാണ് അഴിമതി, അഴിമതി ഇങ്ങനെ തുടർന്നാൽ ലോകം കറങ്ങുന്ന മാർഗ്ഗം ചിലപ്പോൾ എതിർദിശയിലായിപ്പോകും എന്നിങ്ങനെയാണ് ശാസ്ത്രീയവും അല്ലാതെയുമുള്ള അഴിമതിയപഗ്രഥനങ്ങൾ പോകുന്നത്.

ഇത്തരം അപഗ്രഥനങ്ങളിലും പരിഹാരമാർഗ്ഗങ്ങളിലുമൊന്നുംഅഴിമതിയുടെ വിഴുപ്പ് മുഴുവൻ ചുമക്കുന്ന

പൊതുജനമെന്ന കഴുത കടന്നു വരുന്നില്ല. ജനാധിപത്യത്തിൽ ഏതൊരാൾക്കും ഭരണകാര്യങ്ങളിൽ ഇടപെടാനും അറിയാനുമുള്ള അവകാശമുണ്ടെന്നുള്ളതാണ് തത്വം. എന്നാൽ കഴുതയുടെ മുമ്പിൽ പഴത്തൊലി കെട്ടിത്തൂക്കാൻ മാത്രമല്ല നമ്മുടെ ഭരണാധികാരികൾ പഠിച്ചിട്ടുള്ളത്. അറിയാനുള്ള അവകാശം തന്നില്ലെന്നതോ പോകട്ടെ, അറിയാൻ പാടില്ല എന്ന് നിയമം മൂലം അടിച്ചേൽപ്പിച്ചിട്ടുള്ളവരാണ് അവർ. ബ്രിട്ടീഷുകാരൻ തന്റെ അടിമകളായ കോളനിയിലെ ജനത്തിനുവേണ്ടിയുണ്ടാക്കിയ ഔദ്യോഗികരഹസ്യനിയമം(official) നിലനിർത്തിയതിലൂടെ നമ്മുടെ ഭരണഘടനയുടെ ശിൽപ്പികൾ പൊതുജനത്തിന് മൂക്കുകയറിടുകയായിരുന്നു.

അറിയാനുള്ള അവകാശം നിയമംമൂലം സംരക്ഷിക്കപ്പെട്ടിട്ടില്ല എന്ന വസ്തുതയും അഴിമതിയുടെ ഭയാനകമായ വളർച്ചയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അഴിമതി വിദഗ്ധർ ആരും ഒന്നും പറയാത്തതെന്തേ? തെഹൽകയുടെ അന്വേഷണാത്മക പത്രപ്രവർത്തനം ഉപയോഗിച്ച രീതികളെ പലരും ജേർണലിസ്റ്റിക് എതിക്സിന്റെ തലനാരിഴകൾ കീറി പരിശോധിച്ച് ഘോരമായി വിമർശിച്ചു. അവരാരും തെഹൽകക്ക് എന്തുകൊണ്ട് അത്തരമൊരു അന്വേഷണരീതി ;അവലംബിക്കേണ്ടി വന്നു, എന്നു ചിന്തിച്ചിട്ടില്ല.

നികുതിപ്പണം ഏതെല്ലാം വഴികളിലൂടെ എങ്ങനെയാണ് ചെലവഴിക്കപ്പെടുന്നതെന്നോ, തങ്ങളുടെ ജീവൻമരണപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകൾ സർക്കാരോഫീസുകളിലൂടെ എങ്ങനെ നീങ്ങുന്നുവെന്നോ അറിയാനുള്ള അവകാശം ജനങ്ങൾക്കില്ല. തൽഫലമായി അഴിമതിക്കാർക്ക് ആരെയും പേടിക്കാതെ പൊതുമുതൽ മോഷ്ടിക്കാൻ സാധിക്കുന്നു. രേഖകളിന്മേൽ തങ്ങൾക്കുള്ള ഏകാധിപത്യം ഉപയോഗിച്ച് അവയിൽ കൃത്രിമം കാട്ടി അന്വേഷണങ്ങളിൽ നിന്ന് നിഷ്പ്രയാസം രക്ഷപ്പെടാൻ അവർക്ക് കഴിയുന്നു.

അറിയാനുള്ള അവകാശ സംരക്ഷണ നിയമത്തിനു (റൈറ്റ് ഓഫ് ഇൻഫർമേഷൻ ലോ) വേണ്ടി ആദ്യമായി ശബ്ദമുയർത്തിയത് 1990ൽ രാജസ്ഥാനിലെ മസ്ദൂർകിസാൻ ശക്തി സംഗതൻ(എം.കെ.എസ്.എസ്) എന്ന കർഷകതൊഴിലാളി സംഘടനയായിരുന്നു. മിനിമം വേതനത്തിനുവേണ്ടിയുള്ള സമരത്തിലേർപ്പെട്ടിരുന്ന അവർക്ക് സർക്കാരുദ്യോഗസ്ഥരുടെ പക്കൽ നിന്ന്, രേഖകൾ രഹസ്യമായതിനാൽ പുറത്തുവിടാൻ പറ്റില്ല എന്നു പറയുന്ന മറുപടികൾ തുടർച്ചയായി കിട്ടിക്കൊണ്ടിരുന്നു. വിദ്യാസമ്പന്നരും പ്രബുദ്ധരുമായ മലയാളികളെപ്പോലെ 'സർക്കാർകാര്യം മുറപോലെ' എന്ന് പറഞ്ഞ് സമാധാനിക്കാൻ ഈ കർഷകതൊഴിലാളി സംഘടന തയ്യാറായില്ല. അവർ ഈ സംഭവങ്ങൾ തങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നു മനസ്സിലാക്കി അറിയാനുള്ള അവകാശത്തിനു വേണ്ടിയുള്ള എം.കെ.എസ്.എസ്ന്റെ സമരം രാജസ്ഥാൻ ഗവൺമെന്റ് ഒരു അറിയാനുള്ള സംരക്ഷണനിയമം പാസ്സാക്കിയതോടെ ഫലപ്രാപ്തിയിലെത്തിയിരിക്കുകയാണ്.

രാജസ്ഥാനെ കൂടാതെ മറ്റ് 6 സംസ്ഥാനങ്ങൾ കൂടി അറിയാനുള്ള അവകാശത്തെ സംരക്ഷിക്കാൻ നിയമം ഉണ്ടാക്കി കഴിഞ്ഞു. തമിഴ്നാട്, ഗോവ, കർണ്ണാടക, മഹാരാഷ്ട്രാ, ആസ്സാം, ഡെൽഹി എന്നിവയാണ് ആ സംസ്ഥാനങ്ങൾ. ഒറിസ്സയും ഉത്തരാഞ്ചലും അറിയാനുള്ള അവകാശം നിയമമാക്കാനുള്ള നീക്കം തുടങ്ങിക്കഴിഞ്ഞു. മധ്യപ്രദേശിൽ പല സർക്കാർ വകുപ്പുകളിലും ഈ അവകാശം സംരക്ഷിക്കാൻ വേണ്ടി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഡൽഹിയിൽ പല സാമൂഹിക സംഘടനകളും പുതിയ നിയമത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി അഴിമതിക്കെതിരെ ഫലപ്രദമായ നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ഈ നിയമം നിലവിൽ വന്ന ശേഷം പല പൗരന്മാർക്കും തങ്ങളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. തങ്ങളുടെ മുൻകാല അനാസ്ഥ പരിഹരിക്കാൻ അധികൃതർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് അറിയാനുള്ള അവകാശം നിയമമാക്കിയതിലൂടെ ഡൽഹിയിൽ ഉണ്ടായ നേട്ടം. പക്ഷേ ഇവിടെയും പ്രശ്നങ്ങൾ ഇല്ലാതില്ല. 50 രൂപയാണ് സാധാരണവിവരങ്ങൾ അറിയാൻ നൽകേണ്ടി വരുന്ന തുക. സാമ്പത്തികമായി പ്രധാന്യമുള്ള വിവരമാണെങ്കിൽ 500 രൂപയാണ് ഫീസ്. ഇത്രയും ഉയർന്ന തുക ഈടാക്കുന്നത് അഴിമതിക്കെതിരെ സമരം ചെയ്യുന്ന സംഘടനകളെയും വ്യക്തികളെയും ബാധിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കരാറുകളുടെ പകർപ്പുകൾ സാമ്പത്തിക വിവരങ്ങളായാണ് കണക്കാക്കപ്പെടുന്നത്. സാമ്പത്തിക ലാഭത്തിന് വേണ്ടിയല്ലെങ്കിലും സന്നദ്ധ സംഘടനകൾക്ക് ഈ വിവരങ്ങൾ കിട്ടാൻ വേണ്ടി വൻ തുക ചെലവഴിക്കേണ്ടി വരുന്നു.

അറിയാനുള്ള അവകാശനിയമം ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ളത് അത് നിലവിൽകൊണ്ടുവരാൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള മസ്ദൂർ കിസാൻ ശക്ത സംഗതൻ തന്നെയാണ് ഈ നിയമം ഉപയോഗിച്ച് രാജസ്ഥാനിലെ പല പഞ്ചായത്തുകളിലും അഴിമതി പുറത്തുകൊണ്ടുവരാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പല ഗ്രാമ മുഖ്യന്മാരും അഴിമതി നടത്തി സമ്പാദിച്ച സ്വത്ത് തിരിച്ചടക്കേണ്ടി വന്ന സംഭവങ്ങൾ രാജസ്ഥാനിൽ ഉണ്ടായിട്ടുണ്ട്.

എന്നാൽ പ്രബുദ്ധകേരളത്തിലും ഐക്യപുരോഗമന സഖ്യം ഭരിക്കുന്ന കേന്ദ്രത്തിലും ഇതേ വരെ അറിയാനുള്ള അവകാശം നിയമമാക്കിയിട്ടില്ല. കേരളത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഇതു വരെ ഇവിടെ ഈ വിഷയത്തെച്ചൊല്ലി ചർച്ചകൾ പോലും നടന്നിട്ടുണ്ടോ എന്നകാര്യം സംശയമാണ്. അഴിമതി അപഗ്രഥന തൊഴിലാളികൾ തൊട്ടുനോക്കാത്ത ഒന്നാണ് അറിയാനുള്ള അവകാശമെന്ന് ഞാൻ ഈ ലേഖനത്തിന്റെ ആദ്യ ഭാഗത്ത് സൂചിപ്പിച്ചിരുന്നു.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന് പിന്നാലെ അഴിമതി ആരോപണങ്ങളും ഒട്ടേറെ ഉണ്ടായി. ഗ്രാമസഭപോലുള്ള വേദികളിൽ ജനങ്ങൾക്ക് പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് എന്തുസംശയം വേണമെങ്കിലും ഉന്നയിക്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നെങ്കിലും വ്യക്തമായ ഒരു നിയമത്തിന്റെ അഭാവം മൂലം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അഴിമതി വിജയകരമായി നടത്തി എന്നു വേണം കരുതാൻ. രാജസ്ഥാനിലും മറ്റും ഉള്ളതുപോല അറിയാനുള്ള അവകാശം നിയമമാക്കിയിരുന്നുവെങ്കിൽ അധികാര വികേന്ദ്രീകരണം കുറച്ചകൂടി തെളിമയുള്ളതും ഫലവത്തുമാവുമായിരുന്നില്ലേ എന്നൊരു സംശയം ഇല്ലാതില്ല.

കേന്ദ്രത്തിലെ കഥ വേറൊന്നാണ് 1996ൽ മസൂറിലെ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമി ഓഫ് അഡ്മിനിസ്ട്രേഷൻ ആണ് ആദ്യമായി ഈ ബിൽ രൂപപ്പെടുത്തിയത്. കൺസ്യൂമർ എജ്യൂക്കേഷൻ കൗൺസിൽ തയ്യാറാക്കിയ ബില്ലാണ് ആദ്യമായി സ്വകാര്യമെമ്പറിന്റെ ബില്ലായി (പ്രൈവറ്റ് മെമ്പേഴ്സ് ബിൽ) പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ ഇതൊരിക്കലും ചർച്ചയ്ക്ക് എടുക്കപ്പെടുകയുണ്ടായില്ല. 1997ൽ ഗവൺമെന്റ് എച്ച്.ഡി.ഷൗരിയെ തലവനാക്കികൊണ്ട് ഒരു സമിതിയെ ഒരു ഫ്രീഡം ഓഫ് ഇൻഫർമേഷൻ ബിൽ ഡ്രാഫ്റ്റ് ചെയ്യനായി നിയോഗിച്ചു. ഈ ബിൽ 2000 ജൂലൈയിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടു. ഒരു പാടുപഴുതുകൾ ഉണ്ട് എന്ന കാരണത്താൽ ബില്ല് ഒരു പാർലമെന്ററി കമ്മറ്റിയുടെ പരിഗ

ണയ്ക്ക് 2001 ജനുവരിയിൽ വിട്ടു. കമ്മിറ്റിയുടെ റിപ്പോർട്ട് 2002 ഓഗസ്റ്റിൽ അപ്രൂവ് ചെയ്തു. പക്ഷെ ഈ ബില്ല് നിയമമാക്കുന്നതിനുള്ള നടപടികൾ കാരണമില്ലാതെ വൈകിക്കുന്നതിലൂടെ ദേശീയ ജനാധിപത്യമുന്നണി ഗവൺമെന്റിന് ഈ കാര്യത്തിൽ വലിയ താൽപര്യമുണ്ടായിരുന്നില്ലാ എന്ന് വ്യക്തമാണ്ന്ന രാജസ്ഥാനിലും ഡെൽഹിയിലും വളരെ നല്ല ഫലങ്ങൾ ഉണ്ടാക്കിയ ഒരു നിയമം നടപ്പിൽ വരുത്താൻ കേന്ദ്രഗവൺമെന്റ് അമാന്തം കാണിക്കുന്നത് നിഗൂഢതയുണർത്തുന്നു. തെഹൽക വെളിപ്പെടുത്തലുകളുമായും ശവപ്പെട്ടി കുംഭകോണം തുടങ്ങിയ അഴിമതിക്കഥകളുമായും ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ അറിയാനുള്ള അവകാശനിയമം ഇത്രമാത്രം ഫലവത്തായതാണോ നിയമം നടപ്പിൽ വരുത്തുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിച്ചതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു

കേന്ദ്രത്തിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും അറിയാനുള്ള അവകാശം നിയമമാക്കാത്ത അവസ്ഥ ഗൗരവമുള്ളതാണ്. അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ടാവുക എന്നത് അഴിമതിയെ തുടച്ചു നീക്കാനുള്ള ഏറ്റവും പ്രാഥമികമായ വ്യവസ്ഥയാണ്. അറിയാനുള്ള അവകാശ ബില്ല് രൂപപ്പെടുത്തിയ പാർലമെന്ററി സമിതി ചെയർമാനും ഉപഭോക്തൃ അവകാശ പ്രവർത്തകനുമായ എച്ച്. ഡി ഷൗരിയുടെ ആ വാക്കുകൾ ശ്രദ്ധിക്കുക," വ്യക്തിയെ മുഖമില്ലാത്ത ഒരു കൂട്ടത്തിന്റെ ഭാഗമായിട്ടല്ലാതെരു വ്യക്തിയായി കാണാനുള്ള സമയമായിരിക്കുന്നു. പൊതുജനങ്ങൾക്ക് ഗവൺമെന്റിന്റെ എല്ലാ തീരുമാനങ്ങളുടെയും അടിസ്ഥാനമെന്താണെന്ന് അറിയാനുള്ള അവകാശം ഉണ്ടായിരിക്കണം"

പക്ഷെ സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ടുള്ള അറിയാനുള്ള അവകാശ നിയമത്തിലും, കേന്ദ്രത്തിലെ നിർദ്ദിഷ്ടബില്ലിലുമുള്ള പഴുതുകൾ വളരെയധികമാണ്. സംസ്ഥാന നിയമങ്ങൾ പ്രകാരം 22 സാഹചര്യങ്ങളിൽ അറിയാനുള്ള അവകാശം നിഷേധിക്കാം. കേന്ദ്രത്തിലെ ബില്ലിൽ എട്ട് സാഹചര്യങ്ങളിലാണ് ഈ അവകാശം നിഷേധിക്കാൻ വകുപ്പുള്ളത്. ഇതിലൊരു സാഹചര്യമായ പൊതുജന താൽപര്യത്തിന് വളരെ വിശാലമായ അർത്ഥം കൊടുക്കാനും അതുവഴി നിയമത്തെ ബലഹീനമാക്കാനും കഴിയും.

കേരളത്തിലെ ഒരൊറ്റ സംഘടനയോ വ്യക്തികളോ അറിയാനുള്ള അവകാശത്തിനുവേണ്ടി ശബ്ദമുയർത്തിയിട്ടില്ല. കേരളം പോലെ ഉയർന്ന സാക്ഷരതയുള്ള ഒരു സംസ്ഥാനത്ത് അഴിമതിയെ ഫലവത്തായി നേരിടാൻ അവകാശനിയമം മൂലം കഴിയും. അത്തരമൊരു നിയമത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നുള്ളതാണ് ഇപ്പോൾ ചെയ്യേണ്ടത്.

അഴിമതി അപഗ്രഥനങ്ങൾ ഇനിയും വന്നു കൊണ്ടേയിരിക്കും. പക്ഷെ രാജസ്ഥാനിലുണ്ടായ പോലെ ഒരു ജനകീയമുന്നേറ്റം ഇന്ത്യയിലും കേരളത്തിലും ഉണ്ടായാൽ മാത്രമേ അറിയാനുള്ള അവകാശം നിയമമാകുകയുള്ളു. നിയമം നിലവിൽ വന്നാലും, അഴിമതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കളായ ഉദ്യോഗസ്ഥവൃന്ദത്തെയും അവർ പരിശീലിപ്പിക്കുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരെയും ഇവരെയെല്ലാവരെയും തിറ്റിപ്പോറ്റുന്ന ഒരു പൊതുജന വിഭാഗത്തെയും ആരാണ് യഥാർത്ഥയജമാനന്മാരെന്ന് ബോധ്യപ്പെടുത്തി കൊടുക്കാത്തിടത്തോളം കാലം അഴിമതി തുടർന്നു കൊണ്ടിരിക്കും.

ജിസ്സ്ജോൺ
രണ്ടാംവർഷ പോളിമർകെമിസ്ട്രി.






# കർണ്ണശാപങ്ങൾ

അടച്ചിട്ട ചില്ലുവാതിൽ വലിച്ചു തുറന്ന പ്രശാന്തൻ ബാർബർ ഷോപ്പിൽ നിന്നും പുറത്തിറങ്ങുമ്പോൾ മുന്നിലെ നിരത്തിലൂടെ വിവാഹവണ്ടികൾ കടന്നു പോകുന്നുണ്ടായിരുന്നു. ഉയർത്തിയിട്ട ചില്ലിനുള്ളിലൂടെ ഒരു നോട്ടം തന്നിലേക്ക് നീണ്ടുവോ..? പ്രശാന്തൻ സംശയിച്ചു. പിന്നെ പൊടിയടങ്ങാത്ത നിരത്തിലൂടെ ഇറങ്ങി നടന്നു. പിൻകഴുത്തിൽ നിന്നും മുകളിലേക്ക് വിരലുകൾ ഓടിച്ചപ്പോൾ ചേർത്തു വെട്ടിയതിനാൽ രൂപപ്പെട്ട കുറ്റിമുടികൾ കൊണ്ട് അവന്റെ വിരലുകൾക്ക് പതിയെ വേദനിച്ചുവെന്ന് തോന്നി. ചുരുണ്ടുയർന്ന പൊടിപടലങ്ങൾ വീണ്ടും വീണ്ടും ശ്വാസം മുട്ടിച്ചപ്പോൾ പ്രശാന്തൻ വിരലുകൾ കൊണ്ട് മൂക്ക് പൊത്തിപ്പിടിച്ചു.

"അരിശമാണെനിക്കവനോട്."
ഗിയറില്ലാ വണ്ടിയിൽ അവരെ പിന്നിട്ട് ഹോണടിച്ചു നീങ്ങുന്ന പത്ര ഏജന്റിനെ നോക്കി അവൾ പറഞ്ഞു.

"എന്തിന്?"

"എന്റെ പ്രഭാതങ്ങളിലെ പരിശുദ്ധിയെ ഇല്ലായ്മ ചെയ്യുന്നത് അവനാണ്. ഉറക്കമെണീറ്റ ഭൂമിയെ ആദ്യമായി മലിനപ്പെടുത്തുന്നതും അവനാണ്. നഗരത്തിന്റെ ഇരമ്പലുകളിലേക്ക് ഇറങ്ങും മുൻപ് ആകെയൊരാശ്വാസം രാവിലെയുള്ള ഈ നടത്തമാണ്. പ്രശാന്തിനറിയുമോ ഗന്ധങ്ങളെ ഏറ്റവും സുഗമമായി തിരിച്ചറിയാനാകുന്നതും രാവിലെയാണ്. കട തുറക്കാൻ പോകുന്ന ശ്രീധരൻ ചേട്ടന് ചുരുട്ടു ബീഡിയുടെ നേർത്ത ഗന്ധം. പുറത്തു തൂക്കിയിട്ട ഇല്ലി തുറുവുമായി പോകുന്ന കുമാരന് ചെത്ത് കള്ളിന്റെ, കുഞ്ഞബ്ദുവിന് രാവിലെ കുളിച്ച സോപ്പിന്റെ... തലേ രാത്രി മഴ പെയ്തിട്ടുണ്ടെങ്കിൽ ശരിക്കൊന്ന് ശ്വാസം വലിച്ചാൽ മതി ഉള്ളിലേക്ക് ഒരു മഞ്ഞുതുള്ളി കിനിഞ്ഞിറങ്ങുന്ന പോലെ തോന്നും. പ്രശാന്തൻ അവളെ ശ്രദ്ധിച്ചു. ഒരു ചാറ്റൽ മഴ പോലെ അവൾ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. തന്നേക്കാൾ ഒരുപാട് നന്നായി സംസാരിക്കാൻ അവൾക്കറിയാം. എങ്കിലും അവൾക്ക് താനത്ഭുതമാണ്.

"എങ്ങനെയാ ഇത്ര നന്നായിട്ടെഴുതണേ.?"
ആശുപത്രി കിടക്കയിലെ മരുന്ന് മണക്കുന്ന ഇടനാഴികൾ തീർത്ത വിരസതയകറ്റാൻ തുടങ്ങിയത് എന്ന് പറഞ്ഞ് അവളിൽ വീണ്ടും വിസ്മയം ജനിപ്പിക്കാം. മനസ്സിലപ്പോൾ ശിംശോനായിരുന്നു. അവൾ സമ്മാനിച്ച ബൈബിളിലൂടെ താൻ വായിച്ചറിഞ്ഞ വീരയോദ്ധാവ്. ശക്തിയുടെ രഹസ്യങ്ങൾ പുറത്ത് പറഞ്ഞുകൂടാ. അതെത്ര നിസ്സാരമാണെങ്കിലും. കടംകഥകൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്ന ഇവളും ഒരു ഫെലിസ്ത്യ കന്യകയല്ലെന്ന് ആര് കണ്ടു?

"എന്താ ഒന്നും പറയാനില്ലേ?"
നനുത്ത ചിരിയുമായി അവൾ വീണ്ടും. "Celebrating Silence" എന്നു പറഞ്ഞാൽ അവൾക്ക് മനസ്സിലാകില്ല. വീട്ടിലേക്കുള്ള തിരിവിലെത്തുമ്പോൾ അവൾ ചോദിച്ചു.

"നാളെ വരുമോ?"

ഓരോ ദിവസവും അവൾ അടുത്ത ദിനത്തിലേക്കുള്ള ഉറപ്പുകൾ വാങ്ങി വയ്ക്കുന്നു. യാത്ര പറഞ്ഞ് നടന്ന് നീങ്ങുമ്പോൾ ജിനീഷ് പറഞ്ഞതോർത്തു. പ്രണയിക്കുന്നവളുടെ മുഖം ഓർത്തെടുക്കാൻ കഴിയില്ലത്രേ.. അന്നതിനെ താൻ ചിരിച്ചു തള്ളിയിരുന്നു. വീട്ടിലേക്കുള്ള പാതയിൽ അവളുടെ മുഖം ഓർത്തെടുക്കാൻ നോക്കി.

പരസ്പരം

ജൻമാന്തരങ്ങളുടെ അകലങ്ങളില്ല. വിസ്മൃതിയുടെ ആഴങ്ങളും, എന്തിന് ദിനാന്ത്യങ്ങളുടെ വിദൂരതകൾ പോലുമില്ല. എന്നിട്ടും പ്രശാന്തന് അവളുടെ മുഖം ഓർത്തെടുക്കാൻ കഴിഞ്ഞതേയില്ല.

ചരൽ നിറഞ്ഞ മുറ്റത്ത് ചിതറിക്കിടക്കുന്ന ബീഡിത്തുണ്ടുകളിലൂടെ അച്ഛന്റെ ഇന്നത്തെ യവസ്ഥ ഊഹിച്ചെടുക്കാം. കുടുംബം നോക്കാനറിയില്ലാത്ത ഗൃഹനാഥന്റെ കുറവുകളിലൂടെ അമ്മയുടെ നാവിനി ഏറെ ദൂരം സഞ്ചരിക്കും.

"മകനൊരെണ്ണമുള്ളത്........"
അമ്മ പലപ്പോഴും പൂർത്തിയാക്കാറില്ല. പ്രശാന്തൻ തിരിഞ്ഞു നടന്നു.

*****

പിന്നെ മഴ നനഞ്ഞ നിരത്തിലൂടെ അവർ ഒന്നിച്ചു നടക്കുമ്പോൾ, തലേന്ന് കണ്ട സ്വപ്നത്തെപ്പറ്റി അവളോട് പറയണമെന്ന് തോന്നി പ്രശാന്തന്. ഉറക്കത്തിൽ ആരോ കർണ്ണന്റെ മുടി മുറിച്ചു മാറ്റുന്ന സ്വപ്നം. മുൻപെപ്പോഴോ വായിച്ച ചിത്രകഥയിലെ അതേ രൂപമായിരുന്നു കർണ്ണനപ്പോൾ. പ്രശാന്തന്റെ സ്വപ്നങ്ങൾ പലപ്പോഴും അങ്ങനെയാണ്. ഓരോ രാത്രിയും ഉറങ്ങാൻ കിടക്കുംമുൻപ് സ്വപ്നങ്ങൾ കാണരുതേ എന്ന് പ്രാർത്ഥിക്കാറുണ്ട് പ്രശാന്തൻ.

ഉണർന്നെഴുന്നേക്കുന്ന തന്നെ ദുഃഖിതനാക്കുന്നത് പലപ്പോഴും നല്ല സ്വപ്നങ്ങളാണ്. ഒടുക്കും ചിട്ടയും ഉണ്ടാകില്ല അതിന്. വ്യക്തിയും വ്യക്തിത്വവും എല്ലാം പരസ്പരം മാറിക്കൊണ്ടിരിക്കും. പറയാൻ തുനിഞ്ഞതാണ്.

"അമ്മയ്ക്കിപ്പോഴും പ്രശാന്തിനോട് ദേഷ്യമാണല്ലേ.?"

മുൻപേ അവളുടെ ചോദ്യം. പലപ്പോഴും അവൾ ഉത്തരം പ്രതീക്ഷിക്കാറില്ല. അമ്മ പൂർത്തിയാക്കാത്ത വാചകം താൻ കടന്നു പോകുമ്പോൾ ചിലർ അടക്കിപ്പറയുന്നത് കേൾക്കാറുണ്ട്. പരസ്യമായി അമ്മയ്ക്ക് പറഞ്ഞവന്റെ ചെകിടത്ത് കൈ പതിക്കുമ്പോൾ തന്നെ മൂക്കിലൂടെ രക്തം ഒഴുകിയിറങ്ങിയിരുന്നു. അന്നും കടത്തിണ്ണയിലിരുന്ന ആരോ പറയുന്നത് കേട്ടു.

"അരഭ്രാന്തന് ശക്തി നാലിരട്ടിയെങ്കിലും കൂടും"

അതിനെക്കുറിച്ച് പറയുമ്പോൾ അവളുടെ മറുപടി രസമുള്ളതായിരുന്നു.

"ഒരുവൻ ജനിക്കുമ്പോൾ തന്നെ ഇരുപതു ശതമാനമെങ്കിലും ഭ്രാന്തിന്റെ അംശമുണ്ടാകും. വളർന്നുവരുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് ശതമാന നിരക്ക് കൂടിയെന്നുവരാം. ഏതായാലും ഒരു നാൽപ്പത് ശതമാനമെങ്കിലും ഭ്രാന്തുള്ള ആളെയാ എനിക്കിഷ്ടം.

ഇവൾക്കു മുന്നിൽ രക്ഷപെടലുകൾക്ക് പലപ്പോഴും ശ്രമിച്ചിട്ടുള്ളതാണ്. അപ്പോഴൊക്കെ ഉണങ്ങാത്ത ഏഴ് പച്ച ഞാൺ കൊണ്ട് ബന്ധിക്കുന്ന പോലെ തനിക്ക് പൊട്ടിച്ചെറിയാൻ കഴിയാത്ത എന്തോ ഒന്ന്...

"എനിക്കിനിയും പിടിച്ചു നിൽക്കാനാകുമെന്ന് തോന്നുന്നില്ല" തമ്മിൽ സംസാരിച്ചിട്ട് ഏറെ നേരമായെന്ന് മനസ്സിലായത് അവൾ പറഞ്ഞതു കേട്ടപ്പോഴാണ്.

ഇല്ലിമുളയുമായി കുമാരനും, കടതുറക്കാൻ ശ്രീധരനും, കുഞ്ഞമ്പുവുമെല്ലാം ഇതിനകം അവരെ കടന്നുപോയിരുന്നു.

"വേറെയൊന്നും വേണ്ടെനിക്ക്..."

അവളിപ്പോഴും ഏതോ പൈങ്കിളി കഥയിലാണെന്നു തോന്നി പ്രശാന്തന്. വേണ്ട . . ചിതറിത്തെറിച്ച ബീഡിത്തുണ്ടുകളിൽ നിന്നും അച്ഛന്റെ അവസ്ഥ തിരിച്ചറിയുന്ന വീട്ടിലേക്ക്, അമ്മയുടെ കുത്തുവാക്കുകളുടെ നടുവിലേക്ക് നീ വരേണ്ട.

നിഴലുകളിൽ നിന്ന് നിഴലുകളിലേക്ക് വികാരങ്ങൾ കൈമാററം ചെയ്യപ്പെടുന്നു എന്നു തോന്നിയതിന്റെ പിറേറന്ന് പ്രശാന്തനെ കാത്തുനിന്ന അവളുടെ പാദങ്ങളിൽ അവന്റെ നീണ്ട നിഴൽ ചുംബനമർപ്പിച്ചു. നിഴൽ വീണ്ടും മുകളിലേക്കരിച്ചു കയറാൻ തുടങ്ങിയപ്പോൾ അതിനെ പിറകിലേക്ക് വലിച്ചെടുത്ത് പ്രശാന്തൻ തിരിഞ്ഞു നടന്നു.

........

സുഖകരമല്ലാത്ത ഒരുറക്കത്തിലായിരുന്നു പ്രശാന്തൻ. വിവാഹ വണ്ടികൾ ഉയർത്തിവിട്ട ചെമ്മണ്ണുപൊടികൾ അവന്റെ പ്രഭാതങ്ങളെയെന്നോണം ഉറക്കത്തേയും അലോസരപ്പെടുത്തിയിരുന്നു. മൂന്നുപാളികളുള്ള ജനലിനരുകിൽ കുഴിഞ്ഞ കട്ടിലിൽ ഉറങ്ങാൻ കിടന്നപ്പോഴും അവന്റെ ചിന്തകൾക്ക് വ്യക്തതയുണ്ടായിരുന്നില്ല. തലയ്ക്കു മീതെ കൃതികയുടെ കലമ്പൽ പോലെ എന്തോ ഒന്ന്. തന്നെ ആരോ കെട്ടിയിട്ടിരിക്കുന്നതുപോലെ. തലയുടെ പിൻഭാഗം തൂണിൽ ഉരസിനോക്കി. അടുത്തെവിടെയോ ഫെലിസ്ത്യ പ്രഭുക്കളുടെ അട്ടഹാസങ്ങൾ. മണ്ണിൽ പുതഞ്ഞുപോയ തേർചക്രം. തനിക്കു നേരേ പാഞ്ഞടുക്കുന്ന ഒരസ്ത്രം. കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ട നിസ്സഹായനായി താൻ.

പ്രശാന്തൻ തിടുക്കത്തിൽ കണ്ണുകൾ തുറന്നുനോക്കി. കണ്ണിൽ കുത്തിക്കയറുന്ന കൂരിരുട്ട്. തന്റെ കണ്ണുകൾ ആരോ കുത്തിപ്പൊട്ടിച്ചിരിക്കുന്നു. അവനലറി വിളിച്ചു. പിന്നെ ക്ഷേത്രത്തിന്റെ നടുത്തൂണുകളിൽ ഒന്ന് വലംകൈ കൊണ്ടും മറ്റേത് ഇടം കൈ കൊണ്ടും പിടിച്ചു. അപ്പുറത്തെവിടെയോ നേർത്ത വെളിച്ചം. അട്ടഹാസങ്ങൾ ഉച്ചത്തിലാകുന്ന പോലെ. കർണ്ണപുടങ്ങളുടെ സന്ദിഗ്ദ്ധതയും തകർത്ത് അവ എങ്ങോട്ടോ ആണ്ടിറങ്ങുന്നു. പ്രശാന്തൻ സർവ്വ ശക്തിയുമെടുത്ത് തൂണ് കുലുക്കി നോക്കി. ക്ഷേത്രം ഇടിഞ്ഞു വീഴുന്നയത്രയും ശക്തിയോടെ പ്രശാന്തൻ പിന്നെയും തൂണ് കുലുക്കി കൊണ്ടിരുന്നു.

അരുൺ മാത്യു
ഒന്നാം വർഷ മലയാള
സാഹിത്യബിരുദം.



# ഇവൾ

നീൾമിഴി, യാണിവൾക്ക്
സമുദ്രങ്ങൾ, നിറങ്ങളും
അല്ല, പ്രപഞ്ചം മുഴുവനും
തെളിയിക്കും വിളക്കാണീ-
യിരുകൺ, ജ്വാലാമുഖം

കരൾ, പാതിവെന്തതിവൾക്ക്
കരിഞ്ഞ തൊലി, മാംസ-
മുരുകിത്തൂങ്ങു, മുടയാടകൾ
ഭൂകമ്പമിരമ്പുന്ന പിന്നാമ്പുറം,
ഭൂമി താഴ്ന്നിറങ്ങുന്ന പൂമുഖം,
കാകോളം തിളച്ചൊലിക്കുമടുക്കളെ,
മേലുകീഴെരിയുന്ന നടുത്തളം.....
എങ്കിലും സുകൃതം- സലോചനം.....!
കരിമ്പൂച്ചക്കണ്ണായ്മാറി
കറുത്ത പൗർണ്ണമിക്കാട്ടിലും
വെയിൽപൂതെളിയുന്നു.

കവിതയും കാമവുമിരമ്പുന്ന
രാവുകളിൽ
വലം തട്ടിൽ സർഗ്ഗവീണയു-
മിടം തട്ടിൽ ചാട്ടവാറുമിട്ട്
കവിയാതെ, കുറയാതെ
തുലനം പാലിപ്പൂ-
യീ നീൾമിഴിസ്സുതാര്യത.

മുറിവുകളെ മുലയൂട്ടി
കെടുതികളെ, യണകെട്ടി-
യിമ പൂട്ടാതെ, യിരുൾ വക-
ഞ്ഞിരുൾ വകഞ്ഞിനി-
യെത്രനാൾ....! നിന്റെ വിമലം
സുലോചനപ്പെരുമ.

സിയാദ്. ഇ.എ.
രണ്ടാംവർഷ ഭൗതികശാസ്ത്ര ബിരുദം

## മഹാത്മഗാന്ധി സർവ്വകലശാല

നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ് നമ്പർ : 52

## യു.സി.കോളേജ്, ആലുവ

# യു.സി.കോളേജ് എൻ.എസ്.എസ്.യൂണിറ്റിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2003 - 2004


## വോളണ്ടിയർ സെക്രട്ടറിമാർ



റിജാസ് കെ.ഐ.



രാകേന്ദു ടി.ആർ.



മിഥുൻ മോഹൻ

ഓർമ്മച്ചെപ്പിൽ കുറെ നല്ലഓർമ്മകൾ സമ്മാനിച്ചുകൊണ്ട് യു.സി.കോളേജിലെ എൻ.എസ്.എസിന്റെ പ്രവർത്തനങ്ങൾ ഒരു വർഷം കൂടി കടന്നുപോയി. 'യൂത്ത് ഫോർ സ്വച്ചതാ' എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ടുള്ളതായിരുന്നു ഈ വർഷത്തെ പ്രധാനപ്രവർത്തനങ്ങൾ. എൻ.എസ്.എസിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ വളരെയധികം ശ്രദ്ധപിടിച്ചുപറ്റി. സൗഹൃദഭവനനിർമ്മാണം പദ്ധതിയായിരുന്നു അതിൽ മുഖ്യം.
ഈ വർഷത്തെ എൻ.എസ്.എസിന്റെ പ്രവർത്തനങ്ങൾക്ക് പ്രോഗ്രാം ഓഫീസർമാരായ ശ്രീ.എം.ഇ. പുന്നൂസ് ഉം, ശ്രീമതി വി.പി.ഷീലയും നേതൃത്വം നൽകി.

### ശുചീകരണ പ്രവർത്തനം ജൂലൈ

യു.സി.കോളേജ് സ്റ്റോപ്പിൽ നാട്ടുകാരുണ്ടാക്കിയ മാലിന്യകൂമ്പാരം യു.സി. എൻ.എസ്.എസ് പ്രവർത്തകർ നീക്കം ചെയ്തു.

### പ്രവർത്തനോത്ഘാടനം

2003 - 2004 വർഷത്തെ എൻ.എസ്.എസ്. യൂണിറ്റിന്റെ ഉദ്ഘാടനം പ്രശസ്ത നേത്രരോഗ വിദഗ്ധനും സാമൂഹിക പ്രവർത്തകനുമായ ഡോ.ടോണി ഫെർണാണ്ടസ് നിർവ്വഹിച്ചു. പ്രിൻസിപ്പൽ രാജു കെ. ജോൺ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ എം.കെ.പുന്നൂസ് നിർധനയും അംഗവൈകല്യവമുള്ള അശ്വതിക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുവാനുള്ള തീരുമാനം അറിയിച്ചു.

### ക്ഷയരോഗ സർവ്വേ ജൂലൈ 26

ആലുവ റെഡ്ക്രോസ് സൊസൈറ്റിയുമായി സഹകരിച്ച് യൂണിറ്റിലെ അമ്പതോളം കുട്ടികൾ ആലുവ മുനിസിപ്പാലിറ്റിയിലെ 7,8,9,10 വാർഡുകളിലെ മുന്നൂറ്റി അമ്പതോളം വീടുകളിൽ സർവ്വേ നടത്തി.

### രക്തദാന ക്യാമ്പും അവയവദാന ബോധവത്കരണവും ആഗസ്റ്റ് 1

എറണാകുളം ഐ.എം.എ.യുടെ നടന്ന ക്യാമ്പിൽ കേരള ആക്ഷൻ ഫോഴ്സ് സംസ്ഥാന കോർഡിനേറ്റർ ശ്രീ ജോസി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. വോളണ്ടിയർ സെക്രട്ടറിമാരായ രാകേന്ദു, ടി.ആർ.റിജാസ്, കെ.ടി. മിഥുൻ മോഹൻ എന്നിവർ സംസാരിച്ചു.

### മതസൗഹാർദ് സൈക്കിൾ റാലി ആഗസ്റ്റ് 15

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യു.സി. കോളേജിലെ എൻ.എസ്.എസ്.സ്കീം അംഗങ്ങൾ നടത്തിയ സൈക്കിൾ റാലി പറവൂർ മുൻ മുനിസിപ്പൽ ചെയർമാൻ അഡ്വ.എൻ.എ.അലി ഫ്ളാഗ് ഓഫ് ചെയ്തു. യു.സി.കോളേജിൽ നടന്ന സാംസ്കാരിക സമ്മേളനം നവജീവൻ കേന്ദ്രം ഡയറക്ടർ ഡോ.ജേക്കബ് വടക്കാഞ്ചേരി ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധിയുടെ സന്ദർശനവേളയിൽ ഗാന്ധിജിക്ക് ഹരാർപ്പണം നടത്തിയ ഗാന്ധി കാർത്ത്യായനിയെ ആദരിച്ചു.

### ഏകദിന ക്യാമ്പ് ആഗസ്റ്റ് 16

കോളേജ് ക്രിക്കറ്റ് കോർട്ടും പരിസരവും വൃത്തിയാക്കി. എൻ.എസ്.എസിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ക്ലാസ്സ് നടന്നു.

### മതമൈത്രി പദ്ധതി ആഗസ്റ്റ് 23

കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും സംസ്ഥാന വകുപ്പിന്റെയും സഹകരണത്തോടെ കാമ്പസ്സിൽ വൃക്ഷതൈകൾ നടുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗജന്യമായി വൃക്ഷതൈകൾ വിതരണം ചെയ്യുകയും ചെയ്തു.

### ഭവന നിർമ്മാണ ഫണ്ട് ശേഖരണ ഉദ്ഘാടനം ആഗസ്റ്റ് 28

'സൗഹൃദം ഭവന നിർമ്മാണ' ഫണ്ട് സമാ

ഹരണ പരിപാടിയുടെ ആദ്യ കൂപ്പൺ ആലുവ മുൻസിപ്പൽ ചെയർമാൻ ശ്രീ.എം.ഒ.ജോണിൽ നിന്ന് കരുമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.സാജിത കെ.കെ ഏറ്റു വാങ്ങി.

### സൗജന്യ അരിവിതരണം സെപ്തംബർ 4

പ്രോഗ്രാം ഓഫീസർ ശ്രീ.എം. ഐ. പുന്നൂസിന്റെ നേതൃത്വത്തിൽ വോളന്റിയർ സെക്രട്ടറിമാർ സമാഹരിച്ച 100 കിലോ അരി ആലുവ ഗവ.ആയുർവേദ ആശുപത്രിയിലെ നിർദ്ധനരായ രോഗികൾക്കുവേണ്ടി മെഡിക്കൽ ഓഫീസർ ഏറ്റു വാങ്ങി.

### ചികിത്സാ സഹായം സെപ്തംബർ 24

മുപ്പത്തടം കരോത്തുക്കുന്ന് അമ്മു എന്ന നിർദ്ധനയായ സ്ത്രീയുടെ ചികിത്സാ ചെലവി ലേക്ക് വോളന്റിയേഴ്സ് സഹായധനം സമാഹ രിച്ച് നൽകി.

### മിനി ക്യാമ്പ് ഒക്ടോബർ 10,11,12 – 2003

മിനി ക്യാമ്പിന്റെ ഉദ്ഘാടനം എൻ.എസ്. എസ്.പ്രോഗ്രാം കോ- ഓർഡിനേറ്റർ ഡോ. എം.സി ദിലീപ് കുമാർ നിർവ്വഹിച്ചു. പ്രിൻസി പ്പൽ ഡോ. രാജു കെ. ജോൺ അദ്ധ്യക്ഷ പ്രസംഗം നടത്തി.ക്യാമ്പഗങ്ങളും മറ്റു ജോലി ക്കാരും കൂടി 'സൗഹൃദം' വീടിനുള്ള തറകെ ട്ടി. കോളേജ് കാമ്പസിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തി. ആലുവ മണപ്പുറത്തു വെച്ച് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പ്രൊഫ. സീതാരാമൻ, പ്രൊഫ.ജോയ് ജോബ് കുളവേലി തുടങ്ങിയവർ ക്ലാസ്സ് എടുത്തു. കോഴി മല ആദിവാസി സമൂഹത്തിന്റെ ജീവിതരീതിയെ ക്കുറിച്ചും, അവരുടെ സംസ്കാര പൈതൃക ത്തെക്കുറിച്ചും ഒക്കെ അടിസ്ഥാനമാക്കി ഫോക്ക്ലോർ ക്ലബ്ബ് നിർമ്മിച്ച ഡോക്യുമെന്ററി ഫിലിം കാണിച്ചു. മഴവെള്ളം ഭൂമിയിൽ തട ഞ്ഞുനിർത്തുന്നതിനായി രണ്ടടി ആഴമുള്ള ഇരു നൂറോളം കുഴികൾ കോളേജിന്റെ ഭാഗമായ റബ്ബർ തോട്ടത്തിൽ നിർമ്മിച്ചു. ക്യാമ്പിന് പ്രോഗ്രാം ഓഫീസർമാരായ എം.ഐ.പുന്നൂസ്, ഡോ.വി.പി.ഷീല, വോളന്റിയർ സെക്രട്ടറിമാരായ രാകേന്ദു. ടി.ആർ.റിജാസ്, മിഥുൻ മോഹൻ എന്നിവർ നേതൃത്വം നൽകി.

### ഹോസ്പിറ്റൽ ക്ലീനിംഗ് ഒക്ടോബർ 2

പ്രോഗ്രാം ഓഫീസർമാരായ എം.ഐ.പു ന്നൂസ്, ഡോ.വി.പി.ഷീല എന്നിവരുടെ നേതൃ ത്വത്തിൽ ആലുവ വെറ്റനറി ഹോസ്പിറ്റൽ പരി സരം വൃത്തിയാക്കുകയും വൃക്ഷത്തൈകൾ നടു കയും ചെയ്തു. വ്യക്തിത്വവികസനത്തെക്കുറിച്ച് ഒരു അവബോധം കുട്ടികളിൽ ഉണ്ടാക്കി.

### മുൻസിപ്പൽ റോഡ് വൃത്തിയാക്കൽ ഒക്ടോബർ 9

ജി.സി.ഡി.എ. മുൻസിപ്പൽ റോഡ് 40 എൻ.എസ്.എസ് വോളന്റിയർമാർ ചേർന്ന് വൃത്തിയാക്കി.

### ആരോഗ്യ സെമിനാർ ഒക്ടോബർ 13

സ്ത്രീകളും ഹൃദ്രോഗവും എന്ന വിഷ യത്തെക്കുറിച്ച് ഒരു സെമിനാർ നടത്തി. കേരള ത്തിലെ ആദ്യ ഹൃദയ ശസ്ത്രക്രിയ നടത്തിയ ഡോ.ജോസ് ചാക്കോ പെരിയപുറം ഹൃദയശ സ്ത്രക്രിയയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ആദ്യ ഹൃദയ ശസ്ത്രക്രിയയുടെ വീഡിയോ പ്ര ദർശനം നടത്തുകയും ചെയ്തു.

### ഇന്റർവ്യൂ ഒക്ടോബർ 15

ആർ.ഡി.ക്യാമ്പ് സെലക്ഷനു വേണ്ടി എൻ.എസ്.എസ് വോളന്റിയർമാരായ തോമസ് ഫിലിപ്പിനേയും പ്രജിതയേയും യു.സി.കോളേ ജിന്റെ പ്രതിനിധികളായി അയച്ചു. കോട്ടയത്തു വെച്ച് നടത്തിയ ഇന്റർവ്യൂവിൽ തോമസ് ഫിലിപ്പ് തെരഞ്ഞെടുക്കപ്പെട്ടു.

### പങ്കാളിത്വം ഒക്ടോബർ 18

സെന്റ് പോൾസ് കോളേജിൽ വെച്ച് നട ത്തിയ ഇന്റർകോളജിയറ്റ് ക്വിസ് കോംമ്പറ്റിഷ നിൽ യ.സി.കോളേജിനെ പ്രതിനിധീകരിച്ചും രണ്ട് എൻ.എസ്.എസ് വോളന്റിയർമാർ പങ്കെ ടുത്തു.

### ചൈൽഡ് ലൈൻ ഓറിയന്റേഷൻ ഓക്ടോബർ 20

യു.സി.കോളേജിൽ വെച്ച് ചൈൽഡ് ലൈൻ സർവ്വീസസിന്റെ ഓറിയന്റേഷൻ ക്ലാസ്സ് എൻ.എസ്.എസിന്റെ നേതൃത്വത്തിൽ നടന്നു.

### പ്രസ് കോൺഫറൻസ് ഓക്ടോബർ 28

ചൈൽഡ് ലൈൻ നടത്തിയ പ്രസ്സ് കോൺഫറൻസിൽ രണ്ട് എൻ.എസ്.എസ് വോളന്റിയർമാർ പങ്കെടുത്തു.

### ചൈൽഡ് ലൈൻ പ്രചാരണം ഓക്ടോബർ 30

ചൈൽഡ് ലൈൻ സർവ്വീസസിനെക്കു റിച്ച് ആലുവ വിദ്യാഭ്യാസ ജില്ലയിലെ വിവിധ സ്കൂളുകളിൽ എൻ.എസ്.എസ്.വോളന്റിയേഴ്സ് കമ്പെയ്നിംഗ് നടത്തി.

### നവംബർ 3 – 12

നവംബർ 3 മുതൽ 12 വരെ മൈസൂരിൽ നട ത്തിയ ആർ.ഡി.പരേഡ് സെലക്ഷൻ ക്യാമ്പി ലേക്ക് യു.സി.കോളേജിലെ എൻഎസ്സ്.എസ്സ് വോളന്റിയറായ തോമസ് ഫിലിപ്പിന് സെലക്ഷൻ ലഭിച്ചു.

### വാനില കൃഷി സെമിനാർ

ആലുവ യു.സികോളേജിലെ എൻ.എസ്സ്. എസ്സ്.യൂണിറ്റിന്റെ വാനില കൃഷിയെക്കുറിച്ച് ഒരു ഏകദിനസെമിനാർ സംഘടിപ്പിച്ചു. വിദ്യാർത്ഥി കൾക്കും, കർഷകർക്കും വാനില കൃഷിയിൽ പ്രയോഗിക പരിശീലനം നൽകുന്നതിനാണ്

സെമിനാർ സംഘടിപ്പിച്ചത്. ഉദ്ഘാടനം സ്പൈസസ് ബോർഡ് ഡയറക്ടർ ശ്രീ.കോശി ജോൺ നിർവ്വഹിച്ചു. തുടർന്ന് ശാസ്ത്രീയമായ കൃഷിരീതി സംസ്ക്കരണം, വിപണനം എന്നി വിഷയങ്ങളിൽ ള്ശ്രീ.കോശി ജോൺ, ഡോ..പി.എം.കുര്യച്ചൻ തുടങ്ങിയവർ ക്ലാസ്സെടു ത്തു.

### നവംബർ 21, 22, 23 – ഇന്റർ കൊളീജിയറ്റ് ക്യാമ്പ്

നവംബർ 21, 22, 23, തീയതികളിൽ യു. സി.കോളേജിൽ വച്ച് "ഹരിതം - 2003" ഇന്റർ കൊളിജിയറ്റ് പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പി ച്ചു. "നമ്മുടെ പ്രകൃതിയും പരിസ്ഥിതിക പ്രശ്ന ങ്ങളും" എന്നതാണ് ഹരിതം എന്നു പേരിട്ടിരി ക്കുന്ന പഠനക്യാമ്പിന്റെ മുഖ്യവിഷയം. ആലുവ

മുൻസിപ്പൽ ചെയർമാൻ ശ്രീ.എം.ഒ.ജോൺ ഉദ്ഘാടനം ചെയ്തു. എൻ.എസ്സ്.എസ്സ്.റീജിയിണൽ പ്രോഗ്രാം കോർഡിനേറ്റർ ഡോ. എം.സി.ദിലീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. യു.സി.കോളേജ് എൻ.എസ്സ്.എസ്സ്.യൂണിറ്റ്, സൗഹൃദം ഭവനപദ്ധതിയുടെ നിർമ്മാണത്തിൽ എല്ലാ ക്യാമ്പഗംങ്ങളും പങ്കു ചേർന്നു. ക്യാമ്പിൽ "പുഴയും പ്രകൃതിയും" എന്ന വിഷയത്തെ ആസ്പദമക്കി പ്രൊഫ. സീതാരാമൻ ആലുവ മണപ്പുറത്തു ഒരു തുറന്ന സംവാദം നടത്തി. തുടർന്ന് "കോവിൽ മലയിലെ ഓർമ്മക്കുറിപ്പുകൾ" എന്ന ഡോക്യുമെന്ററി പ്രദർശനം നടന്നു. പെരുമ്പാവൂരി നടുത്തുള്ള ഇരിങ്ങോൾ വനത്തിലേക്ക് ഒരു റപകൃതി പഠന യാത്ര സംഘടിപ്പിച്ചു. അവിടെ വെച്ച് നടത്തിയ ചർച്ചാക്ലാസ്സ് ജലതരംഗം മാനേജിംഗ് എഡിറ്റർ ഡോ.സി.എം. ജോയ് നയിച്ചു. 23-ാം തീയതി വൈകിട്ട് സർട്ടിഫിക്കറ്റ് വിതരണവും സമാപനസമ്മേളനവും നടന്നു.

### നവംബർ 29 ക്വിസ് മത്സരം

തൊടുപുഴ ന്യൂമാൻ കോളേജിൽ വെച്ച് നടത്തിയ ഇന്റർ കൊളി



എറണാകുളം ഐ.എം.എ.യുടെ

ജിയറ്റ് ക്വിസ് മത്സരത്തിൽ യു.സി.കോളേജിലെ എൻ.എസ്സ്.എസ്സ് വോളന്റിയേഴ്സ് പങ്കെടുത്തു.

### ദശദിന ക്യാമ്പ് ഡിസംബർ 20 – 29

കൊമ്പനാട് സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് ഡിസംബർ 20 മുതൽ 29 വരെ യു.സി. കോളേജ് എൻ.എസ്.എസ്.യൂണിറ്റിന്റെ ദശദിന ക്യാമ്പ് നടത്തുകയുണ്ടായി. ക്യാമ്പിന്റെ പ്രധാന പരിപാടികളുടെ ഭാഗമായി റോഡ് നിർമ്മാണം, ബോധവത്കരണ ക്ലാസ്സുകൾ, ജനസമ്പർക്ക പരിപാടികൾ, പ്രകൃതി യാത്ര, ഗ്രക്കിംഗ് കംടൂർ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ നടത്തുകയുണ്ടായി.

### ക്യാമ്പേഴ്സ് ഡേ

ദശദിന ക്യാമ്പിന് പങ്കെടുത്ത ക്യാമ്പേഴ്സിന് അനുഭവങ്ങൾ പങ്കുവെയ്ക്കാനും, കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ പൊതു അവലോകനം നടത്തുവാനും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും ക്യാമ്പേഴ്സ് ഡേ നടത്തുകയുണ്ടായി. സൗഹൃദം വീടുപണി മേൽക്കൂരവാർക്കവരെ എത്തിയിരിക്കുന്നു.


The only
private limited
computer dealer in paravur & Kodungallur

computer sales& service, soft ware development, IT consultancy

LANGLE INFORMATIK PVT.LTD.

Sree ayyappa shopping complex
near donbosco hospital, N. Paravur-683 513
M.E.S. center, Chandapura, Kodungallur-680 664

Phone:0484-3098160, 0480- 3091359. E-mail: langlenet@yahoo.com.




Digital Studio & Colour Lab
Ph : 2623966

photone

Digital Studio Colour Lab

Palm lands Complex, Temple Road. Bank Junction Aluva - 683 101



# ജന്മം

ചാപിള്ളയായിട്ടാണെൻ
മകൻ പിറന്നത്
അവനു കണ്ണില്ല;
ഗർഭത്തിൽ വച്ചുതന്നെ
നേരുകണ്ടെങ്കിലെന്നോ
ഭയന്നവരാരോ....
അവന്റെ കണ്ണുകൾ ചൂഴ്ന്നെടുത്തു
അവനു കാതില്ല;
നേരു കേട്ടെങ്കിലെന്നു
ഭയന്നവരാരോ....
കാതുകളറുത്തെടുത്തു.
അവനു നാക്കില്ല;
നേരു ചൊന്നെങ്കിലെന്നു
ഭയന്നവരാരോ.....
നാക്കും പിഴുതെടുത്തു
എങ്കിലും അവനിൽ
ഒരു ധീരയോദ്ധാവിൻ കിതപ്പുകൾ
കേൾക്കുന്നു ഞാൻ....
കാരണം,
അവനുകൈകാലുകൾ
ശേഷിച്ചിരുന്നുവല്ലോ.....

**കിഷോർ കുമാർ**
ഒന്നാംവർഷ ഭൗതികശാസ്ത്രം

# ANNUAL REPORT OF SD NCC
# BOYS 2003-2004



Lt. K.S. Narayan




Siva Prasad



Abdul Shahi M.H.



Shibin Paul



R. Ranjithkumar

APPOINTMENTS
SCUO:Siva Prassad

CUOs:Abdul Shahi, Renjith Kumar Prabhu, Shibin Paul Maniyara
CSM:Sarath. A.S
CQMS:Anoop A Thomas

During this training period a total of 160 cadets were enrolled. 32 new cadets from NSS HS Parakadavu also enrolled under this company. The company was divided into three platoons viz. Agni, Pritvi and Thrisul. Sgt.P.O, Sgt.Shyam Narayan, Sgt.Anoop Gopinath were the platoon commanders respectively.

**Achievements:**

Sgt.Mebin Tom Mathew participated in the most prestigious Republic Day Camp at Delhi. He is also selected for the Youth Exchange Programme.

**Activities**

Annual Training Camp was conducted from 4th Sep.2003 to 15th Sep.2003 at St.Pauls College, Kalamassery. 46 cadets from our College, under the leadership of JUO:Renjith Kumar Prabhu, participated in the camp. Sgt.Eldho.P.O.attended the camp. This year the Army Attatchment Camp was held at Mahar Regiment, Panagodu. 6 cadets under the leadership of Sgt.Anoop Gopinath, Participated in the camp. Republic Day was observed with ceremonial parade by both SD and SW cadets. The College community also participated in this function. Paincipal Dr.Raju K.John hoisted the national flag and delivered the message.

Both the subunits jointly organized the Annual Closing Camp of this year on 14th Feb. 2004. The Principal-in Charge Prof;K.E;John Presided over the function. As a part of the Annual Closing Camp, a one-day-trekking was organized by both the subunits at Kalady Plantations.

We are very greaeful to the College management, faculty and fellow students for their Co-operation and encourgement given to the subunit for its proper functioning. We are also greatful to the Principal for his continuous support to the activities of the unit. We extend our gratitude to our previous ANO.lt.Dr.David Saj Mathew and our female ANO.Lt.Anila.E.I for their guidance.

We shall strive to achieve greater heights and for that we expect wholehearted co-operation from all the well-wishers of NCC.

# ANNUAL REPORT OF SD NCC GIRLS 2003-2004


Lakshmi.K.Edison


Anuradha.V.


Sejin .C.S


Tripthi Raj


Lakshmi.K.R.


Jiyapaul


Anju Mariya

In all walks of N C C activities conducted by 7(K) Girls BN, NCC, TCR U.C College sub Unit has marvelled others. Last year we got 100% results for B&C certificate exam. JUO Sredevi Warrier and SUO Souma Joy got 'A' grade for C certificate examination and also 3 of our cadets got 'A'grade in 'B' certificate exam.

The unit started its activities in August 2003 in connection with Independence Day celebration followed by ceremonial parade and the enrollment of the cadets. The training Programe for the academic year was inagurated by our principal Dr.Raju.K.John.

5 cadets attended the ATC held at Sanskrit college Pulanikkara, 13 cadets atteded ATC at Carmel college Mala and 10 cadets attended the same at St.Alosious college, Elthurith. JUO Anuradha V. and JUO Sejin.C.S participated in the ceremonial parade as contigent commenders and JUO Anuradha was the best contigent commeder during the same. Three cadets CSUO Thripthi Raj, CSM Jiya Paul and L/CPl Jisha Mol K attended the Roch climbing camp held at Gwalior. CQMS Lakshami K Edison and Cpl Margaret Willson atteded the Trekking camp at Nelagiri.

## My Experience at
# The Republic Day Camp -2004

**MEBIN**

After lots of hard work and tough training under the burning sun for nearly Seven months, the much awarted day, December 26th arrived. It was the day, we would be leaving for Delhi to take part in the R.D celebration. We were 98 students including girls and the school children Filled with enthusiasam at the Thiruvanathapuram Central Railway Station we unloaded our luggage from the truck at 9.30 in the morning. All the officers of the NCC were present to wish us good luck. We were Interviewed by the Asianet and Surya. And then the train arrived. We put our things into the train at 11.15 and after ten minutes the train moved.Waving our hands we shouted, " Bolo, Kerala and Lakshadweep Directorate Ki Jay". People greated us at every station and we got a lot of snacks from Kollam, Kottayam, Ernakulam and Palakkad. We sang songs and every minutes of our journey was packed with mirth and enjoyment. On 28th evening. We reached Delhi Railway Station. There were officers to receive us. We weregiven instructions for further proceedings and were taken to the camp site by a volvo bus. The moment I got down at Delhi. I wished with my whole heart that I was back in Kerala because the temperature was 5°C and it was like having needles piercing into our flesh. By 9pm, we had our checking and went for our dinner. After that we put on all our warm clothes. We were given three blankets but still we felt very cold for the first five days. On the first day, while brushing my teeth, my tooth brush slepped off three times because I was shivering like anything. We were very busy there. We had various competitions like drill, cultural, flag area and line area with other 15 directorate of N.C.C. We were given a party by Director general, N.C.C. We had a very good food; We had to march where ever we went and we had to keep on saluting on seeing officers so we came out of our rooms only when very necessary

We had P.T. in the morning at 5.30 to 7.00, breakfast at 7.45 Lunch at 12.30 Tea at 4.00 and dinner at 8.00. We had food for Rs.100/-per day for breakfast was bread, butter and jam, two boiled eggs and milk. For lunch, we had rice with dhal, Some currys, then (dessert) and some fruits. And in the evening, we had coffee with pastry, groundnuts, cashews, chips and chocolates. At night, we had chappathi and chiken (fry & curry) and some fruit salad and surprisingly . I had put on +10kg by the time we left. We worked very hard, especially in the live area where we had to make the images of our culture and I got a lot of friends from other states. I could learn the culture of other states through thies cultural programes you also yet a chance to learn other languages. We had tea parties with the Armed forces Chiefs, the Vice President. The President of our country and Chief Minister of Delhi. It was a great experience. We all went on a trip to Agra and did as much sight seeing as possible. I went to Fatehpursikri , Taj Mahal, Qut -ab Minar in Delhi and also the Lotus Temple. We also went for shopping.

I attended exams and interviews similar to SSB's for the selection of youth exchange programmers and I belive that I will get it if god wishes. I also got a chance for lunch with foreign cadets. We could see the R.D parade programmer on the Army day, beat of the retreat, a closing ceremony of R.D at INDIAGATE.

What did I gain from R.D?

I am very proud and happy that I could represent my college and state at the national level. Your personality changes, you learn to adjust with others and you become Physically fit. History is learnt with a new perspective which is impossible by studying for the tests conducted in our colleges. Even your way of talking changes. I beleave that I will get a chance to represent my country in Youth Exchange Programme One gets alot of intentiues like marks,scholarships, weightage marks, a priority in armed force and government jobs. More over being a participate in such actvities a great honour and you become a smart person.

I thank god everything he has done to me and thanks to my NCC officers, Dr.David Saj Mathew Sir of Bot dept Lt Narayanan sir of Malayalan dept. and my NCC seniors because I was a person who had made up my mind to discontinue N.C.C. I had only attended a parade for one day. I always had an excuse to back out programms but N.C.C tought me to give no excuses- I have no words to thank my seniors for all encouragement and support. I also, thank mycolleagues and our Pincipal Dr.Raju .K.John Sir for his splendid support. ◆◆

# Men Are Just Like That

If U TREAT him nicely, he says U are IN LOVE with him
If U don't, he says you are PROUD.
If you ARGUE with him, he says you are STUBBBORN.
If you keep QUIET, he says you have no brains.
If you smarter than him, he'll lose FACE
If he is smarter than you, he is great.
If you dont love him, he tries to posses U
If you love him, he will try to leave you( very true huh)
If you tell him your problem, he sayss you are TROUBLE SOME.
If you don't, he said that you dont trust him.
If you break your promise, u cannot be trusted.
If he breaks his, he is forced to do so.
If you SMOKE you are bad girl
If he smokes, he is a GENTLEMAN.
IF you do well in your exams, he says it's LUCK
If he does well, it's brains
If you hurt him, U are CRUEL
If he hurt U, U are too SENSITIVE.

Shabina.K.S
II nd D.C.Economics

# പറയാൻ മറന്നുപോയത്



കലാലയ ജീവിതം. എന്നും നമ്മുടെ മനസ്സിൽ കുളിർമയേകുന്ന സ്മരണകൾ ഉണർത്തുന്ന കാലം ഏതൊരു വ്യക്തിയും ഒരിക്കൽ കൂടി തിരിച്ചുവരാൻ കൊതിക്കുന്ന കാലഘട്ടം. ഒരു വിദ്യാർത്ഥിക്ക് സമൂഹവുമായി ബന്ധപ്പെട്ട് നിന്നുകൊണ്ട് ഒരുപാട് മാനുഷികമൂല്യങ്ങൾ ജീവിതത്തിലേക്ക് പകർത്തി പക്വമായ ഒരു മനസ്സിന് ഉടമയാകാൻ സാധിക്കുന്ന കാലഘട്ടം.

ഇതൊക്കെയാണ് ക്യാമ്പസ് കാലഘട്ടത്തെക്കുറിച്ച് ചോദിച്ചാൽ ഏതൊരു പൂർവ്വവിദ്യാർത്ഥിക്കും പറയുവാൻ ഉണ്ടാവുക. എന്നാൽ ഇന്നത്തെ തലമുറയുടെ അഭിപ്രായം വളരെ വ്യത്യസ്തമായിരിക്കും. കാരണം ഇന്നത്തെ ക്യാമ്പസ് ജീവിതം അവർക്ക് കൈപ്പേറിയ അനുഭവങ്ങളാണ് നൽകുന്നത്. ക്യാമ്പസുകൾ ഇന്ന് പല രീതിയിൽ ഉള്ള മാഫിയകൾക്ക് അടിമപ്പെട്ട് നശിക്കുകയാണ്. ഇത്തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ക്യാമ്പസിലെ കൂട്ടുകാർക്ക് എങ്ങിനെയാണ് നാളെ ക്യാമ്പസിനെക്കുറിച്ച് നല്ലത് പറയാൻ സാധിക്കുക.

കേരളത്തിലെ ക്യാമ്പസുകളെ നശിപ്പിക്കുന്നത് മുഖ്യമായ പങ്ക് മദ്യമാഫിയകൾക്കും മയക്കുമരുന്ന് മാഫിയകൾക്ക് ആണെന്നുമാണ് പറഞ്ഞ് കേൾക്കുന്നത്. പക്ഷേ ഈ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. നമ്മുടെ ക്യാമ്പസുകളെ തന്നെ മുൻ കാലങ്ങളിൽ നടന്നിട്ടുള്ള മയക്കുമരുന്നുകളുടെ ഉപയോഗവുമായി താരതമ്യം ചെയ്യുകയാണെങ്കിൽ ഇന്ന് ഇവ വളരെ കുറവാണെന്ന് തന്നെ പറയാം. പിന്നെ എന്താണ്, നമ്മുടെ ക്യാമ്പസുകളെ കാർന്ന് തിന്നുന്ന ആ രോഗം?.

ഉത്തരം കിട്ടാനുള്ള എന്റെ അന്വേഷണത്തിൽ നിന്ന് എനിക്ക് മനസ്സിലായത് ഇന്ന് ക്യാമ്പസുകളുടെ ഈ അവസ്ഥയ്ക്ക് കാരണം സിനിമ മാഫിയകളുടെ കടന്നു കയറ്റം ആണെന്നാണ്. ഇന്ന് തമിഴിലും ബോളിവുഡിലും എല്ലാം വരുന്ന ക്യാമ്പസ് ചിത്രങ്ങളാണ് എല്ലാ വിദ്യാർത്ഥികളും അനുകരിക്കാൻ ശ്രമിക്കുന്നത്. സിനിമകളിൽ കാണിക്കുന്ന സ്വപ്നതുല്യമായ രംഗങ്ങളും കോപ്രായങ്ങളുമെല്ലാം അവർ ജീവിതത്തിലേക്ക് പകർത്താൻ ശ്രമിക്കുകയാണ്. ദിൽ തോ പാഗൽഹേ'യും 'കുച്ച് കുച്ച് ഹോത്തഹേ'യും എല്ലാം കണ്ണടച്ച് വിശ്വസിക്കുന്ന ഇവർ ക്ലാസ്സ് കട്ട് ചെയ്ത് തന്റെ കാമുകിയെയും ബൈക്കിൽ കയറ്റി ഒരു സിനിമയ്ക്ക് പോകാനും, കൂട്ടുകാരുമൊത്ത് ഒരു ബിയർ കഴിക്കാനുമെല്ലാം ആഗ്രഹിക്കുന്നു. ഇതെല്ലാം ഇന്ന് ഏതൊരു കോളേജ് കുമാരന്റേയും സ്വപ്നമാണ്. സ്വപ്നം കാണുന്നത് കുറ്റം പറയാൻ നമുക്ക് കഴിയില്ല. പക്ഷേ ഈ സ്വപ്നങ്ങൾ യഥാർത്ഥമാക്കാൻ ശ്രമിക്കുമ്പോഴാണ് പ്രശ്നം ഗുരുതരമാവുന്നത്.

കോക്കക്കോളയും, ക്രിക്കറ്റും, ഫാഷൻ ഷോയും, ഇന്റർനെറ്റ് പ്രണയങ്ങളുമെല്ലാം സ്വപ്നം കണ്ട് കാമ്പസിനെ 'ഫ്രീക്ക്' ആക്കാൻ നടക്കുന്ന വിദ്യാർത്ഥി സമൂഹം നമ്മുടെ ക്യാമ്പസുകളുടെ നിഷ്കളങ്കതയും, മഹനീയതയും മനസ്സിലാക്കാതെ പോവുകയാണ്. സിനിമ യഥാർത്ഥജീവിതത്തിൽ നിന്നും വളരെ ദൂരെയാണെന്ന സത്യം മനസ്സിലാക്കാതെ ആരെയോക്കെയോ അനുകരിക്കാനും ആരൊക്കെയോ ആയിത്തീരാനുമുള്ള ശ്രമത്തിലാണ് നമ്മുടെ കൂട്ടുകാർ. ഈ ശ്രമങ്ങളാണ് ഇവരുടെ ഭാവിക്ക് ദോഷമായി വരുന്നത്. തങ്ങളുടെ സങ്കൽപ്പത്തിലെ ക്യാമ്പസ് പടുത്തുയർത്താനുള്ള ശ്രമത്തിനിടയിൽ ഇവർ തെറ്റുകൾ ഒരുപാട് ചെയ്ത് കൂട്ടുന്നു. ഒടുവിൽ കലാലയ ജീവിതത്തിന്റെ പരമപ്രധാന ലക്ഷ്യമായ പഠനം പൂർത്തിയാക്കാനാകാതെ ഇവർ നല്ലൊരു നാളെയിൽ നിന്നും ഇവർ വഴിതെറ്റിപ്പോകുന്നു. നമ്മുടെ കേരളത്തിലെ ക്യാമ്പസുകളിൽ മാത്രം കാണുന്ന നിഷ്കളങ്കതയും വികാരങ്ങളുമെല്ലാം ഇവർക്ക് നഷ്ടമാകുന്നു. സ്നേഹവും, സൗഹൃദവും, സത്യസന്ധതയും പ്രണയവുമെല്ലാം ഇവരുടെ മനസ്സിനുള്ളിൽ തന്നെ മൂടപ്പെടുന്നു.

നമ്മുക്കറിയാം ഒരു വ്യക്തിക്ക് തന്റെ മനസ്സിനുള്ളിൽ ഒളിഞ്ഞുകിടക്കുന്ന പ്രണയത്തെ പുറത്തേക്ക് കൊണ്ടുവരികയും അത് ഏറ്റവും സുതാര്യമായ രീതിയിൽ നടപ്പാക്കുന്നത് കലാലയജീവിതത്തിലാണ്. ക്യാമ്പസുകളുടെ നിഷ്കളങ്കതയും സ്വന്തമായി ചിന്തിക്കാനും സംസാരിക്കാനുമുള്ള അവസരങ്ങളെല്ലാം പ്രണയം മൊട്ടിട്ടുവളരാൻ നമ്മെ സഹായിക്കുന്നു പിന്നെ ക്യാമ്പസിലെ ഓരോ കണ്ണിയേയും അവൻ പ്രണയിക്കാൻ തുടങ്ങുന്നു. വഴിയോരങ്ങളിൽ തണൽനൽകുന്ന വൃക്ഷശിഖരങ്ങൾ , പുസ്തകങ്ങൾ, ബെഞ്ചുകൾ, ഡസ്ക്കുകൾ ഇങ്ങനെ ഓരോന്നിനെയും അവൻ പ്രണയിക്കുന്നു ഇതേ പ്രണയം തന്നെ നമ്മെ സ്നേഹിക്കുന്ന നമ്മുടെ ദുഃഖങ്ങളിൽ പങ്കുചേരുന്ന സഹപാഠിയോടും നമുക്ക് തോന്നുന്നു. ഇത് രണ്ട് ലിംഗങ്ങൾ തമ്മിൽ ആണെങ്കിൽ നാം അതിനെ പ്രേമം എന്ന് വിളിക്കുന്നു.

ഇത് മുൻകാല ക്യാമ്പസുകളിൽ കണ്ടിരുന്ന പ്രണയത്തിന്റെ രൂപമാണ്. എന്നാൽ ഇന്ന് ആകെ മാറിയിരിക്കുന്നു. പ്രണയവും പാശ്ചാത്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. പ്രണയത്തെ 'ലൈനടി' എന്ന മൂന്നാം കിട പ്രയോഗത്തിലേക്കും പ്രണയിനിയെ 'ലൈൻ' എന്നും ആക്കി മാറ്റിയിരിക്കുന്നു. ക്യാമ്പസിന്റെ ഏതെങ്കിലും ഒരു മൂലയിലോ അല്ലെങ്കിൽ ഒരു കൂൾ ബാറിലോ ഇരുന്ന് കൊണ്ട്

ചോക്ലേറ്റ് നുണയുകയും പൊങ്ങച്ചം പറഞ്ഞ് മത്സരിക്കുകയും ചെയ്യുന്ന ഇന്നത്തെ കാമിതാക്കൾ പ്രേമം ഒന്നോ രണ്ടോ വർഷത്തെ കരാർ ആക്കി മാറ്റിയിരിക്കുന്നു. ഇന്നത്തെ ആൺക്കുട്ടികൾക്കാണെങ്കിൽ സിനിമകളിലേതുപോലെ ഇടയ്ക്കിടെ ഗേൾഫ്രണ്ടിനെ മാറുന്ന നായകനാവാനാണ് താൽപര്യം. അത്യാവശ്യം കുറെ കത്തിവെയ്ക്കാനും നായികയെയും കൂട്ടി ബൈക്കിൽ ഒരു സിനിമിയ്ക്ക് പോകാനും സാധിച്ചാൽ ഇവർ ഹാപ്പിയാണ്. പെൺകുട്ടികൾക്കാണെങ്കിൽ പഠിക്കുന്ന കാലത്തോളം ഐസ്ക്രീമും ചോക്ലേറ്റും എല്ലാം ഫ്രീയായി നുണയാനുള്ള മാർഗ്ഗമാണ് ബോയ്ഫ്രണ്ട്. ഒന്നിലധികം കാമുകന്മാരെ കൊണ്ടു നടക്കുന്ന കാമുകിമാരും ഇന്ന് ക്യാമ്പസിൽ കുറവല്ല.

ഇക്കൂട്ടർ നാളെ ജീവിതത്തിലേക്ക് കടക്കുമ്പോൾ പ്രശ്നങ്ങളാൽ വട്ടം ചുറ്റുന്ന അവസ്ഥയാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. ക്യാമ്പസ് ജീവിതത്തിന്റെ നല്ലൊരു ഭാഗം ഫ്രീക്ക് എന്ന പേരും പറഞ്ഞ് നശിപ്പിച്ച ഇവർ ഇന്ന് പഠനം പോലും പൂർത്തിയാക്കാനാവാതെ പാഴ്ജന്മങ്ങളായി മാറുകയാണ്.

പക്ഷെ ഇവരെ മുഴുവനായും നമുക്ക് കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. മാറി വന്ന സാമൂഹ്യസാചര്യങ്ങളാണ് ഇവരെ ഈ നിലയിലേക്ക് എത്തിച്ചത്. പാശ്ചാത്യസംസ്ക്കാരങ്ങളെ അനുകരിച്ച് എല്ലാം റെഡിമെയ്ഡ് ആക്കാനുള്ള ശ്രമം നടത്തുന്ന നമ്മുടെ സമൂഹത്തിന്റെ ഒരു ഭാഗം മാത്രമാണ് വിദ്യാർത്ഥികൾ. നമ്മുടെ സമൂഹത്തിന് മൊത്തമായി വന്നിരിക്കുന്ന ഈ മൂല്യചോർച്ച വിദ്യാർത്ഥികളിൽ കൂടുതൽ പ്രകടമാകുന്നു എന്ന് മാത്രമേ നമ്മുക്ക് പറയാൻ സാധിക്കുകയുള്ളൂ. ഹൈടെക് യുഗത്തിൽ നമ്മുടെ ക്യാമ്പസുകൾക്ക് വന്നുകൊണ്ടിരിക്കുന്ന ഭാവവ്യത്യാസങ്ങൾക്കനുസരിച്ച് വേഷം മാറാൻ ശ്രമിച്ച്, ജീവിതം ഒരു വട്ടപൂജ്യമായ അനേകം വിദ്യാർത്ഥികൾ ഇന്ന് നമുക്കിടയിലുണ്ട്. ഇന്ന് ചെയ്തു പോയ തെറ്റുകളെയും നഷ്ടപ്പെട്ടുപോയ ജീവിതത്തെയുംകുറിച്ചോർത്ത് ദുഃഖിക്കുന്ന ഇവരുടെ ഭാഗത്തുനിന്നു ചിന്തിക്കുകയാണെങ്കിൽ ഒരിക്കലും നമ്മുക്ക് ഇവരെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ല.

ഈ നഷ്ടബോധത്തിന്റെ ദുഃഖവും ഏന്തി നടക്കുന്ന ഇവരുടെ മുഖങ്ങൾ കാണുമ്പോൾ സമൂഹത്തോട് ഇവർക്ക് എന്തോ വിളിച്ചു പറയാനുണ്ടെന്ന് തോന്നുകയാണ്. ഒരു പക്ഷെ ഇവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നത് ക്യാമ്പസ് ജീവിതത്തിലേക്ക് കടക്കാൻ ഇരിക്കുന്ന നമ്മുടെ കൊച്ചുകൂട്ടുകാർക്ക് തങ്ങളുടെ വിവേചനശക്തിയെ വേണ്ട വിധത്തിൽ ഉപയോഗിക്കാനുള്ള ഒരു പ്രചോദനം നൽകിയേക്കാം. ഇപ്പോൾ ഞാൻ ഒരു വിദ്യാർത്ഥിയെ നിങ്ങൾക്ക് പരിചയപ്പെടുത്താൻ പോവുകയാണ്. കോളേജ് മുഴുവൻ അറിയപ്പെടാൻ വേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്ന, ഇന്ന് ചെയ്തുപോയ തെറ്റുകളെ ഓർത്ത് ദുഃഖിക്കുന്ന ഒരു കൂട്ടുകാരനെ.

നമ്മുക്ക് അവനുമായി സംസാരിക്കാം

ഹേ......... കൂട്ടുകാരാ, നിനക്ക് എവിടെയാണ് പിഴച്ചത്. ഈ ചോദ്യം കേട്ടപ്പോൾ അവന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. മറുപടി പറയാൻ ശ്രമിക്കുന്ന അവന്റെ മനസ്സ് വിങ്ങുന്നത് എനിക്ക് കാണാമായിരുന്നു. എന്താണ് നിനക്ക് സംഭവിച്ചത്? കലാലയ ജീവിതം നിനക്ക് നഷ്ടപ്പെട്ടത് എങ്ങിനെയാണ്?

എന്റെ ചോദ്യങ്ങൾ ഓരോന്നായി അവന്റെ ചെവികളിലേക്ക് തുളച്ചുകയറാൻ തുടങ്ങിയപ്പോൾ അവൻ സംസാരിക്കാൻ തുടങ്ങി. ഇടറുന്ന ശബ്ദത്തിൽ തന്റെ ജീവിതത്തിന്റെ താളം തെറ്റിച്ച കഥ അവൻ പറഞ്ഞു തുടങ്ങി.

മനസ്സ് നിറയെ ഒരുപാട് സ്വപ്നങ്ങളുമായാണ് ഞാൻ ആദ്യമായി കലാലയത്തിലേക്ക് പ്രവേശിച്ചത്. കലാലയത്തിന്റെ ഓരോ പടവുകൾ കയറുമ്പോഴും താൻ കണ്ടിട്ടുള്ള ക്യാമ്പസ് സ്വപ്നങ്ങളിലേക്ക് ലയിക്കാനുള്ള ആവേശമായിരുന്നു എനിക്ക്. സിനിമകളിൽ മാത്രം കണ്ട് പരിചയമുള്ള ക്യാമ്പസ് എനിക്ക് മുമ്പിൽ പരന്നു കിടക്കുന്നത് കണ്ടപ്പോൾ ഞാൻ അറിയാതെ തന്നെ ആസിനിമകളിലെ നായകനായി മാറുകയായിരുന്നു. സിനിമകളിൽ കാണുന്ന നായകനെപ്പോലെ, ചെയ്യുന്ന കോപ്രായങ്ങൾ എല്ലാം പ്രോത്സാഹിപ്പിക്കാൻ ഒരുപാട് കൂട്ടുകാരും, പ്രേമിക്കാൻ ഒരു കാമുകിയും പണം വാരിയെറിഞ്ഞുകൊണ്ടുള്ള നേരംപോക്കുകളും ഞാൻ സ്വപ്നം കണ്ടു. ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളായിരുന്നു പിന്നീട് എന്റേത്. ഇവിടെയായിരിക്കും ആദ്യമായി എന്റെ ചുവടുകൾക്ക് താളം പിഴച്ചത്.

ഇവിടം മുതൽ ക്ലാസ്സ്റൂമുകൾ എനിക്ക് അന്യമാവുകയായിരുന്നു. കൂട്ടുകാരെയും കാമുകിയെയും തേടിപിടിക്കാനുള്ള ശ്രമം എന്നേയും ക്ലാസ്സ് മുറികളേയും ശത്രുക്കളാക്കി മാറ്റുകയായിരുന്നു. ക്ലാസ്സിൽ കയറുന്ന നിമിഷങ്ങൾ എനിക്ക് അസഹനീയമായ അനുഭവങ്ങൾ ആയിരുന്നു തന്നിരുന്നത്. ഒടുവിൽ ക്ലാസ്സ് റൂമുകൾ ബഹിഷ്ക്കരിക്കാൻ തുടങ്ങിയപ്പോൾ സങ്കൽപ്പത്തിലെ ക്യാമ്പസിന് ജീവൻ വെക്കുന്നതായി എനിക്ക് തോന്നി. തമാശകൾ പറഞ്ഞ് ചിരിക്കാനും, ചിരിപ്പിക്കാനും ഒരുപാട് കൂട്ടുകാരെ എനിക്ക് കിട്ടി. ക്യാമ്പസാണ് സ്വർഗ്ഗം എന്ന് വരെ ഞാൻ കരുതി. എന്തൊക്കെയോ ആയി എന്ന തോന്നൽ ഒറ്റവാക്കിൽ പറഞ്ഞാൽ അഹങ്കാരം ഇതിനോടകം എന്നിലേക്ക് കടന്നുകൂടിയിരുന്നു. എതിരാളികൾ ഇല്ലാത്ത നായകനാവാൻ ഞാൻ ശ്രമിച്ചു. എന്റെ ശ്രമങ്ങൾ തെറ്റുകൾ മാത്രം നിറഞ്ഞവയായിരുന്നു. ചെയ്യുന്ന തെറ്റുകളെ പ്രോത്സാഹിപ്പിക്കാൻ കൂട്ടുകാര കൂടി ആയപ്പോൾ തെറ്റുകളിൽ നിന്നും തെറ്റുകളിലേക്ക് ഞാൻ നീങ്ങിക്കൊണ്ടിരുന്നു. എന്റെ ആഗ്രഹം പോലെ ക്യാമ്പസ് മുഴുവൻ ഞാൻ അറിയപ്പെട്ടു.

പക്ഷെ ഇന്ന് ഞാൻ വെറും വട്ടപൂജ്യമാണ്. കൂടെ നടന്നവർ, ചിരിച്ചവർ എല്ലാം എന്നിൽ നിന്ന് ഒരുപാട് അകന്നിരിക്കുന്നു. ജീവിതത്തിൽ ഞാൻ രംഗബോധമില്ലാത്ത കോമാളിയെ പോലെയായിരുന്നു. ജീവിതത്തിലെ സുപ്രധാനമായ മൂന്ന് വർഷം നശിപ്പിച്ച ഒരു വിഡ്ഢിയായി ലോകം എന്നെ വിലയിരുത്തുന്നു. എങ്ങിനെ വിദ്യാഭ്യാസം പൂർത്തിയാക്കുമെന്ന ചോദ്യം മനസ്സിനെ വ്യാകുലപ്പെടുത്തുന്ന ചെയ്ത് പോയ തെറ്റുകൾ ഒരു പിശാചിനെ പോലെ പിന്തുടരുകയാണ്.

ഇന്ന് ഞാൻ തിരിച്ചുവരവിന്റെ പാതയിലാണ്. നഷ്ടപ്പെട്ടപോയ സന്തോഷവും ജീവിതലക്ഷ്യങ്ങളും തിരിച്ചുപിടിക്കാനുള്ള എന്റെ ഇപ്പോഴത്തെ ശ്രമത്തിനിടയിൽ ഈ ഗതി ആർക്കും വരുത്തരുതേ എന്ന് മാത്രം ഞാൻ സർവ്വശക്തനോട് പ്രാർത്ഥിക്കുകയാണ്.

എങ്ങിനെയുണ്ട്, ക്യാമ്പസ് ജീവിതം സിനിമ സങ്കൽപ്പത്തിലേക്ക് മാറ്റാൻ ശ്രമിച്ച നമ്മുടെ കൂട്ടുകാരന്റെ കഥ. കേവലം ഒരു കുട്ടിയുടെ കഥയല്ല ഇത്. പാശ്ചാത്യസംസ്ക്കാരത്തിന്റെ കടന്നുകയറ്റവും ആഗോളവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങളും അനുഭവിക്കുന്ന നമ്മുടെ ക്യാമ്പസുകളുടെ മൊത്തമായ അവസ്ഥയാണ്. ഇനിയുള്ള തലമുറയെങ്കിലും സിനിമയും ജീവിതവും തമ്മിലുള്ള അന്തരം മനസ്സിലാക്കി ക്യാമ്പസ് ജീവിതം സുവർണ്ണസ്മരണകൾ ആക്കി മാറ്റട്ടെ എന്ന് മാത്രം നമുക്ക് പ്രത്യാശിക്കാം.

**റീജാസ് കെ. ഐ**
രണ്ടാം വർഷ ഇലക്ട്രോണിക് ബിരുദം



# A Long.... Long.... Long Jump....



ജോസ് വർഗ്ഗീസ്
രണ്ടാംവർഷ ചരിത്ര ബിരുദം

രാജ്യത്തെ കായികതാരങ്ങൾക്ക് നൽകിവരുന്ന പരമോന്നത ബഹുമതിയായ രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് പ്രതീക്ഷിച്ചതുപോലെ അഞ്ജു ബോബി ജോർജ്ജിനെ തേടിയെത്തിയിരിക്കുന്നു മികച്ച പരിശീലകർക്കുള്ള ദ്രോണാചാര്യ അവാർഡ്, അഞ്ജുവിന്റെ പരിശീലകനെന്ന നിലയിൽ, അവരുടെ ഭർത്താവ് റോബർട്ട് ബോബി ജോർജ്ജിനും ലഭിച്ചിരിക്കുന്നു. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച പ്രകടനം അഞ്ജുവിന്റേതു തന്നെയായിരുന്നു. പാരീസ് ലോക ചാമ്പ്യൻഷിപ്പിൽ അഞ്ജു നേടിയ ഓട്ടുമെഡലിന് തുല്യമായി മറ്റൊരു നേട്ടം എടുത്തുകാട്ടാനില്ല. ഇന്ത്യക്കാരനോ ഇന്ത്യക്കാരിയോ ലോകചാമ്പ്യൻഷിപ്പിൽ നേടാതെ നേടുന്ന മെഡലായിരുന്നു അത്. ആ മെഡലാണ് അഞ്ജുവിന്റെ കഴിവുകളിലേക്ക് രാജ്യത്തിന്റെ കണ്ണ് തുറപ്പിച്ചതും നമ്മളെ ഒരു ഒളിമ്പിക്സ് മെഡലിനെക്കുറിച്ച് ചിന്തിച്ചുതുടങ്ങാൻ പ്രേരിപ്പിച്ചതും.


തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ചാട്ടം ചാടിയിട്ടും ആതൻസ് ഒളിമ്പിക്സിൽ കൂടുതൽ ശക്തരായ എതിരാളികൾക്കിടയിൽ അഞ്ജുവിന് ലോകചാമ്പ്യൻഷിപ്പിലെ നേട്ടം ആവർത്തിക്കാൻ കഴിഞ്ഞില്ലെന്നത് നേരാണ്. അതിന്റെ പാഠങ്ങൾ അഞ്ജുവും ബോബിയും ഉൾക്കൊള്ളിട്ടുണ്ടാവണം. എന്നാൽ, ഒളിമ്പിക്സിൽ ഫൈനലിൽ എത്തുക എന്നതുതന്നെ വലിയ നേട്ടമാണെന്ന കാര്യം നാം ഓർക്കുകയും വേണം.

ഒളിമ്പിക്സിനെ കുറിച്ചുള്ള ഓർമ്മകൾ നിലനിൽക്കുന്ന ഈ വേളയിൽ തന്നെ കാണികൾ തന്റെ മുൻകാല നേട്ടത്തെ അറിഞ്ഞ് ആദരിച്ചിരിക്കുന്നു എന്നത് അഞ്ജുവിന് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രചോദനമാവേണ്ടതാണ്. വിജയിയായ പുരുഷന്റെ പിന്നിൽ ഒരു സ്ത്രീയുണ്ട് എന്ന പരിചിതമായ ചൊല്ല് തിരിച്ചിട്ട് നമുക്ക് ബോബി ജോർജ്ജിനെക്കുറിച്ച് പറയാവുന്നതാണ്. അഞ്ജുവിന്റെ നേട്ടത്തിനു പിന്നിൽ തീർച്ചയായും ബോബിയുടെ ലക്ഷ്യബോധത്തോടെയുള്ള പരിചരണവും പരിശീലനവുമാണ് എന്ന് ആദ്യം സമ്മതിക്കുന്നത് അഞ്ജു തന്നെയാവും. ഇന്ത്യക്കും ഏഷ്യക്കും പുറത്തുള്ള ലോകത്തെക്കുറിച്ച് സ്വപ്നം കാണുവാനും യഥാർത്ഥ്യബോധത്തോടെ ആ ലക്ഷ്യത്തെ സമീപിക്കാനും അഞ്ജുവിനെ തുണച്ചിരിക്കുക തന്റെ ജീവിതപങ്കാളിയുടെ നിരന്തരസാന്നിദ്ധ്യം തന്നെയായിരിക്കണം. കളിക്കാരായ ദമ്പതിമാർ ധാരാളം പേരുണ്ട്. കളിക്കളത്തിൽ ഗുരു-ശിഷ്യർ കൂടിയായ ഭാര്യഭർത്താക്കന്മാർ അധികം പേരില്ല. അമേരിക്കയുടെ അന്തരിച്ച പ്രശസ്ത ഓട്ടക്കാരിയായ ഫ്ളോറൻസ് ജോയ്നറെയും അവരുടെ ഭർത്താവും ചാട്ടക്കാരനുമായ അൽ ജോയ്നറെയുമാണ് പെട്ടെന്ന് ഓർമ്മവരുക. അഞ്ജു- റോബർട്ട് ദമ്പതിമാർക്ക് ലഭിച്ച ഇരട്ട ബഹുമതി എല്ലാവരെയും സന്തോഷിപ്പിക്കുന്നതാണ്.

അർജ്ജുന അവാർഡ് ഇത്തവണയും വിവാദത്തിനിടയാക്കി. മലയാളിയായ മറ്റൊരു ബോബിയെ, ഹൈജമ്പുക്കാരിയായ ബോബി അലോഷ്യസിനെ അർഹതയുണ്ടാക്കിയിട്ടും ഇത്തവണയും ആ അവാർഡിന് പരിഗണിച്ചിട്ടില്ല. തന്നോട് കാട്ടിയ അവഗണനയിൽ പ്രതിഷേധിച്ച് കളിക്കളം തന്നെ വിടാൻ ഒരുങ്ങുക

യാണ് ഇപ്പോൾ ഇംഗ്ലണ്ടിലുള്ള ബോബി. പുസ്തകത്തിനോ സിനിമയ്ക്കോ നലകുന്ന അവാർഡ് പോലെയല്ല സ്പോർട്സിൽ നൽകുന്ന അവാർഡ്. അതിന്, സംഘമായി കളിക്കുന്ന കളികൾക്കു പോലും, മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എന്നിട്ടും തർക്കമുണ്ടാവുന്നത് തികച്ചും അപരപനീയമാണ്. പങ്കെടുക്കുന്ന മത്സരങ്ങളുടെ തലം, ഗുണനിലവാരം എന്നിവയൊക്കെ കണക്കിലെടുത്ത് പോയന്റ് നിശചയിക്കുകയോ മറ്റോ ചെയ്ത് തർക്കങ്ങൾ ഒഴിവാക്കുക അത്ര പ്രയാസമുള്ള കാര്യമല്ല. ഇന്ത്യയുടെ മുൻ ഹോക്കി രാജീന്ദർ സിഗിംന് ദ്രോണാചാര്യ അവാർഡ് നൽകിയത് ചർച്ചാവിഷയമായിട്ടുണ്ട്. ഒളിമ്പിക്സ് ആഴ്ചകൾക്ക് മുമ്പ് ഇന്ത്യൻ ടീമിന്റെ പരിശീലക സ്ഥാനത്ത് നിന്ന് ഒഴിവാക്കപ്പെട്ടയാളാണ് രാജീന്ദർ. ഏകാധിപത്യസ്വഭാവം ഇന്ത്യൻ ഹോക്കി ഫെഡറേഷന് സ്പോർട്സ് മന്ത്രികാര്യാലയം കൊടുത്ത മറുപടിയായി ഇതിനെ കാണുന്നവരുണ്ട്. ആരെയെങ്കിലും സന്തോഷിപ്പിക്കുവാനോ തളർത്താനോ അവാർഡ് നൽകുന്ന സമ്പ്രദായം നമ്മുടെ രാജ്യത്തു മാത്രമേ ഉണ്ടാവൂ. രാജ്യം നലകുന്ന അംഗീകാരമായ അവാർഡുകൾക്ക് കളിക്കാർ വലിയ വില കൽപ്പിക്കുന്നത് സ്വാഭാവികമാണ്. സമ്മാനങ്ങൾ അർഹരുടെ കൈകളിൽ തന്നെ എത്തണം. വിയർപ്പൊഴുക്കി കളിച്ചുനേടുന്ന സമ്മാനങ്ങളാണ്, കാണികൾ അതെക്കുറിച്ച് സൂക്ഷിക്കുന്ന ഓർമ്മകളാണ് ഏറ്റവും വലുതെന്നും എല്ലാവരും ഓർക്കേണ്ടതാണ്.

◆◆




# വലകൾ


സ്വപ്നം കാണാൻ;
പുതുയുഗം സ്വപ്നം കാണാൻ
ഈ യുഗത്തിൽ അന്ത്യമണഞ്ഞിട്ടില്ല
സ്വപ്നത്തിലെങ്കിലും
പഴമയുടെ നൂലാമാലകൾ
ചിലന്തിവല പോലെ പടർന്നിരിക്കുന്നു.
ദേശഭേദമില്ലാതെ ചിലന്തി, വലനെയ്യുന്നു.
വലകളെന്നതു ബന്ധനമാണ്.
നെയ്ത്തുക്കാരൻ അതിൽ ജീവനൊടുക്കുന്നു.
ജീവിക്കുന്നവർ പുതുമ തേടുന്നു.
സ്വന്തം വലകൾക്കുള്ളിൽ
വലനെയ്യുന്നവരുടെ കഥ പഴയതാണ്.
ഇതവസാനിക്കുന്നില്ല
എങ്ങും പുതുമ മണക്കുന്നുമില്ല
സ്വപ്നത്തിൽ പോലും
പഴമ മരിക്കുന്നുമില്ല.

**അബ്ദുൾ അസീസ്**
രണ്ടാംവർഷ രസതന്ത്ര ബിരുദം


Classic
FOOTWEARS
Karshika Bank Complex
Bypass Jn. Aluva
Dealers in all Kinds of footwears, Bags & Umbrellas


Chaithram
Digital Studio & Colour Lab
Video CD Library
ONE MINUTE
DIGITAL PHOTOS
By pass Junction, Alwaye
Tel : (off) 2622648, (Resi) 2607774
Mob : 9895110751


Haya
Dresses
Churidar Materials, Kids Wear. Ladies Tailoring & Jewels
SF-13 Agricultural Bank Mandhiram, bypass junction, Aluva


TEENS
Celebrating Fashion, Everyday
TAILORS
Palace Road, Aluva. Ph : 2622792

# പ്രപഞ്ചവും മർത്ത്യജീവിതവും

നിമിഷങ്ങൾ മാത്രം മതിയല്ലോ
ഈ ജീവിതം നിലയ്ക്കുവാൻ
സ്നേഹബന്ധങ്ങൾ ഉണ്ടാകുവാൻ
സ്നേഹബന്ധങ്ങൾ തകരുവാൻ
മഞ്ഞുകട്ടയിൽ തട്ടിതകരുന്നല്ലോ
കപ്പലുകളെന്നാലൊരു
സൂര്യകിരണം തൻ തീവ്രതയിൽ
ഉരുകുന്നുവോ മഞ്ഞുകട്ടയും
അനന്തമാം മഹാവാരിധിയെയും
വറ്റിക്കുന്നവനല്ലേ സൂര്യൻ
മഴയാലമഹാ വാരിധിവീണ്ടും
നിറഞ്ഞുതുളുമ്പുന്നല്ലോ
മർത്ത്യൻ തൻ ജീവിതം ക്ഷണഭം-
ഗുരമല്ലോ! നോക്കൂ ഈ പ്രപഞ്ചത്തെ
എല്ലാം നിഷ്പ്രഭമാണല്ലോ
മഹാശക്തിയാം സൂര്യനെയും
മറക്കുന്നല്ലോ അന്ധകാരം
ആദിത്യനെന്നാൽ പ്രത്യക്ഷനാകുന്നു
അടുത്ത പുലരിയിൽ വീണ്ടും
ഹേ മനുഷ്യാ!
മരണം നിശ്ചയമെന്നതിനാൽ
സത്കർമ്മം ചെയ്തു ജീവിക്കൂ
പ്രപഞ്ചത്തിൻ കണ്ണിയാം നീ
ഒരു സത്കർമ്മമെങ്കിലും ചെയ്യാതെ
എന്തിനു നീ ജീവിക്കുന്നു
ഓരോ തോൽവിയും വിജയത്തിൻ
മുന്നോടിയെന്നു കരുതൂ നീ
പാപകർമ്മങ്ങൾ നിറുത്തലാക്കി
മാതൃഭൂമിയെ സ്നേഹിക്കൂ
ഭൂമിദേവിയെ സ്നേഹിക്കൂ



**മിഥുൻ മോഹൻ**
രണ്ടാംവർഷ മലയാള സാഹിത്യബിരുദം

Spare Park
ELECTRICAL SPARE & TOOLS

Emgee Square, Opp. Padma Theatre,
M.G. Road, Ernakulam

Dealers in : Spares of Mixies, Fans, Washing Machines,
Iron Boxes, Cookers, Power Tools, Winding Wires,
and Winding Materials etc.

Leader in Recruitment
20 Years Of
Excellence in
Man power Sourcing

M/s. aravind
HUMAN RESOURCERS

Royal Plaza, Bridge Road, Aluva, Cochin

Our Offices : Mumbai, Chennai
Associate Offices : Banglore, New Delhi
Also At : Nepal, Srilanka, Bangladesh & Kuwait



# മുഖമില്ലാത്തവർ

വഴി തിരിഞ്ഞപ്പോൾ വീട്ടിലെ വെളിച്ചം. അയാൾക്ക് ഒരാശ്വാസം തോന്നി. ഇടവഴിയിൽ നിന്നും മുറ്റത്തേക്കു കയറിയപ്പോൾ നായ സ്നേഹത്തോടെ കുരച്ചു.

ഭാര്യയും കുട്ടികളും ടി.വിയിൽ ലയിച്ചിരിപ്പാണ്. ടി.വിയിൽ ചിത്രഗീതം അയാൾ ഒന്നു മുരടനക്കി. അവർ ഒന്നു തിരിഞ്ഞു നോക്കി. വീണ്ടും ചിത്രഗീതത്തിൽ ലയിച്ചു. ഒരു നിമിഷം നോക്കിനിന്ന ശേഷം അയാൾ പുറത്തിറങ്ങി. കത്തുന്ന വിശപ്പ്. കിണറ്റുകരയിൽ നിന്ന് തണുത്തവെള്ളം കോരിതലയിലൊഴിച്ചപ്പോൾ ക്ഷീണം ഒട്ടൊന്ന് ശമിച്ചു. കുളിച്ച് തിരിച്ചെത്തിയപ്പോഴും ചിത്രഗീതം കഴിഞ്ഞിരുന്നില്ല. ഭാര്യയും കുട്ടികളും അതിൽ ലയിച്ചിരിപ്പാണ്. വിശപ്പിന്റെ കാര്യം ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു. അയാൾ അവരോടൊപ്പം ഇരുന്നു.

അയാൾക്ക് ടി.വി.ഇഷ്ടമല്ല. കാരണമുണ്ട്. ആ ചെറിയ ബ്ലാക്ക് & വൈറ്റ് ടിവിയിലേക്ക് നോക്കുമ്പോഴൊക്കെ ഓരോ ആഴ്ചയും ശമ്പളദിവസം പണം പിരിക്കാൻ കരിങ്കൽ ക്വാറിയിലേക്ക് തന്നെ തിരക്കി വരാറുള്ള ഇൻസ്റ്റാൾമെന്റുകാരന്റെ മുഖമാണ് അയാൾക്ക് ഓർമ്മവരിക. ഒരാഴ്ചത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലം കൈയ്യിൽ വാങ്ങി രണ്ടറ്റവും കൂട്ടിമുട്ടാത്ത കണക്കുകളുമായി ഒരൊത്തുതീർപ്പിലെത്താൻ ശ്രമിക്കുമ്പോഴായിരിക്കും അയാളുടെ വരവ്.

ടി.വിയിൽ സൂപ്പർനായകൻ തിമിർത്താടുകയാണ്. നായകന്റേയും നായികയുടേയും പിന്നിൽ സംഘനൃത്തം ചെയ്യുന്ന കുറെ എക്സ്ട്രാ നർത്തകർ. നായകന്റെ കരുത്തും നൃത്തപാടവവും നായികയുടെ മുഖലാവണ്യവും കോർത്തിണക്കിയ രൗദ്രസംഗീതത്തിന്റേയും ശരീരചലനങ്ങളുടേയും ഉത്സവം. അന്നേരം അയാളുടെ മനസ്സ് നായകന്റെ നൃത്തകസർത്തിലോ നായികയുടെ വശ്യസൗന്ദര്യത്തിലൊ ആയിരുന്നില്ല. അയാൾ അവരുടെ പിന്നിലെ എക്സ്ട്രാ നർത്തകരോടൊപ്പമായിരുന്നു. എത്ര ശ്രമിച്ചിട്ടും അവരുടെ മുഖം അയാൾക്ക് വേർതിരിച്ചറിയാനായില്ല. അവരുടെ മുഖങ്ങളുടെ ഒരു സമീപദൃശ്യം പോലുമുണ്ടായിരുന്നില്ല. ശരീരങ്ങൾ മാത്രം. അയാൾ വേദനയോടെ മനസ്സിലാക്കി, അവർക്കു മുഖമില്ല.

താനും അവരിലൊരാളാണെന്ന് അയാൾ അറിഞ്ഞു. അയാൾ തെല്ലുത്കണ്ഠയോടെ ഭാര്യയുടേയും മക്കളുടേയും മുഖങ്ങളിലേക്കു നോക്കി.

സുനിൽ
കാന്റീൻ.

◆◆

# M.G. University Players & College Team



Sabu S.A.
Hockey




Men's Hockey Team



Saddique
Hockey




Suresh Babu T.R.
Hockey




Eldho Jacob
Soft Ball




Women's Hockey Team




Ashghar A.A.
Soft Ball



Harshad
Hockey



Pradeep K.S
Athletic Champion



Arun Thomas
Soft Ball




Aneesh Joseph
Soft Ball



Sarasan M.A.
Hockey

# M.G. University Players & College Team



Sunitha
Hockey



Men's Hockey Team



Jisa Chandran
Hockey




Ramitha P.
Hockey



Women's Hockey Team



Rincy Gomez
Hockey



Sarby Baby
Hockey



Sajitha R.
Hockey



Shiji P.S.
Hockey

# ICIT

## Institute of Communication and Technology

**U.C.College, Alwaye**

(Regional Centre, School of Distance Education, M.G. University, Kottayam.
Accrdited by DOEACC ,Govt: of India.)

| | Courses Offered | Board/University | Eligibility |
|---|---|---|---|
| 1. | **PGDCA & 'O' Level** | DOEACC | Any Degree |
| 2. | **BCA** | M.G.University (Off Campus Stream) | Plus Two Equivalent *Any Group |
| 3. | **BCom With Computer Application** | M.G.University (Off Campus Stream) | Plus TwoEquivalent *Any Group |
| 4. | **B.L.ISc** | M.G.University (Off Campus Stream) | Degree Any Subject |

5. **Short Term Courses**

| | |
|---|---|
| **1.Office Automation** | **6 Months** |
| **2.Hardware Maintence** | **6 Months** |
| **3.Internet Training** | **1.Monts** |

**Well equiped lab and and library facilitied are available.**



# നിങ്ങൾ യന്ത്രങ്ങളല്ല മനുഷ്യരാണ്

**സ്വന്തം വേദന മറച്ചുവെച്ച് കാണികളെ ചിരിപ്പിച്ച ചാർളിചാപ്ലിൻ എന്ന മഹനടൻ 'ഗ്രേറ്റ് ഡിക്ടേറ്റർ' എന്ന സിനിമയിൽ നാസിസത്തെ അതിരൂക്ഷമായി വിമർശിച്ച് പ്രസംഗിക്കുന്ന ഒരു രംഗമുണ്ട് ഈ വിവാദ പ്രസംഗത്തോടെ അമേരിക്കയിൽ ചാപ്ലിൻ ഒരു കമ്മ്യൂണിസ്റ്റായി മുദ്രകുത്തപ്പെട്ടു. പുതിയ നൂറ്റാണ്ടിലും ഫാസിസത്തിന്റെ നടുക്കുന്ന കാഴ്ചകളും സൂചനകളുമാണ് നമുക്ക് മുന്നിൽ ഉള്ളത്. അതുകൊണ്ടു തന്നെ ചാപ്ലിന്റെ വാക്കുകൾഇവിടെ പ്രസക്തമാകുന്നു.**

"നോക്കൂ തലയുയർത്തി നോക്കൂ..........നിങ്ങൾ യന്ത്രങ്ങളല്ല മനുഷ്യരാണ്"

ക്ഷമിക്കണം എനിക്ക് ചക്രവർത്തിയൊന്നുമാകേണ്ട.

എന്റെ പരിപാടി അതല്ല ഭരിക്കാനോ കീഴടക്കാനോ എനിക്കാഗ്രഹമില്ല. എനിക്ക് എല്ലാവരെയും സഹായിച്ചാൽ കൊള്ളാമെന്നുണ്ട്. യഹൂദനോ അല്ലാത്തവനോ, കറുത്തവനോ വെളുത്തവനോ ആരായാലും നമുക്കെല്ലാം അന്യോന്യം സഹായിക്കണമെന്നുണ്ട്.മനുഷ്യരങ്ങനെയാണ്. മറ്റുള്ളവരുടെ സന്തോഷം-കണ്ട് ജീവിക്കണമെന്നാണ് നമ്മുടെയൊക്കെ ആഗ്രഹം അതല്ലാതെ മറ്റുള്ളവരുടെ കഷ്ടപ്പാടുകണ്ട് ജീവിക്കാനല്ല അന്യോന്യം വെറുക്കാനും നിന്ദിക്കാനും നാം ആഗ്രഹിക്കുന്നില്ല

ഈ ലോകത്ത് എല്ലാവർക്കും ഇടമുണ്ട്. ഈ ഭൂമി വേണ്ടത്ര സമ്പന്നയാണ് എല്ലാവർക്കും എന്തെങ്കിലും കൊടുക്കുവാൻ തക്കവണ്ണമവൾ സമ്പന്നയാണ് ജീവിതത്തിന്റെ വഴി സുന്ദരവും സ്വാതന്ത്ര്യവുമാകാനുള്ള സാധ്യതകളുമുണ്ട്. എന്നാൽ നമുക്ക് വഴി തെറ്റിയിരിക്കുന്നു. മനുഷ്യരുടെ ആത്മാവുകളെ ആത്യാഗ്രഹം വിഷലിപ്തമാക്കിയിരിക്കുന്നു. ലോകം മുഴുവനുമത് വിദ്വേഷത്തിന്റെ മതിലുകളുയർത്തിയിരിക്കുന്ന കഷ്ടപ്പാടിലേക്കും ചോര ചൊരിച്ചിലുകളിലേക്കും നമ്മെ വഴി തെറ്റിച്ചിരിക്കുന്നു. വേഗത വളർത്തിയെടുക്കുന്നത് നമ്മുടെ നേട്ടം തന്നെ. എന്നാൽ നാം നമ്മെ അടച്ചുപൂട്ടിയിരിക്കുന്നു. കയ്യയച്ച് എല്ലാം തരുന്ന യന്ത്രങ്ങൾ നമ്മെ ഇല്ലായ്മയിലേക്കാണ് എത്തിക്കുന്നത്.

നമ്മുടെ അറിവ് നമ്മെ സിനിക്കുകളാക്കി മാറ്റിയിരിക്കുന്ന. നമ്മുടെ സാമർത്ഥ്യം നമ്മെ കഠിന ഹൃദയരും ക്രൂരമാക്കുകയാണ് ചെയ്തത്. നാം വളരെയേറെ ചിന്തിക്കുന്നു, വളരെ കുറച്ച് വികാരം കൊള്ളുന്നു. യന്ത്രങ്ങളേക്കാൾ നമുക്കാവശ്യം മനുഷ്യത്വമാണ്. സാമർത്ഥ്യത്തേക്കാൾ നമുക്ക് വേണ്ടത് കരുണയും സ്നേഹവുമാണ്. ഈ ഗുണമൊന്നുമില്ലെന്ന് വരുകിൽ ജീവിതമാകെ അക്രമാസക്തമാകുകയും നഷ്ടപ്പെടുകയും ചെയ്യും. വിമാനവും റേഡിയോയും നമ്മെ തമ്മിൽ കൂടുതൽ അടുപ്പിക്കുന്നു. അവയുടെ യഥാർത്ഥ പ്രകൃതം മനുഷ്യനന്മയ്ക്കു വേണ്ടി മുറവിളിയിടുന്നു. നാമെല്ലാവരും ഒരുമിച്ച് നിൽക്കാനായി സർവ്വലോക സഹോദര്യത്തിനായി വിളിച്ചു കരയുന്നു. ഇപ്പോൾ പോലും എന്റെ സ്വരം ലോകത്താകെയുള്ള കോടിക്കണക്കിനാളുകൾ വായിച്ചുകൊണ്ടിരിക്കുകയാണ്. ആശ നഷ്ടപ്പെട്ട കോടക്കണക്കിന് പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിഷ്കളങ്കരായ മനുഷ്യരെ തടവറയിലിടുകയും പീഢിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയുടെ ഇരകൾ. എന്റെ സ്വരം കേൾക്കുന്നവരോട് ഞാൻ


Estd. 1935
Lucky Fabrics
THE COMPLETE SHOP FOR MEN
FOSTER
Cool Colors
TRIGGER
FOX
passion
live-in
MAXX...
STURDY
PAN AMERICA
HARD CURRENCY
WOLF
Marco Polo
citrus
Classic Polo
Carmel Centre,
R.S. Road, Aluva
Ph : 2623462


Teens
Men's wear shop
Near old K.S.R.T.C Busstand,
N.Paravoor.
Moonnupeedika, Perinjanam.
Mobile : 9447050861

പറയുന്നു. പ്രതീക്ഷ കൈവിടാതിരിക്കുക. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതി ഭയപ്പെടുന്നവരുടെ കാർക്കശ്യം- അത്യാഗ്രഹം-ഇത് നമ്മെ ഗ്രസിക്കുന്നതു കൊണ്ടാണ് കഷ്ടപ്പാടൊക്കെ നമുക്കനുഭവിക്കേണ്ടി വരുന്നത്. മനുഷ്യന്റെ വെറുപ്പ് ഒരുനാൾ ഇല്ലാതെയാവും. ഏകാധിപതികൾ മരിക്കും.

"നോക്കൂ തലയുയർത്തി നോക്കൂ.....നിങ്ങൾ യന്ത്രങ്ങളല്ല മനുഷ്യരാണ്"

ജനങ്ങളിൽ നിന്ന് തട്ടിയെടുത്ത അധികാരം ജനങ്ങളിലേക്ക് തിരിച്ചെത്തും. മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം സ്വാതന്ത്ര്യം ഒരിക്കലും നശിക്കുന്നില്ല. പടപൊരുതുന്നവരെ, നിങ്ങളെ വെറുക്കുകയും അടിമകളാക്കുകയും ചെയ്യുന്ന, നിങ്ങളുടെ ജീവിതത്തെ അറുത്ത് മുറിച്ച് തിരിച്ചു നിർത്തുന്ന, നിങ്ങൾ എന്തു ചെയ്യണമെന്നും എന്തു ചിന്തിക്കണമെന്നും എങ്ങനെ വികാരം കൊള്ളണമെന്നും പറയുന്ന, പട്ടാളച്ചിട്ടയിൽ നിങ്ങളെ ചാടിക്കുന്ന, നിങ്ങളെ തീറ്റുന്ന, നിങ്ങളെ കന്നുക്കാലികളെപ്പോലെ കാണുന്ന, നിങ്ങളെ കാലിത്തീറ്റ പോലെ ഉപയോഗിക്കുന്ന, ഈ മൃഗങ്ങളുടെ മുമ്പിൽ കീഴടങ്ങിക്കൊടുക്കരുത്. പ്രകൃതി വിരുദ്ധമായ ഈ മനുഷ്യർ - യാന്ത്രിക മനസ്സും, യാന്ത്രിക ഹൃദയമുള്ള യാന്ത്രിക മനുഷ്യൻ - അവർക്കു മുമ്പിൽ നിങ്ങളൊരിക്കലും കിഴടങ്ങരുത്, നിങ്ങൾ യന്ത്രങ്ങളല്ല, മനുഷ്യരാണ്. മനുഷ്യരാശിയോട് മുഴുവനുമുള്ള സ്നേഹം ഹൃദയങ്ങളിൽ നിറഞ്ഞു കവിയുന്ന മനുഷ്യർ. നിങ്ങൾ വെറുക്കരുത്. സ്നേഹിക്കപ്പെടാത്തവർ, അവർ മാത്രമേ വെറുക്കുകയുള്ളു. സ്നേഹിക്കപ്പെടാത്തവരും പ്രകൃതി വിരുദ്ധവും.



പടപൊരുതുന്നവരെ, അടിമത്വത്തിനു വേണ്ടി പടവെട്ടാതിരിക്കുക. സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതുക. വിശുദ്ധ ലൂക്കായുടെ പതിനേഴാമധ്യായത്തിൽ ദൈവരാജ്യം മനുഷ്യരിലാണ് എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഒരു മനുഷ്യനിലോ ഒരു സംഘം മനുഷ്യരിലോ അല്ല, മുഴുവൻ മനുഷ്യരാശിയിലും. നിങ്ങളിൽ, ജനങ്ങളിൽ തന്നെയാണധികാരം. അതുകൊണ്ട് ജനാധിപത്യത്തിന്റെ പേരിൽ, നാം അധികാരമുപയോഗിക്കുക. എല്ലാവരുമൊന്നിച്ചു നിൽക്കുക. പുതിയ ഒരു ലോകത്തിനു വേണ്ടി യുവത്വത്തിന് ഭാവിയും വാർദ്ധക്യത്തിന് സുരക്ഷിതത്വവും ഉറപ്പു നൽകുന്ന, അതിനു വേണ്ടി അധ്വാനിക്കുവാൻ മനുഷ്യർക്കൊക്കെയും അവസരം ലഭിക്കുന്ന ഒരു ലോകത്തിനു വേണ്ടി.

ഇതേ വാഗ്ദാനങ്ങളും തന്ന് മൃഗങ്ങൾ അധികാരത്തിൽ വന്നിട്ടുണ്ട്. പക്ഷേ അവർ നുണ പറയുന്നു. ആ വാഗ്ദാനങ്ങൾ അവർ നിറവേറ്റുന്നില്ല. അവരൊരിക്കലുമത് ചെയ്യുകയില്ല .ഏകാധിപതികൾ തങ്ങളെ സ്വതന്ത്രരാക്കുകയും അടിമകളാക്കുകയും ചെയ്യുന്നു.അതുകൊണ്ട് നാം ലോകത്തെ സ്വതന്ത്രമാക്കുവാനായി പൊരുതുക. ദേശീയമായ അതിർത്തികൾ ഇല്ലാതാക്കാൻ, അത്യാഗ്രഹങ്ങൾക്കറുതി വരുത്താൻ, വെറുപ്പും അസഹിഷ്ണതയും ഇല്ലാതാക്കാൻ, യുക്തിയുടെ ഒരു ലോകത്തിനുവേണ്ടി നമുക്ക് പൊരുതുക. എല്ലാവരുടെയും സന്തോഷത്തിലേക്ക് ശാസ്ത്രവും പുരോഗതിയും നമ്മെ നയിക്കുന്ന ഒരു ലോകത്തിനുവേണ്ടി, പടയാളികളേ ജനാധിപത്യത്തിന്റെ പേരിൽ നാം ഒന്നിച്ച് നിൽക്കുക.

ഹന്നാ, ഞാൻ പറയുന്നത് നിനക്ക് കേൾക്കാൻ കഴിയുന്നുണ്ടോ? നീ എവിടെയാണെങ്കിലും തലയുയർത്തി നോക്കൂ. ഹന്നാ മേഘങ്ങൾ ഉയരങ്ങളിലേക്ക് മറയുന്നു. സൂര്യനുദിച്ചു പൊങ്ങുന്നു. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് നാം കടന്ന് വരികയാണ്. പുതിയ ഒരു ലോകത്തിലേക്ക്. അത്യാഗ്രഹത്തിനും വെറുപ്പിനും മൃഗീയതക്കും മീതേ മനുഷ്യർ ഉയർന്നു നിൽക്കുന്ന സ്നേഹത്തിന്റെ ഒരു ലോകത്തിലേക്ക് ചിറകുകൾ നൽകപ്പെട്ട മനുഷ്യന്റെ ആത്മാവ് മഴവില്ലിന്റെ നേർക്ക് പറന്നുയരുന്നു. പ്രതീക്ഷയുടെ വെളിച്ചത്തിലേക്ക് പറന്നു നീങ്ങുന്നു.

തലയുയർത്തി നോക്കൂ ഹന്നാ, തലയുയർത്തൂ.



**SHENOY SANITARY & HARDWARES**

**Potten Street, N.Paravur**
**Kerala - 683 513**
**Ph : 2444868**

*Men's World*

**COMPLETE MEN'S WEAR**

P.M.A. Buildings, Bank Junction, Palace Road,Aluva
**Ph : 0484 2623197**

**COLORS**

**ladies & Kids Tailoring**

Near Sannthi Hospital
Canal Road, N. Paravur
Ph : 2244916

**Apparels, Tailoring, Hand & Machine Embroidery, Dry Cleaning, Beads Work, Flower Bouquest, Curtain Tailoring, Fabric Painting & Boutique**



# നൊസ്റ്റാൽജിയ.....

ഇളം കാറ്റിന്റെ തലോടൽ പോലെ
തിരമാലകൾ തീരങ്ങളെ തഴുകുന്നതുപോലെ
ഹൃദ്യവും സുഖകരവുമാണ്
ഈ കലാലയ സ്മൃതികൾ
പരിണാമ പൂരിതമായ ജീവചക്രത്തിലെ
ഹൃദയസ്പർശികളായ മൂന്ന് വർഷം
സ്വപ്നങ്ങളും പ്രണയവും വിരഹവും ദുഖവും
എന്നും സാക്ഷിയായ് നോക്കിനിന്ന മഹാഗണിമരങ്ങൾ
ആത്മാർത്ഥമായി സ്നേഹിച്ച സുഹൃത്തുക്കൾ
തീഷ്ണമായ് വെറുപ്പിന്റെ മറമാറ്റി വച്ചുകൊണ്ട്
നിശബ്ദമായ് പുഞ്ചിരിച്ചവർ
സൗഹൃദത്തിന്റെ നിനവിൽ നിന്നും
പ്രണയത്തിന് പുതിയ നിർവ്വചനം സൃഷ്ടിച്ചവർ
സി.സി.യിലും ബി.ബി.സിയിലും സൃഷ്ടിച്ചെടുത്ത
സുന്ദര നിമിഷങ്ങൾ
കോളേജ് കാന്റീനിൽ സുഹൃത്തുക്കളെപ്പോലെ
പെരുമാറിയ സുനിയും പ്രദീപേട്ടനും
ഉത്സവഛായയുടെ പ്രതീതി എന്നും ജനിപ്പിച്ച
കോളേജ് ഇലക്ഷൻ
പ്രകമ്പനം കൊള്ളുന്ന മുദ്രാവാക്യങ്ങളുടെ ഇടിമുഴക്കം
നിശബ്ദമായ് കേട്ട് നിന്ന എൻആറിലെ തൂണുകൾ
വോയ്സ് ഓഫ് യുസിയിലെ കൂക്കിവിളികൾ
കോളേജിൽ എന്നും നിറഞ്ഞു നിന്ന ബട്ടർഫ്ളൈസ്
നെല്ലിയാമ്പതിയിലെയും ഊട്ടിയിലെയും
വിനോദയാത്രയിലെ നിമിഷങ്ങൾ
ആത്മർത്ഥതയോടെയും സ്നേഹത്തോടെയും
എന്നും കൂടെ ഉണ്ടായിരുന്ന അധ്യാപകർ
വേർപാടിന്റെ അവസാന നാളുകളിലെ
വികാരനിർഭരമായ നിമിഷങ്ങൾ
എഴുതാൻ മറന്നുപോയതും മനഃപൂർവ്വം
മറന്നതുമായ ഒരുപാട് സംഭവങ്ങൾ
ആർദ്രതയുടെ നിഴൽ പരത്തുന്ന
ഓർമ്മകൾ.....................
അവ അവസാനിക്കുന്നില്ല
ജീവന്റെ കണിക നിലനിൽക്കുവോളം
ഓർമ്മകൾ തുടരുന്നു.....
ഒപ്പം കുറെ വികാരങ്ങളും!


രാഹുൽ.പി.എസ്
തേർഡ് ബി.എസ്.സി കെമിസ്ട്രി

# EDITORIAL BOARD


## SUB EDITORS



SUJITH K. SHAJI



JISS JOHN




ARUN BABU

## COMMITTEE MEMBERS



BINU T.R.




RIJAS. K.I.



HAFIS P.A.



SREEJITH A.



SANAL DEV



SURAJ K.S.



ATHMANE.R.



MOHAMED RAFEEQ



ARUN KUMAR C.S.

നന്ദി....

ഈ അക്ഷരജാലം
തുറന്നവർക്ക്....
ഹൃദയങ്ങളിൽ സ്നേഹത്തിന്റെ
പൊൻപനിനീർതുള്ളികൾ നിറച്ചവർക്ക്....
യുസിയൻ മാധുര്യങ്ങളിലൂടെ
കടന്നുപോയ ജന്മാന്തരങ്ങൾക്ക്....
അറിവിന്റ അക്ഷരഗോപുരങ്ങളിൽ
കൈ പിടിച്ചുനടത്തിയവർക്ക്
അതിനെല്ലാമപ്പുറം...
ഈ താളുകളിലൂടെ
കടന്നുപോകുമ്പോൾ വിമർശിച്ചതിന്,
സഹായിച്ചതിന്, ക്ഷമിച്ചതിന്,
അനുഗ്രഹിച്ചതിന്.....

ഭിണക്കങ്ങളും പിണക്കങ്ങളും എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാൻ...

ഇത് നിങ്ങളുടെ സ്വന്തം പേജ്



# Software Solutions for the future

## Our Software Concepts
Financial Application
Business Application
Smart Card Application
Web Based Application


## Product
Co.-Operative Banking Software
Library Managements
Tileshop
Personal Financiers
Educational Inncovations
Software for Textiles

## Offers
**Pro-Graduate**
Professional Career Program-Guarantees a job when the time of your pass out

**POTP**
Project Oriented training Program - Programs to make Software Professionals

**Sotp**
(Software Object Training Program)
Academic Projects in
(.Net, VB Sql, Java)

PGDCA ■ DCA ■ MS Office ■ DTP ■ Hardware & Networking
■ 2ds Max ■ Auto CAD ■ Computer Graphics & Animation
■ Tuition for all Computer Subjects ■ for MCA/BCA/Msc/Bcom



For all your computer needs
Computer Sales & Service
Branded & Assembled
Computer Peripherals, Stationery, Networking AMC/ASC

guideline
Innovative Solutions Pvt.Ltd.
The Professional Software Company Since 1997

Ezhava Samajam Shopping Complex,
Chendamangalam Jn., N. Paravur

Sunday & Evening Batches Available




# *Dreamx Associates*

Tours & Travels

Alwaye

RENT - A - CAR

Call : 0484 - 3612311,
Mob : 98460 99911

All Types of Cars on Daily, Weekly or Monthly Rent